032:3N057:11
F7

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1

MUL
094243

**Madras University Library.**

Call Number 032:3N057:11 F7.

Accession Number 94243

Available for loan from

This book should be returned on or before the date last marked below.

61

# ചന്ദ്രലേഖ.

ഗ്രന്ഥകർത്താ,

എൻ. ശിവശങ്കരപ്പിള്ള ബി. ഏ., എൽ. റ്റി.

പ്രകാശകൻ,
പി. ഗോവിന്ദപ്പിള്ള,
വി. വി. ബുക്ക് ഡിപ്പോ,
ചാല—തിരുവനന്തപുരം.

ഒന്നാംപതിപ്പു കാപ്പി—൧൦൦൦.

"മനോമോഹനം" പ്രസ്സ്,
കൊല്ലം.

ഈ പുസ്തകത്തിന്റെ തീർപ്പവകാശം പ്രകാശകന്.

വില അണ 12.

1102.

B. V. BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRICHUR

പ്രകാശകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

22 MAR 1958

94243
032:3N057:11
F7

# അവതാരിക.

ഒരു ഹിന്ദുസ്ഥാനിക്കഥയുടെ രൂപാന്തരമാകുന്നു ഈ ചന്ദ്രലേഖ. സ്ഥിരപ്രയത്നംകൊണ്ടു് ഏതു പ്രയാസങ്ങളേയും ജയിക്കാമെന്നാണു് ഇതിലെ നായകൻ തെളിയിക്കുന്നതു്. കഥയിലെ ഇതിവൃത്തത്തിൽ യാതൊരു ഭേദഗതികളും ചെയ്യുവാൻ തുനിഞ്ഞിട്ടില്ല. മഹമ്മദീയകഥകൾക്കു സഹജമായ ചില അതിശയോക്തികളും അസംഭാവ്യങ്ങളായ സംഗതികളും ഈ കഥയിൽ ഉള്ളതുകൊണ്ടു പ്രൗഢന്മാക്കു് അരോചകമായി പക്ഷെ തോന്നിയേയ്ക്കാം. എന്നാൽ ബാലന്മാക്കു് ഇതു രസപ്രദമാകാതെ വരികയില്ല.

തിരുവനന്തപുരം, ൨൦-൬-൧൧൦൨. } എൻ. ശിവശങ്കരപ്പിള്ള.



ചന്ദ്രലേഖ.

22 MAR 1938

ശ്രീഗുരവെ നമഃ

# ചന്ദ്രലേഖാ.

## ഒന്നാം അദ്ധ്യായം.

ഉത്തര ധ്രുവത്തിന്നു സമീപമുള്ള "ദേവനഗരി" എന്ന രാജ്യത്തെ "സുന്ദരലാൽ" എന്നു് യഥാൎത്ഥ നാമധാരിയായ ഒരു മഹാരാജാവു് ഭരിച്ചിരുന്നു. അദ്ദേഹം സ്മൃതിപുരാണേതിഹാസപാരംഗതനും, ഒരു നല്ല രാജ്യതന്ത്രജ്ഞനും, പ്രജാക്ഷേമതല്പരനും, നിഷ്പക്ഷപാതിയും എന്നു മാത്രമല്ല അക്കാലത്തുള്ള രാജാക്കന്മാരിൽ അഗ്രഗണ്യനെന്നു് സുസമ്മതനും ആയിരുന്നു. രാജകുലാലങ്കാരമായ ഇദ്ദേഹത്തിന്നു് "വിത്തുഗുണം പത്തുഗുണം" എന്ന പഴമൊഴിയെ സാൎത്ഥമാക്കിച്ചെയ്യാനെന്നവണ്ണം, അസാമാന്യലാവണ്യനിധികളും പരാക്രമശാലികളും, ശ്രീമാന്മാരുമായി ഏഴു പുത്രന്മാർ ജനിച്ചു. ബാല്യത്തിൽതന്നെ രാജോചിതമായ ശിക്ഷണം നൽകിയതുകൊണ്ടു് ശാണാഘൎഷണം ചെയ്യപ്പെട്ടത്ത ഉത്തമരത്നങ്ങൾ എന്നപോലെ അവർ പ്രശോഭിച്ചു. സത്യം, ധൎമ്മം, പിതൃഭക്തി മുതലായ ഉൽകൃഷ്ടഗുണങ്ങൾക്കു വിളനിലങ്ങളായ തന്റെ സന്താനങ്ങളെ അവരവരുടെ യോഗ്യതാനുസരണം സ്വരാജ്യത്തിൽതന്നെ ന്യായാധിപതികളും സേനാനായകന്മാരും ആയി നിയമിച്ചതുകൊണ്ടു്, മഹാരാജാവിന്നു് രാജ്യഭരണനിൎവ്വഹണത്തിൽ ഒട്ടുംതന്നെ ക്ലേശിക്കേണ്ട ആവശ്യം നേരിട്ടില്ല. അനുനിമിഷം അഭിവൃദ്ധമായിക്കൊണ്ടിരുന്ന ക്ഷേമൈശ്വൎയ്യങ്ങൾ അനുഭവിച്ചു് സന്തുഷ്ടചിത്തവൃത്തികളായിത്തീൎന്ന പ്രജാസമൂഹം "ജഗദീശാ! ഞങ്ങളുടെ മഹാരാജാവു് ആയുരാരോഗ്യാദിസമ്പൽസമൃദ്ധിയോടുകൂടി ചിരകാലം വാഴണമെ" എന്നു് ഹാൎദ്ദമായി പ്രാൎത്ഥിച്ചുപോന്നിരുന്നു.

ഇങ്ങനെ ഇരിക്കെ ഒരുദിവസം പ്രഭാതത്തിൽ മഹാരാജാവിന്റെ ജ്യേഷ്ഠപുത്രൻ കുളിച്ചു് ശുഭവസ്ത്രം ധരിച്ചു്, ദൈവസ്മ

രണയും കഴിഞ്ഞു വനശാസ്ത്രത്തിൽ അവശ്യജ്ഞേയമായ ഒരു ലേഖനം വായിച്ചുകൊണ്ടിരിക്കയായിരുന്നു. "മൃഗയ" രാജാക്കന്മാൎക്ക് ഉന്മേഷജനകമായ ഒരു വിനോദമാണെന്നും, താമസിയാതെ അതിൻെറ സുഖം അനുഭവിക്കണമെന്നും രാജകുമാരൻ നിശ്ചയിച്ചു. താതാജ്ഞ ലഭിക്കണമെന്നുള്ള വിചാരത്തോടു കൂടി ഒരുദിവസം കൊട്ടാരത്തിൽ ചെന്ന് തൻെറ ഇംഗിതം ഇന്നതെന്ന് ഉണൎത്തി: ദിഗന്തവിശ്രാന്തകീൎത്തിമാനായി, സകല സൽഗുണസമ്പന്നനായി, സൎവൈശ്വൎയ്യവിഭൂഷിതനായുള്ള പ്രിയ പിതാവേ! അങ്ങേയ്ക്കു അനൎഘങ്ങളായ സകല സുഖങ്ങളും, ദീൎഘായുസ്സും നൽകുന്നതിന് ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ. ഭവാൻെറ കൃപാകടാക്ഷത്താൽ ചിന്താതീതമായ സൎവ്വ സുഖങ്ങളും സംപ്രാപ്തമെങ്കിലും അവനീശന്മാൎക്കനുയോജ്യമായ മൃഗയാവിനോദത്തിൻെറ അഭാവംകൊണ്ടു നേരിട്ട ഉന്മേഷക്കുറവിനെ പരിഹരിക്കുന്നതിനുവേണ്ടി, ഉടനെ ഒരു നായാട്ടു നടത്തിക്കൊള്ളുന്നതിന് കല്പിച്ചനുവദിപ്പാറാകണം. കാലവിളംബമെന്യേ തിരിച്ചെത്തി മുഖംകാണിച്ചുകൊള്ളാം. നമ്മുടെ പ്രജകൾക്ക് ദുഷ്ടമൃഗങ്ങളുടെ ഉപദ്രവം നിമിത്തം വല്ല സങ്കടവും ഉണ്ടെങ്കിൽ അതിനും ഇതൊരു ശാന്തിമാൎഗ്ഗമാകുമല്ലൊ."

വാത്സല്യനിധിയായ മഹാരാജാവ് പ്രിയപുത്രൻെറ വാക്കുകൾ കേട്ടു കുറേനേരം ചിന്താകുലനായിരുന്നിട്ട് പുത്രൻെറ അഭിലാഷപൂൎത്തിക്കനുവാദം നൽകുകയും താമസിയാതെ വന്നു മുഖം കാണിച്ചുകൊള്ളണമെന്നാജ്ഞാപിക്കയും ചെയ്തു. രാജകുമാരനാകട്ടെ താതാജ്ഞയെ ശിരസാവഹിച്ചു അടുത്ത ദിവസം പ്രഭാതത്തിൽതന്നെ വേണ്ട സംഭാരങ്ങളോടും, രാജോചിതമായ ആഡംബരങ്ങളോടുംകൂടി വനത്തിലേയ്ക്കു പുറപ്പെട്ടു. അഞ്ചെട്ടു ദിവസം വനാന്തരങ്ങളിൽ സഞ്ചരിച്ചു വേട്ടയാടിയതിൻെറ ശേഷം ഒരു മൈതാനപ്രദേശത്തു വന്നുചേൎന്നു. രാജകുമാരൻ പരിവാരങ്ങളോടുകൂടി അവിടെ വിശ്രമാൎത്ഥം വസിക്കുമ്പോൾ അപൂൎവ്വ സുഷമാ പരിശോഭിതമായ ഒരു കനകമൃഗം അവിടെ ആകസ്മികമായി ആവിൎഭവിച്ചു. സൎവ്വഥാ ഹൃദയാവൎജ്ജകമായ നിസ്സൎഗ്ഗസൌന്ദൎയ്യം തുളുമ്പുന്ന ആ വനജന്തുവിൻെറ ദൎശനമാത്രയിൽ ആകൃഷ്ടനായ രാജകുമാരൻ, യാതൊരുവിധത്തിലും ഹാനി വരാതെ അതിനെ പിടിച്ചേല്പിക്കണമെന്നും, അങ്ങനെ ചെയ്യുന്നവൎക്ക് നല്ല സമ്മാനം കൊടുക്കുന്നതാണെന്നും, അതിനെ മുറിവേല്പിക്കുകയോ കൊല്ലുകയോ ചെയ്യുന്നവരെ കഠിന

മാററി ശിക്ഷിക്കുമെന്നും പരിചാരകന്മാരോടു കല്പിച്ചു. ആജ്ഞാകാരന്മാരായ പരിവ്രാജകജനം രാജകുമാരന്റെ പ്രീതി സമ്പാദിക്കണമെന്നുള്ള പ്രത്യാശയോടുകൂടി പ്രയത്നം തുടങ്ങി. അതിവേഗത്തിൽ കുതിച്ചോടുന്ന ആ ഹരിണത്തെ സ്വഹസ്തത്താൽ തന്നെ ഗ്രഹിച്ച് ആശ്ലേഷിക്കണമെന്നുള്ള അത്യുൽകണ്ഠയോടുകൂടി കുമാരനും അതിനെ അനുഗമിക്കുന്നുണ്ടായിരുന്നു.

“അടുത്തുചെല്ലുന്നേരംവേഗത്തിലോടിക്കളെ-
ഞ്ഞടുത്തുകൂടായെന്നുതോന്നുമ്പോൾമന്ദംമന്ദം
അടുത്തുവരുമപ്പോൾപിടിപ്പാൻഭാവിച്ചീടും
പടുത്വമോടുദ്ദൂരെക്കുതിച്ചുചാടുമപ്പോൾ”

എന്നമട്ടിൽ കുമാരനെ ആ മൃഗം വളരെ അകലത്തേക്കു പായിച്ചു; കഴിയുംവണ്ണം നിഷ്കൃഷ്ടയായ് ശ്രമിച്ചിട്ടും അതിനെ പിടിക്കാൻ സാധ്യമായില്ല. ആ കനകമൃഗമാകട്ടെ ഭയങ്കര കാനനത്തിന്റെ അന്തർഭാഗത്തേക്കു മിന്നൽപിണരെന്നപോലെ നിഷ്ക്രമിച്ചു. രാജകുമാരൻ തന്റെ അശ്വത്തെ ത്വരിതഗതിയിൽ നയിച്ചിട്ടും അതിനെ അനുഗമിക്കാൻ കഴിയാതെ അങ്ങിങ്ങായി അലഞ്ഞുതിരിഞ്ഞു് പരുഷതരങ്ങളായ പാഷാണങ്ങളും മുൾച്ചെടികളും നിറഞ്ഞ കാന്താരമധ്യത്തെത്തി. അപ്പോഴത്രെ തന്റെ സഹചാരികൾ തന്നെ അനുഗമിച്ചിട്ടില്ലെന്നുള്ള വസ്തുത കുമാരനു ബോധ്യമായതു്. ഇതികർത്തവ്യതാമൂഢനായി മാത്ര നേരം നിന്നിട്ടു് മുൻഭാഗത്തായി കണ്ട കുന്നിലേക്കു തന്റെ അശ്വത്തെ നയിച്ചു. അതിന്റെ മൂർദ്ധാവിലേറി നാലുവശത്തേക്കും നോക്കിയാൽ തന്റെ പരിവാരങ്ങളുടെ സ്ഥിതിഗതികൾ നിഷ്പ്രയാസം മനസ്സിലാക്കാമെന്നും അങ്ങനെ അവരുമായി പുനസ്സംഘടിക്കാമെന്നുമായിരുന്നുകുമാരന്റെ നിശ്ചയം. അപ്രകാരം ചെയ്തിട്ടും ഉദ്ദേശം വിഫലമായിത്തീരുകയാൽ അല്പം അകലെ സ്ഥിതിചെയ്യുന്ന ഒരു വൃക്ഷക്കൂട്ടത്തെ ലാക്കാക്കി പ്രയാണം ആരംഭിച്ചു. അതിതീക്ഷ്ണമായ വെയിൽകൊണ്ടു ചുട്ടുപഴുത്തുകിടക്കുന്ന ആ മണലരണ്യത്തിൽകൂടി വളരെനേരം ത്വരിതഗമനം ചെയ്കതിനാൽ ദാഹംകൊണ്ടും, ക്ഷീണംകൊണ്ടും അതിപരവശമായിത്തീർന്ന അദ്ദേഹത്തിന്റെ അശ്വം ഇനിയൊരടിപോലും മുന്നോട്ടുവെയ്ക്കാൻ ശക്തിയില്ലാതെ ആ മൈതാനത്തിൽതന്നെ വീണു് ദീർഘനിദ്രയെ വരിച്ചു. ഏതു ദുർഗ്ഗമമാർഗ്ഗങ്ങളിലും തന്നെ വഹിച്ചുകൊണ്ടു സസന്തോഷം യാത്രചെയ്യുന്ന ആ ഉത്തമാശ്വ

ത്തിൻെറ അകാലനിര്യാണത്താൽ സന്തപ്തചിത്തനായ രാജകുമാരൻ ബാഷ്പാകലിതനേത്രനായി വളരെനേരം നോക്കിനിന്നിട്ട വൃക്ഷക്കൂട്ടത്തിലേക്ക് ഏകാകിയായി നടന്നു. പരിവാരങ്ങളുടേയും, ആ ഉത്തമാശ്വത്തിൻെറയും വേർപാടുനിമിത്തം സ്തബ്ധനായിത്തീർന്ന രാജകുമാരൻ പലപ്രാവശ്യവും ബോധമററു നിലംപതിക്കുന്നതിനു ഭാവിച്ചെങ്കിലും ദൈവഗത്യാ ആപത്തുകളൊന്നുംകൂടാതെ തരുനിബിഡമായ ആ സ്ഥലത്തു ചെന്നെത്തുകയും തണലിൽ ഇരുന്നു വിശ്രമിക്കയും ചെയ്തു. കുറെക്കഴിഞ്ഞു് എഴുന്നേററു സമീപത്തു കാണപ്പെട്ട അഛസ്ഫടികപൂർണ്ണമായ ജലാശയത്തിൽനിന്നു് തൃപ്തിയാകുംവണ്ണം ജലപാനംചെയ്തു് അസഹ്യമായിത്തോന്നിയിരുന്ന ദാഹത്തെ ശമിപ്പിക്കയും, ആ സ്ഥലത്തെ പ്രകൃതിരാമണീയകത്വം ദർശിച്ചാനന്ദിക്കുന്നതിനു് ഉദ്യുക്തനാവുകയും ചെയ്തു. ഫലപുഷ്പപരിപൂർണ്ണമായ തരുലതാദികൾ, നിർഭയം സഞ്ചരിച്ചു് ആനന്ദജീവിതം നയിക്കുന്ന പക്ഷിമൃഗാദികൾ, കുന്നിൻെറ അന്തർഭാഗത്തുനിന്നുറി തമ്മിൽ ചേർന്നു് അതിവേഗത്തിൽ പായുന്ന അരുവികൾ, സൂര്യപ്രകാശമേററു് അത്യുജ്ജ്വലിക്കുന്ന സ്വഛാംഭസ്സാൽ സവിശേഷം വിളങ്ങുന്ന തടാകങ്ങൾ, എങ്ങും സഞ്ചരിച്ചു മന്ദപരിപൂരിതമായ സുഗന്ധപുഷ്പങ്ങളിൽനിന്നു് മധുവാസ്വദിക്കുന്ന ഭൃംഗനിരകൾ, സൌരഭ്യം വിതറുന്ന ഇളംകാററു് എന്നിങ്ങനെയുള്ള നിയതിയുടെ അകൃത്രിമസൗന്ദര്യം ആസ്വദിച്ചു് ആനന്ദമഗ്നനായി നടക്കുമ്പോൾ ഒരു ഭാഗത്തു് ഒരു സുവർണ്ണാസനത്തിൽ അതിതേജസ്വിയായ ഒരു വൃദ്ധൻ സ്ഥിതിചെയ്യുന്നതായി കണ്ടു് ആശ്ചര്യപ്പെടുകയും, ആ സമയത്തു് ആ വൃദ്ധൻെറ സാഹചര്യം ലഭിച്ചതിൽനിന്നുണ്ടായ സംതൃപ്തിയോടുകൂടി അദ്ദേഹത്തിൻെറ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിക്കയും ചെയ്തു. എങ്ങോട്ടു പോകേണ്ടു എന്നറിയാൻ നിവൃത്തിയില്ലാതെ അമ്പരക്കുന്ന രാജകുമാരൻെറ മനസ്സിനു് ഏതാണ്ടൊരാശ്വാസവും സംജാതമായി. കുമാരൻെറ ഗാംഭീര്യലാവണ്യങ്ങളും, തന്നോടു കാണിച്ച ഭക്ത്യാദരങ്ങളുംകൊണ്ടു സന്തോഷചിത്തനായ ആ വയോവൃദ്ധൻ കുമാരനോടു് ഇങ്ങനെ ചോദിച്ചു.

വൃദ്ധൻ:—ഹേ പുരുഷരത്നമേ! ഭവാനാര്? തിര്യക്കുകളായ പക്ഷിമൃഗങ്ങൾപോലും സ്പർശിച്ചിട്ടില്ലാത്ത ഈ ഘോരകാന്താരത്തിൽ അകപ്പെടാൻ ഹേതുവെന്തു്? നിർഭയം ഇവിടെ സഞ്ചരിക്കുന്നതെന്തിനു്?

രാജകുമാരൻ ഈ ചോദ്യങ്ങൾ കേട്ട് തന്റെ നായാട്ടിന്റെയും മാർഗ്ഗഭ്രംശത്തിന്റെയും ചുരുങ്ങിയ വിവരണംകൊണ്ട് വൃദ്ധനെ തൃപ്തിപ്പെടുത്തിയശേഷം അദ്ദേഹത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയണമെന്ന് ആവശ്യപ്പെട്ടു.

വൃദ്ധൻ:—കുമാരാ! എന്റെ ചരിത്രം അറിയുന്നതുകൊണ്ട് യാതൊരു പ്രയോജനവും വരാനില്ല. എങ്കിലും അറിയണമെന്നു താല്പര്യപ്പെടുകയാൽ കേട്ടുകൊള്ളുക എന്നു പറഞ്ഞു് തന്റെ ചരിത്രം ആരംഭിച്ചു.

ഞാൻ വിശ്വവിശ്രുതമായ അമരാവതിരാജ്യത്തെ ഭരിച്ചുപോന്ന മോഹനദാസ്സ് എന്ന ചക്രവർത്തിയാണ്. എനിക്ക് വീര്യപരാക്രമനിധികളും സകലസൽഗുണസമ്പന്നന്മാരുമായി ഏഴു സന്താനങ്ങളുണ്ടായിരുന്നു. രാജഭക്തന്മാരായ പൌരാവലിയെക്കൊണ്ട് പരിശോഭിക്കുന്ന എന്റെ രാജ്യത്ത് കുബേരതുല്യന്മാരായ അനേകം പ്രഭുക്കന്മാരും, സകലകലാവല്ലഭന്മാരായ അനേകം വിദ്വാന്മാരും അധിവസിച്ചിരുന്നു. ഉചിതങ്ങളായ പ്രോത്സാഹനങ്ങൾ ലഭിച്ചുവന്നിരുന്നതുകൊണ്ട് വിദ്യാലോലന്മാരായ പണ്ഡിതന്മാരുടെ എണ്ണവും നാൾക്കുനാൾ അഭിവൃദ്ധമായിക്കൊണ്ടിരുന്നു. പ്രോത്സാഹനമാണ് വിദ്യാപ്രചരണത്തിനു തക്ക മാർഗ്ഗം. ആ ഉത്തമമാർഗ്ഗം ഭംഗിയായി തെളിഞ്ഞിട്ടുള്ള രാജ്യത്തു മാത്രമെ യഥാർത്ഥവിദ്യാഭ്യാസം സാധിക്കുന്നുള്ളു. ഈ നയം അത്രെ ഏതുരാജ്യത്തിനും പ്രശസ്തിയെ പ്രദാനം ചെയ്യുന്നത്. മാതൃഭാഷയെ സവിശേഷം പരിലാളിക്കുകയാൽ മററു ഭാഷകളെല്ലാം ഞങ്ങളുടെ ഭാഷയ്ക്കു കപ്പം കൊടുക്കേണ്ടതായി വന്നു. ഏതുഭാഷകളിലും ഉള്ള ഉത്തമഗ്രന്ഥങ്ങൾ മാതൃഭാഷയിലേക്കു തർജ്ജമചെയ്യപ്പെട്ടു. വിലയും നിലയും പരിപാലിച്ച് തന്റെ സന്താനങ്ങൾക്കു വേണ്ട ജ്ഞാനവും, പ്രയോഗചാതുര്യവും, പ്രവൃത്തിശക്തിയും, ഞങ്ങളുടെ മാതൃഭാഷ നൽകിവന്നിരുന്നു എന്നു പറയുന്നതിൽ അശേഷം അതിശയോക്തി ഇല്ല തന്നെ. ഭരണശാസ്ത്രവിദഗ്ദ്ധന്മാരായ മന്ത്രിസത്തമന്മാരുടെ മാനസസരസ്സുകളിൽ നിന്നു നിർഗ്ഗമിക്കുന്ന പരിഷ്കാര വാരിപ്രവാഹത്തിൽ നിമജ്ജനംചെയ്തു ആനന്ദപുളകിതരായിത്തീർന്ന പ്രജകളുടെ നാഥൻ എന്ന പേരിന് ഞാൻ സർവ്വഥാ അർഹനായിത്തീർന്നിരുന്നു. എന്റെ രാജ്യത്തിൽ ഏതാനും ഭാഗത്തെ ഏഴായി പകുത്ത് പുത്രന്മാർക്കായി കൊടുത്ത് ഭരണവിഷയത്തിൽ അവർക്കുള്ള അജ്ഞതയേയും കുറവിനേയും പരിഹരിക്കുന്നതിന്

വേണ്ട ഏർപ്പാടു ചെയ്തിരുന്നു. കുമാരാ! ഒരു ചക്രവർത്തിയായി ത്തന്നെ ഞാൻ എൻെറ രാജ്യം പരിപാലിച്ചുപോന്നു എന്നു പറഞ്ഞാൽ മതിയല്ലൊ? എന്നെ സംബന്ധിച്ചുള്ള വിവരങ്ങൾ ഞാൻതന്നെ പറയുന്നതുകൊണ്ട് ആത്മപ്രശംസയാണെന്നു ഗണിക്കരുതെന്നു് പ്രത്യേകം അപേക്ഷയുണ്ട്. ഇപ്രകാരം പുകഴ്ത്തിപ്പറഞ്ഞു വല്ല കാര്യലാഭവും നേടിക്കൊള്ളാം എന്നു ഞാൻ അശേഷം വിചാരിച്ചിട്ടില്ലെന്നു് നിനക്കു വിശ്വാസമുള്ളതുകൊണ്ട് എൻെറ വാക്കുകൾ പരമാർത്ഥകോടിയിൽ ഗണിച്ചുകൊള്ളുക.

പോകട്ടെ! ഇങ്ങനെ ഇരിക്കുന്ന കാലത്തു് ഒരു ഭിക്ഷു മൂത്ത രാജകുമാരൻെറ രാജധാനിയിൽ വന്നുചേൻ. അദ്ദേഹം പല പല വിഷയങ്ങളേയുംപററി പ്രസ്താവിച്ചകൂട്ടത്തിൽ "അമൃതവാഹിനി" രാജ്യത്തെ രാജാവിൻെറ പ്രിയപുത്രി "ചന്ദ്രലേഖ"യുടെ സ്വയംവരവ്രതത്തെപ്പററിയും പ്രസംഗിക്കയുണ്ടായി. നൈസർഗ്ഗികമായ ലാവണ്യവിലാസവും, അസാധാരണമായ ബുദ്ധിവൈഭവവും, സുശിക്ഷിതമായ വിദ്യാസമ്പത്തും, അകൃത്രിമമായ ആകാരസൌഷ്ഠവവുംകൊണ്ട് സുരസുന്ദരിമാരുടെ അഭിമാനത്തേയും അപഹരിക്കുന്ന ആ വനിതാമണി യഥാർത്ഥത്തിൽ ഒരു ത്രിലോകസുന്ദരിതന്നെ ആണെന്നും, അവളുടെ ഭർത്തൃപദപ്രാപ്തി അപൂർവ്വപുണ്യപരിപാകമായി കല്പിച്ചു് ചെന്നുചേരുന്ന പുരുഷകേസരികളെല്ലാം അവളുടെ പ്രശ്നത്തിനു തക്കതായ ഉത്തരം പറയുന്നതിനു അശക്തന്മാരായി നിയമാധീനമായ ശിരച്ഛേദശിക്ഷ അനുഭവിച്ചുവരുന്നു എന്നും, ഭൂമണ്ഡലത്തിലുള്ള അനവധി രാജാക്കന്മാരും, പ്രഭുക്കന്മാരും, വിദ്വാന്മാരും അവരുടെ അകാലമരണത്താൽ ബന്ധുവർഗ്ഗത്തിന് അസാമാന്യസന്താപം നൽകിവരുന്നു എന്നും സരസമായി പ്രതിപാദിച്ചു.

"ശ്രീമന്ദിരത്തിലെ വിമലാംബാൾ എന്ന രാജ്ഞി തൻെറ ഭർത്താവായ ചന്ദ്രസേനമഹാരാജാവിനോടെന്തുചെയ്തു" എന്നാണു അവളുടെ പ്രശ്നം. ഇതിനു ശരിയായ ഉത്തരം പറയാത്തവർ ആരായാലും ശിരച്ഛേദശിക്ഷ അനുഭവിച്ചുകൊള്ളണമെന്നു് കാണിക്കുന്ന ഒരു നോട്ടീസുപലക അവളുടെ കൊട്ടാരവാതുക്കൽ തൂക്കിയിട്ടുണ്ടെന്നും, അതിനു മനസ്സുള്ളവർ മാത്രമെ അടുക്കൽ ചെല്ലാൻ അനുവദിക്കപ്പെടുന്നുള്ളു എന്നും ആണു് കേൾവി.

ഈ വാർത്തകൾ കേട്ടപ്പോൾ എൻെറ കുമാരനു് ആ ചന്ദ്രലേഖയിൽ മോഹം ജനിച്ചുതുടങ്ങി. അവൻ എൻെറ അടുക്കൽ.

വന്നു് ആ കുമാരിയെ വിവാഹംചെയ്യാൻ അനുവദിക്കണമെന്നപേക്ഷിച്ചു. ഈ ആലോചന ശ്രമസാദ്ധ്യമല്ല, ദുസ്സാദ്ധ്യമെന്നും, അതിനാൽ ഈ അപേക്ഷയെ പിൻവലിക്കണമെന്നും, ആപത്തിന്നിടവരാതെ സൂക്ഷിക്കുന്നതാണു് ശ്രേയസ്കരമെന്നും, മററും കഴിയുംവണ്ണം ഉപദേശിച്ചിട്ടും ഫലമില്ലെന്നു കണ്ടതിനാൽ വീണ്ടും നയോപദേശങ്ങൾ ചെയ്തു. എൻെറ ഓമനമകനേ! നിനക്കനുരൂപകളായ അനവധി രാജകുമാരികൾ അയൽരാജ്യങ്ങളിൽ ഉണ്ടു്. അവരിൽ ചിലരെ ഇഷ്ടംപോലെ വിവാഹം ചെയ്തു തരുന്നതിന്നു് ഞാൻ ശ്രമിക്കാം. ആ ചന്ദ്രലേഖയെക്കാൾ സൌന്ദര്യ്യവും, വിദ്യാഭ്യാസവും മററുഗുണങ്ങളും തികഞ്ഞിട്ടുള്ള കൊച്ചുറാണിമാരോടു ചേൎന്നു സുഖമായി ജീവിതംനയിക്കയും, നിൻെറ മാതാപിതാക്കന്മാരുടെ അന്തിമശുശ്രൂഷകൾ ചെയ്തു് അവരുടെ ആശിസ്സും പ്രീതിയും സമ്പാദിക്കയും ചെയ്യുന്നതല്ലെ ഉത്തമം. അതുകൊണ്ടു് ചന്ദ്രലേഖയിലുള്ള ആശയെ പിൻവലിക്കുക. ചതുരുപായങ്ങൾ പ്രയോഗിച്ചിട്ടും ഫലമില്ലെന്നു കണ്ടതിനാൽ അവൻെറ ഇഷ്ടംപോലെ ആയിക്കൊള്ളുന്നതിന്നനുമതികൊടുത്തു. അവൻെറ ആശ അത്രമാത്രം അതിരുകവിഞ്ഞതായിരുന്നു. സൎവ്വവിജയിയായ ആശാപിശാചെ! നിൻെറ ആവേശത്താൽ വിഭ്രമചിത്തവൃത്തികളായിപ്പോകുന്ന ജനതതിയെ നീ ഏതെല്ലാംവിധത്തിൽ നൃത്താടിക്കുന്നു. നീ എവിടെയാണിരിക്കുന്നതു്? നിൻെറ ഛായ എന്താണു്? എന്നു ചോദിച്ചാൽ ആരും സമാധാനം പറകയില്ലെങ്കിലും നിന്നെക്കൂടാതെ ആരും ജീവിക്കുന്നില്ല. മണ്ണാശ, പെണ്ണാശ, ജീവിതാശ, ജീവിതമോചനാശ എന്നുവേണ്ട ഏതൊരാശയെങ്കിലും കൊണ്ടു് കലുഷമാകാത്ത ചിത്തം കാണാൻ പ്രയാസംതന്നെ. കൊട്ടാരത്തിലും, കുടിലിലും, അ ,യിലും, അമ്പലത്തിലും, ബ്രാഹ്മണനിലും, പറയനിലും, പണ്ഡിതപാമരന്മാരിലും, ഭേദമെന്യേ കേളിയാടുന്ന നിൻെറ വശ്യശക്തി വിസ്മയാവഹംതന്നെ.

നിന്നെക്കൂടാതെയില്ലപ്രപഞ്ചം,പ്രപഞ്ചമൊ-
ന്നില്ലാതെയെങ്ങാണീശലീലകൾനിരൂപിച്ചാൽ

എന്നു പുരാണകൎത്താക്കന്മാർ ഘോഷിച്ചിട്ടുള്ളതു് എത്ര പരമാൎത്ഥമാണു്.

കുമാരാ! ഈ ആശയുടെ ആസ്ഥാനം എവിടെ എന്നു് പറയാൻ ആരെക്കൊണ്ടെങ്കിലും കഴിയുമൊ? അദൃശ്യരൂപിയായ ഈ ആശയ്ക്കധീനമായി ലോകം എന്തെല്ലാം അനുവൎത്തിക്കുന്നു.

ഉൽകൃഷ്ടാപകൃഷ്ടദശകളിൽ കിടന്നു കഷ്ടപ്പെടേണ്ടിവരുന്നതും ഈ ആശയുടെ പിടിയിൽ ഉൾപ്പെടുന്നതുകൊണ്ടല്ലെ. എന്റെ പ്രിയപുത്രനോട് എന്തെല്ലാം ന്യായവാദങ്ങളും, ഹിതോപദേശങ്ങളും ചെയ്തിട്ടും അതിനെ അണുപ്രായമെങ്കിലും അനുസരിക്കാഞ്ഞത് ആ അബലാമണിയിൽ അധിഷ്ഠിതമായ ആശയുടെ അത്ഭുതപൂർവമായ അധികാരശക്തി ഒന്നുകൊണ്ടല്ലേ. അയ്യോ! ദൈവമെ എത്ര പരിശുദ്ധമനസ്സുകൾ ആശാകൃശാനുവിൽ വാടിവരണ്ട് ദഹിച്ചുപോകുന്നു. അതിന്റെ വലയിൽ അകപ്പെട്ടുപോയാൽ തന്റെ സ്ഥിതിഗതികളെല്ലാം പൊട്ടുന്നനെ വിസ്മരിച്ചുപോകുന്നത് എന്തൊരു ശക്തിവിശേഷമാണ്. അതിനാൽ പ്രിയപ്പെട്ട കുമാരാ! ഈ മായാവിദ്യക്കാരിയായ ആശാവിമോഹിനിയുടെ മോടിപ്പകിട്ടിൽ അശേഷം ഭ്രമിക്കാതിരിക്കുന്നതുതന്നെ അത്യുത്തമം. എന്തിന് എന്റെ പുത്രൻ അനുനയങ്ങൾക്കു അധീനനാകാതെ നിർബന്ധബുദ്ധിയായി തീർന്നുകൊണ്ട്

"വിധിമതമിതുതടുക്കരുതാർക്കും" എന്നോർത്ത് അവന്റെ ശിരോലിഖിതംപോലെ വരട്ടെ എന്നാശംസിച്ച് പോകുന്നതിനനുവദിച്ചു. പിന്നീട് അവൻ അധികം താമസിച്ചില്ല. വഴിയിൽ അശേഷം അസുഖം കൂടാതെ ചന്ദ്രലേഖയുടെ രാജ്യത്തെത്തി. പരമ്പ്യപ്രകാരം മണി അടിച്ചു. പരിചാരകന്മാർ ഭക്തിബഹുമാനപുരസ്സരം കൂട്ടിക്കൊണ്ടുപോയി. അവളുടെ ചോദ്യത്തിനു ശരിയായ ഉത്തരം നൾകാതിരുന്നതുകൊണ്ട് പതിവുപ്രകാരം കിങ്കരന്മാർ അവന്റെ ശിരസ്സിനെ—അയ്യോ! കുമാരാ! ഞാനെങ്ങിനെ പറയുന്നു. നീ ഊഹിച്ചുകൊള്ളുകതന്നെയാണ് നല്ലത്. ഞാൻ അതെങ്ങനെ സഹിക്കും. ആ ദുർഗ്ഗാഗ്രഭാഗത്ത് അനവധി ശിരസ്സുകൾ തൂങ്ങുന്നുണ്ടായിരുന്നു. ആ ശിരോമാലയ്ക്ക് എന്റെ പുത്രന്റെ ശിരസ്സ് നടുനായകമായിത്തീർന്നു എന്നു പറഞ്ഞാൽ മതിയല്ലൊ.

ഈ സങ്കടവർത്തമാനം പരിചാരകന്മാർ വന്നറിയിച്ചപ്പോൾ

"ഇടിവെട്ടേററാരുമുല്ലവല്ലിപോൽ
തടിവെണ്മഴവാൽമുറിച്ചപോൽ"

ഞാനും അവന്റെ മാതാവും സഹോദരങ്ങളും നഷ്ടചേഷ്ടരായി നിലംപതിച്ചു. ചന്ദ്രലേഖയുടെ നിശ്ചയത്തിന്റെ കാഠിന്യമോർത്തും, അഗ്രജനെ അകാലമൃത്യുഗതനാക്കിയതുകൊണ്ടും കോ-

പ്രവിഷ്ടരായ എന്റെ ആറുപുത്രന്മാരും ഒത്തൊരുമിച്ച് അവളെ വിവാദമൊ വിഗ്രഹമൊകൊണ്ടു ജയിച്ച് ശിക്ഷിക്കണമെന്നുറച്ചു. എന്നു മാത്രമല്ല എന്റെ പാദങ്ങളിൽതൊട്ട് പ്രതിജ്ഞയും ചെയ്തുകഴിഞ്ഞു.

എന്തിന്! പ്രതിജ്ഞയാനുസരണം അവർ ആറുപേരും യാത്രയായി. വഴിയിലുണ്ടായ പലമാതിരി ദുർഘടങ്ങളും സന്തോഷപൂർവ്വം സഹിച്ച് ചന്ദ്രലേഖയുടെ കൊട്ടാരത്തിൽ എത്തി. അവരുടെ അഗ്രജനെ അനുഗമിച്ചതല്ലാതെ കഠിനഹൃദയയായ അവളെ ജയിക്കാൻ കഴിഞ്ഞില്ല. പ്രിയപുത്രന്മാരുടെ നാശത്താൽ സന്തപ്തചിത്തയായിത്തീർന്ന എന്റെ പ്രിയതമയും ഈ ലോകവാസം വെടിഞ്ഞു. കുമാരാ! ഞാൻ ഇനി എന്തിനു ജീവിക്കുന്നു. ആത്മഹത്തി പാപകരമല്ലെ. രാജ്യത്തെ സകല വിഭവങ്ങളോടുകൂടി പ്രധാനമന്ത്രിയെ ഏല്പിച്ച് ഈ കൊടുംകാടിനെ ശരണമാക്കിയിരിക്കയാണ്. മുടങ്ങാതെ ജഗദീശഭജനം നടത്തുന്നുണ്ട്. ജഗന്നിയന്താവുതന്നെ എനിക്കും മോചനം നൽകട്ടെ.

വൃദ്ധന്റെ വാക്കുകൾ കേട്ട് രാജകുമാരൻ ഇങ്ങനെ വിചാരിച്ചു. ആഹാ! എന്തതിശയം. ഇതെന്തൊരു പരീക്ഷയാണ്. "വിമലാംബാൾ ഭർത്താവിനോടെന്തുചെയ്തു എന്നോ?" ആർക്കറിയാം! ആ ചന്ദ്രലേഖ അതിസാമർത്ഥ്യവും ബുദ്ധിഗുണവും ഉള്ള ഒരു അപൂർവ്വസുന്ദരിതന്നേ ആയിരിക്കാം. ഇങ്ങനെ ഒരു സ്ത്രീ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അവളെ പാട്ടിലാക്കേണ്ടതു പുരുഷത്വമാണ്. അല്ലെങ്കിൽ രാജകുലത്തിനുതന്നെ അവമാനമല്ലെ. ഈശ്വരസൃഷ്ടിതന്നെ വിശേഷം. കൂട്ടത്തിൽ ഇങ്ങനെ ഒരു വിചിത്രസൃഷ്ടികൂടി ഉണ്ടെങ്കിൽ അത് ധൈര്യശാലികളായ വീരപുരുഷന്മാരുടെ ഉപയോഗത്തിനുവേണ്ടിയല്ലെ. ഏതുവിധമെങ്കിലും യത്നിച്ച് പാട്ടിലാക്കേണ്ടത് എന്റെ കടമയാണ്. ഇനി അധികം താമസിക്കാതെ അവളെ കാണുകതന്നെ വേണം. അവൾ എന്തൊരുദ്ദേശത്തിന്മേലാണ് ഇപ്രകാരമുള്ള പരീക്ഷ നടത്തുന്നത്. അവളുടെ ചോദ്യത്തിനർത്ഥമെന്ത്? ഇവയെല്ലാം തേടിപ്പിടിച്ച് അവളേ തോല്പിച്ച്, അവളുടെ ഭർത്തൃപദം കരസ്ഥമാക്കാതെ ഞാനടങ്ങുന്നതല്ല. ഇപ്രകാരമുള്ള വിചാരങ്ങളോടുകൂടി ചന്ദ്രലേഖയേ സംബന്ധിച്ചുള്ള മററു കഥകൾ വൃദ്ധനിൽനിന്നു മനസ്സിലാക്കിക്കൊണ്ടിരിക്കുമ്പോൾ വേട്ടയിൽ പിരിഞ്ഞുപോയ പരിവാരങ്ങളിൽ ചിലർ

അവരുടെ സ്വാമിയെ അന്വേഷിച്ച് അവിടെ വന്നുചേൎന്നു. വളരെ സന്തോഷത്തോടുകൂടി വൃദ്ധനോടു യാത്രപറഞ്ഞിട്ട് ഭൃത്യന്മാരുമായി ചേൎന്ന് വഴിയിൽ താമസിക്കാതെ സ്വരാജ്യത്തുചെന്ന് പിതാവിനെ മുഖംകാണിച്ചു.

——:o:——

## രണ്ടാം അദ്ധ്യായം.

### ചന്ദ്രലേഖ.

നിയതിയുടെ നിരങ്കുശമായ ഗതിവിഗതിയാൽ നിസ്സീമമായ അവസ്ഥാഭേദങ്ങൾ നിമിഷംപ്രതി പ്രത്യക്ഷങ്ങളാകുന്നു. അത്യന്തസന്തോഷമഹാൎണ്ണവത്തിൽ യഥേഷ്ടം വിഹരിക്കുന്നഅവസരത്തിൽതന്നെ അതിഭയങ്കരമായ സന്താപഗൎത്തത്തിൽ അകപ്പെട്ട് അങ്ങോടിങ്ങോട്ടുഴന്ന് എത്തുംപിടിയും കിട്ടാതെ വട്ടം ചുറ്റേണ്ടതായി വരുന്നു. അതുല്യമായ ലാവണ്യവിഭൂതികൊണ്ടു കാണികളായ ജനങ്ങൾക്ക് അത്യാനന്ദം നൽകുന്ന ഒരു ശരീരം സ്വജനങ്ങൾക്കുപോലും അസഹ്യമായ ദുൎഗ്ഗന്ധപ്രവാഹംകൊണ്ട് ദൂഷിതമായ കൊട്ടംപുൎണ്ണാൽ കബളീകൃതമായി തീരുന്നതിന് അധികസമയം വേണ്ടിവരുന്നില്ല സൎവ്വവിധസുഖാനുഭവങ്ങളോടുകൂടി അധിരാജസ്ഥാനത്തെ അലങ്കരിക്കുന്ന മാത്രയിൽ തന്നെ ആ ആളിന് സൎവ്വദാ ഭിക്ഷാംദേഹിയായി നടക്കുന്ന സാധുജനതായ്ക്കാവശ്യമുള്ള ഉപകരണങ്ങളെല്ലാം നിയതി സംഭരിക്കുന്നുണ്ടായിരിക്കും. ലോകോന്നതമഹാഗിരിയെന്നു സുപ്രസിദ്ധമായ "എവറെസ്റ്റ്" അല്പനിമിഷങ്ങൾക്കകം ലോകോത്തരമഹാഹ്രദമായിത്തീരാവുന്നതുമാണ്. ഈ കാണുന്ന ലോകംതന്നെ നാളത്തേക്കു കാണുകയില്ല.

മാളികമുകളേറിയമന്നന്റെ
തോളിൽമാറാപ്പുകേററുന്നതുംഭവാൻ
കണ്ടുകണ്ടങ്ങിരിക്കുംജനങ്ങളെ
കണ്ടില്ലെന്നുവരുത്തുന്നതുംഭവാൻ
രണ്ടുനാലുദിനംകൊണ്ടൊരുത്തനെ
തണ്ടിലേററിനടത്തുന്നതുംഭവാൻ

എന്നെല്ലാം പറഞ്ഞിട്ടുള്ളത് ലോകത്തിൻെറ നിമിഷംതോറുമു ള്ള അവസ്ഥാഭേദങ്ങളെ സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടുതന്നെ ആയിരിക്കണം. സുഖം, ദുഃഖം; കുന്ന്, കുഴി; മല, കായൽ; തീയ്യ്, വെള്ളം; എന്നിങ്ങനെയുള്ള ദ്വന്ദ്വരൂപങ്ങളുടെ പ്രതിഛായകളാണ് എങ്ങും പരിലസിക്കുന്നത്. "ലക്ഷ്മിയുമസ്ഥിരയല്ലോ" എന്നു പറയുംപോലെ സർവ്വവുമസ്ഥിരമെന്നുള്ള തത്വംകൂടി മനസ്സിലാക്കാമെങ്കിൽ—എങ്ങും പ്രതിബിംബിക്കുന്ന ഈ ദ്വന്ദ്വചക്രഗതിയിൽ യാതൊരു ഭാവഭേദവുംതോന്നാൻ അവകാശമില്ല. ഇങ്ങനെ ഒക്കെയാണു ലോകഗതി. ഈ തത്വമാണു നാം അറിഞ്ഞിരിക്കേണ്ടത്. വരുന്ന സുഖദുഃഖാനുഭവങ്ങളിൽ അസുഖം തോന്നാതിരിക്കേണമെങ്കിൽ മേൽപറഞ്ഞ തത്വം നിശ്ചയമായും ഗ്രഹിച്ചിരിക്കണം. യഥാർത്ഥതത്വജ്ഞാനികളുടെ അനുഭവങ്ങളെ ദൃഷ്ടാന്തമായി സ്വീകരിച്ചുകൊണ്ട് നമ്മുടെ ജീവിതയാത്രയെ തുടന്നാൽ ക്ലേശിക്കേണ്ട ആവശ്യം നേരിടുകയില്ല.

തൻെറ പുത്രൻെറ ആഗമനത്തെ പ്രതീക്ഷിച്ച് അത്യുൽകണ്ഠയോടിരുന്ന സുന്ദരലാൽമഹാരാജാവിന് പരിവാരസമേതമുള്ള കുമാരാഗമനം ഏററവും സന്തോഷപ്രദമായിരുന്നു എങ്കിലും അദ്ദേഹത്തിൻെറ മനസ്സിന് അനല്പമായ കുണ്ഠിതവും പൊടുന്നനവേ സംഭവിച്ചു. ഉന്മേഷലാഭത്തിനായി മൃഗയാവിനോദത്തിനു പുറപ്പെട്ട രാജകുമാരനാകട്ടെ യാദൃച്ഛികമായുണ്ടായ ചന്ദ്രലേഖാചരിത്രശ്രവണത്തോടുകൂടി അവളിൽ പ്രതിഷ്ഠിതമായ മനസ്സിനെ തിരിച്ചെടുക്കാൻ കഴിയാതെ പരിതപിക്കുന്നു. രാജാവും പുത്രനും അല്പസമയം സന്തോഷത്തോടുകൂടി കഴിഞ്ഞെങ്കിൽ ഇനി കുറെ സമയം സന്താപം അനുഭവിക്കേണ്ടതായിരിക്കുന്നു. ഉന്മേഷപോഷണം ഉന്മേഷശോഷണത്തിലവസാനിക്കുന്നു. മനുഷ്യൻ ഏതുതരത്തിൽ പ്രവർത്തിച്ചാലും നിയതികൃതമായ സംഭവങ്ങളെ ജയിക്കാൻ അവൻ ശക്തനാകുന്നില്ല. ചന്ദ്രലേഖയിൽ ഉണ്ടായ അഭിനിവേശംകൊണ്ട് കുമാരൻെറ സൌഭാഗ്യസുഖാനന്ദങ്ങൾ ഏതാണ്ടു നശിച്ചുതുടങ്ങി. ആഹാരം വേണ്ടാതായി. ദേഹം അനുനിമിഷം ക്ഷീണിച്ചുതുടങ്ങി. ചന്ദ്രലേഖയിൽ ഉണ്ടായ മോഹാഗ്നി ഹൃദയത്തെ തപിപ്പിച്ചതിനാൽ സ്നാനപാനാശനാദികളിൽപോലും അഭിരുചി കുറഞ്ഞു. നിയമേന ചെയ്യേണ്ട കൃത്യങ്ങളും മുടങ്ങി. അതിധീരന്മാരൊ, വിദ്വാന്മാരൊ ആരായിരുന്നാലും അപൂർവ്വസുഷമാസമ്പദ്വിലാസി

നിയായ ഒരു തരുണിയിൽ അനുരാഗം അംകുരിച്ചുപോയാൽ പിന്നെയുള്ള അവസ്ഥാഭേദത്തെപ്പററി പ്രസംഗിക്കുന്നതിനുപോലും ലോകം ശക്തമല്ല. ഏതതദ്വിഷയത്തിൽ ക്രലംകഷമായ പാണ്ഡിത്യമുള്ളവർപോലും ഇപ്രകാരം പരമാത്ഥബോധമററവരായി സങ്കടപ്പെടുന്നതിൻെറ രഹസ്യമെന്തെന്ന് ആലോചിച്ചുനോക്കുമ്പോൾ, മനുഷ്യൻെറ ഓരോ ദശകളിലെ അവസ്ഥാവിശേഷങ്ങളാണിവയെന്നും, ഈ വികാരത്തെ പരിത്യജിക്കാൻ മനുഷ്യർ അപ്രാപ്തരെന്നും, കാണാൻ കഴിയുന്നതുകൊണ്ട് ഇക്കാര്യത്തിൽ മനുഷ്യരെ കുററപ്പെടുത്തേണ്ട ആവശ്യമേയില്ല. ഓരോ സന്ധികളിൽ അനുഷ്ഠേയങ്ങളായ സ്വകമ്മങ്ങളും മുറയ്ക്കു നടക്കുകതന്നെവേണം. ക്രടാതെ ജീവിക്കാൻ കഴിയുന്നവൻ നിശ്ചയമായും അസാധാരണ മനുഷ്യൻ തന്നെ.

പ്രധാനമന്ത്രി രാജകുമാരൻെറ ദീനാവസ്ഥകളെല്ലാം മഹാരാജാവിനെ അറിയിച്ചു. ഈ വാത്തകൾ ശ്രവിച്ചപ്പോഴാണ് പ്രിയപുത്രൻെറ ആഗമനത്തിൽ ഉണ്ടായിരുന്ന സന്തോഷം പൊടുന്നനവെ അസ്തമിച്ചുപോയതു്. ചന്ദ്രലേഖയിലുള്ള ആശ ഉടനെ സന്ത്യജിക്കണമെന്നും, അല്ലെങ്കിൽ അതു് ആപൽക്കരമാണെന്നും, ഇപ്രകാരമുള്ള അവസരങ്ങളിൽ ഏററവും ധൈര്യമായി പ്രവത്തിക്കുന്നവരാണ് അതിധീരന്മാരെന്നും, ചന്ദ്രലേഖയെ വിവാഹം ചെയ്യാൻ താല്പര്യമുള്ളതായി ഒരു സാധനം എഴുതിഅയച്ചു് തീരുമാനം ഉണ്ടാക്കാമെന്നും, രാജാവു് അതിനുവിസമ്മതിക്കുന്നപക്ഷം നേരിട്ടു യുദ്ധംചെയ്തു് അവളെ സ്വാധീനം ചെയ്തു് പട്ടമഹിഷിയായി സ്വീകരിക്കാവുന്നതാണെന്നും കുമാരനെ അറിയിക്കണമെന്നു മന്ത്രിയോടു കല്പിച്ചു. ഒരു ഒട്ടകത്തെ പട്ടു മുതലായ വസ്ത്രങ്ങളും, സുവണ്ണരത്നഖചിതമായ ആഭരണങ്ങളും അണിയിച്ചു്, നവരത്നങ്ങൾ നിറച്ച പെട്ടികളും സുവണ്ണപാത്രങ്ങളും, അതിൻെറ പുറത്തുകയററി എല്ലാ വിവരങ്ങൾക്കും ഒരു ലേഖനവും എഴുതി രാജാക്കന്മാക്കയക്കുന്നവിധം അയക്കണമെന്നും, രാജാവു് നിഷേധിക്കുന്നപക്ഷം നേരിട്ടു യുദ്ധം ചെയ്യാമെന്നും ആണ് അവർ നിശ്ചയിച്ചതു്.

ഈ വിവരം രാജകുമാരനറിഞ്ഞപ്പോൾ വളരെ വ്യസനിച്ചു. ഹാ! ഞാൻ ഇത്ര ശക്തിഹീനനെന്നോ അച്ഛൻ വിചാരിക്കുന്നതു്. അല്ലെങ്കിൽ ഇപ്രകാരം ഉപദേശിക്കുമോ? എൻെറ ഈ വ്യസനം ആരു സഹിക്കും. അച്ഛൻെറ ഉപദേശം ശക്തിക്കും യുക്തിക്കും അശേഷം യോജിക്കുന്നില്ല. എങ്കിലും അനുസ

രിച്ചില്ലെന്നുവേണ്ട. പക്ഷേ ലേഖനം അയക്കുന്നതിലും നന്ന് ഞാൻതന്നെ പോയി കാര്യങ്ങളെല്ലാം ഉടനടി സാധിച്ചുപോരുന്നതുതന്നെയാണ്. ഇപ്രകാരമുള്ള കുമാരന്റെ യുക്തിയുക്തമായ വാക്കുകൾ കേട്ടപ്പോൾ, അനവധി സൈന്യങ്ങളോടും വേണ്ട വിഭവങ്ങളോടുംകൂടി പോയിവരുന്നതിന് രാജാവ് സമ്മതിച്ചു. പിതാവിന്റെ ഉപദേശവും, ആശീർവാദവും സ്വീകരിച്ചുകൊണ്ട് ഉടനെതന്നെ പുറപ്പെട്ടു. വഴിയിൽ . അപകടമൊ താമസമൊ കൂടാതെ ശ്രീമന്ദിരത്തിൽ എത്തിച്ചേർന്നു. അവിടെയുള്ള ഓരോ പരിഷ്കാരങ്ങളും, വിശേഷങ്ങളും കണ്ടുകൊണ്ട് ദുർഗ്ഗത്തിനടുത്തെത്തി. ദുർഗ്ഗത്തിന്റെ അഗ്രഭാഗത്ത് അനവധി ശിരസ്സുകൾ തൂക്കിയിരിക്കുന്നതുകണ്ട്, അതിന്റെ ആവശ്യമെന്തെന്ന് അന്വേഷിക്കയും, രഹസ്യം മനസ്സിലാക്കുകയും ചെയ്തപ്പോൾ കുമാരന്റെ ഹൃദയം ആലിലപോലെ വിറച്ചുതുടങ്ങി. എന്താണിവിടെ ചെയ്യേണ്ടത്. എന്റെ ഉദ്ദേശം ഫലപ്പെട്ടമൊ? മററുള്ളവരെപ്പോലെ ഞാൻ ശിക്ഷ അനുഭവിക്കേണ്ടതായി വരുമൊ? അയ്യൊ! ദൈവമേ! ആപത്തുകളൊന്നും വരാതെ രക്ഷിച്ചുകൊള്ളേണമെ. എന്നിങ്ങനെ പ്രാർത്ഥിച്ചുകൊണ്ട് കുറെ നേരം അവിടെ ചുററിനടന്ന് ഓരോ വിശേഷങ്ങൾ കണ്ടുകൊണ്ടിരുന്നു. എവിടെയും ചന്ദ്രലേഖയെ സംബന്ധിച്ചുള്ള കഥകളേ കേൾപ്പാനുള്ളു. അവളുടെ ചോദ്യത്തിന്റെ രഹസ്യം എന്തായിരിക്കുമെന്ന് ശ്രദ്ധമായി അന്വേഷിച്ചിട്ടും യാതൊരു ഫലവും ഉണ്ടായില്ല. കുമാരൻ രാജാവിന്റെ കൊട്ടാരവാതുക്കൽ എത്തി. അവിടെ ഒരു ഭേരിയും വിചിത്രവേലകൾചെയ്തു ഭംഗിയാക്കിട്ടുള്ള രണ്ടു ചെറിയ വടികളും ഇരിക്കുന്നതുകണ്ടു. ചന്ദ്രലേഖയെ മുഖംകാണിക്കണമെന്നു വിചാരമുള്ളവർ ആ ഭേരിമുഴക്കിയാൽ ഉടനെ സൌകര്യം നൽകുന്നതാണെന്ന് സുവർണ്ണലിപിയിൽ എഴുതിയിട്ടുള്ള ഒരു നോട്ടീസുപലകയും അവിടെ തൂങ്ങിയിരുന്നു.

ആറുകളിലോ, കുളങ്ങളിലോ, ഇഷ്ടംപോലെ സഞ്ചരിക്കയും കിട്ടുന്ന ആഹാരം ഭക്ഷിക്കയും, ഉത്സാഹമായി കൂട്ടംചേർന്നു നടക്കുകയും ചെയ്യുന്ന മത്സ്യക്കൂട്ടങ്ങളെ പിടിക്കാൻ, ചൂണ്ടക്കാർ എങ്ങും തയാറായി നിൽക്കുന്നു. നിയമേന കിട്ടാറുള്ള ഭക്ഷണത്തെ നോക്കാതെ, അവിടവിടെക്കാണുന്ന വിശേഷസാധനങ്ങൾ ഭക്ഷിക്കുന്നതിന് അവ ആഗ്രഹിക്കുന്നു. അങ്ങിങ്ങായി പരിലസിക്കുന്ന ആ സാധനങ്ങളിൽ അതിരു കവിഞ്ഞ ആകാംക്ഷയോടുകൂടി ചെന്ന് അതിൽ കുരുങ്ങി ജീവിതത്തെ അവ

സാന്നിപ്പിക്കുന്ന മത്സ്യങ്ങളെപ്പോലെതന്നെയാണു ലോകത്തിന്റെയും അവസ്ഥ. ആശാപാശബന്ധമായ ചൂണ്ടലുകളിൽ കോർത്തിട്ടിരിക്കുന്ന കനകകാമിനികളാകുന്ന ആഹാര്യപദാർത്ഥങ്ങളിൽ ഭ്രമിച്ച് എങ്ങനെയെങ്കിലും കൈക്കലാക്കണമെന്നുള്ള വിചാരത്തോടുകൂടി കഷ്ടപ്പെട്ട്, അതിനെ തനിക്കധീനമാക്കിച്ചെയ്യുമ്പോൾ അതിനെ യഥാർത്ഥരൂപം സംരക്ഷിച്ചുപോരുന്നതിലുള്ള വിഷമങ്ങളാൽ ഗ്രസ്തരായിട്ടു ലോകം അന്തിമദശയിലേക്കു കാലൂന്നിത്തുടങ്ങുന്നു. കാലമാകുന്ന മുക്കുവൻ ആ ചരടിനെ ക്രമേണ വലിച്ചുകൊള്ളും. അതിൽനിന്നു വിമുക്തനാകുന്നതിനു യാതൊരു കഴിവും ഇല്ലാതെ സന്താപത്തോടുകൂടി തന്റെ ജീവിതത്തെ ബലികഴിക്കുന്നു. ഇതാ രാജകുമാരന്മാരെയെല്ലാം ഉന്മൂലനം ചെയ്യുന്നതിനായി ഒരു നല്ല ചൂണ്ടലിൽ ചന്ദ്രലേഖയാകുന്ന നല്ല ഒരു തീററി കോർത്തിട്ടിരിക്കുന്നു. അതിനെ കൈക്കലാക്കണമെന്നു വിചാരിച്ചെത്തുന്ന എല്ലാ ജനങ്ങളും അതിൽ കുടുങ്ങി ജീവിതത്തെ അവസാനിപ്പിക്കുന്നു. അനേകംപേരുടെ അനുഭവത്തെ കണ്ടിട്ടും വീണ്ടും വീണ്ടും അതിൽ ഭ്രമിക്കുകയും, ആപത്തിനെ വരിക്കുകയുംതന്നെ ചെയ്യുന്നു. നമ്മുടെ രാജകുമാരനും, ആ ശിരസ്സുകൾ കണ്ടു തന്റെയും അവസാനം ഇവരെപ്പോലെതന്നെ ആയേക്കുമോ എന്നു സംശയിക്കുന്നെങ്കിലും അവളിൽ പതിഞ്ഞുപോയ മനസ്സിനെ തിരിച്ചെടുക്കുന്നതിന് ഒട്ടുംതന്നെ ശക്തനാകുന്നില്ല. ആഹാ! ഇതാ കുമാരൻ അവിടെക്കണ്ട വടികൾ കൈയ്യിലെടുത്തു കഴിഞ്ഞു. പെരുമ്പറ മുഴക്കുന്നതിനുതന്നെയാണു ഭാവം. കൂടെയുള്ള ആളുകൾ തടയുകയും, ഉപദേശിക്കയും ചെയ്തിട്ടും കുമാരന് ഒട്ടുംതന്നെ കൂസലില്ല. ഇനി അധികസമയം കഴിയുന്നതിനുമുമ്പിൽ കുമാരന്റെ ജീവിതം അവസാനിക്കുകതന്നെ ചെയ്യും; അവളുടെ ചോദ്യത്തിന്റെ പരമരഹസ്യം അറിയാതെ ചെന്നു ചാടിയാൽ അപജയമല്ലേ സംഭവിക്കുക. എത്ര രഹസ്യമായി സൂക്ഷിച്ചിട്ടുള്ള സംഗതിയായാലും കാലാന്തരത്തിൽ അതു് വെളിപ്പെടുകതന്നെ ചെയ്യും. നിരന്തരമായി അന്വേഷിച്ചുകൊണ്ടുതന്നെ ഇരുന്നാൽ നമ്മുടെ ഉദ്ദിഷ്ടം ലഭിക്കുന്നതിന് പ്രയാസം ഉണ്ടാകാനിടയില്ലാത്തതുകൊണ്ട്, കാലവിളംബത്തിൽ അങ്ങ് കുണ്ഠിതപ്പെടാതെ, കാര്യലാഭത്തിൽ സന്തോഷിക്കുന്നതിന് തയ്യാറാവുകതന്നെയാണ് നല്ലത്. ഞങ്ങളുടെ ഉപദേശങ്ങൾ, അങ്ങേയ്ക്ക് അറിയാവുന്നതു തന്നെ എങ്കിലും അവിടത്തെ മനസ്സ് ഇപ്പോൾ ചന്ദ്രലേഖയിൽതന്നെ ഭ്രമിച്ചിരിക്കയാൽ കാര്യാകാര്യവിവേചനാശക്തിയില്ലാതെ എ

ണ്ടു് പ്രവൎത്തിക്കുന്നതിന്നു് തയ്യാറായിരിക്കുന്നതുകൊണ്ടു് ഞങ്ങളുടെ ഉപദേശത്തെ സ്വീകരിക്കുന്നതിൽ ഒട്ടും മടിക്കരുതെന്നപേക്ഷയുണ്ടു്. സ്വയംകൃതാനൎത്ഥംകൊണ്ടു് വലയാൻ ഇടയാകുന്നതു്, പൎയ്യാലോചനാശീലത്തിന്റെ അഭാവത്താലാണു്. അതിനാൽ ഇവിടെ പാളയമടിച്ചു താമസിച്ചു്, നിരന്തരശ്രമം ചെയ്തു് ചോദ്യത്തിനുചിതമായ ഉത്തരം കൊടുക്കാമെന്നു നല്ല നിശ്ചയം വന്നതിനുമേൽ പെരുമ്പറമുഴക്കുന്നതായാൽ കുണ്ഠിതപ്പെടേണ്ട ആവശ്യം ഉണ്ടാകയില്ല. ചന്ദ്രലേഖയുടെ ലാവണ്യവിഭൂതിയിൽ അന്തൎല്ലീനമായി വിശ്രമം അനുഭവിക്കുന്ന ആ മനസ്സിന്നു്, ഈ ഉപദേശങ്ങളുടെ വാസ്തവാൎത്ഥഗ്രഹണത്തിന്നു് പ്രാപ്തിയില്ലെന്നു ഞങ്ങൾ പെരുമ്പറ കൊട്ടി ഘോഷിച്ചാലും അതു് സ്വീകാൎയ്യമായിത്തീരുമെന്നു വിചാരമില്ല. എങ്കിലും ഞങ്ങളെല്ലാം—അങ്ങയുടെ ഉപ്പും ചോറും തിന്നുപജീവിക്കുന്ന ഞങ്ങളെല്ലാം—ഒത്തൊരുമിച്ചു് അപേക്ഷിക്കുന്നു. അനുഗ്രഹിപ്പാറാകണം. എന്തൊക്കെയായാലും ആപന്നന്നു് ഹിതോക്തികൾ തിക്തകമായിത്തീരുന്നതു് സഹജമാണല്ലോ? മന്ത്രി മുതലായ മഹാശയന്മാരുടെ ഹിതോക്തികൾ വെറും വനരോദനമായിത്തന്നെ തീൎന്നു; വരുംഫലം വഴിയിൽ തങ്ങുകയില്ല—എന്നനുസ്മരിച്ചു് എല്ലാവരും മൂകന്മാരായിത്തന്നെ നിന്നു. പെരുമ്പറമുഴക്കി. പട്ടണം മുഴുവൻ മാറ്റൊലിക്കൊണ്ടു. ആരൊ ഒരാൾ ചന്ദ്രലേഖയെ മുഖംകാണിക്കാൻ വന്നിട്ടുണ്ടെന്നും, അദ്ദേഹം ചോദ്യത്തിന്നു് ശരിയായ സമാധാനം കൊടുക്കുകയോ, അല്ലാത്തപക്ഷം കഠിനശിക്ഷ അനുഭവിക്കുകയോ ചെയ്യുന്നതു് കാണണമെന്നും ഉള്ള അത്യാശയോടുകൂടി ഒട്ടും താമസിയാതെ പുരവാസികൾ കൊട്ടാരവാതുക്കൽ വന്നു കൂടിത്തുടങ്ങി. അവിടെ വലിയ തിക്കും തിരക്കും തന്നെ.

അല്പനേരം കഴിഞ്ഞപ്പോൾ ഏതാനും ഘാതകന്മാരും രാജപരിവാരങ്ങളും വന്നു കുമാരനെ എതിരേറ്റു കൊണ്ടുപോയി. രാജകുമാരന്റെ അകൃത്രിമലാവണ്യവും, മധുരസംഭാഷണവുംകൊണ്ടു് ആകൃഷ്ടനായ മാനസിംഹരാജാവു്, "നീ ഈ വിചാരത്തെ ത്യജിച്ചു സുഖമായി ജീവിക്കുക. എന്റെ പുത്രിയുടെ ചോദ്യത്തിനു ന്യായമായ ഉത്തരം കൊടുത്തില്ലെങ്കിൽ മരണശിക്ഷ അനുഭവിക്കേണ്ടതായി വരും. അതുകൊണ്ടു് കുമാരാ! നീ ഈ ദുൎവ്വിചാരത്തിൽനിന്നു പിൻതിരിയുക. നിന്നെ കണ്ടപ്പോൾ തോന്നിയ പുത്രനിൎവ്വിശേഷമായ വാത്സല്യംകൊണ്ടാണു ഞാൻ ഇങ്ങനെ പറയുന്നതു്." ഇതുകൊണ്ടും കുമാരന്റെ മനസ്സിൽ

യാതൊരു ഭാവഭേദവും ഉണ്ടായില്ല. ചന്ദ്രലേഖ പതിവുപോലെ സൽക്കാരത്തിനുള്ള വട്ടങ്ങളെല്ലാം കൂട്ടിത്തുടങ്ങി. ഇതിനിടയിൽ, ചന്ദ്രലേഖയെ അവളുടെ മാതാവ് ഇപ്രകാരം ഗുണദോഷിച്ചു. കുഞ്ഞേ! നീ ഞാൻ പറയുന്നതിനെ സശ്രദ്ധം കേൾക്കണം. ഇപ്പോൾ ഇവിടെ വന്നിരിക്കുന്ന രാജകുമാരൻ സർവ്വഥാ നിനക്കനുരൂപനാണ്. നിൻെറ ചോദ്യത്തിനു ശരിയായ ഉത്തരം തരാത്തപക്ഷം അവൻ മരണശിക്ഷ അനുഭവിക്കേണ്ടതായി വന്നേക്കുമെന്ന് ഓർത്തപ്പോൾ എനിക്കു തോന്നിയ കുണ്ഠിതംകൊണ്ടാണ് ഞാൻ ഇങ്ങനെ ഗുണദോഷിക്കുന്നത്; നിന്നോടു ചേർന്നിരിക്കാൻ തക്ക സകല സൗഭാഗ്യങ്ങളും ഇവനിൽ തികഞ്ഞുണ്ട്. ജഗദീശൻ ഇവനെ സൃഷ്ടിച്ചതുതന്നെ നിനക്കുവേണ്ടിയാണെന്നു തോന്നിപ്പോകുന്നു. കുഞ്ഞേ! "പരഹിംസയോളം പാപം" മററൊന്നുമില്ല. നീ എത്ര രാജകുമാരന്മാരെ കൊലയ്ക്കു കൊടുത്തു, വല്ല ഫലവും ഉണ്ടായൊ? നിൻെറ നിഷ്ഠുരകൃത്യങ്ങളെയെല്ലാം ദൂരെത്തള്ളി ക്ഷമിക്കണമെന്നു ജഗദീശ്വരനോടു ഭക്തിപൂരസ്സരം പ്രാർത്ഥിച്ചാൽ ആ പരമകാരുണികൻ നിന്നെ അനുഗ്രഹിച്ചു എന്നു വരാം. ശ്രീവാല്മീകിമഹർഷി എന്തെല്ലാം ദുഷ്കൃത്യങ്ങൾ ആദ്യകാലത്തു ചെയ്തുപോന്നു. ശ്രീമന്നാരായണ പാദപരായണനായതോടുകൂടി ആ പാപമെല്ലാം എരിതീയിൽ വെള്ളത്തുള്ളിയെന്നവിധം നാമാവശേഷമായിത്തീർന്ന കഥ നിനക്കറിവില്ലേ. കൂടാതെ നീ ഒരു വരനുമൊത്തു സുഖിച്ചിരിക്കുന്നതു കണ്ടാനന്ദിക്കാൻ നിൻെറ താതമാതാക്കൾക്ക് അത്യാശയുണ്ട്. അതിനെ നിവർത്തിക്കേണ്ടതും നിൻെറ കടമയാണ്. നീ ആജീവനാന്തം ശ്രമിച്ചാലും, മർക്കടമുഷ്ടി പിടിച്ചാലും നിൻെറ ചോദ്യത്തിനു ന്യായമായ സമാധാനം തന്നു നിന്നെ മാലയിടാൻ തക്ക സാമർത്ഥ്യമുള്ള ഒരു രാജകുമാരനെ കണ്ടുകിട്ടുക പ്രയാസംതന്നെ. അതിനാൽ നീ ജഗദീശ്വരനും നിൻെറ താതമാതാക്കൾക്കും ഹിതമായ കൃത്യമാചരിക്കുന്നതിനും, ക്രൂരകർമ്മംകൊണ്ട് ഇനി മേലും പാപം ആർജ്ജിക്കാതിരിക്കുന്നതിനും വിചാരിച്ചാൽ ഞങ്ങൾക്ക് മനസ്സമാധാനം ഉണ്ടാകും." ഈ വാക്കുകൾ കുമാരിയുടെ നിശ്ചയത്തെ അണുമാത്രമെങ്കിലും ഭേദിപ്പിക്കാൻ പര്യാപ്തമായില്ല. ഞാൻ സത്യം ചെയ്തു നിശ്ചയിച്ചിട്ടുള്ള ഒരു സംഗതിയാകയാൽ അതിനെ അതിലംഘിക്കണമെന്നുപദേശിക്കുന്നതു് അനൌചിത്യമാണെന്നും ചോദ്യത്തിനു ന്യായമായ സമാധാനം പറവാൻ ആർക്കും ത്രാണിയുണ്ടാകുന്നില്ലെങ്കിൽ നിത്യകന്യകാത്വം തന്നെ സ്വീകരിച്ചു

കൊള്ളാമെന്നും ആയിരുന്നു കുമാരിയുടെ സമാധാനം. വളരെ കണ്ഠിതത്തോടുകൂടി രാജ്ഞി അന്തഃപ്പുരത്തിലേക്കു യാത്രയായി.

ദിനാന്തഭാനുവിൻെറ പ്രശാന്തകാന്തിയുമസ്തമിച്ചു. രാത്രിയും സമാഗമിച്ചു. വിദ്യുദ്ദീപംപോലെ സപ്തവർണ്ണങ്ങളെ പ്രദശിപ്പിച്ചുകൊണ്ട് ശരറാന്തലുകൾ ശോഭിച്ചു. പലവിധ വിചിത്രാലങ്കാരങ്ങളെക്കൊണ്ട് അതിരമ്യമായി അശേഷം അഴുക്കു പിടിച്ചിട്ടില്ലാത്ത വെൺകളിപ്രഭ വിതരുന്ന ഒരു വലിയ മുറിയ്ക്കകത്തു കുമാരൻ ആനീതനാവുന്നു. പുഷ്പങ്ങളിറുക്കുക, മാല കെട്ടുക, കറിക്കൂട്ടുണ്ടാക്കുക, സംഗീതയന്ത്രങ്ങൾ നീക്കിവച്ചുകൊടുക്കുക, വെററില ചുരുട്ടുക, തൂക്കുക, തളിക്കുക എന്നിങ്ങനെയുള്ള ഉദ്യോഗങ്ങളിലേപ്പെട്ടിരിക്കുന്ന ദാസീവർഗ്ഗങ്ങൾ പക്ഷെ തങ്ങളുടെ സ്വാമിനിയുടെ വരപദത്തെ അലങ്കരിക്കാൻപോകുന്ന ശ്രേഷ്ഠപുരുഷൻെറ യോഗ്യതായോഗ്യതകൾ നിർണ്ണയം ചെയ്യുന്നതിനായി വാതലിലും ജാലകങ്ങളിലും തിക്കിത്തിരക്കിക്കൂടിയിരിക്കുന്നു. പ്രഥമദർശനത്തിൽതന്നെ അവർ ചിലതെല്ലാം നിശ്ചയിക്കയും പരസ്പരം അറിയിക്കയും ചെയ്തുകഴിഞ്ഞു. ഇത്രമാത്രം തിരക്കം അവിടെ നടക്കുന്നുണ്ടെങ്കിലും യാതൊരു ശബ്ദവും വെളിയിൽ വരുന്നില്ല. പരിജനങ്ങളും ഘാതകന്മാരും ആജ്ഞാകരന്മാരായി അവരവൎക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങളിൽ വെറും സാലഭഞ്ജികകളെപ്പോലെ നിലകൊള്ളുന്നു. ചന്ദ്രലേഖയാൽ നിർദ്ദിഷ്ടമായ ഒരു സുവർണ്ണ സിംഹാസനത്തിൽ രാജകുമാരൻ ഉപവിഷ്ടനായി. വൃദ്ധനിൽനിന്നും മററു ജനങ്ങളിൽനിന്നും താൻ ഗ്രഹിച്ചിട്ടുണ്ടായിരുന്ന ചന്ദ്രലേഖചരിതം ഒട്ടുംതന്നെ അതിശയോക്തിയല്ലെന്നു കുമാരൻ നിശ്ചയിക്കുന്നു. ഇവൾ നിശ്ചയമായും ഒരു അപൂൎവ്വസൃഷ്ടിതന്നെ. സർവ്വാംഗസുന്ദരികളായ നാരീസമൂഹത്തിന് ഒരു വിശിഷ്ടാലങ്കാരമായ ചന്ദ്രലേഖയെ സ്വകാന്തയാക്കിത്തീർക്കാൻ ഭാഗ്യമുള്ള പുരുഷൻതന്നെ പുണ്യവാൻ എന്ന് അദ്ദേഹം തീർച്ചചെയ്തു കഴിഞ്ഞു. ആ മുഖകമലത്തിൽനിന്നു പുറപ്പെടുന്ന ദിവ്യദീപ്തി പ്രശാന്തമെങ്കിലും കാമാൎത്തനായ കുമാരൻെറ അന്തരംഗത്തെ തപിപ്പിക്കതന്നെ ചെയ്തു. എതിരേ കിടന്ന ഒരു സിംഹാസനത്തിൽ ചന്ദ്രലേഖ ഇരുന്നു. ചന്ദ്രലേഖയിൽ ഭ്രമിച്ചു വലയുന്ന രാജകുമാരനാകട്ടെ ചുററും നടക്കുന്ന സംഭവങ്ങളൊന്നുംതന്നെ അറിയുന്നില്ല.

ചന്ദ്രലേഖ:—ഹേ! രാജകുമാരാ! എന്താണ് പരിഭ്രാന്തനായിരിക്കുന്നത്. ചോദ്യത്തിനു ന്യായമായ ഉത്തരം പറയണം.

രാജകുമാരൻ:—(നിദ്രയിൽ നിന്നുണർന്നിട്ട്) എന്തു്? എന്തു്? ചോദ്യമോ? ഉത്തരമോ?

ചന്ദ്രലേഖ:—മോഹനനഗരിയിലെ മോഹനദാസ് മഹാരാജാവിൻെറ പ്രിയപുത്രി വിമലാംബാൾ തൻെറ ഭത്താവിനോടെന്തു ചെയ്തു? •

രാജകുമാരൻ:—പലതും ചെയ്തിരിക്കാം. അതിനേപ്പററി അന്വേഷിച്ചിട്ട ആവശ്യം എന്താണു്.

ചന്ദ്രലേഖ:—എൻെറ ചോദ്യത്തിനു ന്യായമായ സമാധാനം പറയുക.

രാജകുമാരൻ:—ഭായ്യാഭത്താക്കന്മാർ തമ്മിൽ രഹസ്യമായി പലതും പ്രവത്തിച്ചിരിക്കാം. അവ എന്തെല്ലാമെന്നു മററുള്ളവർ പറയുന്നതു പ്രയാസംതന്നെ. മററു ഉചിതമായ വല്ല ചോദ്യങ്ങളും ആണെങ്കിൽ ആകട്ടെ.

ചന്ദ്രലേഖ:—വാതുക്കൽ തൂക്കിയിട്ടുള്ള പരസ്യം വായിച്ചിട്ടില്ലന്നുണ്ടോ?

രാജകുമാരൻ:—അതിനെപ്പററി വലിയ ഭയം ഇല്ല. ചോദ്യം ഉചിതവും സ്വസമ്മതവുമാണെങ്കിൽ മാത്രമേ ഉത്തരം പറയാൻ ആരും ശക്തന്മാരായിരിക്കയുള്ളു. ഞാനും ചില ചോദ്യങ്ങൾ ചോദിക്കാം. ഒരു മനുഷ്യരും ഉത്തരം പറയുകയില്ല.

ചന്ദ്രലേഖ:—വൃഥാ തക്കിച്ചതുകൊണ്ടു ഫലമില്ല. എൻെറ നിശ്ചയം അനുസരിച്ചു പ്രവത്തിക്കാതിരിക്കാൻ തരമില്ല. കഴിയുമെങ്കിൽ ഉത്തരം പറയണം.

രാജകുമാരൻ:—നിൻെറ കുതക്കങ്ങൾകൊണ്ടു് അനേകം രാജകുമാരന്മാരെ നശിപ്പിച്ചു. എന്നെയും ആ വിധത്തിൽ നശിപ്പിക്കാൻ തുടങ്ങുകയാണു്, ന്യായമായ ശിക്ഷ നിനക്കും നിൻെറ ബന്ധുക്കൾക്കും, രാജ്യത്തിനും ഉണ്ടാകാതെ തരമില്ലെന്നു പറയുന്നതിൽ അശേഷം സംശയമില്ല. മററു വല്ല ചോദ്യവുമുണ്ടെങ്കിൽ ചോദിക്കു.

ചന്ദ്രലേഖ:—ഭയപ്പെട്ടു അതി കായ്യം സാധിച്ചുകളയാമെന്നു വിചാരമുണ്ടെങ്കിൽ അതവിടെ നില്ക്കട്ടെ. ഇനി രണ്ടു മി

നിട്ടിനകം ഉത്തരം പറയണം. അല്ലെങ്കിൽ നിശ്ചിത ശിക്ഷയ്ക്ക് നിങ്ങൾ പാത്രമായിത്തീരും.

രാജകുമാരൻ:—ചന്ദ്രലേഖേ! നീ ഈശ്വരനേയും മറന്നാണൊ പ്രവൎത്തിക്കുന്നതു്. ഈ പാപം നിൻെറ ജീവിതത്തെ കളങ്കപ്പെടുത്തുകതന്നെ ചെയ്യും. അനാവശ്യ ചോദ്യങ്ങൾകൊണ്ടു രാജവംശത്തെ ഉന്മൂലനംചെയ്യാൻ ഒരുങ്ങിയിരിക്കുന്നതിൻെറ അനൗചിത്യത്തെ സംബന്ധിച്ച് അല്പമെങ്കിലും ആലോചന ഉണ്ടെങ്കിൽ നീ ഇപ്രകാരം പ്രവൎത്തിക്കയില്ല.

ചന്ദ്രലേഖ:—വിമലാംബാൾ ഭൎത്താവിനോടെന്തുചെയ്തു? വേഗം ഉത്തരം പറയണം. ഇനി ഒരു മിനിട്ടു മാത്രമേ ഉള്ളൂ.

രാജകുമാരൻ:—നിൻെറ നിഷ്ഠുരവ്രതത്തെ നീക്കി നീതിജ്ഞനും നിനക്കനുരൂപനും ആയ എന്നോടുകൂടി സുഖമായിരിക്കാൻ മനസ്സുണ്ടെങ്കിൽ ഉടനെ അനുവാദം തരുക.

ചന്ദ്രലേഖ:—സമയം ഇനി ബാക്കിയില്ല.

രാജകുമാരൻ:—എൻെറ ചോദ്യത്തിനു സമാധാനം തരു.

ചന്ദ്രലേഖ:—എൻെറ ചോദ്യത്തിന് ഉത്തരം തരുന്നതിനു സാമൎത്ഥ്യമോ അറിവോ ഇല്ലാത്തതിനാൽ നിയമപ്രകാരമുള്ള ശിക്ഷ അനുഭവിക്കേണ്ടതായിരിക്കുന്നു. ഇനി താമസിക്കേണ്ട. എന്നു ഘാതകന്മാരോടും ആജ്ഞാപിച്ചിട്ട് ഉടനെ അന്തഃപ്പുരത്തിലേക്കു കടന്നുപോയി. ആ മദമന്ഥരഗമനത്തിൻെറ രസികത്വം ഓൎത്ത് ആഹ്ലാദിച്ചുകൊണ്ടിരിക്കുമ്പോൾ രാജകുമാരനെ ബന്ധിച്ച് ഒരു കല്ലറയിൽ കൊണ്ടുചെന്ന് ശിരഛേദം ചെയ്യുകയും ശിരസ്സ് കൎപ്പൂരവെള്ളത്തിൽ മുക്കി ദുൎഗ്ഗാഗ്രഭാഗത്തു തൂക്കുകയും ചെയ്തു.

കൂടെപ്പോയിട്ടുണ്ടായിരുന്നവർ ഈ വിവരം സുന്ദരലാൽ മഹാരാജാവനെ അറിയിച്ചു. ഈ കഠിനവാൎത്ത കേട്ടപ്പോൾതന്നെ രാജാവു നിലംപതിച്ചു. കുറെനാൾ കഴിഞ്ഞശേഷം അദ്ദേഹത്തിൻെറ ഒടുവിലത്തെ പുത്രനൊഴികെ മററു അഞ്ചുപേരും ചന്ദ്രലേഖയെ വിവാഹം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവൎത്തിച്ചു സ്വയം മരണത്തെ വരിച്ചു.

———

# മൂന്നാം അദ്ധ്യായം.

## ഉദ്യാനം.

സകലജീവരാശികളും സുഖജീവിതത്തിനുവേണ്ടി കാംക്ഷിക്കുന്നു. അസുഖജീവിതം ഇടയ്ക്കിടെ ഉണ്ടാകുന്നതുകൊണ്ടാണു് സുഖജീവിതത്തിന്റെ മാഹാത്മ്യം നല്ലപോലെ അറിഞ്ഞു് തല്ലാഭത്തിനുവേണ്ടി അനവരതം ബുദ്ധിമുട്ടുന്നതു്. സുഖദുഃഖദ്വയങ്ങളുടെ സ്വഭാവം ഇന്നതാണെന്നു്, അവയിൽ ഒന്നിനെപ്പററിമാത്രം അറിയുന്ന ഒരാളെ മനസ്സിലാക്കാൻ വളരെ പ്രയാസപ്പെടും. ഈ ദ്വന്ദ്വങ്ങളുടെ ചംക്രമണം ഇല്ലായിരുന്നെങ്കിൽ ഓരോന്നിന്റെയും സ്വഭാവം അറിയാൻ ആരെക്കൊണ്ടും കഴിയുന്നതല്ല. ഈ ദ്വന്ദ്വവസ്തുക്കളുടെ കൈകാര്യം ലോകത്തിൽ അളവററ നന്മയെ പ്രദാനംചെയ്യുന്നു. മനുഷ്യന്റെ സർവതോമുഖമായ ഉദ്ദേശങ്ങളും പ്രവൃത്തികളും, സുഖത്തിനു വേണ്ടിയാണെന്നും. അതിന്റെ അഭാവത്തിൽ അവൻ നിരാശനായി പ്രവൃത്തിശക്തി നശിച്ചു് തനിക്കും അന്യന്മാക്കും ഒരുപോലെ ഉപദ്രവകാരിയായിത്തീരുമെന്നും അറിയേണ്ടതാണു്. ഒരു പ്രവൃത്തിയിൽ വിജയം ഉണ്ടാകുമ്പോൾ മനുഷ്യനുണ്ടാകുന്ന ആനന്ദത്തിനു് അളവില്ല. അതുകൊണ്ടു് എല്ലാപ്രവൃത്തികളിലും വിജയംതന്നെ ഉണ്ടായാൽ അവന്റെ മനസ്ഥിതി എപ്രകാരമിരിക്കുമെന്നു് ഊഹിച്ചുകൊള്ളുന്നതുതന്നെ നല്ലതു്. ഒന്നിൽ അപജയം പിണയുന്നെങ്കിൽ അവൻ വീണ്ടും വിജയത്തിനുവേണ്ടി മറെറാരുമാർഗ്ഗത്തിൽക്കൂടി പ്രയത്നംചെയ്യുന്നു. അതിലും അപജയംതന്നെ ഫലമെങ്കിൽ മൂന്നാമതും ഒരു പന്ഥാവിനെ തുടരുന്നു. ഇങ്ങനെ ഏറെക്കുറെ അപജയം ഉണ്ടാവുകയാണെങ്കിൽ ആ വിഷയത്തിൽ നിന്നു് അവൻ പിന്മാറുന്നു. ഇതു് പൌരുഷത്തോടുകൂടിയ പ്രവൃത്തിയല്ല. ഒരു സംഗതിയിലേക്കു പ്രവേശിക്കുന്നതുതന്നെ വളരെ ആലോചിച്ചുവേണം. അതിൽ പ്രവേശിച്ചാൽ പിന്നെ ഒരിക്കലും പിന്മാറരുതു്. എന്തെല്ലാം അപജയങ്ങൾ ഇടയ്ക്കു സംഭവിച്ചാലും പരിപൂർണ്ണവിജയം ഹസ്തലബ്ധമാകുന്നതുവരെ ധൈര്യത്തോടുകൂടി പ്രവർത്തിക്കുന്നവരത്രെ പുരുഷത്വമുള്ളവർ. മനുഷ്യന്റെ തോൽവികൾക്കുള്ള രഹസ്യം എന്തെന്നു് ആലോചിച്ചുനോക്കിയാൽ വേണ്ടവണ്ണം ആലോചിച്ചു് കരുതലോടുകൂടി പ്രവൃത്തിക്കാത്തതുകൊണ്ടാണെന്നു് വ്യക്തമാകുന്നതാണു്.

കാലത്തെനിരൂപിച്ചുകല്പിച്ചുനിശ്ചയിച്ചോ
രാലസ്യംമദ്ധ്യേതുടന്നീടാതെ-

കർമ്മംചെയ്താൽ എങ്ങനെയാണപജയമുണ്ടാവുക. ഒരു കർമ്മം ചെയ്യാനാരംഭിക്കുമ്പോൾ

കഃകാലഃകാനിമിത്രാണി
കോദേശഃകൌവ്യയാഗമൌ
കശ്ചാഹംകാചമേശക്തി
ഇതിചിന്ത്യം മുഹുർമ്മുഹുഃ

എന്ന് ഒരു മഹാത്മാവ് അരുളിച്ചെയ്യുന്നു. ഈ വാർത്തകളിലടങ്ങിയുള്ള തത്വത്തെ പുരസ്കരിച്ചുകൊണ്ടു ചെയ്യുന്ന കർമ്മത്തിന് സൽഫലംതന്നെ സംഭവിക്കും. എന്നാൽ ഇദാനിന്തനന്മാർ യാതൊന്നും ആലോചിക്കാതെ "കാള പെറെറന്നു കേട്ടാൽ കയറെടുത്തു"കൊണ്ടു പുറപ്പെടുകയാണു പതിവ്. അതുകൊണ്ട് മിക്കവാറും അപജയവും തന്മൂലം നിരാശാസമ്പൂർണ്ണമായ ജീവിതവുംകൊണ്ട് ലോകത്തെ മലിനപ്പെടുത്തേണ്ടതായി വരുന്നു. നിശ്ചയമായും സാധ്യമെന്നുള്ള ഉറപ്പുവന്നതിനുമേൽ ഏതുകൃത്യം ആചരിച്ചാലും സന്തോഷത്തിനല്ലാതെ സന്താപത്തിനവകാശം ഉണ്ടാകയില്ലതന്നെ.

ചന്ദ്രലേഖയെ സംബന്ധിച്ച കഥകൾ കേട്ടാൽ ഉടൻതന്നെ അവളിൽ ഭ്രമിച്ച് അവിടെ എത്തിക്കൂടുന്ന രാജകുമാരന്മാർക്കെല്ലാം അപജയംതന്നെ സംഭവിച്ചു. അവളാര്? എങ്ങനെ ഉള്ളവൾ? അവളുടെ ചോദ്യമെന്ത്? വിമലാംബാൾ ഏതു ദേശക്കാരി? ഭർത്താവാര്? അവരുടെ ജീവിതരീതി എന്തായിരുന്നു? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ തന്നെത്താൻ ചോദിച്ച് ശരിയായ ഉത്തരംകൊടുക്കാമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ചന്ദ്രലേഖയെ കാണാൻ ശ്രമിച്ചിരുന്നു എങ്കിൽ ജീവനാശം കൂടാതെ കഴിക്കാമായിരുന്നു. പ്രത്യുത യാതൊരന്വേഷണങ്ങളും ചെയ്യാതെ—ഉചിതമായ മറുപടി കൊടുക്കേണ്ടതിന് യാതൊരറിവുകളും സംഭരിക്കാതെ—ചാടിപ്പുറപ്പെട്ട് അവളുടെ ചോദ്യംകേൾക്കുമ്പോൾ വെറും മൂഢന്മാരെപ്പോലെ അതും ഇതും പറഞ്ഞു ഇളിഭ്യപ്പെട്ടവും പരലോകവാസവും കൈക്കലാക്കിയ രാജകുമാരന്മാരെപ്പോലെ ഉള്ളവർക്ക് ഇന്നും എന്നും അപജയംതന്നെ അവസാനമായി ശേഷിക്കുന്നത്. അതിനാൽ ഏതുകാര്യം പ്രവർത്തിക്കുന്നതും അതിനെ സംബന്ധിച്ചുള്ള പൂർണ്ണബോധത്തോടുകൂടിത്ത

ന്നെ. ആയാൽ നിരാശയെ വരിച്ച് ജന്മത്തെ കളങ്കപ്പെടുത്താത്തെ കഴിക്കാവുന്നതാണു്.

വിധിമതംകൊണ്ടോ, ബുദ്ധിഹീനതയാലൊ ദുർമ്മോഹിതരായി മൃത്യുവെ വരിച്ച കുമാരഷഡ്കത്തെ ഓർത്ത് മൃതപ്രായനായി ജീവിതംനയിക്കുന്ന സുന്ദരലാൽ മഹാരാജാവിൻെറ മുമ്പാകെ ഒരുദിവസം പ്രഭാതത്തിൽ സപ്തമസന്താനമായ വരദരാജകുമാരൻ ആഗമിച്ചു. രാജാവു് വാത്സല്യാതിരേകത്താൽ ഹർഷാശ്രു പൊഴിച്ചുകൊണ്ടു് കുമാരനെ പിടിച്ച് ഉത്സംഗത്തിലിരുത്തി മൂർദ്ധാവിലും മുഖത്തും അനേകപ്രാവശ്യം ചുംബിക്കയും, അപ്പോൾ ആഗതനായതിൻെറ കാരണം എന്തെന്നു് ആരായുകയും ചെയ്തു. സഹോദരരുടെ വേർപാടുകൊണ്ടു് സദാ സന്താപസമുദ്രത്തിൽ വീണുഴലുന്ന പ്രിയപിതാവിനോടു് തൻെറ ആഗമനോദ്ദേശ്യത്തെപ്പററി പറയുന്നതു് അല്പം അനൌചിത്യമല്ലെ? എന്നു കുറേനേരം സംശയഗ്രസ്തനായിരുന്നിട്ടു് താഴെ പറയുംപ്രകാരമുണർത്തിച്ചു.

"പ്രിയപിതാവെ! ഒട്ടുംതന്നെ വ്യസനിക്കരുതു്? മാനസിംഹരാജാവിൻെറ പ്രിയപുത്രി ചന്ദ്രലേഖ നിമിത്തമാണു് എൻെറ സഹോദരന്മാർ ആറുപേരും ഈ നമ്മേയുംലോകത്തേയും വെടിയാൻ ഇടയായതു്. അവളുടെ പ്രവൃത്തിക്കനുസരിച്ച പ്രതികാരം ചെയ്യുന്നതു പ്രയാസമാണെങ്കിലും പ്രിയപിതാവിൻെറ അനുവാദാനുഗ്രഹങ്ങളുണ്ടെങ്കിൽ, ഈ ഞാൻ നിഷ്പ്രയാസം സാധിച്ചുകൊള്ളാം. കല്പനയുണ്ടാകാത്ത താമസമേയുള്ളു.

"ക്രനിന്മേൽ കുരുവെന്നപോലെയുള്ള വർത്തമാനംകേട്ടു് മഹാരാജാവു് അമ്പരന്നുപോയി. എന്താണു് മറുപടിപറയേണ്ടതെന്നാലോചിച്ചതിൽ യാതൊന്നും ലഭിക്കാതെ കുറെനേരം മിണ്ടാതെയിരുന്നു. പ്രിയപുത്രാ! എൻെറ ഭാഗ്യകാലത്തു് സപ്തവർത്തികകളോടുകൂടിയ ഒരു വിളക്കു ഭാഗ്യംകൊണ്ടു ലഭിച്ചു. അതിൻെറ പ്രശാന്തരശ്മിയേററു് ഏതാനും വർഷം പരമാനന്ദം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ ദുർഭാഗ്യക്കൊടുങ്കാററടിച്ചു് അതിൽ ആറു തിരികളും അണഞ്ഞുപോയി. ഒരെണ്ണം മാത്രമേ ഇനി ബാക്കിയുള്ളു. അതുംകൂടി അണഞ്ഞുപോയാൽ പിന്നെ എൻെറ ജീവിതം അന്ധകാരമയംതന്നെ. ജീവിച്ചിരിക്കണമെന്നുള്ള ആശ അതോടെ അസ്തമിക്കും; കുമാരാ നിൻെറ അഭിപ്രായത്തോടു യോജിക്കുന്നതിനു് ഒട്ടുംതന്നെ തൃപ്തിയില്ല; എന്നു് അശ്രുധാര പൊഴിച്ചുകൊണ്ടു രാജാവു് അരുളിച്ചെയ്തു.

ധീരോദാത്തനും ന്യായനിധിയുമായ രാജകുമാരൻ യുക്തിയുക്തങ്ങളായ വാക്കുകൾകൊണ്ടു പിതാവിനെ ആശ്വസിപ്പിച്ചു; പോയിവരുന്നതിനുള്ള അനുവാദം വാങ്ങിച്ചു. ഏകനായി പോകുന്നതിനാണ് അദ്ദേഹം നിശ്ചയിച്ചതു്. സാധാരണ മനുഷ്യനു യോജിക്കുന്ന വസ്ത്രങ്ങൾ ധരിച്ചു് ആവശ്യത്തിനു വേണ്ട പണവും എടുത്തുകൊണ്ടു തന്റെ കുതിരയിൽ കയറി പുറപ്പെട്ടു.—

മാർഗ്ഗമദ്ധ്യേ യാതൊരസുഖങ്ങളുംകൂടാതെ ഗിരിമന്ദിര രാജ്യത്തു ചെന്നുചേർന്നു. പ്രാകാരാഗ്രത്തിൽ തൂങ്ങുന്ന ജ്യേഷ്ഠന്മാരുടേയും മററുള്ളവരുടേയും ശിരസ്സുകൾകണ്ടു ദുഃഖാക്രാന്തനായി. ഏതായാലും ഈ പട്ടണത്തിൽ താമസിക്കുന്നതു നന്നല്ലെന്നും. നാട്ടുംപുറത്തെവിടെയെങ്കിലും താമസിച്ചു സകല വിവരങ്ങളും മനസ്സിലാക്കിക്കൊണ്ടു് വേണ്ടുന്നവണ്ണം പ്രവൎത്തിക്കാമെന്നും തീച്ചപ്പെടുത്തി. ഒരു കൃഷിക്കാരന്റെ ഭവനമാണു താമസത്തിനെടുത്തതു്. ആ കൃഷിക്കാരൻ ഒരു വൃദ്ധനും നല്ലഗുണമുള്ളവനും ആയിരുന്നു. അയാളുടെ ഭാൎയ്യയും ഭൎത്താവിനനുരൂപയായിരുന്നു. അവൎക്കു പുത്രന്മാരോ പുത്രികളോ ഇല്ലാതിരുന്നതുകൊണ്ടു് രാജകുമാരനെ സ്വന്തംപുത്രനേപ്പോലെ വിചാരിച്ചുപോന്നു. തന്റെ അശ്വത്തെ കൃഷിക്കാരന്റെ ലായത്തിൽതന്നെ സൂക്ഷിച്ചു. യാതൊരസ്വാസ്ഥതകളും ഇല്ലാതെ കുമാരൻ അവിടെ നിർബാധം താമസിച്ചു. തന്റെ കൈവശം ഉണ്ടായിരുന്ന സ്വൎണ്ണനാണയത്തിൽനിന്നു് അഞ്ചെണ്ണം ആ സാധുകുടുംബത്തിനു സംഭാവന ചെയ്തപ്പോൾ കുമാരനോടു് അവൎക്കുണ്ടായിരുന്ന വാത്സല്യം ദ്വിഗുണീഭവിച്ചു. ഇപ്രകാരം അവിടെ താമസിച്ചുവരവെ ഏകദേശം പത്തുദിവസം കഴിഞ്ഞപ്പോൾ കുമാരൻ അവരോടിങ്ങനെ പറഞ്ഞു. ഇവിടെയുള്ള വിശേഷങ്ങളെല്ലാം കണ്ടറിയുന്നതിനു് എനിക്കിതേവരെ സാധിച്ചില്ല. അതിനാൽ ഞാൻ പോയി എല്ലാം വിശേഷങ്ങളും കണ്ടാനന്ദിക്കുന്നതിനു് നിങ്ങൾ അനുവദിക്കുന്നപക്ഷം എനിക്കു് അതിൽപരം സൗഖ്യം മറെറാന്നുമില്ല. കുമാരന്റെ ആഗ്രഹത്തിനു വിപരീതമായി യാതൊരക്ഷരവും പുറപ്പെടുവിക്കാൻ മനസ്സില്ലാത്ത ആ കൃഷീവലദമ്പതിമാർ ഇഷ്ടംപോലെ പോയ്വരുന്നതിനനുവദിച്ചു. കുമാരൻ ഒരു ജീൎണ്ണവസ്ത്രം ധരിച്ചുകൊണ്ടു് രാജധാനിയിലേക്കു തന്നെ തിരിച്ചു. വഴിയിൽവെച്ചു, രാജ്യസ്ഥിതികളും ചന്ദ്രലേഖയെ സംബന്ധിച്ച ചില വിവരങ്ങളും ഗ്രഹിക്കുന്നതിനു കുമാരനു സാധിച്ചു.

ചന്ദ്രലേഖ ഒരു സുന്ദരിയും വിദുഷിയുമാണെന്നാണ കേൾവി. അവളുടെ പ്രവൃത്തിയെപ്പററി ആലോചിച്ചാൽ ഒരു ഘോരരാക്ഷസി എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. 'കേതകീസുമത്തിന് ആസ്വാദനീയമായ ഗന്ധമുണ്ടെങ്കിലും കണ്ടകപൂർണ്ണമാകയാൽ മധുപനിരയ്ക്ക് സുഗമ്യമല്ലാതിരിക്കുന്നതുപോലെ അകൃത്രിമസുഷമാപരിശോഭിതമായ ഇവളുടെ പാണിഗ്രഹണോൽസുകരായെത്തുന്ന യുവരസികന്മാർക്ക് അടുക്കാൻ നിവൃത്തിയില്ലാത്തവിധം അജ്ഞേയമായ ഒരു പ്രശ്നം ഇവളും സ്വീകരിച്ചിരിക്കുന്നു. കേതകീസുമപക്ഷത്തിൽ മാധുര്യമേറുന്ന മധുവില്ലാത്തതുപോലെ ഇവരുടെ ഹൃൽപത്മത്തിൽ മനുഷ്യസഹജമായ ദയയ്ക്കിരിപ്പാൻ ഇടവുമില്ലായിരിക്കാം; മരന്ദലോലുപരായെത്തുന്ന മധുപനിരയുടെ കോമളശരീരം കണ്ടശതകീർണ്ണമാകുന്നതേയുള്ളു. ഇവിടെയോ മരണം നിശ്ചയം; എന്തൊരു നിഷ്ഠുരവൃത്തി. ഇവളുടെ പ്രശ്നത്തിന്റെ ഉദ്ദേശമെന്തായിരിക്കും. അജ്ഞേയമായ ഈ പ്രശ്നംകൊണ്ട് രാജകുലത്തെ മുഴുവൻ ബലികഴിച്ചിട്ട് എന്തൊരു സൌഭാഗ്യമാണോ നേടാൻപോകുന്നത്. ഒന്നു നിശ്ചയം. രാജവംശത്താൽ പരിപീഡിതമായ ഒരു ചിത്തത്തിൽനിന്നു പുറപ്പെട്ട കൗശലത്തിന്റെ വിളയാട്ടം തന്നെയാണിതെന്നു കുറഞ്ഞൊന്നാലോചിച്ചാൽ വെളിപ്പെടുന്നുണ്ട്. വിമലാംബാൾ ഭർത്താവിനോടു ചെയ്ത പ്രവൃത്തിയുടെ അനുബന്ധമായിട്ടായിരിക്കാം ഇവിടെ ഈ പ്രശ്നപരീക്ഷ നടക്കുന്നതു്. അതുകൊണ്ടു സകല വിവരങ്ങളും സൂക്ഷ്മമായറിഞ്ഞതിനുമേലേ ചന്ദ്രലേഖയുമായി ഇടപെടാവൂ. അല്ലാത്തപക്ഷം എനിക്കും ജ്യേഷ്ഠഭ്രാതാക്കളുടെ അനുഭവംതന്നെ ഉണ്ടാകും. ഇപ്രകാരമുള്ള ചിന്തകൾ കുമാരനെ യാത്രാഖേദം അശേഷം അറിയിക്കാതെ കൊട്ടാരവാതുക്കൽ കൊണ്ടുവിട്ടു. വാതിലിലുള്ള വിചിത്രവേലകൾ കണ്ടാനന്ദിക്കുന്ന നാട്യത്തിൽ, അന്യരെ അകത്തു കടത്തിവിടുന്നുണ്ടോ എന്നു പരിശോധിച്ചുകൊണ്ട് അവിടെ നിന്നു. ഇടവിടാതെ അനേകം ആളുകൾ അകത്തേക്കും പുറത്തേക്കും പോകുന്നുണ്ടായിരുന്നു. അതിനാൽ തനിക്കും നിരോധനമുണ്ടാകയില്ല എന്നു വിചാരിച്ചുകൊണ്ടു സങ്കോചംകൂടാതെ രണ്ടടി മുന്നോട്ടുനീങ്ങി. ഉടനെ അവിടെനിന്ന തവണക്കാരൻ തടഞ്ഞുനിർത്തി; അനുവാദംകൂടാതെ ആർക്കും അകത്തു കടന്നുകൂടാ. അതിനെ അശേഷം ഗണ്യമാക്കാതെ അകത്തേക്കു കടക്കുന്നതിനു ശ്രമിച്ചു എന്നുള്ള നിയമലംഘനക്കുററത്തിനു ശിക്ഷിക്കാതിരിക്കാൻ നിവൃത്തിയില്ല എന്ന് അയാൾ പറഞ്ഞപ്പോൾ

എനിക്കിവിടം അപരിചിതമാണെന്നും നിയമത്തെ സംബന്ധിച്ചു യാതൊരു ബോധവുമില്ലെന്നും അറിവില്ലാതെ ചെയ്തുപോയ അപരാധത്തെ ക്ഷമിക്കണമെന്നുംമററും വളരെ താഴ്മയായി അപേക്ഷിച്ചതുകൊണ്ടു് ദയാബുദ്ധിയായ തവണക്കാരൻ കുമാരനെ വെറുതേവിട്ടു. ഇന്നിമേൽ ഇവിടെ കടന്നാൽ കഠിനമായ ശിക്ഷയ്ക്കു പാത്രമായിത്തീരുമെന്നു ഗൗരവമായി താക്കീതുചെയ്യുകയും ഉണ്ടായി ഇപ്രകാരം രക്ഷപ്രാപിച്ച രാജകുമാരൻ അടുത്തുള്ള ഒരു തണലിൽ ചെന്നിരുന്നു കുറേനേരം വിശ്രമിച്ചു.

രാജകുമാരന്റെ മനസ്സ് വിശ്രമാവസരത്തിലും ഉദ്ദിഷ്ട സംഗതിയെ സ്പൎശിച്ചുകൊണ്ടുതന്നെ ഇരുന്നു. യാതൊരു വിചാരം ഹൃദയാന്തർഭാഗത്തു ഗാഢമായി പതിയുന്നുവോ, ആ വിചാരം ഏതവസരത്തിലും മനുഷ്യന്റെ മനസ്സിനെ പ്രവൎത്തിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കും, അതുകൊണ്ടു് അവനവന്റെ വിചാരത്തെ പരിശുദ്ധമാക്കിക്കൊള്ളുകയും, ന്യായമായുള്ള വിചാരങ്ങളെക്കൊണ്ടു് മനസ്സിനെ പ്രവൎത്തിപ്പിക്കയും ചെയ്താൽ മനശ്ശക്തി വൎദ്ധിക്കുന്നതുകൂടാതെ മനുഷ്യന്റെ അഭിവൃദ്ധിയെ സഹായിക്കുകയും ചെയ്യും. വിചാരശൂന്യമായ മനസ്സുകൊണ്ടു് ലോകത്തിൽ യാതൊരുപ്രയോജനവുമില്ല. വികാരമില്ലാത്ത മനസ്സിനേക്കാൾ ദുഷ്ടമാണെങ്കിലും വികാരപരമായ മനസ്സ് ശ്രേഷ്ഠം തന്നെ; ദുഷ്ടമായ വികാരങ്ങൾക്കു് മനസ്സിൽ സ്ഥലം അനുവദിച്ചുകൊടുക്കരുതാത്തതാണു്; കുമാരന്റെ പ്രവൃത്തിയുടെ ഗുണദോഷചിന്തന ഇവിടെ ആവശ്യമില്ല. അദ്ദേഹം തന്റെ ഉദ്ദിഷ്ടത്തെ സാധിക്കുന്നതിനുവേണ്ടി സൎവ്വദാ മനസ്സുകൊണ്ടു പ്രവൎത്തിക്കുകതന്നെ ചെയ്യുന്നു. ആ മനസ്സ് ഇതിൽനിന്നു നിവൎത്തമാകുന്നതു് എപ്പോഴോ എന്തോ? കുമാരന്റെ മനോഗതി താഴെ പറയാൻപോകുന്ന സംഗതികളെ സ്പൎശിച്ചുകൊണ്ടായിരുന്നു.

ചന്ദ്രലേഖയുടെ പ്രശ്നത്തിന്റെ അൎത്ഥമെന്താണു്; ഇതു് സ്വയം നടത്തപ്പെടുന്നു എങ്കിൽ യാതൊരു കൃത്രിമവും ഉള്ളതായി വിചാരിക്കേണ്ട. അനേകം പുരുഷന്മാരെ നിർദ്ദയം നിഗ്രഹിപ്പിച്ചു് പാപം ആൎജ്ജിക്കണമെന്നു് ആരെങ്കിലും വിചാരിക്കുമോ? ഒരിക്കലും അത്തരത്തിലുള്ള മനോഗതിയാണു് അവൾക്കുള്ളതെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. ഈ ഹിംസ മനഃപൂൎവ്വം നടത്തപ്പെടുന്നതാണെങ്കിൽ അവളുടെ പ്രവൃത്തി അതിനീചവും, അനീതികളെ അമൎത്തേണ്ട പുരുഷകുലത്തിനു

കപ്പാടെ അപമാനവും ആകുന്നു. ഈ ചോദ്യം പൂൎവ്വകാല ത്തോ ഇക്കാലത്തോ ഉള്ള കവിപുംഗവന്മാരാൽ വിരചിതമായ ഗ്രന്ഥങ്ങളിലാകട്ടെ, പഴഞ്ചൊല്ലുകളിലാകട്ടെ കാണ്മാനില്ല. എത്രയോ സമൎത്ഥന്മാരായ രാജകുമാരന്മാരുടെ ജീവിതം നഷ്ടപ്പെട്ടു. അവരിൽ ആൎക്കെങ്കിലും ഇതിന്റെ രഹസ്യത്തെ വെളിപ്പെടുത്താനോ, ഹൃദയാകൎഷകമായ അവളുടെ സൌന്ദൎയ്യവിഭവം അനുഭവിക്കാനോ കഴിയാഞ്ഞതു് അത്യാശ്ചൎയ്യമായിരിക്കുന്നു. ഞാനും അവരെപ്പോലെ യാതൊരു പൎയ്യാലോചനയുംകൂടാതെചെന്നു് അവരുടെ അനുഭവത്തെത്തന്നെ വരിച്ചാൽ എന്റെ നിൎമ്മലകീൎത്തിക്കു് നാശവും, എന്റെ മാതാപിതാക്കന്മാൎക്കു് അളവററസങ്കടത്തിനു് കാരണവും ആയിത്തീരുന്നതാണു്. അതുമാത്രമോ? അവൾ സൎവ്വവിജയം നേടുകയും ചെയ്യും. ഇപ്രകാരമുള്ള അനന്തചിന്താപാരതന്ത്ര്യത്താൽ പൎയ്യാകുലനായി, മന്ത്രശാലയുടെ പുരോഭാഗത്തുള്ള ആ രുദ്രാക്ഷമരത്തണലിൽ എത്രനേരം ഇരുന്നുവെന്നു് അദ്ദേഹത്തിനുതന്നെ അറിഞ്ഞുകൂടായിരുന്നു; അടുത്തുള്ള മഹേശ്വരക്ഷേത്രത്തിലെ ശംഖനാദം കുമാരനെ ചിന്തയിൽനിന്നു് ഉണൎത്തിയപ്പോൾ ആ പരമഗുരുവിന്റെ പാദകമലങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു് ഇപ്രകാരം അപേക്ഷിച്ചു. ഹേ ഭഗവാനേ! എന്റെ മാതാപിതാക്കന്മാൎക്കു നേരിട്ട സന്താപശാന്തിക്കായിട്ടാണു് ഞാൻ ഇവിടെ വന്നിരിക്കുന്നതു്. എന്റെ അപേക്ഷകളെല്ലാം സാധിച്ചുതരുന്നതിനു് അങ്ങെല്ലാതെ ആരും ഇല്ല. ലോകപിതാവായ അങ്ങയുടെ അരുമസ്സന്താനമായ എന്റെ കഷ്ടനഷ്ടങ്ങളിൽ ഇങ്ങനെ മൌനം അവലംബിക്കാതെ കാത്തുരക്ഷിപ്പാൻ കരുണയുണ്ടാകണം. ആ ചന്ദ്രലേഖയുടെ ചോദ്യത്തിനുത്തരം പറയാതെ എന്റെ ആരുജ്യേഷ്ഠന്മാർ—അല്ല അനേകായിരം ജ്യേഷ്ഠന്മാർ അകാലമൃത്യുഗതരായി. ആ വാൎത്ത ആരെയാണു സങ്കടപ്പെടുത്താത്തതു്. ആഹാ. ശക്തിസ്വരൂപാ, മായാമയ! അഗതിയായ അടിയനെ അനുഗ്രഹിക്കേണമേ! എന്നു് അഖണ്ഡസച്ചിദാനന്ദസ്വരൂപിയായ പരബ്രഹ്മത്തിൽ ലീനമായ മനസ്സോടുകൂടി പ്രാൎത്ഥിച്ചു.

കുമാരന്റെ ചിന്താഗതി ഈ ഘട്ടത്തിലെത്തിയപ്പോൾ ഒരു പഞ്ചമവല്ലക്കിളി ശ്രുതിമധുരമായ ഗാനവിശേഷത്തോടുകൂടി തത്തിച്ചാടി പുരോഭാഗത്തായി വന്നിരുന്നു. അതിന്റെ സുന്ദരമായ ശരീരവും മരന്ദമധുരിമയേയും അതിശയിക്കുന്ന സ്വരവിശേഷവും, മനോഹരമായ ചാഞ്ചാട്ടവും കുമാരന്റെ മനസ്സി

ന്നെ നല്ലപോലെ ആകർഷിച്ചു. കൈക്കലാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി അല്പം ഒന്നടുത്തപ്പോൾ ആ ചെറുകിളി, പ്രാകാരത്തിന്റെ അടിയ്ക്കായി വർത്തുളാകൃതിയിൽ ഉണ്ടാക്കപ്പെട്ടിരുന്ന ഒരു വെള്ളമൊഴുകുന്ന ചാലിൽക്കൂടി കടന്ന് അകത്തേക്കു പറന്നുപോയി. ആ ചാൽ ചന്ദ്രലേഖയുടെ ഉപവനത്തെ അലങ്കരിക്കുന്ന വൃക്ഷലതാദികളെ നനയ്ക്കുന്നതിനുള്ള ജലം കൊണ്ടുവരുന്നതിനായി ഉണ്ടാക്കപ്പെട്ടതായിരുന്നു.

ആ ഓമനപ്പക്ഷി എന്റെ മുമ്പിൽവന്നിരിക്കയും, ഈ ചാലിൽക്കൂടി കടന്ന് അരമനയെ നോക്കി പറന്നുപോകയുംചെയ്തതു വിചാരിച്ചാൽ, ഈ പക്ഷി എനിക്കു ഉദ്ദിഷ്ടലാഭത്തിനുള്ള മാർഗ്ഗോപദേശംചെയ്യുന്നപോലെ കാണപ്പെടുന്നു. ചന്ദ്രലേഖ അതിവാത്സല്യത്തോടുകൂടി വളർത്തിവരുന്ന ഒരു സുഷമാനിധിതന്നെയാണ് ആ പക്ഷി. അതു് കയറിപ്പോയ വഴിയെതന്നെ ഞാനും അകത്തുകടക്കണമെന്നാണ് എന്നോടുപദേശിച്ചതു്. ഭക്തന്മാർ ഉള്ളലിഞ്ഞു പ്രാർത്ഥിക്കുമ്പോൾ ജഗദീശൻതന്നെ പ്രത്യക്ഷനായി അഭീഷ്ടദാനം ചെയ്യുന്നതു് അപൂർവമാണ്. ഓരോ ലക്ഷ്യലക്ഷണങ്ങളെ കാണിച്ചു് അവരെ ഉദ്ദിഷ്ടകാര്യലാഭത്തിൽ പ്രവർത്തിപ്പിച്ചു് വിജയികളാക്കിത്തീർക്കുകയാണ് അവരുടെ സാധാരണ അനുഭവം. ഈ പക്ഷിയാണ് എന്റെ ശുഭമൊ അശുഭമൊ ആയ ശകുനം. അതിനെ അനുഗമിക്കണമെന്നാണ് ജഗദീശ്വരൻ എന്നോടുപദേശിച്ചതു്. അതിനാൽ ഇനി ഒട്ടും മടിക്കാതെ കാണിച്ചുതന്ന വഴിയിൽക്കൂടി നടക്കുകയേ വേണ്ടു. അദ്ദേഹം ഉടനേതന്നെ അവിടെനിന്നെഴുന്നേറ്റ് ഉടുത്തിരുന്ന വസ്ത്രം അഴിച്ചു് തലയിലും ഉത്തരീയത്തെ അരയിലും ബന്ധിച്ചിട്ടു് ആ വെള്ളച്ചാലിൽ ഇറങ്ങി നീന്തി ഉദ്യാനത്തിൽ ചെന്നുചേർന്നു.

സൂര്യഭഗവാൻ തന്റെ ദിനകൃത്യങ്ങളെല്ലാം ഭംഗിയായി നിർവ്വഹിച്ചു് വിശ്രമാർത്ഥം അസ്തമയപർവ്വതോപരിഭാഗത്തുനിന്നു് കീഴോട്ടിറങ്ങി തന്റെ സങ്കേതസ്ഥാനത്തേക്കു നിർഗ്ഗമിച്ചു. ഉദ്യാനപാലകന്മാരാദിയായ ഭൃത്യജനങ്ങൾ ജോലി അവസാനിപ്പിച്ചു് അവരവരുടെ വാസസ്ഥലങ്ങളിലേയ്ക്കു പോയതിനാൽ ആ ഉദ്യാനത്തിൽ യഥേഷ്ടം സഞ്ചരിക്കുന്നതിനുള്ള സൌകര്യം കുമാരനു ലഭിച്ചു. അതിസുരഭിലങ്ങളായ സൂനനിചയസംയോഗം കൊണ്ടു് അതിസുഗന്ധവാഹിയായിത്തീർന്ന മന്ദമാരുതന്റെ കരുണാപുരസ്സരമുള്ള പരിഷ്വംഗത്താൽ ശരീരവും, അതിനുള്ളിൽ

തപിച്ചുകൊണ്ടിരുന്ന മനസ്സും അല്പമൊന്നു കുളിൎത്തപ്പോൾ ഏതൽകാലപൎയ്യന്തമുള്ള അവസ്ഥയെ അശേഷം വിസ്മരിച്ചുപോയ രാജകുമാരൻ, ഈ പരമസുഖം നിത്യവും അനുഭവിച്ചാനന്ദിക്കുന്ന ചന്ദ്രലേഖതന്നെ പരമഭാഗ്യവതി എന്നു് തന്നെത്താൻ പറഞ്ഞുപോയി. വെളുത്തും, ചുവന്നും, നീലിച്ചും, സങ്കീൎണ്ണവൎണ്ണത്തിലും, വിരിഞ്ഞുനില്ക്കുന്ന പുഷ്പസഞ്ചയാലംകൃതമായ ഈ ഉദ്യാനത്തെ ഒരുനോക്കു കാണാത്തവരുടെ നേത്രങ്ങൾക്കു നിശ്ചയമായും ജന്മസാഫല്യമില്ലതന്നെ.

> പൂത്തും തളിൎത്തുമല്ലാതെ ഭൂരുഹങ്ങളിൽ
> പേൎത്തുമൊന്നില്ലിവിടെകാണ്മാൻ

എന്നു് ഉണ്ണായിവാൎയ്യർ വൎണ്ണിച്ചിട്ടുള്ള ഉദ്യാനമല്ല ഇവിടെ കാണുന്നതു്. അതിസുഗന്ധവാഹികളായ പൂക്കളും, നേത്രമോഹനങ്ങളും, ഹൃദ്യങ്ങളുമായ ആകൃതിയുംകൊണ്ടു് ഭാസുരങ്ങളായ വൃക്ഷലതാദികളാൽ പരിപൂൎണ്ണമെങ്കിലും, ഉദ്യാനപാലകന്മാരും, സുഖാനുഭവത്തിനെത്തുന്നവരും ആയ ആളുകൾക്കു് എവിടെയും ഇഷ്ടംപോലെ സഞ്ചരിക്കത്തക്കവണ്ണം ഓരോവടിപ്പാതകളും, വലിയ വഴികളുംകൊണ്ടു് വിരാജിതമാകയാൽ, പുഷ്പങ്ങളിറുക്കുന്നതിനോ നനയ്ക്കുന്നതിനോ ഈ ഉദ്യാനത്തിൽ യാതൊരസൌകൎയ്യവും ഇല്ല. അതിന്റെമദ്ധ്യഭാഗത്തു് മിനുസമായമാർബിൾകല്ലുകൾപട്ടത്തു് ഭംഗിയായി നിൎമ്മിക്കപ്പെട്ട സോപാനപംക്തികളും, അച്ഛസ്ഫടികസങ്കാശമായ സ്വച്ഛാംഭസ്സുംകൊണ്ടു് പരിശോഭിക്കുന്ന ഒരു സരസ്സുമുണ്ടു്. അന്നു് കൃഷ്ണപക്ഷത്തിലെ പഞ്ചമിദിവസമായിരുന്നു. അതിമഞ്ജുളമായ കുളുർകാന്തിയെ സൎവ്വത്ര വ്യാപിപ്പിച്ചുകൊണ്ടു് പഞ്ചമിച്ചന്ദ്രൻ ഉദയാചലോപരിഭാഗത്തു ദൃശ്യനാകുന്നു. ആ അമൃതഭാസ്സിൽ നിമജ്ജനംചെയ്തു് പരിശുദ്ധി നേടാനെന്നവണ്ണം ആ ഉദ്യാനാന്തർഭാഗത്തു പരിലസിക്കുന്ന സരസ്സിലെ കുമുദതതി അത്യാമോദത്തോടുകൂടി വികസ്വരങ്ങളാകുന്നു. തങ്ങളുടെ സമീപവൎത്തികളായി ദിനനാഥകരാൎപ്പണലാഭത്താൽ ഉന്മത്തചിത്തകളായി ലാലസിച്ചുകൊണ്ടിരുന്ന സരസീരുഹങ്ങളുടെ നിരുന്മേഷസ്ഥിതി പാൎത്തു ഹസിക്കയാണോ എന്നു തോന്നുമാറു് ആ കുമുദകുലം മുഖപത്മം വിടൎത്തു് അല്ലികളാകുന്ന ദന്തനിരകൾ കാട്ടിത്തുടങ്ങുന്നു. ഉദ്യാനത്തിൽ തിങ്ങിവിങ്ങി നില്ക്കുന്ന സൂനസഞ്ചയങ്ങൾ അമൃതകിരണന്റെ കരസ്പൎശം ഉണ്ടായപ്പോൾ തങ്ങളുടെ ഹൃദ്യമായ സൌരഭ്യത്തെ കുളുൎപ്പിച്ചു് മന്ദമാരുതനെ ഏല്പിക്കയും, പ്രചരണാൎത്ഥം വിനിയോഗിച്ചു്.

തങ്ങളുടെ നിസർഗ്ഗമധുരിമയേയും കീർത്തിയേയും വർദ്ധിപ്പിക്കണമെന്നു് ആജ്ഞാപിക്കയും ചെയ്യുന്നു. പരിമളത്തിനു് കുളുമ്മകൂടി ചേർന്നപ്പോൾ ആസ്വാദ്യമായിത്തീരുമോ എന്നു് പ്രത്യേകം ചോദിക്കണമോ? സ്വർണ്ണത്തിനു് സൌരഭ്യം കൂടിയാലുള്ള മനോഹരത ഇവിടെയും ഉണ്ടായി എന്നു പറയുന്നതിൽ യാതൊരാക്ഷേപവും ഇല്ലതന്നെ. ആകാശമോ, പഞ്ചമിച്ചന്ദ്രന്റെ മനോഹരബിംബം കണ്ണുകൾക്കു പറ്റാത്ത സ്വർണ്ണരേഖയെ ചുറ്റുപഴുപ്പിച്ചാലെന്നവണ്ണം മിന്നിക്കൊണ്ടേ ഇരിക്കുന്നു. പ്രകൃതീശ്വരിയുടെ നർത്തനവിദ്യാപാടവം കണ്ടു തൃപ്തിയടയണമെന്നുള്ള മഹോദ്ദേശ്യത്തോടുകൂടി ആ നടനപ്രവീണയെ ക്ഷണിച്ചുവരുത്തിയ അനർഘവിഭവശാലി മുൻകൂട്ടി തയാറാക്കപ്പെട്ടിട്ടുള്ള ദിവ്യാംബരപ്പന്തലിൽ തൂക്കുന്നതിനായി വിശ്വപ്പെരുന്തച്ചന്റെ കരകൌശലശാലയിൽനിന്നു് വരുത്തിയതോ എന്നു തോന്നുമാറുള്ള ഈ ചന്ദ്രലേഖാമണിദീപപ്രഭകൊണ്ടു് വിതാനത്തിനെട്ടത്തിട്ടുള്ള പച്ചസൂക്ഷ്മപടം അതിഭാസ്വരത്തായിത്തീരുന്നു. അങ്ങിങ്ങായി തൂക്കപ്പെട്ടിട്ടുള്ള നക്ഷത്രഗ്ലോബ്ബുകൾ അതാതിന്റെ ശക്തിക്കു തക്കവണ്ണം പ്രകാശിക്കുന്നുണ്ടു്. നടനവിദ്യാപരിവീക്ഷകന്മാരായ ഭാരവാഹികൾ നിഷ്കൃഷ്ടയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില പ്പോഴെല്ലാം മേഘപടലിയാകുന്ന യവനികകൊണ്ടു മൂടി, ആ അപൂർവ്വകാന്തിമഹിമാവിനെ ആച്ഛാദനംചെയ്തു് ലോകത്തെ അന്ധകാരത്തിൽ ആഴ്ത്തി അഭിമാനം നേടുന്ന മറ്റൊരു ശക്തിയും ഇടയ്ക്കും മുറയ്ക്കും ആയി പ്രത്യക്ഷപ്പെടുന്നുണ്ടു്. ഈ മഹാപരാധംപ്രവർത്തിച്ചു് രസിക്കുന്ന ശക്തിയെ തടുക്കുന്നതിനു് ആരും ഒരുങ്ങുന്നുമില്ല. അതിന്റെ രഹസ്യമെന്തായിരിക്കാം. എപ്പോഴും പ്രകാശമാനമായിത്തന്നേ ഇരുന്നാൽ അതിന്റെ മഹത്വം ആരും അറികയില്ല എന്നുള്ള മഹോദ്ദേശ്യമായിരിക്കുമോ തൽഭാരവാഹികൾക്കുള്ളതു്. അതോ ആ പ്രകൃതീശ്വരിയുടെ നടനവൈചിത്ര്യത്തിന്റെ ഒരു രംഗം ഇങ്ങിനെ ആയിരിക്കാം അഭിനയിക്കപ്പെടുന്നതു്. ഹിമകരബിംബത്തിന്റെ ശീതളകിരണങ്ങൾ നാലുപാടും ചിതറിയപ്പോൾ അപഹൃതചിത്തവൃത്തികളായിത്തീർന്ന ചരാചരങ്ങൾ ആനന്ദമഗ്നരായിത്തീർന്നു, അതിന്റെ മൂർദ്ധന്യാവസ്ഥയിൽ നിദ്രാധീനരായിത്തീർന്ന ജനങ്ങൾ പിന്നീടുള്ള സംഭവങ്ങൾ യാതൊന്നുംതന്നെ അറിയുന്നേ ഇല്ല. നമ്മുടെ രാജകുമാരൻ ഈ തക്കംപാർത്തു് ഉദ്യാനഭൂവിലും സമീപപ്രദേശത്തും ഉള്ള വൈചിത്ര്യങ്ങളെ യഥേഷ്ടം കണ്ടാനന്ദിക്കുന്നു. റോസു്, പിച്ചി, മന്ദാരം, മുതലായ മനോഹരകുസുമങ്ങൾ വിരി

ഞ്ഞുനില്ക്കുന്നതും, ആ സങ്കീൎണ്ണദ്യുതിയുടെ രസികത്വം കണ്ടു് ചാഞ്ചാടുന്നതും, ഉദ്യാനത്തിന്റെ പ്രാന്തപ്രദേശത്തുള്ള ഹൎമ്മ്യത്തിന്റെ അന്തരാളത്തിൽ തിളങ്ങുന്ന വൈദ്യുതദീപം, ആ ഹൎമ്മ്യത്തിന്റെ ഉള്ളിൽ യഥാസ്ഥാനത്തു് നിക്ഷിപ്തങ്ങളായി കനകരത്നാദികളെക്കൊണ്ടു നിൎമ്മിതമായിട്ടുള്ള ദിവ്യോപകരണങ്ങളുടെ അളവററ കാന്തിയെ ദ്വിഗുണീഭവിപ്പിക്കുന്നതും, തൂവെണ്ണിലാവിൻപ്രഭയും പ്രഫുല്ലങ്ങളായ തരുലതാദികളുടെ പ്രതിഫലനപ്രഭയും കൂടിച്ചേൎന്നു് സുഖദുഃഖമയമാണു് ലോകചക്രം എന്ന തത്വത്തെ വ്യഞ്ജിപ്പിക്കുന്നതും ദൎശിക്കാൻ ഇടയായ രാജകുമാരനു് താതമാതാദികളായ ബന്ധുക്കളേയൊ, തനിക്കു മാൎഗ്ഗോപദേശിയായിനിന്ന പഞ്ചവൎണ്ണക്കിളിയേയൊ, അതിന്റെ സ്വാമിനിയായ ചന്ദ്രലേഖയേയൊ, സംബന്ധിച്ചുണ്ടായിരുന്ന എല്ലാ മനോഗതികളും വിസ്മൃതമായിപ്പോയി എങ്കിലും അപ്രതിഹതമഹിമാവിൽ ഉള്ള വിശ്വാസം പ്രബലപ്പെട്ടു. രാജകുമാരനുണ്ടായ സന്തോഷത്തിനതിരില്ല. സരസ്സിന്റെ സോപാനപങ്ക്തികളുടെ അകൃത്രിമസുഷമയെ വീക്ഷിച്ചുകൊണ്ടു് ഒരു പടിയിൽ കുറേനേരം ഇരുന്നു. ചന്ദ്രലേഖ കൊല്ലംചൊല്ലാൽ ഭയകമ്പിതമായിപ്പോകുന്ന ഈ ഉദ്യാനം സദാ അപൂൎവസുഷമയെ വഹിച്ചുകൊണ്ടു നില്ക്കുന്നു എന്നും, തന്റെ പുണ്യപരിപാകംകൊണ്ടു് രഹസ്യമായിട്ടാണെങ്കിലും അവളുടെ ഉദ്യാനത്തിൽ കടക്കുന്നതിനും അതിന്റെ മനോഹരതയെ ദൎശിക്കുന്നതിനും സാധിച്ചു എന്നും, ആ ചന്ദ്രലേഖയുമായി ചേരുന്ന പുരുഷൻതന്നെ അതിഭാഗ്യവാൻ എന്നും, അകാലമൃത്യു ഏല്പ്പെട്ടാലും ഒരു നോക്കു കാണ്മാനെങ്കിലും സൌകൎയ്യം ലഭിച്ച രാജകുമാരന്മാർ തന്നെ ദിവ്യാത്മാക്കളെന്നും മററും രാജകുമാരൻ വിചാരിച്ചുപോയതിൽ ആശ്ചൎയ്യപ്പെടാനില്ല. ദേവന്മാൎക്കുപോലും അലഭ്യമായ സുഖസൌഭാഗ്യങ്ങളനുഭവിച്ചു് ജീവിതം നയിക്കുന്ന അവൾക്കു് ഇതേവരെ അനുരൂപനായ ഒരു വരനെ ദൈവം ദത്തംചെയ്തിട്ടില്ല. സ്ത്രീജനങ്ങൾക്കു് ഒരു ഭൎത്താവുണ്ടാവുക എന്നതു് പരമഭാഗ്യം ഉണ്ടെങ്കിൽ മാത്രമേ സാധിക്കൂ. അതുമാത്രംഇവൾക്കില്ല. ഇവളെ വരിക്കാൻ മനസ്സുള്ള രാജകുമാരന്മാരെ കിട്ടാനില്ല. എന്നാൽ ഒരു പ്രശ്നപരീക്ഷ ഇടയ്ക്കു വന്നുചാടി ഇവളെയും മററുള്ളവരേയും ഒന്നുപോലെ ഉപദ്രവിച്ചുകൊണ്ടുതന്നേ ഇരിക്കുന്നു. ഇതാണു് ദൈവനിശ്ചയത്തെ തടുക്കുന്നതിനു തക്ക കെല്പു് ആൎക്കും ഇല്ലെന്നു പറയുന്നതു്. ഏതെങ്കിലും തരത്തിലുള്ള ഒരു തടസ്സം യാദൃച്ഛികമായി സംഭവിക്കയും മനു

ഷ്യന്റെ സർവ്വശക്തികളേയും ഇച്ഛകളേയും അടിമപ്പെടുത്തുകയും ചെയ്തുകളയുന്നു. "എല്ലാംതികഞ്ഞിട്ടൊരുവസ്തുപോലും തണ്ടാർമകന്റെ സൃഷ്ടിയിൽ ഇല്ലെന്നു പറയുന്നതെത്ര വാസ്തവം? ഇവൾക്കെന്തൊരുകുറവാണിവിടെയുള്ളതു്. ആസ്വാദ്യമായ ഈ കാരുണ്യദശയെ സഫലമാക്കിച്ചെയ്യുന്നതിനുതക്ക ഭാഗ്യം കൂടി ഉണ്ടായിരുന്നെങ്കിൽ ഹാ! ഇവളുടെ ജീവിതം എത്ര ആനന്ദമയമായിരുന്നു. എന്നിങ്ങനെയുള്ള ചിന്തകളോടുകൂടി മണി പന്ത്രണ്ടടിക്കുന്നതുവരെ അവിടെത്തന്നെ ഇരുന്നു.

വൃക്ഷലതാദികൾ യാതൊരു് ചലനവുംകൂടാതെ നിശ്ചേഷ്ടരായി നില്ക്കൊള്ളുന്നു. മദ്ധ്യയാമത്തെ കുറിക്കുന്ന ജംബുകനിനാദം അങ്ങിങ്ങായി കേൾക്കാറാകുന്നു. ഇവ നിശാവധൂടിയുടെ അപദാനങ്ങളെ സവിസ്തരം ഉച്ചസ്വരത്തിൽ ഘോഷിക്കുന്നതു് സുഷുപ്ത്യവസ്ഥയിൽ എത്തിയിരുന്ന ജനങ്ങളെ ഉൽബോധിപ്പിക്കുവാനൊ? എന്നു് ആരും സംശയിച്ചുപോകും. അതുകേട്ടു് യജമാനന്മാരുടെ ചോറിനു് കൃതജ്ഞതകാട്ടുന്ന ശ്വാനവീരന്മാർ എഴുന്നേററു് തങ്ങളുടെ വീര്യപരാക്രമങ്ങളെ വകവയ്ക്കാതെ നിസ്സംശയം സഞ്ചരിക്കുന്ന സൃഗാലകുലത്തെ ഭത്സിച്ചുകൊണ്ടു് എങ്ങും ചുററിത്തിരിയുന്നു. എന്നാൽ ഏതു ജീവികളുടേയും കൈയ്യിൽ പിടികൊടുക്കാതിരിക്കുന്നതിനുള്ള കൌശലങ്ങളെല്ലാം ശരിയായി അദ്ധ്യയനംചെയ്തു് പരിചയം സമ്പാദിച്ചിട്ടുള്ള കുറുനരികൾ എവിടെയൊ പാഞ്ഞൊളിക്കുന്നു. ഇതെല്ലാംകണ്ടുപരിഭ്രമിച്ചുപോയെങ്കിലും "എന്തൊരു നേരമ്പോക്കു്" പൌരുഷം ഇല്ലാത്തവർഗ്ഗങ്ങൾ എന്നിങ്ങനെ ആക്ഷേപം പുറപ്പെടുവിക്കുകയൊ എന്നു തോന്നുമാറു് ക്രമാദിജന്തുക്കൾ ഉന്നതസ്ഥാനത്തിരുന്നുകൊണ്ടു് വിധികല്പിക്കുന്നു. ഇങ്ങനെ ചില ജന്തുക്കളും രാജകുമാരനുംമാത്രമേ അപ്പോൾ നിദ്രാധീനരാകാതെ ഇരിക്കുന്നുള്ളു. വളരെ ശ്രദ്ധമായിട്ടു് മാളികയുടെ സമീപദേശത്തുക്ക ഗമിച്ചെങ്കിലും തന്റെ ഉദ്ദേശസാദ്ധ്യത്തിനുള്ള യാതൊരു വിവരങ്ങളും കുമാരനു ലഭിച്ചില്ല. ഇരുട്ടും അതിക്രമിച്ചു. തന്റെ വിധിയന്ത്രത്തിരിപ്പിന്റെ വിവിധത്വം ഓർത്തു് ആശ്ചര്യപ്പെട്ടുകൊണ്ടു് അവിടെ ഒരു മരച്ചുവട്ടിൽ കുമാരനും കുറെനേരം ഇരുന്നു. തന്റെ ക്ഷീണപരിഹാരത്തിനനായി സ്വീകരിച്ച ഈ ഉപായം നിദ്രാദേവിയുടെ ആരാധനത്താൽ കുമാരനെ ഉൽസുകനാക്കി.

അല്ലിന്റെ അന്തിമയാമത്തെ കുറിക്കുന്ന ശംഖനാദം കേട്ടപ്പോൾ കുമാരൻ നിദ്രയിൽനിന്നു വിമുക്തനായി. പക്ഷിക

ളെല്ലാം അവയുടെ ഉറക്കറയിൽതന്നെ ഇരുന്നുകൊണ്ട്, എന്ത് നേരം പ്രഭാതമാകാറായോ എന്നുനോക്കിത്തുടങ്ങി. വെള്ളിയുടെ ദീപ്രരശ്മി പൂർവ്വദിക്കിനെ സമാശ്ലേഷിച്ചിരിക്കയാൽ ഇനി അധികം താമസമില്ല എന്നു നിശ്ചയിച്ചുകൊണ്ട് അവ അവയുടെ നിത്യകർമ്മങ്ങളെ ആചരിച്ചുതുടങ്ങി. എന്താണ് ആ ശബ്ദം. എത്രമധുരമായിരിക്കുന്നു. പക്ഷികൾ ഭക്തിപരവശമായ ചിത്തത്തോടുകൂടി ജഗന്നിയന്താവിന്റെ നിസ്സീമമഹിമാവിനെ പുലത്തുകയാണ്. വായനക്കാരേ! ശ്രദ്ധിക്കുവിൻ. എന്തൊരു ലയം. എത്രമധുരം. എത്ര ആകർഷണീയം. ആ നേരിയ ശബ്ദത്തിൽ ജഗദീശാ! ജഗദീശാ! എന്നുതന്നെയാണവജപിക്കുന്നത്. വിവേകബുദ്ധിയുള്ള മനുഷ്യർ അശേഷം കലുക്കമില്ലാതെ ബോധമറവുറങ്ങുമ്പോൾ ജന്തുക്കൾ ചെയ്യുന്നത് അവരുടെ പ്രിയപിതാവിന്റെ മാഹാത്മ്യത്തെ പുകഴ്ത്തുകയാകുന്നു. എന്നാൽ ചില വൃദ്ധന്മാർ,ഭക്തന്മാർ തുടങ്ങിയുള്ളവർ കിടന്ന കിടപ്പിൽ നിന്നിളകാതെയും കണ്ണു തുറക്കാതെയും ആണെങ്കിലും ഹരിനാമകീർത്തനം, ശിവസ്തോത്രം മുതലായവ പാടി അവരവരുടെ അഭീഷ്ടങ്ങളെ പ്രദാനം ചെയ്യണമെന്നു പ്രാർത്ഥിക്കാറുണ്ട്. അവർ കീർത്തനംചൊല്ലുന്നത്, ഒടിച്ചും, മുറിച്ചും, തിരിച്ചും,മറിച്ചുംഒക്കെത്തന്നെ. എങ്കിലും അതിൽ അന്തർല്ലീനമായിട്ടുള്ള ഭക്തിയെ മാത്രം നോക്കിയാൽ മതിയാകും. ഭക്തിയാണ് ഈശ്വരപ്രീതിക്കുതകുന്ന ഉത്തമോപകരണം. അതു കരസ്ഥമാണെങ്കിൽ യാതൊരു സംശയവും വേണ്ട, ഈശ്വരാനുഗ്രഹം സമ്പാദിക്കാവുന്നതാണ്. സംഗീതവിദ്യാർത്ഥികൾ, സ്വരവും അകാരവും സ്വരവും സാഹിത്യവും പാടി "സാധകം"ചെയ്യുന്നു. ഭാഗവതരുടെ അഭാവത്താൽ ആരോഹണം അവരോഹണമായും, അവരോഹണം ആരോഹണമായും തീരുമ്പോൾ കിടക്കയിൽ കിടന്നുകൊണ്ട് ഗുരു തിരുത്തിക്കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. രണ്ടുമൂന്നുതവണ ശ്രമിച്ചിട്ടും സാധിക്കാത്തതുകൊണ്ടുള്ള വിരോധമോ, ശിക്ഷയോ നാളത്തേക്കെന്ന് മനസ്സുകൊണ്ടു കല്പിക്കുന്നു. സംഗീതയന്ത്രവാദകന്മാരും അവരുടെ ജോലികൾ നിർവ്വിഘ്നം നടത്തുന്നു. ഇതെല്ലാം കേട്ടുകൊണ്ട് നിദ്രയിൽനിന്നെഴുന്നേററ രാജകുമാരൻ ഉദ്യാനത്തിൽ ചുററിനടന്നു് ആ നവസുഷമയെ ദർശിച്ചാനന്ദിക്കുന്നു. ആരെങ്കിലും തന്നെ കാണുന്നുണ്ടോ എന്നുള്ള ഭയം അദ്ദേഹത്തെ ചിലപ്പോഴെല്ലാം വൃക്ഷങ്ങളുടെ മറവിലേക്ക് ആനയിക്കാറുമുണ്ട്. പലമാതിരി പൂച്ചെടികളാലും, പല നമ്രശിരസ്സുകളായ തരുക്കളാലും, മധുവാസ്വദിച്ച് മത്തന്മാരാ

യി അലഞ്ഞുതിരിയുന്ന മധുപന്മാരാലും രമണീയമായ ആ ഉദ്യാനം ചന്ദ്രലേഖയുടെ സ്വന്തം ഉപയോഗത്തിനായി ജഗദീശ്വരൻതന്നെ നിർമ്മിച്ചതാണെന്ന് കുമാരൻ നിശ്ചയിക്കുന്നു. ഭാസ്കരസാരഥിയുടെ ശാന്തരശ്മി ഉദയാചലത്തെ പവിത്രമാക്കിയപ്പോൾ, അടുത്തുള്ള ഒരു മണ്ഡപത്തിലിരുന്നു കേളിചെയ്യുന്ന ഏതാനും ലോലാംഗിമാരെ കാണുന്നതിനു കുമാരനു ഭാഗ്യമുണ്ടായി. ഹാ! ദൈവമേ! സ്ത്രീകൾക്കിത്ര സൌന്ദര്യമുണ്ടോ! ദേവസ്ത്രീകൾ ഇവർക്കു വിടുപണി ചെയ്യുകതന്നെ വേണം. ഇവർ ഇത്ര സുന്ദരികളാണെങ്കിൽ ഇവരുടെ സ്വാമിനിയായ ചന്ദ്രലേഖയുടെ സൌന്ദര്യം എത്ര മേത്തരമായിരിക്കണമെന്നു കുമാരൻ നിരീക്ഷിക്കുന്നു. വിചിത്രമായി നിർമ്മിക്കപ്പെട്ട മണ്ഡപവും അതിൻെറ പൂർവഭാഗത്തായി സ്ഥിതിചെയ്യുന്ന ജലാശയവും കാണികളെ ആകർഷിക്കതന്നേ ചെയ്യും. തോട്ടക്കാരുടെ കണ്ണിൽ പെട്ടാൽ ഉണ്ടാകാവുന്ന സങ്കടങ്ങളെത്തമ്പരന്നും, ഇനി ചന്ദ്രലേഖയെക്കൂടി ഒന്നു കാണാതെ ഇവിടം വിടുന്നതു യുക്തമല്ലെന്നു നിശ്ചയിച്ചും, ഒളിച്ചും നടന്നും ഉദ്യാനത്തിൽനിന്ന് അല്പം കിഴക്കോട്ടു മാറിയപ്പോൾ ഒരു വിശേഷതരമായ ഹർമ്മ്യം ദൃഷ്ടിഗോചരമായി. അതിൽ സ്വർണ്ണവർണ്ണത്തോടുകൂടിയ ഒരു സ്ത്രീ ഒരു സുവർണ്ണ സിംഹാസനത്തിൽ രക്തവർണ്ണത്തിലുള്ള ഉടയാടകൾ ധരിച്ച അനേകം പരിചാരികകളാൽ പരിചരിക്കപ്പെട്ടു ഇരിക്കുന്നതു കാണപ്പെട്ടപ്പോൾ ഇവൾതന്നെ ചന്ദ്രലേഖ എന്നു കുമാരൻ നിശ്ചയിച്ചു. ആപത്തൊന്നും വലിച്ചുവെക്കാതെ ഇവളെ നല്ലവണ്ണം ഒന്നു കാൺകതന്നെ എന്നു നിശ്ചയിച്ച് ഒരു വൃക്ഷത്തിൻെറ കൊമ്പിനെ സിംഹാസനമാക്കിത്തീർത്തു ചന്ദ്രലേഖയെ നല്ലതുപോലെ കണ്ടു. ഹാ! ഇവൾതന്നെ ചന്ദ്രലേഖ. എന്തൊരു അംഗലാവണ്യം. ഇവളുടെ ഈ ലാവണ്യസമ്പത്തു ഇങ്ങനെ നിരുപയോഗമായി തീരുന്നല്ലോ എന്നുള്ള കുണ്ഠിതം മാത്രമേ കുമാരനെ പീഡിപ്പിച്ചുള്ളു. അല്പനേരം കഴിഞ്ഞപ്പോൾ ചന്ദ്രലേഖയോടു മിക്കവാറും സാദൃശ്യമുള്ള ഒരു സ്ത്രീരത്നം വെള്ളം കോരുന്നതിനായി ഒരു വെള്ളിപ്പാത്രവും എടുത്തുകൊണ്ടു പങ്കജപ്പൊയ്കയിലേക്കു വന്നു.

ജലം കോരുന്നതിനായി കുനിഞ്ഞപ്പോൾ, കുമാരൻെറ നിഴൽ വെള്ളത്തിൽ പതിഞ്ഞു കണ്ടതിനാൽ അവൾ ആശ്ചര്യഭയവിഹ്വലയായി. വല്ല ഗന്ധർവന്മാരുടെയും ഛായയായിരിക്കുമോ ഇതു് എന്നു് അവൾ വിചാരിച്ചു. ലജ്ജാഭാരത്താൽ അവ

ളുടെ ശക്തി ക്ഷയിച്ചു. ഉടനെ അവിടെ നിന്നോടി മോഹാന്ധയായി അരമനയിൽചെന്നുവീണു. ചന്ദ്രലേഖയും പരിജനങ്ങളും ഇതുകണ്ടു പരിഭ്രമിച്ചു കാരണം അന്വേഷിച്ചപ്പോൾ ഒരു നവയൗവ്വനപുരുഷരൂപത്തെക്കണ്ടു ഭയന്നതാണെന്നു വാസന്തിക അവരോടു പറഞ്ഞു.

ഈ വാർത്ത അറിഞ്ഞു ചന്ദ്രലേഖ മറെറാരു ദാസിയെ വിളിച്ച് വാസന്തിക പറയുന്നതിൻെറ രഹസ്യം എന്താണെന്നറിഞ്ഞുവരുന്നതിനായി നിയോഗിച്ചയച്ചു. അവളും വാസന്തികയെപ്പോലെ വെള്ളത്തിൽ നോക്കിയപ്പോൾ ഒരു പുരുഷരൂപം കാണുകയാൽ ഓടിച്ചെന്ന് വിവരം അറിയിച്ചു. ഹേ രാജ്ഞി! എന്തൊരു സൌഭാഗ്യംതുളുമ്പുന്ന ആകൃതിയാണ് അവിടെ കാണുന്നത്. ഒരു ഗന്ധർവ്വൻെറയോ, അഥവാ ഒരു ദൈവദൂതൻെറയോ രൂപമായിരിക്കുമെന്നാണെ എനിക്കുതോന്നുന്നത്. ചന്ദ്രബിംബത്തിനൊത്ത ആ മുഖത്തിൻെറ ആകർഷണീയമായ ലാവണ്യവിലാസം ഇതേവരെ കാണുന്നതിനുപോലും എനിക്കു ഭാഗ്യമുണ്ടായിട്ടില്ല. ഏതായാലും ഇത് ഒരു ആശ്ചര്യസംഭവമായിരിക്കുന്നു.

ഇതു കേട്ടപ്പോൾ അപൂർവ്വദർശനംകൊണ്ട് സംതൃപ്തിനേടണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവരെല്ലാവരുംകൂടി പുറപ്പെട്ടു പൊയ്കയുടെ തീരത്തെത്തി. ആ ഛായ അപ്പോഴും അവിടെ കാണാനുണ്ടായിരുന്നു. അതുകണ്ട് പുരുഷസൌന്ദര്യം ഇത്രമാത്രമുണ്ടാകുമോ എന്നുവിചാരിച്ച് "നിലവിട്ടൊന്നുപകച്ചുനിന്നു" പോയി. ആ പുരുഷരത്നത്തെ എങ്ങനെയെങ്കിലും പിടിച്ച് ഹാജരാക്കണമെന്ന് കല്പിച്ചിട്ട് ചന്ദ്രലേഖ ഏതാനും ദാസികളോടുകൂടി മാളികയിലേക്കു പോയി. തൽക്ഷണം ദാസികൾ അന്വേഷണം തുടങ്ങി. തോട്ടത്തിൻെറ നാനാഭാഗങ്ങളിലും തിരിക്കി ഒടുവിൽ വൃക്ഷാഗ്രത്തിൽ സ്ഥിതിചെയ്യുന്ന കുമാരനെ കണ്ടുപിടിച്ചു. അവിടെനിന്നു തെററിമാറാൻ നിവൃത്തിയില്ലാതെ കൂട്ടിലിട്ട കുറുനരിയേപ്പോലെ വലഞ്ഞ കുമാരൻ ഇവിടെ ഏതെങ്കിലും ഒരു കൌശലം പ്രയോഗിക്കാതിരുന്നാൽ ആപത്തുണ്ടായേക്കുമെന്നു വിചാരിച്ച് ഒരു ഭ്രാന്തനാണെന്നു നടിച്ചു. കുമാരൻെറ ഗോഷ്ടികൾകണ്ട് പൊട്ടിച്ചിരിച്ചുപോയ ദാസിമാർ അദ്ദേഹത്തോട് നയവചനങ്ങൾ പ്രയോഗിച്ചുതുടങ്ങി. എടാ ഭ്രാന്താ! നിന്നെക്കൊണ്ടുചെല്ലുന്നതിന് രാജ്ഞി കല്പിച്ചിരിക്കുന്നു. ഇറങ്ങിവരൂ. ഭയപ്പെടേണ്ട. ഇവരുടെ വാക്കുകൾകേട്ടപ്പോൾ രാജ്ഞിയുടെ മുൻപിൽ ചെല്ലുന്നതിനും അവ

ളേ പ്രത്യംഗം കാണുന്നതിനും സൌകര്യപ്പെടുന്ന ഈ സമയത്തെ വൃഥാകളയരുതെന്നുള്ള വിചാരത്തോടുകൂടി രാജകുമാരൻ വൃക്ഷത്തിന്മേൽനിന്നു താഴെയിറങ്ങി അവരോടൊന്നിച്ച് റാണിയുടെ മുൻപിൽ ചെന്നുനിന്നു. റാണി ഭ്രാന്തനെക്കണ്ടു് എവിടെനിന്നാണു്? ഇവിടെ വരുവാൻ കാരണമെന്തു്? എന്നുചോദിച്ചു.

രാജകുമാരൻ എന്നെ ഇവിടെ വരുത്തിയതെന്തിനു്? എനിക്കു് വിശപ്പധികം വല്ലതും തരണം എന്നു് ആംഗ്യംകാണിച്ചു. ഈ ഭാവങ്ങൾകണ്ടു് പൊട്ടിച്ചിരിച്ചുപോയ ചന്ദ്രലേഖ വിശേഷപ്പെട്ട ആഹാരസാധനങ്ങൾ എടുത്തുകൊണ്ടുവരുന്നതിനു് ദാസികളെ നിയോഗിച്ചു; നിന്റെ പേരെന്തു്? ഇവിടെ വന്നതെന്തിനു്? എങ്ങനെ ഇതിനുള്ളിൽ കടന്നു എന്നിങ്ങനെ ഇടയ്ക്കിടയ്ക്കു് ചോദിക്കുന്നുമുണ്ടായിരുന്നു. അതിനു മറുപടിയായി താഴെ കാണുന്ന പാട്ടായിരുന്നു കുമാരൻ പാടിയതു്.

തെന്തനം തെന്തനന ധിം ധിം
തൊന്തനനം തെന്തനനം തെന്തനനനനം-
സാരംഗത്തിലാശമുഴുത്തു ചില
വീരരായനായാടികൾ വേട്ടയാടിനാർ
കോലാഹലമെന്തുചെയ്തിട്ടും കലി
കാലശക്തികൊണ്ടു തെല്ലുംഫലമില്ലാതായ്
മാർജ്ജാരത്തെ മൂഷികൻ കൊന്നു അശ്വം
ഗർദ്ദഭമായ് ഈച്ചനല്ലമഹിഷമായി
കരിവരൻഹരിവരനെ തെല്ലും
കരുതാതെ കുലചെയ്യാൻഒരുമ്പെടുന്നു.
നാരികൾ പുരുഷരായി ചില
ദുരിതങ്ങൾ തിറമൊടു നടത്തിടുന്നു-തെന്തനനം തെന്തനന

സംഗീതത്തിൽ വാസനയുള്ളതുകൊണ്ടും പ്രകൃത്യാ സ്വരമാധുര്യമുണ്ടായിരുന്നതുകൊണ്ടും ശ്രോതാക്കളായ സ്ത്രീജനങ്ങൾക്കു് കർണ്ണപീയൂഷമായിത്തോന്നി എന്നു മാത്രമല്ല ഹാ! ഇദ്ദേഹം ഭ്രാന്തനൊ? എന്തൊരുസുന്ദരരൂപം, എത്ര മധുരമായ ശബ്ദം, ഇദ്ദേഹത്തോടു ചേർന്നെങ്കിൽ—എന്നിങ്ങനെയുള്ള ചില വികാരങ്ങളും അവരുടെ ഉള്ളിൽ അങ്കുരിച്ചു! മിക്കവാറും കാമപീഡിതകളായി എന്നു തീർത്തുപറയാവുന്നതാണു്. ഭ്രാന്തനോടു് അളവററ സ്നേഹം തോന്നുകയാൽ ഇവനെ വിട്ടയയ്ക്കയില്ലെന്നു ചന്ദ്രലേഖ നിശ്ചയിച്ചു! സർവ്വലക്ഷണയുക്തനായ ഈ ഭ്രാന്തനെ ഇവിടെ

ത്തന്നെ ഭദ്രമായി സൂക്ഷിച്ച് വേണ്ട ചികിത്സകൾ നടത്തി ദിനം സുഖപ്പെട്ടതിനുമേൽ മററുകാര്യങ്ങളെപ്പററി ആലോചിക്കാമെന്ന് ചന്ദ്രലേഖ മനസ്സിൽ വിചാരിച്ചു. തോഴിമാരെ! ഈ ഭ്രാന്തനെ ഈ സ്ഥിതിയിൽ വിട്ടയയ്ക്കുന്നതു് അപകടമാകയാൽ നിങ്ങൾതന്നെ സൂക്ഷിച്ചു ചികിത്സിക്കയും ഇവിടെക്കൊണ്ടു വരാനാജ്ഞാപിച്ചാൽ ഉടനെ കൊണ്ടുവരികയും ചെയ്യണം. എനിക്ക് ഈ ഭ്രാന്തനോട്ട് അളവററ വാത്സല്യം തോന്നുന്നു. നിങ്ങളും ഇവനെ വളരെ ദയവായി വിചാരിക്കണം എന്നു തോഴിമാരോടു പറഞ്ഞപ്പോൾ ഈ ഭ്രാന്തനെ സൂക്ഷിക്കുന്ന ഭാരം എന്നെ ചുമതലപ്പെടുത്തിയെങ്കിൽ—എന്നെ ചുമതലപ്പെടുത്തിയെങ്കിൽ എന്ന് ഓരോരുത്തരും വിചാരിച്ചു. എന്നാൽ ആ ഭാഗ്യം ലഭിച്ചതു് ചന്ദ്രലേഖയുടെ ഉററതോഴിയായ വാസന്തികയ്ക്കാണ്.

വാസന്തിക രാജകുമാരനെ സ്വന്തം ഭവനത്തിൽ കൊണ്ടുപോയി സ്നാനാശനാദികൾ കഴിപ്പിച്ച് അത്തർ, പനിനീർ മുതലായ സുഗന്ധദ്രവ്യങ്ങൾകൊണ്ട് ശരീരമെല്ലാം പൂശി പാല്, പഞ്ചസാര, കോതമ്പ്. മുതലായ സാധനങ്ങൾചേർത്തുണ്ടാക്കിയ ആഹാരസാധനങ്ങൾ വേണ്ടുവോളം കൊടുത്തു് തൽക്ഷണംതന്നെ രോഗംശമിക്കണമെന്നുള്ള വിചാരത്തോടുകൂടി ശുശ്രൂഷിച്ചു. അവളുടെ ആഗ്രഹം ശുക്ലപക്ഷേന്ദുവേപ്പോലെ അനുദിനം അഭിവൃദ്ധമായിക്കൊണ്ടിരുന്നു. കുമാരന് പരമാനന്ദംതന്നെ ആയിരുന്നു എങ്കിലും തന്റെ വാസ്തവസ്ഥിതികൾ യാതൊന്നും വെളിപ്പെടുത്താതെ വെറും ഭ്രാന്തനേപ്പോലെ കഴിഞ്ഞുകൂടി. മൂന്നുനാലുദിവസംകഴിഞ്ഞു് ഭ്രാന്തനെക്കൊണ്ടുവരാൻ ചന്ദ്രലേഖ ആവശ്യപ്പെട്ടതനുസരിച്ച് അരമനയിലേക്കു കൂട്ടിക്കൊണ്ടുപോകുമ്പോൾ വഴിയിൽവെച്ചു തന്റെ അഭിനിവേശത്തെ അറിയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇപ്രകാരം പറഞ്ഞു. കുമാരാ! അങ്ങയെ ശുശ്രൂഷിക്കുന്നതിൽ എനിക്കുള്ള സുഖം ഇത്രമാത്രമെന്നു പറയാനില്ല. ആ സുഖം ഇന്ന് അവസാനിക്കുമെന്നു തോന്നുന്നു. എന്നാൽ അങ്ങയുടെ കരുണയുണ്ടെങ്കിൽ ഞാൻ കൃതാർത്ഥയാകുമായിരുന്നു. ഇതിനുത്തരമായി

തന്നനന്നം താനനം താനനനന്ന താനന്നം
തന്നനന്ന താനനം തന്നനാന
തന്നനന താനന്ന തന്നനന്ന താനന്ന
തന്നനന്ന താനന്ന തന്നാന്ന

ആലോലപ്പൈങ്കിളിയെ താലോലപ്പാൽമൊഴിയെ
ശ്രീലോലപ്പൊൻമണിയെ ജലജാക്ഷീ.
കലചെയ്യുപലഭ്രമീവലവൈരിസുതന്മാരെ
ഫലമെന്തൊന്നതിനാലെ ജലജാക്ഷി.
മലമാനെന്തൊരുകൃത്യം മലവാഴും പരനൊട്ട
നില്ലവിട്ടാചരിച്ചതും ജലജാക്ഷീ.
കലികാലവിളയാട്ടം തിരുജാലക്കളിയാട്ടം
ചില്ലചട്ടമതുനേട്ടം ജലജാക്ഷീ.

എന്നുള്ള ഒരു പാട്ടുമാത്രമേ വാസന്തികയ്ക്കു ലഭിച്ചുള്ളു. ഈ പാട്ടുകൊണ്ട് രാജകുമാരൻ ഉദ്ദേശിച്ചിട്ടുള്ള സംഗതി ഇന്നതാണെന്ന് ഊഹിക്കാവുന്നതാണല്ലോ. രാജകുമാരനിധനം, പ്രശ്നപരീക്ഷ, ന്യായംകെട്ട ചട്ടവട്ടം എന്നിങ്ങനെയുള്ള ഭാഗം പാടിയപ്പോൾ ഏതോ ചില സംശയങ്ങൾ വാസന്തികയ്ക്കുമുണ്ടായി. കുമാരനോടു തനിക്കുണ്ടായിരുന്ന പ്രേമത്തിന്റെ സൂചകമായി പറഞ്ഞ വാൎത്തകൾക്ക് യാതൊരു മറുപടിയും അദ്ദേഹത്തിന്റെ പാട്ടിൽ കാണാനില്ലാതിരുന്നതുകൊണ്ട് അല്പം കുണ്ഠിതമുണ്ടായെങ്കിലും, ഇനിയും ശുശ്രൂഷിക്കുന്നതിനായി അവളെത്തന്നെ ഏല്പിക്കുന്നതായാൽ അപ്പോൾ ചോദിച്ചു മനസ്സിലാക്കിക്കൊള്ളാമെന്നു സമാധാനപ്പെട്ടുകൊണ്ട് രാജകുമാരിയുടെ അടുക്കൽ ചെന്ന് ഭ്രാന്തൻ ഇതാ ആഗതനായിരിക്കുന്നു എന്നുണൎത്തി.

ചന്ദ്രലേഖ കുമാരനെ വിളിച്ച് ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ വാസന്തികയും അടുത്തുതന്നെ ഉണ്ടായിരുന്നു. അവൾ ഭ്രാന്തനെ ഉററുനോക്കുന്നതും മുറയ്ക്കു നെടുവീൎപ്പിടുന്നതും മനസ്സിലാക്കിയ രാജകുമാരി അവൾക്ക് ഭ്രാന്തനിൽ ക്രമാതീതമായ അനുരാഗം ഉദിച്ചിട്ടുണ്ടെന്നു നിശ്ചയിച്ചു. വാസന്തികേ! നിനക്ക് ഈ ഭ്രാന്തനോട് വളരെ താല്പൎയ്യമുള്ളതുപോലെ തോന്നുന്നതുകൊണ്ട് നീതന്നെ ഇവനേ ഇനിയും ശുശ്രൂഷിക്കുക. ഞാൻ ആവശ്യപ്പെടുമ്പോൾ ഇവിടെ ഹാജരാക്കണം. ഇപ്പോൾ പൂൎണ്ണസുഖം കിട്ടിയെന്നു വിചാരിക്കാനില്ല. നിന്റെ സ്നേഹപൂൎണ്ണമായ പരിചരണംകൊണ്ട് വേഗത്തിൽ സുഖപ്പെട്ടുകാണുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. എന്നുപറഞ്ഞു ഭ്രാന്തനെവിണ്ടും വാസന്തികയെ ഏല്പിച്ചു.

തന്റെ ആഗ്രഹംപോലെതന്നെ സാധിച്ചതുകൊണ്ട് അവൾ അത്യാനന്ദാംബുധിയിൽ മഗ്നയായി, മധുപാനംചെയ്ത ഭ്രമ

രത്തെപ്പോലെ സ്തബ്ധയായി ഒന്നും മിണ്ടാതെ കുമാരന്റെ കരപല്ലവത്തെ സ്വഹസ്തത്തിൽ ഗ്രഹിച്ച് അവളുടെ സൌധത്തിലേക്കുതന്നെ കൊണ്ടുപോയി. പൂർവ്വാധികം താല്പര്യത്തോടുകൂടി കുമാരനെ ഉപചരിക്കയും അദ്ദേഹത്തിന്റെ മനോഗതി മനസ്സിലാക്കുന്നതിനായി പണിപ്പെടുകയും ചെയ്തു. എന്നിട്ടും ഫലമൊന്നുമുണ്ടാകാതെ അനുരാഗഭാരത്താൽ അതിതാന്തയായിത്തീർന്ന അവൾ കുമാരൻ സൈ്വരമായിരിക്കുന്ന തക്കംപാർത്ത് ഇങ്ങനെ മധുരമായി പറഞ്ഞു. കുമാരാ! വധൂവരന്മാരുടെ യോഗ്യതാനുസരണമാണ് അവരുടെ പരസ്പരബന്ധം സാധിച്ചുപോരുന്നത്. ചന്ദ്രലേഖയുടെ വരനാകാൻ തക്ക യോഗ്യത അങ്ങേയ്ക്കും അങ്ങേയ്ക്കനുസരണയായ ഒരു പത്നിയായിരിക്കുന്നതിനു വേണ്ട യോഗ്യത റാണിക്കും പൂർണ്ണമായിട്ടുള്ളതുകൊണ്ട് നിങ്ങളുടെ ദാമ്പത്യം അചിരേണ മംഗളമായി കലാശിക്കും. അതുകൊണ്ട് അങ്ങു എന്റെ ഭർത്താവായിരുന്നാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നതു ന്യായരഹിതമല്ലെന്നിരിക്കിലും അതിനെ സംബന്ധിച്ച് അങ്ങയോടപേക്ഷിക്കാൻ തക്ക ധൈര്യം എനിക്കില്ല. സ്ത്രീപുരുഷന്മാർക്ക് ഉചിതമായ ഭർത്തൃഭാര്യാപദം ലബ്ധമാണെങ്കിലും അവരെക്കുറിച്ചു മററുള്ളവർക്കും ആശ ഉണ്ടായിക്കൂടാ എന്നില്ലല്ലോ. ഒന്നു പറയാം. എനിക്കു തോന്നിയിട്ടുള്ള ആഗ്രഹത്തെ പിൻവലിക്കാൻ ഞാനശേഷം ശക്തയല്ല. അങ്ങ് എന്നെസംബന്ധിച്ച് എങ്ങിനെ എല്ലാം വിചാരിച്ചാലും എനിക്കുള്ള ആഗ്രഹത്തെ മറച്ചുവെച്ചുകൊണ്ടിരുന്നാൽ അതു് ഒരു വഞ്ചനയായിത്തീർന്നേക്കുമോ എന്നുള്ള ഭയംകൊണ്ടു ഞാൻ തുറന്നു പറയുന്നതാണ്. വാസന്തികയുടെ ഉൽകണ്ഠാപൂർവ്വമായ ഈ വാക്കുകൾ കുമാരനെ ചിന്താഗ്രസ്തനാക്കിയെങ്കിലും പുഞ്ചിരിതൂകിക്കൊണ്ട് അവളുടെ മുഖപത്മത്തിലേക്കു സാനുരാഗം ഒന്നു നോക്കി. ആ നോട്ടം അവളെ ഏതുവിധമുള്ള ചിന്താപഥത്തിലേക്കാണു നയിച്ചതെന്ന് വായനക്കാർതന്നെ ഊഹിച്ചുകൊള്ളുന്നതാണുത്തമം.

അല്പം ദിവസങ്ങൾകൂടി കഴിഞ്ഞപ്പോൾ രാജകുമാരൻ തന്റെ ഭ്രാന്തു ഭേദപ്പെട്ടതുപോലെ ഭാവിച്ചു. തന്റെ ശുശ്രൂഷകൾകൊണ്ടു താൻ മനസാ വരിച്ചിട്ടുള്ള ഭർത്താവിന്റെ സുഖക്കേടു നിശ്ശേഷം മാറി എന്നു കണ്ടപ്പോൾ അവൾക്കുള്ള കൃതാർത്ഥതയ്ക്കതിരില്ലായിരുന്നു. ഏതാനും ദിവസത്തിനു മുൻപു് കുമാരൻ തന്റെ നേർക്കയച്ച നോട്ടത്തിന്റെ അർത്ഥമെന്തെന്നു പിന്നീ

ട്ടുള്ള പെരുമാററംകൊണ്ട് വ്യക്തമായിത്തീരുകയാൽ വാസന്തിക ഹൎഷപീയൂഷക്കയത്തിൽ മുങ്ങിക്കുളിച്ച് പരമസുഖം അനുഭവിച്ചുപോന്നു. അവർ പരസ്പരം ഗാഢാനുരാഗികളായി, തദനുസരണമായ പരികൎമ്മങ്ങൾ മാത്രം ചെയ്തു കഴിയുമ്പോൾ ഒരു ദിവസം—വാസന്തികേ! വിമലാംബാൾ തന്റെ ഭൎത്താവിനോടെന്തുചെയ്തു എന്ന് പരസ്പരബന്ധമില്ലാതെ ഒരു ചോദ്യം ചോദിച്ചു. നിനക്ക് അതിനെ സംബന്ധിച്ച് വല്ല വിവരവും ഉണ്ടെങ്കിൽ മടിക്കാതെന്നോടു പറയണം. നീ ചെയ്യുന്ന ഈ വലിയ ഉപകാരത്തിനുവേണ്ടി ആജീവനാന്തം ഞാൻ കടപ്പെട്ടിരിക്കും. തന്റെ സൎവ്വസ്വവും കുമാരാൎപ്പണമാക്കി ചെയ്തിട്ടുള്ള വാസന്തിക ഈ ചോദ്യത്തിനെന്തൊരു സമാധാനം പറയും? അവൾക്കതിനെപ്പററി യാതൊരു ബോധവുമില്ല. ചിലതെല്ലാം അറിയാമെങ്കിലും അവ അന്യന്മാരെ യാതൊരുകാലത്തും മനസ്സിലാക്കിക്കൂടാ എന്നല്ലെ ചന്ദ്രലേഖയുടെ ആജ്ഞ. അതിനെ അവഗണിക്കുന്നതു മൎയ്യാദയാണൊ? ആരാണു ചോദിക്കുന്നതു്? അദ്ദേഹത്തോടുള്ള തന്റെ മൈത്രീബന്ധം സുസ്ഥിരവും, തിരിച്ചെടുക്കാൻ പാടില്ലാത്തവണ്ണം സുപ്രതിഷ്ഠിതവും ആകയാൽ, തനിക്ക് ഏറക്കുറെ അറിയാവുന്ന വിവരങ്ങൾ പറയാതിരിക്കുന്നതെങ്ങനെ? അച്ഛനും കചനുമൊരന്തരമെന്നിയെ കാൎയ്യങ്ങളെല്ലാം സാധിച്ച ദേവയാനിയെപ്പോലെ, വാസന്തികയും വളരെ ആലോചിച്ച് താഴെപ്പറയുംപ്രകാരം മറുപടിപറഞ്ഞു. പ്രിയപ്പെട്ട കുമാരാ! അങ്ങയിൽനിന്നു് യാതൊന്നും മറച്ചുവയ്ക്കാൻ ഞാൻ ശക്തയല്ല. അങ്ങയുടെ ചോദ്യത്തിനു ശരിയായ ഉത്തരം പറയാൻ ചന്ദ്രലേഖയല്ലാതെ മററാരുമില്ല. ദേവി വിമലാംബാളിന്റെ ഭൎത്താവിനെ ഭയന്നു് ഇവിടെ വന്നു ശരണം പ്രാപിച്ച ഒരാൾക്ക് ചന്ദ്രലേഖ അഭയംകൊടുത്തു് തന്റെ സിംഹാസനത്തിൻകീഴിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. ഒന്നുകിൽ അവനോടു ചോദിച്ചറിയുകയൊ അല്ലാത്തപക്ഷം അമൃതവാഹിനിരാജ്യത്തുചെന്നു് അന്വേഷിക്കുകയോ ചെയ്യുന്നതാണുത്തമം. ഇത്രമാത്രമെ അതിനെസംബന്ധിച്ചറിയാവു.

വാസന്തിക എന്താണു പറഞ്ഞതു്? വിമലാംബാളിന്റെ ഭൎത്താവിനെ ഭയന്നു് ഒരാൾ ഇവിടെ അഭയം പ്രാപിച്ചുഎന്നോ? അയാൾക്കഭയം കൊടുത്തുവോ? അയാളോടു ചന്ദ്രലേഖയ്ക്കു് അനുരാഗം ഉണ്ടായിട്ടുണ്ടോ? രാജകുലത്തെ ആകപ്പാടെ നശിപ്പിക്കണമെന്നു് അവർ രണ്ടാളുംകൂടി തീൎച്ചപ്പെടുത്തി ഇങ്ങനെ ഒരു

പ്രശ്നാപരീക്ഷ നടത്തുന്നതായിരിക്കുമൊ? അങ്ങനെ രാജവംശം മുഴവൻ നശിച്ചുപോയാൽ, അവരുടെ ഇഷ്ടംപോലെ ഭൎത്താക്കന്മാരായി പെരുമാറാമെന്നായിരിക്കുമോ അവരുടെ നിശ്ചയം? ജഗദീശാ! എന്തൊരു രഹസ്യമാണ് ഇതിലുള്ളത്. വേഗം വെളിവാക്കിത്തരണമേ! ഒരാളെ ഭയന്ന് ഇവിടെ എത്തിയിരിക്കുന്ന ഒരു ഭീരുവിനെ ഭൎത്താവായി വരിക്കത്തക്ക മൌഢ്യം ചന്ദ്രലേഖയ്ക്കുണ്ടോ? ഇല്ലില്ല; അവനോടവൾക്കനുരാഗമശേഷമില്ലതന്നെ. സ്ത്രീജനങ്ങളുടെ മനോഗതി എപ്രകാരമെന്നു നിശ്ചയിക്കാൻ ജഗദീശനുപോലും ശക്തിയില്ലെന്നാണ് കവികൾ ഘോഷിക്കാറുള്ളത്.

ഏകനെ ചിന്തിക്കുമുള്ളിൽ
ഏകനിൽ മന്ദാക്ഷംതൂകും
മറ്റേകനോടു സല്ലാപിക്കും
ഏകനേരമീമൂന്നുംചെയ്യും.
ശാഖതോറും പകൎന്നീടും
വാനരൻതൻ ചേഷ്ടപോലെ
മേഘവേണീജനമനം
ഒന്നിലും നിലനിന്നീടാ—

'അംഗനമാരിംഗിതങ്ങൾ എങ്ങനെയറിഞ്ഞിടാവൂ' എന്ന് അനുഭവസ്ഥനായ ഒരു യഥാൎത്ഥകവി പറഞ്ഞിട്ടുള്ളതിൽ അശേഷം പതിരില്ലതന്നെ. സ്ത്രീകളിൽ ഭ്രമിച്ചു വലയുന്ന പുരുഷന്മാർ ഒരു പുറം മാത്രമേ നോക്കാറുള്ളൂ. അതുകൊണ്ടാണ് മറേറവശത്തെ വിശേഷങ്ങളൊന്നും ഗ്രഹിക്കാൻ ഇടയാകാത്തത്. സ്ത്രീകളുടെ രൂപസൌഭാഗ്യാദികൾ കണ്ടു ഭ്രമിച്ച് പുഷ്പത്തെക്കണ്ട മധുപനെപ്പോലെ ചുററിപ്പാററി നടന്ന് സ്വന്തജീവിതത്തെ തീരെ നിരുപയോഗമാക്കിത്തീൎക്കുന്ന പുരുഷവൎഗ്ഗമെ! നിങ്ങളോട് ദൃഢാനുരാഗിണികളെന്നു നടിക്കുന്ന ആ അബലാവൎഗ്ഗത്തെ അശേഷം വിശ്വസിക്കേണ്ട. നിങ്ങൾ അവരിൽ മയങ്ങി വശായാൽ, അവർ പറയുന്നതും, കാട്ടുന്നതും എല്ലാം സത്യമെന്നുതന്നെ തോന്നിപ്പോകും. ഇന്ദ്രജാലക്കാരന്റെ പണികൾ വെറും കൌശലം മാത്രമായിരുന്നിട്ടും കാണികൾ പരമാൎത്ഥമെന്നു വിശ്വസിച്ചുപോകുന്നില്ലേ? ഇതുപോലെയാണ് നിങ്ങളുടെയും അനുഭവം. ഇന്ദ്രജാലവും, മഹേന്ദ്രജാലവും ഇനി വല്ലതുമുണ്ടെങ്കിൽ ആ ജാലവും ജന്മനാ അറിയാവുന്നവരാണ് സ്ത്രീകൾ. അതുകൊണ്ട് ചന്ദ്രലേഖയുടെ മനോഗതി എങ്ങനെയെന്ന് അറിയാൻ നിവൃത്തിയില്ലതന്നെ. എന്താണിവിടെ ചെയ്യേണ്ടത്.

വാസന്തികയിൽ നിന്നു കിട്ടിയ വിവരങ്ങൾ കൊണ്ടുമാത്രം പോരാ. ശേഷംസംഗതികൾക്കൂടി അറിയേണ്ടതാണ്. അമൃതവാഹിനിരാജ്യത്തു പോവുകതന്നെ നല്ലത് എന്നു വിചാരിക്കയും, താമസിയാതെ ഞാൻ അമൃതവാഹിനിരാജ്യത്തു പോകുന്നുണ്ട് എന്നുള്ള തന്റെ നിശ്ചയത്തെ വാസന്തികയെ അറിയിക്കുകയും ചെയ്തു.

അവിടെ പോകണമെന്നില്ല. ഇവിടംകൊണ്ടുതന്നെ വല്ല നിവൃത്തിയുമുണ്ടാക്കാമോഎന്നുനോക്കാം. രാജ്ഞികുടിക്കുന്ന ഷർബത്തിൽ ഒരു മരുന്നുകലക്കികൊടുക്കാം. വളരെനേരം കിടക്കും. ആ സമയംകൊണ്ടു സിംഹാസനത്തിൻകീഴിലിരിക്കുന്ന ആളോട് വിവരങ്ങൾ മനസ്സിലാക്കുകയും ചെയ്യാം. വെറുതെ അലഞ്ഞുതിരിയേണ്ട ആവശ്യമില്ലഎന്ന്, നിമിഷകാലവിയോഗവും അസഹ്യമായിത്തീൎന്ന വാസന്തിക പറഞ്ഞപ്പോൾ പ്രിയെ ചതികൊണ്ടു ഏതുകാൎയ്യവുംസാധിക്കാമെങ്കിലും അതു പുരുഷത്വമല്ല. അതിനാൽ ഞാൻ പോയിവരാം. സകലേശ്വരസഹായമുണ്ടെങ്കിൽ കാൎയ്യങ്ങളെല്ലാം ഭംഗിയായി സാധിച്ചുകൊണ്ടുവരാം, അതുവരെക്ഷമിച്ചിരിക്കണം. എന്നു വാസന്തികയെ സമാധാനപ്പെടുത്തിയിട്ടു രാജകുമാരൻ യാത്രയ്ക്കൊരുങ്ങി. പ്രിയപ്പെട്ട കുമാരാ എനിക്ക് അമൃതവാഹിനി രാജ്യത്തിലെ വിവരങ്ങൾ യാതൊന്നുംതന്നെ അറിഞ്ഞുകൂടാ. എങ്കിലും ഞാൻപറയുന്നതുപോലെ പ്രവൃത്തിച്ചാൽ അപകടങ്ങളൊന്നുംകൂടാതെ അവിടെ ചെന്നുചേരാം. ഇവിടെനിന്ന് പടിഞ്ഞാറോട്ടു മൂന്നുദിവസംയാത്രചെയ്താൽ ഒരു വനാന്തരത്തിൽ ചെന്നുചേരും. അവിടെ ഒരു പ്രഭുവിനെക്കാണാം. അദ്ദേഹത്തോടു കാൎയ്യങ്ങളെല്ലാം വിശദമായി ചോദിച്ചറിഞ്ഞുകൊള്ളണം. ഇപ്രകാരം യാത്രാമാൎഗ്ഗത്തെക്കുറിച്ച് ഏതാനുംവിവരങ്ങൾമനസ്സിലാക്കിക്കൊടുത്ത വാസന്തികയുടെ മൃദുലകോമളങ്ങളായ കൈത്തണ്ടുകളെ തന്റെകരത്തിൽ ഗ്രഹിച്ച്, അതിന്റെപുറവും അകവും തലോടിക്കൊണ്ടു വളരെ നേരംനിന്നു. രണ്ടുപേൎക്കും വാക്കുകൾ വെളിയിലേക്കു വരുന്നില്ല. ഗൽഗദംകൊണ്ട് തോന്നുന്നവാക്കുകൾ പറയാനും നിവൃത്തിയില്ല. എങ്കിലും ആ കരവല്ലിയെ മുഖത്തും മാറിലും അണച്ച് ചുംബിക്കയും അവളെ ഗാഢമായി മാറോടുചേൎത്തു പുൽകുകയും ചെയ്തുശേഷം താൻകടന്നുവന്ന വഴിയേതന്നെ പുറത്തേക്കു കടന്നു താമസിച്ചിരുന്ന കൃഷിക്കാരന്റെ വീട്ടിൽഎത്തി അവ

രെ സന്തോഷിപ്പിച്ച് യാത്രയുംചോദിച്ചുകൊണ്ട് തന്റെ കുതിരപ്പുറത്തുകയറി നേരേപടിഞ്ഞാറേക്ക് ഓടിച്ചുപോകയും ചെയ്തു.

---

# നാലാം അദ്ധ്യായം.

## ഒരു ക്ഷുദ്രം.

മനുഷ്യബുദ്ധിക്ക് അവിഷമമായൊ അസാദ്ധ്യമായൊ, അതീതമായൊ യാതൊന്നുംതന്നെ ലോകത്തിലില്ല. എത്രയോ കാതം അകലെയിരിക്കുന്ന ഭൂഖണ്ഡത്തിലെ അവസ്ഥാന്തരങ്ങൾ എല്ലാം അവിടെ നടക്കുന്ന സമയംതന്നെ നമ്മെ അറിയിക്കത്തക്കവണ്ണം കമ്പിത്തപാൽ, കമ്പിയില്ലാക്കമ്പി മുതലായവ ഏപ്പെട്ടുത്തപ്പെട്ടിരിക്കുന്നു. സ്ഥലകാലങ്ങളുടെ ദൈർഘ്യത്തെ കുറയ്ക്കത്തക്കവണ്ണം മോട്ടാർ, റയിൽ മുതലായ മാഗ്ഗങ്ങൾ നിമ്മിച്ചിട്ടുള്ളതും മനുഷ്യബുദ്ധിയുടെ മഹത്വമല്ലയോ? ആകാശമാഗ്ഗത്തിൽക്കൂടെ യഥേഷ്ടം സഞ്ചരിച്ച് ഭൂമണ്ഡലത്തിലെ അത്യത്ഭുതകരങ്ങളായ പ്രകൃതിവൈചിത്ര്യങ്ങളെ ദർശിച്ചാനന്ദിക്കാൻവേണ്ടി വിമാനം എങ്ങും പ്രചരിച്ചുതുടങ്ങിയില്ലേ? അനേകായിരംമൈൽ അകലെ സ്ഥിതിചെയ്യുന്ന ചന്ദ്രൻ ചൊവ്വാ തുടങ്ങിയുള്ള ഗോളങ്ങളിൽ അധിവാസയോഗ്യങ്ങളായ സ്ഥലങ്ങളുണ്ടെന്നും അവിടെ പോയി സുഖമായി താമസിക്കാമെന്നുംമററും കണ്ടുപിടിച്ചിട്ടില്ലേ. വെള്ളത്തിൽ വള്ളംപോലെയും ആകാശത്തിൽ വിമാനംപോലെയും കരയിൽ ശകടംപോലെയും യാത്രചെയ്യത്തക്ക ഒരു വാഹനം ഉണ്ടായതും എങ്ങനെയാണ്. മനുഷ്യരുടെയൊ ജന്തുക്കളുടെയോ ശബ്ദത്തെ വ്യത്യാസമെന്യേ പകത്തി എന്നും പുറപ്പെടുവിക്കുന്നതിന് ഗ്രാമഫോൺ (സ്വനഗ്രാഹി), മനുഷ്യന്റെ സ്വന്തരൂപത്തെ ചൈതന്യമുണ്ടായിരിക്കുമ്പോലെ കാണത്തക്കവണ്ണം പടമെടുക്കുന്ന യന്ത്രം, മുതലായ വിശേഷവിദ്യകൾ കണ്ടുപിടിച്ചതും മനുഷ്യനല്ലേ? കുന്നിനെ കുഴി, കുളത്തിനെ കുന്ന്, എന്നിങ്ങനെ മാററാൻ ഇപ്പോൾ വല്ല പ്രയാസവും ഉണ്ടോ? എന്നുവേണ്ട മനുഷ്യബുദ്ധിക്കസാദ്ധ്യമായിട്ടൊന്നും ഇല്ലതന്നെ. മേൽപറഞ്ഞവ നവീനസമ്പ്രദായങ്ങ

ളെന്നു പറയാൻ നിവൃത്തിയില്ല. എത്രയോവൎഷങ്ങൾക്കു മുമ്പു തന്നെ ഭാരതീയമഹൎഷിമാർ ആരും കാണാതെ എങ്ങും സഞ്ചരിക്കയും, ഭൂലോകത്തിലോ സ്വൎല്ലോകത്തിലൊ മററതെങ്കിലും ലോകത്തൊ നടക്കുന്ന സംഭവങ്ങൾ ആ നിമിഷംതന്നെമനസ്സിലാക്കുകയും ചെയ്തിട്ടുണ്ടെന്നും, ശ്രീരാമസ്വാമി തുടങ്ങിയുള്ളവർ പുഷ്പകവിമാനത്തിൽ കയറി അംബരമാൎഗ്ഗം യാത്രചെയ്തിരുന്നു എന്നും, രാവണാദികളായ രാത്രിഞ്ചരന്മാർ അതിശയനീയങ്ങളായ പല മായാവിദ്യകൾ കാട്ടിയിട്ടുണ്ടെന്നും പുരാണങ്ങളിൽ ഘോഷിച്ചിട്ടുള്ളതിനെ ആസ്പദമാക്കി നോക്കിയാൽ ഒട്ടും നവീനത്വം ഇവയ്ക്കില്ലതന്നെ എന്നു പറയാം. ആ അത്ഭുതകൃത്യങ്ങളെല്ലാം നിയതിയുടെ നിയമേനയുള്ള പ്രവൃത്തിനിമിത്തം ലോകത്തിൽ നിന്നു് അപ്രത്യക്ഷങ്ങളാകയും പുനഃസംഘടിക്കയും ചെയ്യുന്നുണ്ടു്. ഇപ്പോൾ കാണുന്ന വൈചിത്ര്യങ്ങൾ ക്രമേണ അപ്രത്യക്ഷമാകുകയും, പുതുതായി പലതും ഇനി ആവിർഭവിക്കയും ചെയ്യും. അവ മുൻകാലങ്ങളിൽ പ്രചരിച്ചിരുന്നവയാണെന്നു് അക്കാലത്തെ ചരിത്രങ്ങൾ പരിശോധിക്കുമ്പോൾ പ്രത്യക്ഷപ്പെടുകയും ചെയ്യും. അതിനാൽ ഒന്നിനേയും പുതിയതെന്നു പറയാനില്ല. ഇക്കാലത്തേക്കുമാത്രം അവയ്ക്കു നവീനത്വം കല്പിക്കാമെന്നേയുള്ളു. ദ്രാവിഡവംശജരായ—ആൎയ്യന്മാർ കുരങ്ങന്മാരെന്നും രാക്ഷസന്മാരെന്നും ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ള—ബാലി, രാവണൻ, ഹനുമാൻ മുതലായ മഹാരഥന്മാരുടെ ദിവ്യാത്ഭുതശക്തികളും തദനുസരണങ്ങളായ കൃത്യങ്ങളും അവരുടെ ബുദ്ധിശക്തിയുടെ പ്രവൃത്തികൊണ്ടുണ്ടായതല്ലെങ്കിൽ പിന്നെങ്ങനെയുണ്ടായി. പുരാണകാലത്തേയൊ, ഇദാനീന്തനകാലത്തേയൊ സ്ഥിതിഗതികളെപ്പററി ചിന്തിച്ചാൽ മനുഷ്യബുദ്ധിയുടെ വൈജാത്യവും, അത്യുൽകൃഷ്ടശക്തിയും വെളിപ്പെടുന്നതാണു്.

നമ്മുടെ രാജകുമാരൻ അമൃതവാഹിനിരാജ്യം എവിടെ എന്നോ, അവിടത്തെ വിശേഷങ്ങൾ എന്തെല്ലാമെന്നോ രാജ്യസ്ഥിതി എന്തെന്നോ അശേഷം അറിവില്ലാതെ ഏകനായി പുറപ്പെട്ടിരിക്കയാണു്. ഏതെങ്കിലുംവിധത്തിൽ അമൃതവാഹിനിരാജ്യത്തു ചെന്നുചേരാമെന്നും, ഉണ്ടാകുന്ന ദുർഘടങ്ങളെല്ലാം തന്റെ ബുദ്ധിശക്തിയും, യുക്തിയുംകൊണ്ടു് തടഞ്ഞുകൊള്ളാമെന്നുംമററുമായിരുന്നു കുമാരന്റെ നിശ്ചയം. കുറെ ദിവസം കുതിരമേൽത്തന്നെ കഴിച്ചുകൂട്ടിയതുകൊണ്ടു് ഇനി പ്രയാസമെന്നു

തോന്നിയെങ്കിലും ശ്രമം കാൎയ്യസാദ്ധ്യത്തിനു പൎയ്യാപ്തമെന്നുള്ള തത്വത്തെ മുൻനിൎത്തി വീണ്ടും യാത്രതുടൎന്നു. ഏകദേശം ഒരു ദിവസത്തെ സവാരികൂടി കഴിഞ്ഞപ്പോൾ വനമദ്ധ്യത്തിൽ ദണ്ഡധാരിയായ ഒരു വയോധികനെ കാണാൻ ഇടയായി.

അദ്ദേഹത്തിന്റെ മുഖത്തു കളിയാടുന്ന ബ്രഹ്മതേജസ്സുകണ്ടാൽ ആൎക്കും നിസ്സീമമായ ഭയഭക്തിബഹുമാനങ്ങൾ ഉണ്ടാകുന്നതാണു്. പ്രശാന്തഗംഭീരനായ ആ വയോധികന്റെ നീണ്ടു് വെള്ളിക്കമ്പികൾപോലെ നാഭിവരെ എത്തുന്ന മീശയും, വളൎത്തി ജടിലമാക്കിവെച്ചിട്ടുള്ള കേശവും, ചുററിയിരിക്കുന്ന കാഷായവസ്ത്രവും, ധരിച്ചിട്ടുള്ള യോഗദണ്ഡും, ഇദ്ദേഹം ഒരു ദിവ്യയോഗിയാണെന്നു വിളിച്ചുപറയുന്നുണ്ടു്. ആ കാഷായക്കുപ്പായത്തിനുള്ളിൽ അതിബലിഷ്ഠവും, വയോധികനു യോജിക്കാത്തതും ആയ ഒരു ശരീരമാണു് സ്ഥിതിചെയ്യുന്നതെന്നു് അദ്ദേഹത്തിന്റെ നടയും ഭാവവും പ്രത്യക്ഷപ്പെടുത്തുന്നു. ആകപ്പാടെ ആകൃതിയും പ്രകൃതിയും പരിശോധിച്ചുനോക്കിയാൽ "ബ്രഹ്മക്ഷത്രതേജസ്വീ" വൃദ്ധൻ എന്നു് ആരും സന്ദേഹിക്കും. വൃദ്ധനെ കണ്ട ഉടനെ, ഇരുമ്പും കാന്തവും എന്നപോലെ പരസ്പരം അവർ ആകൎഷിക്കപ്പെട്ടു. രാജകുമാരൻ തന്റെ കുതിരയുടെ കടിഞാൺ പിടിച്ചുനിൎത്തുകയും താഴെ ഇറങ്ങി വൃദ്ധന്റെ പാദത്തിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്തു. വാസന്തിക തന്നോടുപറഞ്ഞ വൃദ്ധൻതന്നെയാണോ? ഇദ്ദേഹം എന്നു് കുമാരൻ ആലോചിച്ചുകൊണ്ടുനില്ക്കുമ്പോൾ, നീ ആരു്? എന്തിനു് ഇവിടെവന്നു? നിന്റെ സ്വദേശം ഏതു്? എന്നു ശാന്തഗംഭീരസ്വരത്തിൽ വൃദ്ധൻ ചോദിച്ചതിനു് ഞാൻ ഒരു പരദേശിയാണെന്നും, അമൃതവാഹിനിരാജ്യത്തു പോകണമെന്നുള്ള ആഗ്രഹംകൊണ്ടു് ഇവിടെ വരാൻ ഇടയായി എന്നും, അവിടേയ്ക്കുള്ള വഴി നിശ്ചയമില്ലാത്തതിനാൽ എങ്ങോട്ടു പോകേണ്ടു എന്നറിയാതെ വിഷമിക്കയാണെന്നും വളരെ ഭക്തിയോടുകൂടി മറുപടി പറഞ്ഞു.

വൃദ്ധൻ:—എടോ മാനുഷശിരോരത്നമേ! നിന്റെ ആഗ്രഹംസാധിപ്പാൻ വളരെ പ്രയാസമാണു്. എന്നുമാത്രമല്ല അതിനുവേണ്ടിയുള്ള ഉദ്യമത്തിൽ മരണംതന്നെയും സംഭവിച്ചു എന്നുവരാവുന്നതുമാണു്. അതുകൊണ്ടു് കുമാരാ! നീ ഈ ആഗ്രഹത്തെ ത്യജിച്ചു് സ്വരാജ്യത്തെത്തി മാതാപിതാക്കന്മാരെ സന്തോഷിപ്പിക്കുക.

ഇത്രയും കേട്ടപ്പോൾ കുമാരന്റെ ചിന്താമഹാബ്ധി അതിഭയങ്കരമായ ചക്രവാളപ്രഭാവത്താൽ അനിയതതരംഗിതയായിത്തീൎന്നു. ഈ മഹാത്മാവിനെ ദർശിച്ചാൽ, നിഷ്പ്രയാസം ഉദ്ദിഷ്ടകാൎയ്യഫലപ്രാപ്തി ഉണ്ടാകുമെന്നായിരുന്നല്ലൊ വാസന്തിക പറഞ്ഞതും ഞാൻ വിചാരിച്ചതും. ആഹാ! ഞാൻ എന്താണ് ഇവിടെ ചെയ്യേണ്ടതു്. മരിക്കുന്നതിനിടയായാൽ എന്റെ പ്രതിജ്ഞയെ എങ്ങനെ നിറവേററും. എന്റെ വിജയപൂൎവ്വമുള്ള ആഗമനത്തെ നിരീക്ഷിച്ച് അക്ഷമയായിരിക്കുന്ന പ്രിയപിതാവു്, അകാലമൃത്യുവശരായ ജ്യേഷ്ഠപുത്രന്മാരെപ്പോലെ കനിഷ്ഠസന്താനവും നഷ്ടപ്പെട്ടു എന്നു കേൾക്കുമ്പോൾ എത്രമാത്രം സങ്കടപ്പെടും. അയ്യോ! അദ്ദേഹത്തിന്റെ ജീവിതം കൃതഘ്നനായ ഈ ഞാൻനിമിത്തം സന്താപാകുലിതമാകയോ, അഥവാ നഷ്ടപ്പെടുകയോ ചെയ്യുന്നപക്ഷം അതിൽപരം സങ്കടവും ദുഷ്കീൎത്തിയും ഉണ്ടാവാനില്ല. അനേകം ജന്മങ്ങളെടുത്താലും എന്തെല്ലാം സൽകൃത്യങ്ങളനുഷ്ഠിച്ചാലും അതിനു പ്രതിശാന്തിയായി ഭവിക്കുകയുമില്ല. അയ്യോ! ജഗദീശാ! എന്റെ പ്രാൎത്ഥന കേൾക്കണമേ! എന്താണിവിടെ ചെയ്യേണ്ടതെന്നുപദേശിച്ചുതരണമേ! എന്റെ പ്രിയപിതാവിനേയും മാതാവിനേയും വിചാരിച്ചെങ്കിലും എന്റെ ശ്രമങ്ങൾക്ക് വിഘാതം ഉണ്ടാകാതെ സൂക്ഷിച്ചുകാത്തുകൊള്ളണമേ! എന്നിങ്ങനെയുള്ള പ്രാൎത്ഥനയോടുകൂടി വൃദ്ധന്റെ മുഖത്തേക്കുനോക്കിയപ്പോൾ അദ്ദേഹം ധ്യാനനിഷ്ഠനെപ്പോലെ കാണപ്പെട്ടു.

ദിവ്യചക്ഷുസ്സുകൊണ്ടുകുമാരന്റെ അതിദയനീയാവസ്ഥയെ ദൎശിച്ചപ്പോൾ വൃദ്ധനു് യഥാൎത്ഥമായ സഹതാപംതോന്നി. കുഞ്ഞേ നീ വിഷമിക്കേണ്ട അമൃതവാഹിനിരാജ്യം സപ്തസാഗരങ്ങൾക്കപ്പുറമാണ്. അവിടെ അതിഭയങ്കരന്മാരായ ഗന്ധൎവ്വന്മാർ വസിക്കുന്നു. ഇവിടെനിന്ന് കുറേദൂരം നേരെപോയാൽ രണ്ടുവഴികൾകാണാം. അതിൽ വലതുവശമുള്ള വഴിയെ തുടൎന്നുചെല്ലുമ്പോൾ അത്യുന്നതമായ ഒരുഗോപുരമുണ്ടായിരിക്കും. അതിന്റെഉള്ളിൽ വിശേഷമായ കല്ലുകൾകൊണ്ട് നിൎമ്മിതമായ ഭിത്തികളിൽ ഒന്നിൽ അമൃതവാഹിനി രാജ്യത്തിലേക്ക് പോകേണ്ടമാൎഗ്ഗങ്ങളേയും, അവിടത്തെ സ്ഥിതികളെയും കുറിക്കുന്ന ഒരു ലേഖനംകാണും. അതു വായിച്ചുമനസ്സിലാക്കി വേണ്ടതുപോലെ പ്രവൃത്തിച്ചാൽ കാൎയ്യസാധ്യമുണ്ടാകും. പക്ഷെ പോകേണ്ട വഴികളുടെ സ്വഭാവം നോക്കിയാൽ അപകടം സംഭവിക്കാവുന്ന

താണ്. അതുകൊണ്ടുതന്നെയാണ് ഞാൻ ആദ്യം തടസ്സം പറഞ്ഞതു്. നിൻെറ സങ്കടസ്ഥിതി മനസ്സിലായപ്പോൾ വളരെ കണ്ണിതം തോന്നിയതിനാൽ എനിക്കറിവുള്ള സംഗതികൾ നിന്നെ ധരിപ്പിക്കാതെ ഇരിക്കുന്നതു് അധമ്മമെന്നും തോന്നി. എന്നാൽ അപായങ്ങളൊന്നുംകൂടാതെ തിരിച്ചുവരുന്നതിന് ഞാൻ ജഗദീശ്വരനോടു പ്രാത്ഥിച്ചുകൊള്ളാം. അതിനാൽ ഇനി നിൻെറ യാത്രയെ തുടരുക.

പൈതൃകമായ വാത്സല്യത്തോടുകൂടി തന്നെ നല്ലുണ്ടോഷിച്ച ആ മഹാത്മാവു്, തൻെറ പ്രാത്ഥനയെക്കൈക്കൊണ്ടു തന്നെഅനുഗ്രഹിപ്പാനവതരിച്ച ദൈവംതന്നെഎന്നു് കുമാരൻ നിശ്ചയിച്ചു. ആഹാ! ഇദ്ദേഹത്തിൻെറകരുണ എത്രമഹത്തരം. എൻെറ ദുരാവസ്ഥകളെ യഥാത്ഥമായറിഞ്ഞു നിവാരണമാർഗ്ഗം അരുളിയ ഇദ്ദേഹത്തോടു് ഞാൻ എന്തൊന്നാണു പറയേണ്ടതു്. പരിശുദ്ധമായ ഭക്തിബഹുമാനങ്ങൾ മാത്രമേ ഇതിനുപകരം കൊടുക്കാനുള്ളൂ. എന്നുള്ള വിചാരത്തോടുകൂടി അദ്ദേഹത്തിനെ പ്രണമിച്ചിട്ടു തൻെറ യാത്രയെത്തുടന്നു. ഒരുദിവസം കഴിഞ്ഞപ്പോൾ ഉത്തുംഗമായ ഒരു ഗോപുരം ദൃശ്യമായി. അനേകദിവസം സമുദ്രത്തിൽതന്നെ യാത്രചെയ്തു് തുറമുഖത്തടുക്കാനാരംഭിക്കുന്ന ഒരു കപ്പലിൽ ഉള്ള ആളുകൾക്കു് എപ്രകാരമുള്ള സന്തോഷമുണ്ടാകുമോ അപ്രകാരം ഈ ഗോപുരദശനത്തിൽ കുമാരൻ അതിവസന്തോഷിച്ചു. ഉടൻതന്നെ അകത്തുകടന്നു ഭിത്തിയിലുള്ള ലേഖനംവായിക്കാൻതുടങ്ങി. "ഇവിടെനിന്നു് വലതുവശത്തുള്ള വഴിയിൽകൂടിപ്പോയാൽ വളരെ കഷ്ടതകൾ ഉണ്ടാകുമെങ്കിലും കായ്യസിദ്ധിക്കു് എളുപ്പമുണ്ടു്. ഇടതുഭാഗത്തു് കാണുന്ന വഴിയെ തുടന്നാൽ നിശ്ചയമായും കായ്യസിദ്ധി ഇല്ല. മദ്ധ്യേ കാണുന്നവഴിയേ ആധാരമാക്കിപ്പോയാൽ അമൃതവാഹിനിയിൽ എത്താമെങ്കിലും വഴി വലിയ ദുർഘടവും സാധാരണമനുഷ്യക്കു അപ്രാപ്യവും ആകുന്നു. ഈ വഴിയെപോയി തിരിച്ചു വന്നവർ ദുർല്ലഭംതന്നെ."

ഈ ലേഖനം കുമാരനെ ഒരേനിമിഷത്തിൽതന്നെസന്തോഷസന്താപങ്ങൾ അനുഭവിപ്പിച്ചു. ഇവിടെ കാണിക്കപ്പെട്ടിരിക്കുന്ന വഴികൾ വളരെ അപകടകരങ്ങളാണെന്നു് ഇതിൽതന്നെ പറയപ്പെട്ടിട്ടുണ്ടു്. ഏതുവഴിയെ തുടരുന്നതു് നല്ലതാണെന്നു് ഉപദേശിച്ചുതരണമെ! ദൈവമെ! വെറും കീടപ്രായമായ മനുഷ്യനെക്കൊണ്ടു് സാധിക്കത്തക്കതായി യാതൊന്നുംതന്നെലോ.

കത്തിലില്ല. അങ്ങയുടെ അനുഗ്രഹംകൊണ്ടു മാത്രമാണു് മനുഷ്യൻ പ്രവൎത്തിക്കുന്നതു്. വിജയം ഉണ്ടാകുമെങ്കിൽ എൻെറ സാമൎത്ഥ്യംകൊണ്ടു സാധിച്ചു എന്നു് അവൻ അഭിമാനിക്കുന്നു. ഇതു എത്രയോ അബദ്ധമാണു്. ജഗദീശാ! പ്രവൃത്തിപ്പിക്കുന്നതും പ്രവൃത്തിയും അങ്ങുതന്നെ: എന്നാൽ അതിനു് അതായതു നിൻെറ പ്രവൃത്തിക്കു് മനുഷ്യനെ പ്രതിപുരുഷനായി നിറുത്തുന്നുണ്ടു്. അയ്യൊ ദൈവമെ! അമൃതവാഹിനി രാജ്യത്തുപോയി വിവരങ്ങൾ അറിഞ്ഞു് ചന്ദ്രലേഖയെ തോല്പിക്കുന്ന കൃത്യത്തിന്നു് പ്രതിപുരുഷനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഞാൻ ഇവിടെ എന്തുചെയ്യണമെന്നു് അങ്ങു് ഉപദേശിച്ചു തരാഞ്ഞാൽ, പ്രതിപുരുഷൻ വളരെ കുഴങ്ങും. സൎവ്വേശ്വരാ! എൻെറ സൎവ്വപ്രവൃത്തികളേയും അങ്ങയിൽ സമൎപ്പിക്കുന്നു. മാൎഗ്ഗോപദേശം ചെയ്വാൻ ഇനിഅല്പമെങ്കിലും താമസിക്കരുതെ! ഞാൻ ഇതാ വച്ചുവശത്തുള്ള പന്ഥാവിലൂടെ പ്രയാണം ചെയ്വാൻ നിശ്ചയിക്കുന്നു. അതും അങ്ങയുടെ ഉപദേശമെന്നാണു് എൻെറ സങ്കല്പം. ഇതേവരെ എനിക്കുനേരിട്ട വിപത്തുകളിൽനിന്നു് എന്നെ വാത്സല്യപൂൎവ്വം രക്ഷിച്ചതുപോലെ ഈ യാത്രയിൽ ഉണ്ടാകുന്ന എല്ലാവിഘ്നങ്ങളെയും ആപത്തുകളെയും നീക്കി രക്ഷിപ്പാറാകണം എന്നു് ഹാൎദ്ദമായി പ്രാൎത്ഥിച്ചുകൊണ്ടു യാത്രതുടരുകയും ചെയ്തു.

അശേഷം വിശ്രമിക്കാതെ ഒരുദിവസം മുഴുവൻ സഞ്ചരിച്ചിട്ടും സന്തോഷപ്രദമായ യാതൊരു കാഴ്ചയും ഉണ്ടായില്ല. അതിവിപുലമായ വിജനപ്രദേശത്തുകൂടി ഏകാകിയായി സഞ്ചരിക്കുമ്പോൾ ചില ഭയങ്കരദൎശനങ്ങൾ കുമാരനെ അല്പം അധൈൎയ്യപ്പെടുത്തി. ആ അവസരത്തിലും നാരായണാ! എന്നുള്ള തിരുനാമംതന്നെ കുമാരൻ ജപിച്ചുകൊണ്ടിരുന്നു. കുമാരൻ യഥാൎത്ഥത്തിൽ ഒരു ഈശ്വരഭക്തനാണു്. എന്നാൽ ചിലജനം "ആപദിഭജന്തിനഭജന്തിസുലഭേൎത്ഥ" എന്ന ന്യായത്തെ മുറുകെ പിടിക്കുന്നു. ഇങ്ങനെയുള്ളവൎക്കു് ഈശ്വരാനുഗ്രഹം ഉണ്ടാകുന്നതു് അത്ര എളുപ്പമല്ല. നിത്യവും നിഷ്ഠയായിട്ടു് ഈശ്വരഭജനംചെയ്യുന്ന ആളുകളും ഉണ്ടു. അവർ അപ്രകാരം നിഷ്ഠയായിരിക്കുന്നതുകൊണ്ടു് ഭജനത്തിനു മുടക്കംവരുന്നില്ല. അതുതന്നെയാണു് നിഷ്ഠയുടെ ഉദ്ദേശവും. എന്നാൽ ഏതു സമയവും ഈശ്വരനെ ഭജിക്കുന്നതുകൊണ്ടു് യാതൊരു വിരോധവുമില്ലെന്നുതന്നെയാണു് കുമാരൻെറ നിശ്ചയം. ഊണിലുമുറക്കത്തിലുമെന്നുവേണ്ട ഏതു സമയത്തും ജഗദീശഭജനം ചെയ്യാവു

ന്നതാണ്. തന്റെ വിചാരത്തിലും പ്രവൃത്തിയിലും ഐശ്വ ര്യശക്തിയെലയിപ്പിച്ചുകൊള്ളണം. അതിനു കഴിയാത്തവർ നിയമമായി കുറെ സമയം എടുത്തു് മററുകാര്യങ്ങളിൽനിന്നു വിമുക്തരായിരുന്നു് ഈശ്വരധ്യാനനിരതരായി കഴിച്ചുകൊള്ളുന്നതു് ഏററവും ഉത്തമമാകുന്നു. കുമാരൻ തന്റെ യാത്രയിലും ഈശ്വരഭജനത്തെ മുൻനിൎത്തിക്കൊണ്ടാണു് പോകുന്നതു്. കുമാരൻ പിറേറദിവസം രാവിലെ അതിവിസ്തൃതമായ ഒരു വിജനപ്രദേശത്തു് ചെന്നുചേൎന്നു. അവിടെയുള്ള വൃക്ഷലതാദികൾ സാധാരണങ്ങളല്ല. അംബരമാൎഗ്ഗത്തെ ഉരുമ്മുന്ന വൻവൃക്ഷങ്ങളും, അതിനനുസരണമായ ചെടികളുംധാരാളമായിട്ടുണ്ടായിരുന്നു. "അവിടെക്കണ്ട പക്ഷികളും മൃഗങ്ങളും ആകൃതിയും പ്രകൃതിയുംകൊണ്ടു് വിശേഷപ്പെട്ടതായിരുന്നു. ഇപ്രകാരമുള്ള കാഴ്ചകൾ കണ്ടുകൊണ്ടു സവാരിചെയ്യുമ്പോൾ അവിടെ അതിരമ്യമായ ഒരുദ്യാനം ദൃശ്യമായി.

ഉദ്യാനപാലകനായി അവിടെ കാണപ്പെട്ടതു് ഒരു ഭൂതത്താൻ ആയിരുന്നു. അവന്റെ ആകൃതികണ്ടു് കുമാരൻ അല്പം ഒന്നു പരിഭ്രമിച്ചു. മുഖത്തിന്റെയും ശരീരത്തിന്റെയും കൃഷ്ണവൎണ്ണം, അതിസുരഭിലങ്ങളും, ദർശനീയങ്ങളും ആയ പുഷ്പങ്ങളേക്കൊണ്ടു് പരിശോഭിതമായ ആ ഉദ്യാനത്തെത്തന്നെയും അന്ധകാരമയമാക്കിത്തീൎക്കുന്നു. നാസിക മുന്നോട്ടു നീണ്ടു നില്ക്കുന്നു. അതിനു് ഏകദേശം ൧-അടിനീളവും അതിനുചേൎന്ന വണ്ണവുംഉണ്ടു്. അതിരൂക്ഷങ്ങളായ കണ്ണുകളും, മലൎന്നു തടിച്ച ഓഷ്ഠാധരങ്ങളും ചെമ്പിച്ചു ജടിലമായ തലമുടിയും, ഓരോവൃക്ഷത്തോളംപോരുന്ന കൈകാലുകളും ആകെപ്പാടെ ബീഭത്സമായ ആകൃതിയും കണ്ടാൽ സാധാരണമനുഷ്യർ അമ്പരന്നുപോകും. ഏതാനും ചൎമ്മങ്ങൾചേൎത്തു വസ്ത്രമാക്കി അവൻ അരയിൽ ചുററിയിരിക്കുന്നു. മദയാനകൾക്കു നിഷ്പ്രയാസം കടന്നുപോകാവുന്ന കണ്ണികളോടുകൂടിയ ഒരു കടിസൂത്രം അരയിൽ ധരിച്ചിരിക്കുന്നു. ഒരുവലിയ കരിങ്കൽ തലയിണയാക്കി അതിൽതല വെച്ചു് ഉറങ്ങുന്നതാണു് കുമാരൻകണ്ടതു്. അതുകൊണ്ടാണു് കുമാരനു് അത്രഭയംതോന്നാതിരുന്നതു്. അവിടെയുള്ള ഒരുമാതളമരത്തിൽതൂങ്ങുന്ന ഒരു പരിശ ആ ഭൂതത്തിന്റെ അപാരശക്തിയേയും ദുഷ്ടസ്വഭാവത്തേയും പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്.

ആ ഭൂതം നിദ്രാധീനനായിരുന്നതുകൊണ്ടു് വലിയഭയമൊന്നുംകൂടാതെ, ആ ഉദ്യാനത്തിൽ കടക്കുന്നതിനു നിശ്ചയിച്ചു.

തന്റെ അശ്വത്തെ അവിടെ ഒരു വൃക്ഷത്തിൽ ബന്ധിച്ചിട്ട് സാവധാനത്തിൽ തോട്ടത്തിനുള്ളിൽ കടന്നു. പരിമളധാരികളായ പുഷ്പങ്ങളേക്കൊണ്ട് അലംകൃതമായ വൃക്ഷലതാദികളാൽ അതിഭാസുരമായ ആ ഉദ്യാനം ആകർഷണീയമെന്നേ പറയേണ്ടു. കണ്ഠത്തിൽ പട്ടുലേസു ബന്ധിച്ചിട്ടുള്ള ഒരു കൂട്ടം മാൻ ആ തോട്ടത്തിൽ മേഞ്ഞുകൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. അവ രാജകുമാരനെ കണ്ടു് വേഗം അവിടം വിട്ടുപൊയ്ക്കൊള്ളണമെന്നു് തലകൊണ്ടു് ആംഗ്യം കാണിച്ചു എങ്കിലും അതിന്റെ യാഥാർത്ഥ്യം മനസ്സിലാകാതിരുന്നതുകൊണ്ടു് കുമാരൻ അതിന്റെ ഉള്ളിലേക്കു തന്നെ ചെന്നു. ഇത്രമനോഹരമായ ഈ ഉദ്യാനത്തിന്റെ ഉടമസ്ഥൻ ആരെന്നറിവാൻ ആരാഞ്ഞു നടക്കുമ്പോൾ കുറെ അകലെ അത്യുത്തുംഗവും ഭംഗിയുള്ളതും ആയ ഒരു സൌധം കാണപ്പെട്ടു. അതിന്റെ ഉള്ളിൽ കയറിയപ്പോൾ ഒരു സുന്ദരി കനകനിർമ്മിതമായ ഒരു ഊഞ്ഞാലിൽ ഇരുന്നു് ആടുന്നതു കണ്ടു് ഇവൾ വല്ല അപ്സരസ്ത്രീയുമായിരിക്കുമോ എന്നു കുമാരൻ ശങ്കിച്ചു. സംശയാവിഷ്ടനായി കുമാരൻ നില്ക്കുന്നതു കണ്ടു് കൂട്ടിക്കൊണ്ടു ചെല്ലുന്നതിനായി ഒരു ദാസിയെ നിയോഗിക്കയാൽ കുമാരൻ അവളുടെ സമീപത്തു് ആനീതനായി. അവൾ ആപാദമസ്തകം ഒന്നു നോക്കിയിട്ടു് നിങ്ങൾ ആരു്, ഇവിടെ വരുവാൻ കാരണമെന്തു് എന്നു് കുശലം ചോദിച്ചു. അതേവരെയുള്ള തന്റെ ചരിത്രം മുഴുവൻ യാതൊരു കളവും കൂടാതെ അവളെ ധരിപ്പിച്ചപ്പോൾ കുമാരാ! അങ്ങയുടെ ഉദ്ദേശം സാധിക്കുന്നതിനു വളരെ വിഷമമാണു്. വളരെ സമർത്ഥന്മാരായ പല രാജകുമാരന്മാരും ഈ കാര്യത്തിനു വേണ്ടി ശ്രമിക്കയും മരണം പ്രാപിക്കയും ആണു് ചെയ്തിട്ടുള്ളതു്. അതിനാൽ അതിനൊരുമ്പെട്ടു് വെറുതെ ജീവിതം നശിപ്പിക്കാതെ ഈ എന്നോടൊരുമിച്ചിരുന്നു് മനുഷ്യർക്കു ദുഷ്പ്രാപമായ പല സുഖസൌഭാഗ്യങ്ങളും അനുഭവിക്കുന്നതല്ലേ ഉത്തമം? എന്റെ പരിചാരികകളായ ഗന്ധർവ്വസ്ത്രീകളേക്കൊണ്ടു ചന്ദ്രലേഖയെ ഇവിടെവരുത്തി നിങ്ങളുടെ ദാസിയാക്കി ചെയ്വാനും എനിക്കു കഴിയും. അതുകൊണ്ടു ജീവിതത്തെ വൃഥാ ബലികഴിക്കാതിരിക്കാൻ ദയവുണ്ടാകണം എന്നു് നവസുന്ദരി നിർബന്ധമായും എന്നാൽ അപേക്ഷാരൂപമായും കുമാരനോടു പറഞ്ഞു.

ചന്ദ്രലേഖയുടെ ചോദ്യത്തിനു് ന്യായമായ ഉത്തരം കൊടുത്തു് അവളെ എന്റെ കുതിരക്കാലിൽ ബന്ധിച്ചു് പട്ടണം മുഴ

ക്കു യാത്രചെയ്യുകയും, അവളുടെ മാംസം ഉഴന്നുനടക്കുന്ന നായ്ക്കും നരിക്കും ആഹാരമാക്കുകയും ചെയ്യാതെ ഇഹലോകസുഖങ്ങൾ യാതൊന്നും തന്നെ ഞാൻ അനുഭവിക്കയില്ലെന്നും, ഈ ഉദ്ദേശം എന്നു ഫലിക്കുമൊ അന്ന് ഭവതിയെ ഒരു മഹിഷിയായി സ്വീകരിച്ച് സുഖമായിരിക്കാൻ താൻ തയാറാണെന്നും, ഉള്ള വസ്തുത അവളെ ധരിപ്പിച്ചു. രാജകുമാരൻ തന്റെ പ്രലോഭനങ്ങൾക്കു വശംവദനല്ലെന്നു കാണുകയാൽ കുമാരന്റെ യാത്രമുടക്കണമെന്നുതന്നെ അവൾ തീച്ചപ്പെടുത്തി. "കുമാരാ! അങ്ങേയ്ക്കു പോകണമെന്നു നിർബന്ധം തന്നെ ആണെങ്കിൽ അല്പനേരം ഇവിടെ താമസിച്ച് ക്ഷീണം തീന്നതിനു മേൽ ആകാം. ഇതാ കുറെ ഷർബത്തു്. വളരെ സുഖമുള്ളതാണ്. കുടിക്കണം. അങ്ങയുടെ എല്ലാക്ഷീണവും ഉടനെ നശിക്കും" എന്നു പറഞ്ഞു ഒരു സുവണ്ണചഷകം നിറച്ചു ഷർബത്തൊഴിച്ചുകൊടുത്തു. മറ്റൊന്നും വിചാരിക്കാതെ അതിസ്വാദുകരമായ ആ പാനീയം കുടിക്കയും ഉടൻ തന്നെ ബോധം കെട്ട് നിലം പതിക്കയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ ബോധം വീണു. വീണ്ടും പാനീയം കൊണ്ടു യാത്രയെ മുടക്കും. ഇങ്ങനെ ഏതാനും ദിവസം കഴിഞ്ഞപ്പോൾ അവളോട് തന്റെ യാത്രയുടെ ഗൌരവത്തെപ്പറ്റി വീണ്ടും പ്രസ്താവിച്ചു. തനിക്കു വളരെ ദൂരം പോകാനുണ്ടെന്നും അതിനു വിഘ്നം വരുത്തിയാൽ വളരെ സങ്കടമാണെന്നും തിരിച്ചുവന്ന് നിങ്ങളെ ഭാര്യയായി സ്വീകരിച്ചു കൊള്ളാമെന്നും അവളോടു പറഞ്ഞു. അതുപ്രകാരം പ്രതിജ്ഞചെയ്കയും ചെയ്തു. അതു സമ്മതിച്ചു എന്നുള്ള നാട്യത്തിൽ മന്ദഹാസത്തോടു കൂടി യാത്രയിൽ ക്ഷീണമുണ്ടാകാതിരിക്കാനും ശക്തിയും ആയുസ്സും വർദ്ധിക്കാനും ഉള്ള ഒരു സിദ്ധൌഷധം ഉണ്ടെന്നും, അതു് സേവിക്കുന്നതു് വളരെ നല്ലതാണെന്നും പറഞ്ഞു ഏതൊ ഒരു സാധനം ഉരുട്ടി കുമാരന്റെ കൈയ്യിൽ കൊടുത്തു. പരമാത്ഥബുദ്ധിയായ രാജകുമാരൻ അവളുടെ വാക്കു വിശ്വസിച്ച് ആ മരുന്നു സേവിക്കയും ഉടനെ തിരെ ബോധമററ് അവിടെ ഉണ്ടായിരുന്ന മഞ്ചത്തിൽ വീഴുകയും ചെയ്തു. ഉടനെ നവമാലിക കൃഷ്ണസപ്പാകൃതിയിൽ ഉള്ള ഒരു വടി എടുത്തു എന്തൊ മന്ത്രിച്ചു നാലഞ്ചു തട്ടിയപ്പോൾ ആ കോമളവിഗ്രഹം ആസകലം കറുത്തു മരവിച്ചപോലെ ശ്വാസരഹിതമായിത്തീന്നു. ഒരു കരിമ്പടം കൊണ്ടുവന്നു ആ ശരീരം മൂടി. ഉടനെ ഒരു കിണ്ടിയിൽ കുറെ വെള്ളം കൊണ്ടുവന്ന് എന്തൊ മന്ത്രിച്ച് ആ കരിമ്പടത്തിന്മേൽ തളിച്ചു. ആഹാ! ക്ഷുദ്ര

ത്തിൻെറ ശക്തി എത്രത്തോളമുണ്ടെന്നു ആൎക്കറിയാം. ഇതു ഭൂലോകത്തിലെ അത്യാശ്ചൎയ്യങ്ങളിൽ ഒന്നു തന്നെ. ബോധക്ഷയത്തോടുകൂടി നിലംപതിച്ച രാജകുമാരൻ ഇതാ ഒരു മാനായിത്തീൎന്നു. അവൾ ആ മാൻകുട്ടിയെ പിടിച്ചു ആശ്ലേഷിക്കയും കഴുത്തിൽ ഒരു പട്ടുലേസു ബന്ധിച്ചു കുമാരൻ മുൻപു കണ്ട കൂട്ടത്തിൽ ചേൎത്തു് മേയാനായി വിടുകയും ചെയ്തു.

താൻ ഉദ്യാനത്തിലേക്കു കയറിച്ചെന്നപ്പോൾ അവിടെ നിന്നിരുന്ന മാൻകൂട്ടം വേഗം പൊയ്ക്കളയണമെന്നാണു്, ആംഗ്യം കാണിച്ചതു് എന്നു കുമാരൻ അപ്പോൾ ഓൎത്തു. അവളുടെ മന്ത്രശക്തിനിമിത്തം മാനിൻെറ ആകൃതിയിൽപ്പെട്ട ആളുകളൊടൊന്നിച്ചു കുമാരനും ചേൎന്നു അവയുടെ ആകൃതിയിൽ മാററം ഉണ്ടായെങ്കിലും പ്രാകൃതികമായി യാതൊരു മാററവും ഇല്ലാതിരുന്നതുകൊണ്ടു തങ്ങളുടെ പൂൎവ്വസ്ഥിതിയെക്കുറിച്ചു് ബോധമുണ്ടായിരുന്നു. അതിനാൽ അവ സൎവ്വദാ വിഷാദത്തോടുകൂടി പ്രാണരക്ഷയ്ക്കു മാത്രം വല്ല ആഹാരവും കഴിച്ചു് അവിടെ ജീവിക്കുകയായിരുന്നു. അവരെല്ലാം ഏതെല്ലാം സ്ഥലങ്ങളിൽ എങ്ങനെയെല്ലാം വാണവരൊ! എന്തോ? ഇനി എന്നാണാവൊ ഇതിൽ നിന്നു മുക്തിനേടുന്നതു്? ആൎക്കറിയാം. വിധിമതം അലംഘനീയം തന്നെ. ഒരു ജന്മത്തു തന്നെ രണ്ടു ജന്മം എടുത്തവർ ഇവർ തന്നെ. എന്നാൽ മനസ്സുമാത്രം രണ്ടു ജന്മങ്ങളിലും ഒന്നായിത്തന്നെ ഇരിക്കുന്നു. അതാണു പരമസങ്കടം. മാനിൻെറ സ്ഥിതിക്കനുസരിച്ച മനസ്ഥിതിയും കൂടി ഉണ്ടായിരുന്നെങ്കിൽ തങ്ങളുടെ പൂൎവ്വകഥകൾ ഓൎക്കുന്നതിനൊ വിഷാദിക്കുന്നതിനൊ ഇടവരികയില്ലായിരുന്നു. അഹാ! ക്ഷുദ്രമെ! ഇനിയെത്ര നാളാണു ഈ സാധുക്കൾ കഷ്ടപ്പെടേണ്ടതായി വരുന്നതു്. ഈ തരം നീചവൃത്തികൾ നിശ്ചയമായും നീണ്ടുനില്ക്കയില്ല. ഇനി കാലവിളംബം കൂടാതെ ഈ കൃത്രിമ മാൻചാററം സ്വയം പ്രകൃത്യാകൃതികളോടുകൂടി പ്രശോഭിക്കട്ടെ.

32 D.
94243
F7

# അഞ്ചാം അദ്ധ്യായം.

## മോചനം.

ലോകം നവംനവങ്ങളായ പരിഷ്കൃതികൾകൊണ്ടു് നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. പാരമ്പൎയ്യമായി വിശ്വസിച്ചുപോന്ന അന്ധവിശ്വാസങ്ങളെല്ലാം എരിതീയിൽ വെണ്ണയെന്നവിധം ദ്രവിച്ചുപോയി. മഹാമേരുവാണെന്നു വിചാരിച്ചിരുന്ന ഹിമവാൻപൎവ്വതത്തിനപ്പുറം രാജ്യങ്ങളില്ലെന്നും, ജംബൂദ്വീപം കുശദ്വീപം ഇവിടെത്തന്നെയാണെന്നും മററും ഉണ്ടായിരുന്ന വിശ്വാസം നവീനവിദ്യാഭ്യാസപ്രചാരണത്തോടുകൂടി പാടേ നശിച്ചു. ചാതുൎവ്വൎണ്ണ്യത്തിൽ ബ്രാഹ്മണേതരന്മാരായ ജനങ്ങൾ, ചതുൎമ്മുഖമുഖപത്മത്തിൽനിന്നുത്ഭവിച്ചവരെന്നു വിശ്വസിച്ചിരുന്ന ഭൂദേവന്മാരുടെ പെരുമാററത്തിന്റെ ഭയങ്കരത്വംകൊണ്ടു് അനുഭവിച്ച സങ്കടങ്ങൾ കാലത്തിന്റെ അനുക്രമഗതിയാൽ ഏതാണ്ടു ശാന്തമായിത്തീൎന്നിരിക്കുന്നു. കഷ്ടം ജാതിപ്രഭാവത്തിന്റെ അപ്രതിഹതശക്തി ലോകത്തെ എത്രമാത്രം അധഃപതിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുത പൎയ്യാലോചനാശീലന്മാരുടെ ചിന്തയ്ക്കു വിഷയീഭവിച്ചപ്പോൾ, പരമാൎത്ഥബോധം ഉണ്ടായ ലോകം ഐകകണ്ഠ്യേന സഹതപിക്കാനും, ആ ആപൽപ്രദമായ അനുഭവത്തെ എത്രയും വേഗത്തിൽ ഇല്ലാതാക്കാനും പരിശ്രമിച്ചുതുടങ്ങി. തൽഫലമായി ആ പരമസങ്കടത്തിന്റെ പരിധി മിക്കവാറും കുറഞ്ഞുവരുകയും ചെയ്യുന്നു. പിതാമഹന്റെ പ്രധാനപ്പെട്ട ചതുരംഗങ്ങൾ മനുഷ്യജാതിയുടെ ഉത്ഭവത്തിനു കാരണമായിട്ടുണ്ടോ? അങ്ങനെ ആണെങ്കിൽ ഇപ്പോഴും അവിടെനിന്നു ജനിക്കാത്തതെന്തുകൊണ്ടു്? ഇതു പരമാൎത്ഥമായി സംഭവിക്കുമെങ്കിൽ പത്തുമാസം ഗർഭഭാരം വഹിക്കുകയും നാനാവിധം കഷ്ടതകളനുഭവിക്കുകയും ചെയ്യാതെ നമ്മുടെ സ്ത്രീജനങ്ങൾ നിത്യകന്യകകളായിരിക്കുമായിരുന്നല്ലൊ; സ്ത്രീകൾക്കു് നിത്യകന്യകാത്വം ഉള്ളതുകൊണ്ടു് നമുക്കു് ദേവന്മാരാകുകയും, അവർ എടുത്തു സൂക്ഷിച്ചിട്ടുള്ള അമൃതത്തിന്റെ പങ്കിനു് അവകാശവ്യവഹാരം കൊടുക്കുകയും ചെയ്യാമായിരുന്നു. ഒരിക്കലെങ്കിലും അനുഭവപ്പെടാത്തതും, സംഭാവ്യമെന്നു തോന്നാത്തതും, ആയ ന്യായത്തെ മുറുകെപ്പിടിച്ചുകൊണ്ടു്, സാധുജനതയുടെ അഭ്യുദയമാ

ൎഗ്ഗങ്ങളെ തടയുകയും, അവരെ നിത്യസങ്കടം അനുഭവിപ്പിക്കുകയും ചെയ്യുന്നത് പരിഷ്കൃതമാനസന്മാൎക്ക് രുചിക്കുന്നതാണോ? എന്തെല്ലാം ആചാരങ്ങളാണ് മനുഷ്യരുടെ ഇടയിൽ കടന്നുകൂടിയിട്ടുള്ളത്. ആ അൎത്ഥമില്ലാത്ത ആചാരപരമ്പരകൾ എന്തെല്ലാം അസ്വാതന്ത്ര്യങ്ങളേയും, നാശങ്ങളേയുമാണ് വലിച്ചുവെക്കുന്നത്. ഇപ്രകാരമുള്ള ആചാരങ്ങളെ സൃഷ്ടിച്ച ജനതതി പരിഷ്കൃതസമുദായത്തിൽപ്പെട്ടതുതന്നെയോ? ആരെങ്കിലും അതിനെ സമ്മതിക്കുമോ? അയ്യോ! ജഗദീശന്റെ അരുമസ്സന്താനങ്ങളായ സകല ജീവരാശികളും ലോകത്തിൽ സമതാതേന വൎത്തിച്ച് സകലവിധ സുഖങ്ങളും ഒരുപോലെ അനുഭവിച്ചുകൊള്ളണമെന്നുള്ള ജഗൽപിതാവിന്റെ നിശ്ചയത്തെ ബലാൽ ദുർബലപ്പെടുത്തുന്ന, ആചാരപരമ്പരകൾക്കും ശൈഥില്യം കണ്ടുതുടങ്ങിയിരിക്കുന്നു. ഇത് ലോകത്തിന്റെ ഉന്നമനത്തിനുള്ള സൂചകമായി സന്തോഷിക്കാവുന്നതാണ്. മൃഗപക്ഷിവൎഗ്ഗങ്ങളേയോ അഥവാ മനുഷ്യരെത്തന്നെയോ ബലികൊടുത്ത് ഈശ്വരപ്രീതിവരുത്തുന്ന കൎക്കശനിയമങ്ങളും ഇക്കാലത്ത് അസ്ഥിരങ്ങളായിത്തുടങ്ങുന്നു. ദുൎമ്മന്ത്രവാദപ്രചാരത്തിന്റേയും അസ്ഥിവാരം മിക്കവാറും തോണ്ടിത്തുടങ്ങിയിരിക്കയാണ്. എന്നുവേണ്ട ലോകത്തിൽ കാണപ്പെട്ടിരുന്ന മൂഢവിശ്വാസങ്ങളെല്ലാം സൂൎയ്യനുദിക്കുമ്പോൾ സ്ത്രീകളുടെ തലമുടിയിലും ആനയുടെ ദേഹത്തും ചോലയിലുമായി പാഞ്ഞൊളിക്കുന്ന അന്ധകാരം എന്നപോലെ, യഥാൎത്ഥജ്ഞാനോദയത്തോടുകൂടി പാഞ്ഞൊളിച്ചു തുടങ്ങിയിരിക്കുന്നു. എന്നാൽ ഇന്നും അജ്ഞാനം വിളങ്ങുന്ന സ്ഥലങ്ങളിൽ ഈ മൂഢവിശ്വാസം അസാധാരണശക്തിയോടുകൂടി പ്രചരിക്കുന്നുമുണ്ട്. വാസ്തവത്തിൽ അന്ധവിശ്വാസമാണെന്നു പറയാറുണ്ടെങ്കിലും അതിന് മിക്കവാറും ഫലം ഉള്ളതായി കാണപ്പെടുന്നുണ്ട്. മന്ത്രവാദത്തിനു ശക്തി ഉണ്ടെന്നും ഇല്ലെന്നും ഉള്ള രണ്ടുപക്ഷത്തേയും മുറുകെപ്പിടിച്ചുകൊണ്ട് വാദിക്കാനും, സ്വാഭിപ്രായംപോലെ സാധിക്കാനും പ്രാപ്തിയുള്ളവർ എല്ലായിടത്തുമുണ്ട്. എന്നാൽ അതിന്റെ ശക്തി ഫലിക്കുന്നത്, അതിൽ പരിപൂൎണ്ണവിശ്വാസമുള്ള ആളുകളുടെ ഇടയിൽ മാത്രമാണ്. കൎമ്മം ചെയ്യുന്ന ആളും, കൎമ്മഫലം ഏല്ക്കുന്ന ആളും, നല്ല വിശ്വാസികളാണെങ്കിൽ അതിന് നിശ്ചയമായും പ്രയോജനമുണ്ടാകുന്നതാണ്.

കരിമ്പിൻനീര് ശക്കര പഞ്ചസാര മുതലായവയായിത്തീരുന്നപോലെ മന്ത്രവാദശക്തികൊണ്ട് മാനിന്റെ രൂപമെടുത്ത

രാജകുമാരന്ന് ആകൃതിയിലല്ലാതെ, പ്രകൃതിയിൽ വ്യത്യാസം വ രാതിരുന്നതുകൊണ്ടു് തന്റെ അവസ്ഥയെപ്പററി അതിയായ കണ്ഠിതമാണുണ്ടായതു്. അവിടെത്തന്നെ തന്റെ ജീവിതശേഷം നയിക്കേണ്ടതായി വന്നേക്കുമോ എന്നുള്ള ഭയവും, ഇടയിൽ ഇപ്രകാരം സംഭവിച്ചതുകൊണ്ടു് തന്റെ ഉദ്ദിഷ്ടസംഗതി അസാദ്ധ്യപ്രായത്തിൽതന്നെ കലാശിച്ചല്ലൊ എന്നുള്ള കണ്ഠിതവും അദ്ദേഹത്തെ വിഷമിപ്പിച്ചപ്പോൾ കണ്ണുകളിൽനിന്നു് ജലം ധാരധാരയായി ഒഴുകിത്തുടങ്ങി. ദൈവമേ! ഈ അപകടത്തിൽ നിന്നു് എന്നെ രക്ഷിപ്പാൻ കരുണയുണ്ടാകണമേ എന്നു് ഒരു വിവേകശക്തിയുള്ള മനുഷ്യനെക്കൊണ്ടു് സാധിക്കുന്നവണ്ണം നമസ്കരിച്ചു. ഓരോന്നോരോന്നായി പന്ത്രണ്ടുദിവസം കഴിഞ്ഞിട്ടും നിവൃത്തിമാർഗ്ഗം ഉണ്ടാകാതിരുന്നതിനാൽ വെറും നിരാശനായി തീൎന്നു എങ്കിലും "ധൈൎയ്യം പുരുഷലക്ഷണം" എന്ന പുരാണവചനത്തെ അക്ഷരംപ്രതി അനുഷ്ഠിക്കുകയും, ജയം നേടുകയും ചെയ്യണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി ഓരോ വഴികൾ അന്വേഷിച്ചുകൊണ്ടേഇരുന്നു. ഒരുദിവസം പടിവാതലിനരികെ ചെന്നുനോക്കി. അവിടെ കാവൽക്കാർ ആരുംതന്നെ ഉണ്ടായിരുന്നില്ല. ഇതു് തന്റെ ഉദ്ദേശ്യസിദ്ധിക്കുള്ള ശുഭശകുനമെന്നു കല്പിച്ചുകൊണ്ടു് മതിൽ പൊക്കമേറിയതെങ്കിലും ചാടിക്കടക്കാമോ എന്നു പരിശോധിക്കാനുറച്ചു. ചാടിത്തുടങ്ങി. ഓരോ ചാട്ടം കഴിയുമ്പോഴും മുൻപു താൻ നിന്ന സ്ഥലത്തുതന്നെയാണു് നില്ക്കുന്നതെന്നു രാജകുമാരനു തോന്നി ഓരോ ചാട്ടത്തിനും ഓരോ മതിൽ കടക്കുന്നുണ്ടായിരുന്നു എങ്കിലും വീണ്ടും ആ തരത്തിലുള്ള മതിൽതന്നെ മുൻപിൽ കാണപ്പെടുന്നതുകൊണ്ടായിരുന്നു ഇപ്രകാരം സംശയം നേരിട്ടതു്. വളരെ ശ്രമപ്പെട്ടും നിരാശനായും ഉണ്ടായിരുന്ന ഏഴുമതിലുകളും ചാടിക്കടന്നു് മൈതാനത്തിലെത്തിയപ്പോൾ എന്തെന്നില്ലാത്ത ആഹ്ളാദം അദ്ദേഹത്തെ "ശ്രമം വിജയസാധനം" എന്ന തത്വത്തിൽ പരിപൂൎണ്ണവിശ്വാസിയാക്കി. കുറേ അകലെ ഒരു മനോഹരമായ പ്രാസാദം പ്രകാശിച്ചുകൊണ്ടുനിന്നിരുന്നു. രാജരാജന്മാരുടെ അധിവാസത്തിനുചിതമായവിധത്തിൽ പലവിധവിചിത്രവേലകൾകൊണ്ടു വിരാജിതവും, സുരശില്പിയാൽ വിരചിതമെന്നു തോന്നത്തക്കവണ്ണം അതിരമ്യവും ആയ ആ മണിമന്ദിരത്തിൽ മനുഷ്യരാരെങ്കിലുമുണ്ടെങ്കിൽ അവരുടെ കൈയ്യിൽ അകപ്പെട്ടാൽ തനിക്കു വല്ല ഗതിയും ഉണ്ടായെങ്കിലൊ എന്നുള്ള വിചാരത്തോടുകൂടി, അതിന്റെ മുൻഭാഗത്തു തുള്ളിക്കളിച്ചുകൊ

ണ്ടിരുന്നു. ആ മഹാമന്ദിരത്തിൻെറ ഏഴാമത്തെ നിലയിൽ അതിസുന്ദരികളായ അസംഖ്യം തോഴികളോടൊന്നിച്ചു കേളിയാടിക്കൊണ്ടിരുന്ന ഒരു സ്ത്രീരത്നം പുറത്തേക്കു നോക്കിയപ്പോൾ, അവിടെ ഭംഗിയായി തുള്ളിക്കളിക്കുന്ന ആ മാൻകുട്ടിയെ കാണുകയും. അതിനെ പിടിച്ചുകൊണ്ടുചെല്ലുന്നതിന്ന് തോഴിമാരോട് ആജ്ഞാപിക്കുകയും ചെയ്തു.

ഉടനെ രണ്ടു തോഴികൾ മാനിനെ പിടിക്കാൻ പുറപ്പെട്ടു; രോഗി ഇച്ഛിച്ചതുംപാൽ; വൈദ്യൻ കല്പിച്ചതുംപാൽ എന്നു പറഞ്ഞതുപോലെ മാനിൻെറയും തോഴികളുടേയും ആന്തരം ഒന്നായിരുന്നതുകൊണ്ട്, അവൎക്ക് അതിനേ പിടിക്കാൻ യാതൊരു ബുദ്ധിമുട്ടുമുണ്ടായില്ല. ഉടൻതന്നെ ആ സ്ത്രീരത്നത്തിൻെറ അധീനത്തിലായിത്തീൎന്നു രാജകുമാരൻ. തേൻകൊണ്ടും കോതമ്പുകൊണ്ടും ഉണ്ടാക്കിയിട്ടുള്ള പല പലഹാരങ്ങളും, മധുരമുള്ള പലമാതിരി പഴങ്ങളും കൊടുത്തു മാനിൻെറ പാരവശ്യഭാവത്തെ അകററുന്നതിനാണ് അവൾ ആദ്യമായി ഏൎപ്പാടുചെയ്തത്. അവൾ ആ മാൻകുട്ടിയെ എടുത്തു തൻെറ മടിയിൽവെച്ചു മൃദുലകോമളമായ കരപല്ലവത്താൽ സ്നേഹപൂൎവ്വം തലോടാൻ തുടങ്ങിയപ്പോൾ ആ കൃത്രിമ മാനിനുണ്ടായ പരമാനന്ദാനുഭൂതി എത്രമാത്രമെന്നു വൎണ്ണിക്കാൻ പ്രയാസംതന്നെ. ഉൎവ്വശിശാപം ഉപകാരമായിത്തീൎന്ന അൎജ്ജുനനെപ്പോലെ നവസുന്ദരിയുടെ മന്ത്രവാദശക്തി കുമാരനേയും ആനന്ദിപ്പിച്ചു. തൻെറ പഴയ വേഷംതന്നെ ആയിരുന്നു എങ്കിൽ ഈ സ്ത്രീരത്നത്തിൻെറ പല്ലവാംഗുലികൾകൊണ്ടു സ്നേഹപൂൎവ്വം നൽകപ്പെടുന്ന പലഹാരങ്ങൾ ഭക്ഷിക്കുന്നതിനും ആ കൈകൾകൊണ്ടുള്ള ശുശ്രൂഷകൾ അനുഭവിച്ചു സുഖിക്കുന്നതിനും ഉള്ള ഭാഗ്യം തൽക്കാലം ലഭിക്കയില്ലായിരുന്നു എന്നു വിചാരിച്ചു കുമാരൻ സന്തോഷിച്ചു. എന്നാൽ ഇപ്രകാരം അവാച്യമായ സുഖാനുഭവം കരഗതമായ കാലത്തും തൻെറ യാത്രയിൽ സംഭവിച്ച ഈ വിഘാതംകൊണ്ട് ഉദ്ദിഷ്ടകാൎയ്യലാഭം ഉണ്ടാകാതെ അന്തകൻെറ അന്തികം അണയുംവരെ മനോദുഃഖം അനുഭവിക്കേണ്ടിയിരിക്കുന്നല്ലോ എന്നോൎക്കയും അതിൻെറ ശാന്തിക്കായി ജഗൽപിതാവിനെ അനുസ്മരിക്കയും ചെയ്യുന്നതിൽ മൗനം ദീക്ഷിച്ചില്ല. മൂന്നു നാലുദിവസം കഴിഞ്ഞു് ഒരുദിവസം തൻെറ വിധിയുടെ കാഠിന്യമോൎത്തു് ഇതികൎത്തവ്യതാമൂഢനായിത്തീൎന്ന കുമാരൻെറ കണ്ണുകളിൽനിന്നു കുടുകുടെ കണ്ണുനീർ പൊഴിയുന്നതുകണ്ടു് ഈ മാൻകുട്ടി കരയാൻ

കാരണമെന്തെന്നു തന്റെ തോഴിമാരോടു ചോദിച്ചുകൊണ്ടു് ഉടനെ അതിന്റെ അടുത്തുചെന്നിരുന്നു് അതിന്റെ പുറമെല്ലാം വാത്സല്യപൂർവം തടവുകയും, അതിന്റെ സന്താപത്തെ നശിപ്പിക്കയുംചെയ്തു.

രാജകുമാരനെ താലോലിച്ചു രസിച്ച ആ സ്ത്രീരത്നത്തിന്റെ പേർ മണിമാലിക എന്നാണു്. അവൾ യഥാർത്ഥത്തിൽ മണിമാലികതന്നെ. അവളുടെ ആ പേർ വായനക്കാർക്കു് ഇഷ്ടപ്പെടുന്നുണ്ടോ? പേരിനനുരൂപമായ ആ ആകൃതി സർവ്വലക്ഷണങ്ങളുമൊത്തതാണെന്നുതന്നെ പറയാം. അതിശയോക്തിപ്രയോഗത്തിൽ വിരുതന്മാരായ ചില കവികൾ, ഇല്ലാത്ത ഗുണങ്ങളും ഉണ്ടെന്നു പറഞ്ഞു വർണ്ണിക്കാറുള്ള ഒരു സ്ത്രീരത്നമല്ല ഈ മണിമാലിക. ആകൃതിയും പ്രകൃതിയും ഇതുപോലെ മനോഹരമായിത്തോന്നുന്ന ഒരു സൃഷ്ടി ഇതേവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകയുമില്ല. പ്രപഞ്ചശില്പിയുടെ കരകൗശലരസികത്വം ആസ്വദിക്കണമെന്നു നിങ്ങൾക്കു് ആഗ്രഹം ഉണ്ടെങ്കിൽ ഈ അപൂർവസൗഷമാമൃതരസത്തെ ഇഷ്ടംപോലെ പാനംചെയ്തുകൊള്ളുവിൻ. അവൾ അതാ ആ ബാലഹരിണത്തെ മടിയിലിരുത്തി ആ മൃദുലപല്ലവാംഗുലികളാൽ തലോടുകയും അതിന്റെ നേരേ കൃപാകടാക്ഷം ചൊരിഞ്ഞുകൊണ്ടിരിക്കയും ആണു്. അവൾ അല്പം ഒന്നു കുനിഞ്ഞിരിക്കയാൽ ആ മുഖപത്മത്തിന്റെ സൌകുമാര്യം മുഴുവൻ കാണുന്നതിനും ആ ആലോലകോമളിമയെ ആസ്വദിക്കുന്നതിനും നിവൃത്തിയില്ല. വിദ്യാദേവത അനവദ്യാംഗ തിരളുന്ന വിപഞ്ചിക എടുത്തു് അങ്കത്തിൽ ചേർത്തു് അതിമധുരസ്വരം പുറപ്പെടുവിക്കുന്നതായി കാണിക്കുന്ന നല്ല ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടോ? അതിവിരുതന്മാരായ ചിത്രകാരന്മാർ എഴുതിയിട്ടുള്ളതു തന്നെയാണു നിങ്ങൾ കണ്ടിട്ടുള്ളതെങ്കിൽ ആ ചിത്രത്തിനു ചൈതന്യംകൂടി ഉണ്ടായാലുള്ള ആകൃതിമനസൗഷമാവിശേഷം തന്നെയല്ലേ ഇവിടെയും പ്രത്യക്ഷപ്പെടുന്നതു്. തെററിപ്പോയി, ആ വീണയ്ക്കു പകരം മാനിനേയാണു കാണുന്നതു്. അംഗുലിവിഭ്രമം രണ്ടുഭാഗത്തും തുല്യമായുണ്ടു്. ആ മാർദ്ദവമേറുന്ന കൈത്തളിരിന്റെ ശോണിമയും, ആകൃതിവിശേഷവും മാനിനെ തടവുമ്പോൾ കൈയ്യിൽ ധരിച്ചിട്ടുള്ള കങ്കണാദികൾ തമ്മിൽ ഉരുമ്മിയുണ്ടാകുന്ന ശിഞ്ജിതസ്വനവും, എത്രമാത്രം ഹൃദയമോഹനമായിരിക്കുന്നു. ഈ സുകുമാരലക്ഷ്മിയെ പ്രത്യംഗം വർണ്ണിക്കാൻ എനിക്കു ശക്തിയില്ല.

വായനക്കാരെ, നിങ്ങൾതന്നെ നിങ്ങളുടെ ശക്തിക്കും യുക്തിക്കും തക്കവണ്ണം വൎണ്ണിച്ചുകൊള്ളുവിൻ. നവതാരുണ്യത്തിലേക്കു കാലൂന്നിയിരിക്കയാൽ വികസിക്കാറായ ഒരു സുരഭിലകുസുമംപോലെ രമ്യമായ ആ തനുകാന്തി ദർശനീയം തന്നെയല്ലേ? അവളുടെ മുഖചന്ദ്രൻ എത്ര പ്രശാന്തരശ്മിയാണു വിതറുന്നതു്. ചുരുണ്ടു നീണ്ടു പാദംവരെ എത്തുന്ന തലമുടി പുറകിലോട്ടു കെട്ടിവച്ചിരിക്കയാണു്. അതിൽ ഒരു മുല്ലമാലയും ഭംഗിയായി തിരുകിയിരിക്കുന്നു. നെററിയിലേക്കു തൂങ്ങുന്ന അളകങ്ങൾ തരംഗപരമ്പരപോലെ സദാ ചഞ്ചലിതമായി ആ മുഖകമലത്തിനു് അളവററ കാന്തിയെ പ്രദാനം ചെയ്യുന്നു. കറുത്തു്, ഇടതൂൎന്നു്, വീതികുറഞ്ഞുള്ള അവളുടെ ഭ്രൂക്കൾ സവിലാസം അഭിനയിച്ചുകൊണ്ടു യുവരസികന്മാരുടെ ഹൃദയഭേദനം ചെയ്യുന്നുണ്ടു്. കിളിച്ചുണ്ടുപോലുള്ള നാസികയും, ആ പ്രവാളാധരവും മുല്ലമൊട്ടുകൾ പോലെയുള്ള ദന്തങ്ങളും തുടുത്തു കൊഴുത്തുള്ള ഗണ്ഡസ്ഥലങ്ങളും കാണികളുടെ മനസ്സിനെ ആകർഷിക്കതന്നേ ചെയ്യുന്നുണ്ടു്. കാതിൽ രണ്ടു വജ്രക്കമ്മലുകളാണു് അവൾ ധരിച്ചിരിക്കുന്നതു്. അതിന്റെ ജാജ്വല്യമാനമായ കാന്തിപ്രചുരിമയാൽ ഗണ്ഡസ്ഥലങ്ങളുടെ ആസ്വാദ്യരാമണീയകത്തെ അനന്തമാക്കി ചെയ്യുന്നു. അതിപ്രകാശമാനങ്ങളായി നീണ്ടുള്ള അക്ഷിദ്വയങ്ങൾ, ആ മുഖത്തിനു പ്രത്യേക ജീവനാണു്. മയ്യെഴുതി ഇതേവരെ അവളുടെ നേത്രങ്ങളെ വേദനിപ്പിച്ചിട്ടില്ലെങ്കിലും കുറഞ്ഞൊരു നീലിമ യഥാസ്ഥലങ്ങളിൽകളിയാടുന്നതുകൊണ്ടു് എത്രമാത്രം അഴകു് അവയ്ക്കുണ്ടെന്നു നിങ്ങൾ സൂക്ഷിച്ചുനോക്കിക്കൊള്ളണം. ആ മാൻകുട്ടിയുടെ കളി കണ്ടു് അതീവവാത്സല്യത്തോടുകൂടി അതാ അവൾ പുഞ്ചിരിക്കൊള്ളുന്നു; ആ പുഞ്ചിരിപ്പുനിലാവുകൊണ്ടു സർവ്വദിഗന്തങ്ങളും പ്രസന്നമായിത്തീൎന്നുപോകുന്നില്ലേ? കംബുകണ്ഠികൾ എന്നു സ്ത്രീകളെ വൎണ്ണിച്ചുതുടങ്ങിയതു് ഇവളുടെ ആ കഴുത്തിന്റെ വൈചിത്ര്യം കണ്ടറിഞ്ഞുകൊണ്ടുതന്നെയാണു്. അവൾ ഒരു പതക്കവും മാലയും മാത്രമേ ഇപ്പോൾ ധരിച്ചിട്ടുള്ളു. ആ ആഭരണങ്ങൾ അവളുടെ കഴുത്തിനും കഴുത്തു് ആ ആഭരണങ്ങൾക്കും ആധാരങ്ങളായിനിന്നു പരസ്പരം ശോഭയേ ദാനംചെയ്യുന്നില്ലേ? ഇളം നാളികേരംപോലെയുള്ള കുചയുഗ്മങ്ങളെക്കൊണ്ടു ശോഭിച്ചിരുന്ന വക്ഷോദേശം പ്രത്യേകം ഒന്നു വീക്ഷിക്കേണ്ടതാണു്. കുചങ്ങൾ നാളികേരസദൃശമെന്നു പറഞ്ഞതുകൊണ്ടു് അതിന്റെ കാഠിന്യവുംകൂടി ഉണ്ടെന്നു ശങ്കിക്കേണ്ട. അതിമൃദുലങ്ങളായകൈ

തണ്ടുകളിൽ കാണുന്ന വജ്രകടകങ്ങളുടെ ശോഭയും, മാൻകുട്ടിയുടെമേൽ തടവുമ്പോഴുള്ള അംഗുലിവിഭ്രമവും, അതിന്റെ രമ്യതയും എത്രമാത്രമെന്ന് അല്പംമുൻപു നിങ്ങൾ പരിശോധിച്ചു കഴിഞ്ഞല്ലോ. അവൾ പ്രശാന്തയായി കാണപ്പെടുന്നുവെങ്കിലും പരപുരുഷന്മാരുടെ അന്യായമായ സംരംഭത്തെ അങ്കുരിക്കുന്ന മാത്രയിൽതന്നെ ഉന്മൂലനം ചെയ്യത്തക്ക ഗംഭീരനോട്ടങ്ങൾ അവൾക്കു വശമാണ്. ആ തീക്ഷ്ണകടാക്ഷങ്ങളേററുപോയാൽ മന്ത്രശക്തിയേററ ഫണി എന്നപോലെ പത്തിതാഴ്ത്തി, പറയും പോലെ ആടേണ്ടതായി വന്നുപോകും. അതാ അവൾ എഴുന്നേൽക്കുന്നു. അവളുടെ ശരീരം അത്ര ദീർഘമോ ഹ്രസ്വമോ അല്ല. ഓരോ അവയവങ്ങളും വാർത്തെടുത്തു മിനുക്കി ചേർത്തതുപോലെ തോന്നുന്നു. അതികൃശമായ മധ്യപ്രദേശം, ക്ഷാമപീഡിതമായിട്ടാണു കാണപ്പെടുന്നതു്. എന്നാൽ പകരമോ എന്നു തോന്നുമാറ് പൃഷ്ഠദേശം അഭിവൃദ്ധമായിട്ടുമുണ്ട്. പ്രത്യേകമായോ, ആകപ്പാടെയോ നോക്കിയാൽ യാതൊരു വൈരൂപ്യവും, മററുദൂഷ്യങ്ങളും കാണാനില്ലാത്ത ഇവളുടെ തനുസൗഭാഗ്യം മനുഷ്യജാതിയിൽ മറെറാരു സ്ത്രീയ്ക്കും ഇതേവരെ ലഭിച്ചിട്ടില്ല തന്നെ. വല്ല അപ്സരസ്ത്രീയെന്നോ മറേറാ നിങ്ങൾ ശങ്കിച്ചുപോകരുതു്.

“മനുഷ്യലോകാംബലമാരിലീദൃശം മനോജ്ഞമാം രൂപമുദിപ്പതെങ്ങനെ” എന്നു ആരും സംശയിക്കും. ഇവൾ സർവ്വലക്ഷണവിഭൂഷിതയെന്നു മാത്രമല്ല സർവ്വഗുണസമ്പന്നയുമാണ്. സർവ്വവിധമായ കലാവിദ്യകളിലും പരിപൂർണ്ണമായ ജ്ഞാനം ഇവൾ സമ്പാദിച്ചിട്ടുണ്ട്. ഇത്ര ജീവകാരുണ്യം വഴിഞ്ഞൊഴുകുന്ന ഒരു ഹൃദയം മറെറങ്ങുംകാണാൻ പ്രയാസംതന്നെ. ആ മാനിന്റെ കണ്ണുകളിൽനിന്നു് കണ്ണീരൊഴുകുന്നതുകണ്ടു് അതിന്റെ അടുത്തിരുന്നു അതിനെതലോടുകയും ഇതിന്റെരഹസ്യമെന്തെന്നറിയാൻ നിവൃത്തിയില്ലാത്തതിനാൽ പരിതപിക്കയും ചെയ്യുന്നു. വെറും നിസ്സാരമായ ഒരുജന്തുവിനോടു് ഇത്രസഹതാപം ഉണ്ടായിരിക്കുന്നതു് അവളെ ഏതൊരു മഹൽഗുണം പ്രേരിപ്പിക്കുന്നതുകൊണ്ടാണാവോ? തോഴിമാരെ പലഹാരങ്ങൾ കൊണ്ടുവരാൻ അയച്ചുകഴിഞ്ഞു. അതാ തോഴിമാർ കൊണ്ടുവന്ന പലഹാരങ്ങൾ എടുത്തു് മാനിന്റെ നേരേ നീട്ടുന്നു. എന്നിട്ടും അതിന്റെ സങ്കടം അവസാനിക്കുന്നില്ലെന്നു കണ്ടതിനാൽ അവൾ തോഴിമാരോടെന്തോ പറയുന്നു. എന്താണെന്നു് നമുക്കൊന്നു ശ്രദ്ധിക്കാം.

MUL
094243



"തോഴിമാരെ! ഇതു മാനല്ല മനുഷ്യനാണു്. നവസുന്ദരിയുടെ കൃത്രിമത്തിന്റെ ഫലമാണു് ഈ മനുഷ്യൻ ഇങ്ങനെ കണ്ടപ്പെടേണ്ടിവന്നിരിക്കുന്നതു്. ഇത്തരം ദുഷ്കൃത്യങ്ങൾചെയ്വാൻ തക്കമെ നശ്ശക്തി അവൾക്കേ ഉള്ളൂ. ആകട്ടെ നമുക്കൊന്നു പരിശോധിക്കാം. വേഗം ഒരു കിണ്ടി വെള്ളംകൊണ്ടുവരിക." അവൾ കുളിച്ചു് ശുഭ്രവസ്ത്രവുംധരിച്ചു് നവസുന്ദരി ചെയ്തതുപോലെ കുറേ ലേഹ്യം മാനിന്റെവായിൽ ഇട്ടുകൊടുത്തു. തന്റെ കിടക്കയുടെ കീഴിൽ സൂക്ഷിച്ചിരുന്ന ഒരു ചൂരലെടുത്തു് ആ മാനിന്റെ ഭുജത്തിൽ ഒന്നുതട്ടിയപ്പോൾ അതു നിശ്ചേഷ്ടമായിത്തീൎന്നു. പിന്നീടു കസവുചേൎത്തു നെയ്ത ഒരു പട്ടുകൊണ്ടു മൂടിയിട്ടു മന്ത്രോച്ചാരണപൂൎവ്വം കുറേജലംതളിച്ചപ്പോൾ ആ ജഡവസ്തുവിനു ചൈതന്യമുണ്ടായിത്തുടങ്ങി. ഗ്രഹണവേളകഴിഞ്ഞു രാഹുവിനാൽ മോചിക്കപ്പെടുന്ന ചന്ദ്രൻ എന്നപോലെ തേജോമയനായിട്ടു് രാജകുമാരൻ എഴുനേററു. പിശാചു, മന്ത്രം, ദേവതകൾ ഇവ അന്ധവിശ്വാസങ്ങളിന്മേൽ സ്ഥാപിതങ്ങളാണെന്നും, ഇവയുടെ പരമാൎത്ഥതത്വങ്ങൾ അന്വേഷിക്കയും, ഏതെങ്കിലും വിധത്തിൽ ആ തത്വം ഇന്നതെന്നു് മനസ്സിലാക്കുകയും ചെയ്യുന്ന മഹാത്മാക്കൾ അപൂൎവ്വമായും, ഉണ്ടെങ്കിൽതന്നെയും വളരെ രഹസ്യമായും ഇരിക്കുന്നതിനാൽ അവ അന്ധവിശ്വാസങ്ങളാണൊ അല്ലയൊ എന്നു നിൎണ്ണയിക്കാൻകഴിയുന്നില്ല. ഇവ എല്ലാം മനുഷ്യരുടെ വിശ്വാസങ്ങളിന്മേൽ സ്ഥാപിതങ്ങളായി എന്നും ആ വിശ്വാസത്തിന്റെ അഭാവത്തിൽ മിത്ഥ്യാഭ്രമങ്ങളായിത്തീരുന്നു എന്നും വിചാരിക്കാനെ തല്ക്കാലം മാൎഗ്ഗമുള്ളൂ. സൎവ്വം ഏകമയമെന്നു വിശ്വസിക്കുന്ന സന്യാസികളെ മേൽപറയപ്പെട്ട ശക്തികൾ ബാധിക്കുന്നതായി കാണാറില്ല. അതു് അവരുടെ വിശ്വാസത്തിന്റെ ഫലമാണു്. അതുകൊണ്ടു വിശ്വാസമാണു് എല്ലാം ഉണ്ടെന്നും ഇല്ലെന്നും ഉള്ളതിനു കാരണം എന്നു മനസ്സിലാക്കണം.

മാനിന്റെരൂപത്തിൽകണ്ട രാജകുമാരന്റെ കോമളവിഗ്രഹത്തിന്റെ സൌന്ദൎയ്യസമ്പല്ലഹരിയാൽ അത്ഭുതപരതന്ത്രയായിത്തീൎന്ന മണിമാലിക തന്റെ മഹൽകൃത്യത്തിന്റെ ഔചിത്യം ഓൎത്തു ആനന്ദിച്ചു. അവൾ കുമാരനെ ആപാദമസ്തകം ഒന്നു നോക്കി. അപേക്ഷിക്കാതെതന്നെ അതിസങ്കടാവസ്ഥയിൽനിന്നു തന്നെ രക്ഷിച്ച മണിമാലികയോടു് അളവററ ഭക്തിബഹുമാനങ്ങൾ തോന്നുകയാൽ, ഹേ സുന്ദരീ, നിങ്ങൾ എനിക്കുവേ

ണ്ടി ചെയ്ത ഈ വലിയസഹായത്തിന്നു ഞാൻ എന്നും കൃതജ്ഞനായിരിക്കും എന്ന് താഴ്മയായി അറിയിച്ചു.

മണി:—അങ്ങിനെ പറയാനില്ല. പരോപകാരം ചെയ്യേണ്ടത് നമ്മുടെ കൎത്തവ്യമാണ്. ആ സ്ഥിതിക്ക് ഞാൻ ചെയ്ത പ്രവൃത്തിയെപ്പററി പ്രശംസിക്കാനില്ല.

രാജകു:—നിങ്ങളുടെ പരോപകാരതല്പരബുദ്ധി എന്നും വിളങ്ങട്ടെ. നിങ്ങൾ കൎത്തവ്യം തന്നെ ആചരിച്ചു എങ്കിലും കാണിച്ച മനോധൎമ്മത്തിന്നു വളരെ വന്ദനം പറയേണ്ടതാണ്. എന്റെ പൂൎവ്വസ്ഥിതികൾ യാതൊന്നും പരിചയമില്ലാതിരിക്കെ മാനിന്റെ ആകൃതികണ്ടു് ആരുടെയോ കൃത്രിമംകൊണ്ടു് ഒരു മനുഷ്യൻ മാനായിത്തീൎന്നതാണെന്നു ശങ്കിക്കയും ഉചിതമായ പ്രതിവിധിചെയ്തു് രക്ഷിക്കണമെന്നു നിശ്ചയിക്കയും ചെയ്ത ആ ബുദ്ധിശക്തിയെ പ്രശംസിക്കേണ്ടതാണ്.

മണി:—അങ്ങിനെയുമിരിക്കട്ടെ. നിങ്ങളുടെ പൂൎവ്വചരിത്രം അറിയിക്കുന്നതുകൊണ്ടു വിരോധമില്ലെങ്കിൽ അങ്ങിനെചെയ്തു എന്റെ ആഗ്രഹപൂൎത്തിവരുത്തിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

രാജ:—നിങ്ങൾ അപേക്ഷിച്ചില്ലെങ്കിൽ എന്റെ ഏതൽകാലപൎയ്യന്തമുള്ള ചരിത്രം നിങ്ങളെ അറിയിക്കണമെന്നു വിചാരിച്ചിരിക്കയായിരുന്നു; എന്നുപറഞ്ഞു തന്റെ ചരിത്രംമുഴുവൻ അവളെ മനസ്സിലാക്കി. അതു കേട്ടപ്പോൾ സന്തോഷസന്താപങ്ങളിൽ നിമഗ്നയായിത്തീൎന്ന നവസുന്ദരിയുടെ തല്ക്കാലാവസ്ഥയെ വൎണ്ണിക്കുന്നതു വളരെ പ്രയാസം തന്നെ. ആഹാ! എത്ര മനോഹരനായ കുമാരൻ തന്റെ സഹോദരന്മാരുടെ നാശത്തിന്നു കാരണമായിത്തീൎന്ന ഒരു ദുഷ്ടയുടെ അഹംകാരത്തെ ഇല്ലായ്മചെയ്തു ശിക്ഷിക്കണമെന്നുള്ള കരുതലോടുകൂടി ചെയ്യുന്ന ഉദ്യമങ്ങളിൽ എന്തെല്ലാം ആപത്തുകൾ അനുഭവിച്ചു. ഇനി എത്രമാത്രം അനുഭവിക്കണം. അവയിൽ അശേഷം അസുഖം ഭാവിക്കാതെ ഉദ്ദിഷ്ടപ്രാപ്തിക്കായി മുന്നോട്ടുതന്നെ പ്രയാണം ചെയ്യുന്നൊരം ധീരകേസരിയെ അഭിനന്ദിക്കതന്നെചെയ്യണം. ഇദ്ദേഹത്തെ അപൂൎവ്വഭാഗ്യപുണ്യലബ്ധമായ ഒരു അമൂല്യരത്നംപോലെ എനിക്കു കാണാൻകിട്ടി. എന്തൊരു സൌ

ന്ദയ്യം. ഞാനെന്താണിവിടെച്ചെയ്യേണ്ടതു്. നേരേനിന്നു രണ്ടുവാക്കുകൾ സംസാരിക്കുന്നതിനുപോലും ഞാൻ അശക്തയായിത്തീന്നിരിക്കുന്നു. കാന്തത്തോടടുത്ത ഇരുമ്പുകഷണംപോലെ എൻെറ മനസ്സ് ഇദ്ദേഹത്തിൽ പതിഞ്ഞുകഴിഞ്ഞു. എത്രശ്രമിച്ചാലും ഇനി അതിനെ വേർതിരിച്ചെടുക്കുവാൻ അസാദ്ധ്യംതന്നെ. ഇതാണു വിധിയുടെ വിസ്മയനീയപ്രാഭവം. ഈ രാജകുമാരൻെറ ദർശനംതന്നെ എനിക്കു് അലഭ്യമായിരിക്കെ നവസുന്ദരിയുടെ വലയിൽ കുടുങ്ങുന്നതിനും മാനിൻെറ ആകൃതിയിൽ ഇവിടെ എത്തുന്നതിനും, ഇപ്രകാരം മോചനംലഭിക്കുന്നതിനും ഇടയാക്കിത്തീർത്ത ശക്തിവിശേഷം എന്താണാവോ? മതിയാണു് സർവ്വവും സാധിക്കുന്നതു് എന്നുവാദിക്കുന്നവരും, അതിനെ വിശ്വസിക്കുന്നവരും ഇങ്ങനെ ഒരുഘട്ടത്തിൽ അകപ്പെട്ടമ്പോൾ "വിധിതന്നെശ്രേഷ്ഠം" എന്നു സങ്കല്പിക്കും. അല്ല പരിപൂർണ്ണമായി സമ്മതിക്കതന്നേചെയ്യും. ആ വിധി എൻെറ ഇപ്പോഴത്തെ മനോഗതിയെ എങ്ങോട്ടാണൊ നയിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്. ഇദ്ദേഹത്തെ ഇനി ഒരു മാത്രനേരമെങ്കിലും പിരിഞ്ഞിരിക്കാൻ പ്രയാസംതന്നെ. ഇതേവരെ ഇപ്രകാരം ഒരുവിചാരം ഉണ്ടായിട്ടുള്ളതായി എനിക്കറിവില്ല. എത്രയൊ യോഗ്യന്മാരെ കാണാൻ ഇടവന്നിട്ടുണ്ട്. അപ്പോഴൊരിക്കലെങ്കിലും തോന്നാത്ത ഈ ചേതോവികാരത്തിൻെറ അൎത്ഥമെന്തായിരിക്കാം. ഇതിൻെറ അവസാനമെങ്ങനെ? ഇപ്രകാരമുള്ള വിചാരങ്ങൾനന്നെ ഞെരുക്കിയപ്പോൾ മണിമാലിക രാജകുമാരനെ സാനുരാഗം ഒന്നുനോക്കിയിട്ടു ഇങ്ങനെ പറഞ്ഞു.

മണി:—പ്രിയപ്പെട്ടകുമാരാ! അങ്ങ് വിശിഷ്ടമായ ജീവിതത്തെ വ്യൎത്ഥമാക്കിത്തീൎക്കാൻ ഉദ്യമിക്കുന്നു. അങ്ങയുടെ ഈ യാത്ര ആപൽക്കരമാണു്. അവിടെ പോയി തിരിച്ചെ വന്നിട്ടുള്ളവർ ചുരുക്കമാണു്. അതുകൊണ്ടു് ഈ അതിസാഹസത്തിനു നിന്നു വിരമിക്കണമെന്നു് അപേക്ഷയുണ്ടു്. ഇവിടെത്തന്നെ സ്ഥിരമായി താമസിച്ച് ഇനിയുള്ള ജീവിതം അത്യാനന്ദപ്രദമാക്കിത്തീർത്താൽ എത്ര നന്നായിരുന്നേനേ. ഊണും ഉറക്കവും വെടിഞ്ഞു് പിശാചുക്കളുടെ ക്രൂരദണ്ഡനങ്ങൾ അനുഭവിച്ചു് കൈവരുത്താമെന്നു വി

ചാരിക്കുന്ന സുഖത്തിൻെറ വില വളരെ നിസ്സാരമാണെന്ന് അല്പം ആലോചിച്ചാൽ ബോധപ്പെടും.

രാജക:—മണിമാലികേ! നിങ്ങളുടെ അഭിപ്രായങ്ങൾ സ്വീകാര്യങ്ങളും അവശ്യം അനുഷ്ഠേയങ്ങളും ആണെന്നിരിക്കിലും എൻെറ സത്യപരിപാലനത്തിൽ വിമുഖനായിത്തീരുന്ന പക്ഷം എൻെറ ജന്മം കളങ്കപ്പെട്ടുപോകുന്നതാണ്. അതിനാൽ എൻെറ ഉദ്യമത്തേ സഫലമാക്കിച്ചെയ്യുന്നതിൽ നിർബന്ധിക്കയും, പ്രേരിപ്പിക്കയും, ഉപദേശിക്കയും ചെയ്ത് എന്നെ കൃതകൃത്യനാക്കിത്തീക്കുമെന്നു വിശ്വസിക്കുന്നു.

മണി:—സത്യപരിപാലനം ആവശ്യംതന്നെ എങ്കിലും അതിൽ നിന്നുണ്ടാകാവുന്ന സങ്കടങ്ങളുടെ കാഠിന്യം അറിയുന്ന ഏതൊരുവൻെറയും മനസ്സിനു അതിനോടനുകൂലിക്കാനൊക്കുകയില്ല. അതുകൊണ്ടാണ് ഞാൻ ഇപ്രകാരം ഗുണദോഷിക്കുന്നത്. മനുഷ്യസഹജമായ വികാരങ്ങളും വിചാരങ്ങളും എന്നെ നിർബന്ധിക്കുകയാൽ അങ്ങയെ ആപൽഗത്തത്തിലേക്കു വഴികാണിക്കാൻതക്ക മനശ്ശക്തി എനിക്കില്ല. എൻെറ മനോഗതി എപ്രകാരമെന്ന് അങ്ങയോടു പറയാനും പറയാതിരിക്കാനും നിവൃത്തിയില്ലാതെ ഞാൻ വളരെ വിഷമിക്കുന്നു.

രാജക:—എന്തിനാണ് സംശയിക്കുന്നതു് എന്നെ സംബന്ധിച്ചിടത്തോളം ഭവതിക്കു പൂർണ്ണാധികാരമുണ്ട്. ആ അധികാരത്തെ വേണ്ടവണ്ണം ഉപയോഗിക്കുകയും ചെയ്യാം. അയ്യോ! കഷ്ടം എൻെറ പ്രിയസോദരന്മാരോടനുവർത്തിച്ച കുനയങ്ങൾക്കു തക്കപ്രതികാരം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി, സദാദുഃഖിതരായ മാതാപിതാക്കന്മാരോട് സമാധാനപൂർവ്വവും, യുക്തിയുക്തവും ആയ വാക്കുകൾ കൊണ്ട് അനുവാദം വാങ്ങി പുറപ്പെട്ട എൻെറ സങ്കടാവസ്ഥയിൽ അപേക്ഷിക്കാതെതന്നെ ആനുകൂല്യം ചെയ്ത് ആ കാര്യനിർവഹണത്തിന്നു ശക്തിനൽകിയ ഭവതിയെ വിസ്മരിക്കയും, കൃതഘ്നത കാട്ടുകയും ചെയ്യത്തക്ക മനോഗുണമല്ല ജഗദീശ്വരൻ എനിക്കു തന്നിട്ടുള്ളതു. അപ്രതീക്ഷിതമായ പരസ്പരദർശനമാത്രയിൽതന്നെ അതീതകാലപരിചയംനിമിത്തം പരിപുഷ്ടമായിത്തീന്ന ദൃഢമൈത്രീബ

ന്ധത്താൽ നിമേഷകാലവിയോഗംപോലും അസഹ്യമായിത്തോന്നുന്ന ചേതോവികാരം അന്തർഭ്രുതമാവുകയും, തദനുസരണമായ നിലയിൽ സകല സുഖങ്ങളും അനുഭവിച്ചു ജീവിക്കുന്നതിനു അപ്രതിഹതമായ ഒരു പ്രതിബന്ധം "സത്യപരിപാലനം ആദ്യം പിന്നീടു സുഖാനുഭവം" എന്ന് നിർബന്ധപൂർവ്വം എന്നോട്ട് ആജ്ഞാപിക്കയും ചെയ്യുമ്പോൾ ഭവതിയുടെ അഭിപ്രായത്തോടു യോജിച്ചു പ്രവർത്തിക്കുന്നതെങ്ങനെ, പ്രവർത്തിക്കാതിരിക്കുന്നതെങ്ങനെ. എന്നു ഈ അവസരത്തിൽ ഉചിതമായ ഉപദേശങ്ങൾ കൊണ്ടു സഹായിപ്പാൻ ഭവതിയെ മാത്രമേ ഞാൻ കാണുന്നുള്ളു. അതുകൊണ്ട് വേണ്ടവണ്ണം ഉപദേശിച്ചാലും.

പരസ്പരസമ്മേളനമാത്രയിൽ ഉണ്ടായ ദൃഢാനുബന്ധം എന്നെ വല്ലാതെ വലയ്ക്കുന്നു എന്നല്ലേ ഇദ്ദേഹം പറയുന്നതു്. എനിക്കദ്ദേഹത്തോടു തോന്നിയിട്ടുള്ളപോലെ എന്നോടും പ്രേമമുണ്ടെന്നുള്ളതു നിശ്ചയംതന്നെ. എന്നെ ഇടവിടാതെ കടാക്ഷിക്കുന്നതും വിട്ടുപോകുന്നതിനു വിഷമിക്കുന്നു എന്നു പറയുന്നതും മനസ്സ്വാസ്ഥ്യം ഇല്ലാത്തതും പ്രേമത്തിന്റെ ലക്ഷണങ്ങളാണു്. ഇദ്ദേഹം ഒരു പുരുഷനാകയാൽ അതിനെ ഗോപനം ചെയ്യുന്നു എന്നേയുള്ളു. അതിനാൽ എന്റെ ആശയങ്ങൾ ധരിപ്പിക്കുന്നതുകൊണ്ടു യാതൊരു വൈഷമ്യവും വരാനില്ല. ആവു! ഞാനെങ്ങനെ പറയും. മേൽകണ്ട ലക്ഷണങ്ങളെല്ലാം അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ദയനീയാവസ്ഥയുടെ ഫലങ്ങളല്ലേ. അതിനെ പ്രേമവികാരമെന്നു നിശ്ചയിച്ചു് എന്റെ മനോഗതങ്ങൾ തുറന്നു കാണിച്ചാൽ അതു വല്ല തെററിദ്ധാരണകളേയും ഉണ്ടാക്കിയെങ്കിൽ ഹാ! എന്റെ ജീവിതം എത്രമാത്രം നിരുന്മേഷമായിത്തീരും. ഒരു സ്ത്രീ ദൃഢമായി സ്നേഹിക്കുന്ന പുരുഷന് അവളെസംബന്ധിച്ചുണ്ടാകുന്ന ദുഃഖങ്ങൾ, നിശ്ചയമായും മർമ്മഭേദകമായിത്തന്നെ ഇരിക്കും. അവൾ ആജന്മം സന്താപം അനുഭവിക്കതന്നെയാണു ചെയ്യുന്നതു്. ആഹാ പ്രേമമേ! ബാല്യത്തിലും, യൌവ്വനത്തിലും, വാർദ്ധക്യത്തിലും നിനക്കുള്ള ശക്തി അഭേദ്യമത്രെ. നിന്നോടു വല്ല ചേർച്ചയും സംഭവിച്ചുപോയാൽ അതിൽ നിന്നൊഴിയുന്നതിനും, ഒഴിയാതിരിക്കുന്നതിനും ആയി മനുഷ്യൻ എത്രതന്നെ ശ്രമിച്ചാലും അസാധ്യമായി കാണുന്നതുകൊണ്ടു, നീ പരിപൂർണ്ണശക്തിയുള്ള സന്തോഷസന്താപദാതാവാണെന്നു പറയുന്നതിൽ തെററില്ല. എന്നാൽ നി

ന്നെ പോററുന്നതിനും, അഥവാ മററു ഗതിയില്ലാത്തതിനാൽ നശിപ്പിക്കുന്നതിനുമായി മനുഷ്യൻ വളരെ സങ്കടങ്ങൾ അനുഭവിക്കുന്നുണ്ട്. സ്ത്രീയായിരുന്നാലും, പുരുഷനായിരുന്നാലും പ്രേമാനുരോധം അസഹ്യംതന്നെ. എന്നാൽ ഈ പ്രേമം യാതൊരു തോതിനേയും അടിസ്ഥാനപ്പെടുത്തിയല്ല വേരൂന്നുന്നത്. ജാതിമതഭേദമോ,ദേശകാലഭേദമോ കുബേരകുചേലഭാവമോ മറേറാ ആധാരമാക്കാതെയാണ് ഇതിൻെറ വിളയാട്ടം. ഒരാൾക്കു മററൊരാളോടു പ്രേമം ഉണ്ടാകും. എന്നാൽ ആ ആളിനു പ്രേമം ഇല്ലെന്നും വരാം. പരസ്പരം പ്രേമം ഉണ്ടെങ്കിലല്ലേ ജീവിതം സുഖമായി നയിക്കാൻ സാധിക്കൂ; രാജകുമാരനെ മാനാക്കിത്തീർത്ത നവസുന്ദരിക്ക് അദ്ദേഹത്തോടു പ്രേമം ഉണ്ടായിരുന്നു. എന്നാൽ രാജകുമാരന് അവളോടു തോന്നിയില്ലല്ലോ. ഇങ്ങനെയും പല അനുഭവങ്ങൾ എവിടെയും കാണ്മാൻ കഴിയുന്നു. ഇത്ര അത്യാശ്ചര്യജനകമായും, വാസ്തവത്തിൽ ആനന്ദമയമായും, എന്നാൽ ചിലർക്ക് സന്താപകലുഷമായുംനിന്നു ലോകത്തെ ഭ്രമിപ്പിക്കുന്ന പ്രേമമേ! നീ നിയതഗതിയോടുകൂടിത്തന്നെ വർത്തിച്ചു സവ്ത്ര ക്ഷേമത്തെ ഉളവാക്കുമെങ്കിൽ നീ സവ്ജനങ്ങളാലും ആദരണീയമായിത്തീരും. ഇപ്പോൾ ചില ജനങ്ങൾ മാത്രമേ നിൻെറ ആവേശം നിമിത്തം സുഖം അനുഭവിക്കുന്നുള്ളൂ. ആ ഭാഗ്യവാന്മാർമാത്രം നിന്നെ പൂജിച്ചു എന്നുവരാം. മണിമാലിക പ്രേമബദ്ധയായിത്തീർന്നു. രാജകുമാരനു തന്നോടു പ്രേമമുണ്ടെന്നു ശങ്കിക്കുന്നു. എന്നാൽ അതിൽ ശരിയായ വിശ്വാസം ഉണ്ടാകുന്നില്ല. അതിനാൽ സംഭ്രാന്തചിത്തയായിത്തീർന്ന മണിമാലിക ധാരാളം സങ്കടങ്ങൾ അനുഭവിക്കുന്നു. അനിവാര്യങ്ങളായ ഈ സങ്കടങ്ങൾ അനുഭവിച്ചുകൊണ്ടു ജീവിക്കുന്നതിനേക്കാൾ ഭേദം ത്യാഗം തന്നെയെന്ന് അവൾ കരുതുന്നു. ത്യാഗംകൊണ്ടു തൻെറ ശരീരത്തെ നശിപ്പിച്ചുകളഞ്ഞാൽ അതു വലിയ അപരാധമായിത്തീരുമെന്ന് അവൾ ഭയപ്പെടുന്നു. അദ്ദേഹത്തിൻെറ മനോഗതി എന്തെന്നു സൂക്ഷ്മമായി അറിയാതെ ഈ സാഹസം പ്രവർത്തിക്കുന്നതു ധർമ്മമല്ലെന്ന് അവൾ നിശ്ചയിച്ചു. അവൾ രാജകുമാരൻെറ മനോഗതികൾ മനസ്സിലാക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടുതന്നെ ഇരുന്നു.

മണിമാലിക:—എന്താണ് മറുപടിപറയേണ്ടതെന്ന് എനിക്കു രൂപമില്ലെങ്കിലും അങ്ങയുടെ ഈ പരിതാപാവസ്ഥയിൽ പങ്കുകൊള്ളേണ്ടുഞാൻ ആലോചിച്ചു മറുപടിപറയേണ്ടു

താനാവശ്യം. അതുകൊണ്ടു് അല്പനേരത്തേക്ക ആശ്വാസം നൽകാമെങ്കിൽ ഉചിതമായമറുപടിപറയാൻ ഞാൻ ശക്തയായിത്തീരും. അനുവദിപ്പാറാകണം.

രാജകു:—ഭവതിയുടെ ഉചിതമായ മറുപടികേൾക്കുന്നതിനും തദനുസരണം പ്രവൎത്തിക്കുന്നതിനും അത്രെ എന്റെ ആഗ്രഹം, അതിനാൽ ആലോചിച്ചു മറുപടിപറയുക.

കുമാരിഉടനെഎഴുന്നേററു തന്റെ മുറിയിലേക്ക പോവുകയുംഅവിടെഒരുക്കിവെച്ചിരുന്ന മഞ്ചത്തിൽ ശയിക്കുകയുംചെയ്തു.

കുമാരൻ ഇരുന്ന സിംഹാസനത്തിൽനിന്നും എഴുന്നേററ് അവിടെ ലാത്തുന്നു. തന്റെ പ്രാണദാതാവായ മണിമാലികയുടെ മുഹൂൎത്തമാത്രവിയോഗവും അസഹ്യമായിത്തീരുകയാൽ അവളുടെ സാമീപ്യസുഖപ്രാൎത്ഥിയായിത്തീൎന്ന കുമാരൻ, അവളുടെ വിശ്രമസ്ഥാനം ഏതെന്നന്വേഷണംതുടങ്ങി. അവിടെക്കണ്ട ഓരോ മുറികളിലും പരിശോധിക്കയും ആമുറികൾ ഓരോന്നിലും യഥായോഗ്യം സംഭരിക്കപ്പെട്ടിരുന്ന വിശേഷപദാൎത്ഥങ്ങളുടെ അകൃത്രിമരാമണീയകത്വത്തെ ദർശിച്ചാനന്ദിക്കയും, മണിമാലിക അപൂൎവ്വഭാഗ്യം പരിപൂൎണ്ണമായിട്ടുള്ള ഒരു സുന്ദരി തന്നെ എന്നു നിശ്ചയിക്കയും ചെയ്തുകൊണ്ടു അവൾ കിടക്കുന്ന മുറിയുടെ വാതലിൽ എത്തി.

ആകൎഷണീയങ്ങളായ വിശിഷ്ടവസ്തുക്കളെക്കൊണ്ടു തന്മയത്വമായി അലംകരിക്കപ്പെട്ടിട്ടുള്ള ആ മുറിയുടെ മദ്ധ്യേ നിക്ഷിപ്തമായ ഒരു സുവൎണ്ണപൎയ്യങ്കത്തിൽ സുകുമാരകളേബരയായ മണിമാലിക കിടന്നുറങ്ങുന്നുണ്ടു: ആവൂ! ജഗദീശാ! ഇവളുടെ അസ്വാസ്ഥതയ്ക്കു കാരണമെന്തായിരിക്കാം. വല്ല സുഖക്കേടുകളും ആരംഭിച്ചുവൊ? അതുകൊണ്ടുതന്നെ ആയിരിക്കുമൊ കുറെനേരത്തേക്ക വിശ്രമം വേണമെന്നു ആവശ്യപ്പെട്ടതു്. അയ്യോ കഷ്ടം! എന്നെ അത്യാപത്തിൽ നിന്നു രക്ഷിച്ച ഇവൾക്ക ഈ മാതിരി അസ്വാസ്ഥ്യം ഉണ്ടാകത്തവണ്ണം എന്താണാവൊ സംഭവിച്ചതു്. എന്റെ വാക്കുകൾ വല്ലതും അസുഖമായിത്തീൎന്നിട്ടുണ്ടോ? എന്റെ സംരംഭങ്ങൾ ആപല്ക്കരങ്ങളാണെല്ലൊ എന്നുള്ള ബോധം ഇവളെ വല്ലാതെ വിഷമിപ്പിക്കുന്നുവൊ? ഇവിടെ ഞാനെന്തുചെയ്യേണ്ടു. ഇവളുടെ ഈ അവസ്ഥയിൽ ആശ്വാസകരമായ ശുശ്രൂഷകൾ ചെയ്യേണ്ടതു് എന്റെ കൎത്തവ്യമല്ലെ? നിശ്ചയമായും ശുശ്രൂഷിക്കേണ്ടതാണു്.

ഇങ്ങനെയുള്ള വിചാരങ്ങളോടുകൂടി അകത്തേക്കു കടക്കാൻ നിശ്ചയിച്ച കുമാരൻ പടിവാതലിലേക്കു നോക്കി. പൊക്കിയ കാൽ പിറകോട്ടു തന്നെ വലിച്ചു. അനുവാദം കൂടാതെ ഉള്ളിൽ കടക്കുന്നതു് ന്യായമാണോ എന്നുള്ള വിചാരത്തോടുകൂടി ഒരു സ്ഥൂണം പോലെ അവിടെ നിലകൊള്ളുമ്പോൾ താഴെ പറയുന്ന വാക്കുകൾ കുമാരന്റെ കർണ്ണങ്ങളിൽ വ്യക്തമായി പതിച്ചു.

ഹാ! കുമാരാ! ആജീവനാന്തം സുഖപ്രദമായിരിക്കത്തക്ക പരസ്പരബന്ധം കൊണ്ടു് അനുഗ്രഹിപ്പാൻ അങ്ങയുടെ ആജ്ഞാകാരിയായ ഞാൻ അഭ്യർത്ഥിക്കുന്നു. എന്നാൽ എന്റെ ഈ അഭ്യർത്ഥന സ്ഥാനത്തോ, അസ്ഥാനത്തോ എന്നുള്ള ശങ്ക എന്നെ തട്ടത്തില്ലായിരുന്നു എങ്കിൽ അല്പം മുമ്പു തന്നെ അങ്ങയെ അറിയിക്കുമായിരുന്നു. അങ്ങയുടെ സമാഗമത്തിൽ എനിക്കുണ്ടായിട്ടുള്ള ആനന്ദം ഇതിനു മുമ്പുണ്ടായിട്ടുള്ളതോ ഇനിമേൽ ഉണ്ടാകുന്നതോ അല്ല. അതിനാൽ പ്രാണനാഥാ! അങ്ങു് എന്നെ അവിടത്തെ ദാസീവർഗ്ഗത്തിൽ പെട്ട ഒരുത്തിയായെങ്കിലും സ്വീകരിച്ചാൽ അതിൽ പരമായ ചാരിതാർത്ഥ്യം എനിക്കുണ്ടാവാനില്ല. അങ്ങു് എന്റെ ഈ ആഗ്രഹത്തെ സാധിച്ചു തരാത്തപക്ഷം നമ്മുടെ ഈ സമാഗമം മൂലം എന്റെ ഹൃദയാന്തർഭാഗത്തു സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള അങ്ങയുടെ കോമളാകാരത്തെ അവിടെ വെച്ചു തന്നെ നിത്യവും പൂജിച്ചു് പരമാനന്ദം അനുഭവിക്കാനുള്ള മനശ്ശക്തി എനിക്കുണ്ടു്. അതിനെ നിരോധിക്കാൻ ആർക്കും സാധ്യമല്ലല്ലോ."

ഈ പുലമ്പൽ കേട്ടു് പുളകിതാംഗനായിത്തീർന്ന കുമാരൻ ആ നിമിഷം അനുഭവിച്ച പരമാനന്ദാനുഭൂതിയോ, അതിനെ നിയമനം ചെയ്യുന്നതിനു വേണ്ടി ചെയ്ത ശ്രമമോ ഏതാണു വലിയതെന്നു വായനക്കാർ തന്നെ ഊഹിച്ചു കൊള്ളുകയാണുത്തമം. തന്റെ അഭിലാഷം എങ്ങനെ തുറന്നു പറയേണ്ടു എന്നു ചിന്താകുലനായിരുന്ന കുമാരനു ആ വാക്കുകൾ എത്രമാത്രം സുഖപ്രദമായിരുന്നു എന്നു്, അറിയണമെങ്കിൽ ആ വിധത്തിലുള്ള ഒരനുഭവം എന്റെ വായനക്കാർക്കു എപ്പോഴെങ്കിലും ഉണ്ടായിരിക്കണം. മണിമാലികയുമായി ചേർന്നാലുണ്ടാകാവുന്ന ആനന്ദത്തിന്റെ അളവു നിർണ്ണയിക്കാനായി ചെയ്ത കുമാരന്റെ ശ്രമം തീരെ നിഷ്ഫലമായിത്തീർന്നു. പ്രാരംഭം കൊണ്ടു വിജയ

ഒത്ത നിർണ്ണയിക്കാൻ തക്ക പാടവം ഉണ്ടെങ്കിലും ആ നിയമം ഇത്തരം അനുഭവങ്ങൾക്ക് യോജിക്കാത്തതുകൊണ്ടോ അതിൽ ഉള്ള പരിചയത്തിന്റെ കുറവുകൊണ്ടോ പര്യവസാനം കൂടി ദീക്ഷിക്കേണ്ടതാണെന്നു കുമാരൻ നിശ്ചയിച്ചു. ആഹ്ളാദഭരിതമായിത്തീർന്ന കുമാരന്റെ മനസ്സ് ആ സംഭവത്തിന്റെ ഏതാനും ഭാഗങ്ങൾ മാത്രം ദർശിച്ചാനന്ദിക്കുന്നതിനു മാത്രമേ തൽക്കാലം ശക്തമായുള്ളു. മണിമാലികയുടെ അസ്വസ്ഥതക്കുള്ള നിദാനം ഇന്നതെന്നു വെളിപ്പെട്ടപ്പോൾ അതിനു പ്രതിശാന്തി ചെയ്യേണ്ടകാലം അത്യാസന്നമായി എന്നു കുമാരൻ നിശ്ചയിച്ചു. ഏവം വിധങ്ങളായ ചിന്താസരണിയിൽ കൂടെ ഇടയ്ക്കിടെ വിശ്രമിച്ചു യാത്ര ചെയ്യുമ്പോൾ തന്റെ സത്യപരിപാലനമാകുന്ന ഒരു തടസ്സം ഇടയ്ക്കു കടന്നു വീഴാതെ ഇരുന്നു എങ്കിൽ ഇനി കുറെ ദൂരം കൂടി സ്വച്ഛന്ദം വിഹരിക്കാമായിരുന്നു. ഏതിനും സൌകര്യമരുളുന്ന ശക്തിതന്നെ വിഘാതവും ഉണ്ടാക്കിത്തീർക്കുന്നതോർത്തപ്പോൾ ആ പരാശക്തിയുടെ ആദരണീയങ്ങളായ നർമ്മവൈചിത്ര്യദർശനാസക്തനായിത്തീർന്ന കുമാരൻ ആവൂ! ഭഗവാനേ! യഥായോഗ്യം പ്രവർത്തിപ്പിച്ചുകൊള്ളണമേ! എന്നു പ്രലപിച്ചുപോയി.

ശബ്ദം പുറപ്പെടുവിച്ചതാരെന്നറിവാനുള്ള താല്പര്യത്തോടുകൂടി തിരിഞ്ഞുനോക്കിയപ്പോൾ വാതുക്കൽ നിൽക്കുന്ന കുമാരനെക്കണ്ടു ലജ്ജാനമ്രമുഖിയായ മണിമാലിക മഞ്ചത്തിൽ നിന്നെഴുന്നേറ്റ് ഒരു കോണിലേക്കൊതുങ്ങിനിന്നു. തന്റെ പ്രലപനങ്ങൾ മുഴുവനും ഇദ്ദേഹം കേട്ടിട്ടുണ്ടെങ്കിൽ എന്തൊരു പോരായ്മയായി എന്നുള്ള ചിന്തയും അവളെ പിടികൂടി. തന്റെ ഹൃദയാന്തർഭാഗത്ത് രാജാർഹമായ ഒരു സിംഹാസനത്തിലാണു കുമാരനെ പ്രതിഷ്ഠിച്ചിട്ടുള്ളതെങ്കിലും അദ്ദേഹത്തെ തന്റെ മഞ്ചത്തിൽ ഇരുത്തി സൽക്കരിക്കുന്നതിനുള്ള ധൈര്യം അവൾക്കില്ലാതെപോയി. അല്പം വിശ്രമം അനുവദിച്ചാൽ ചോദ്യത്തിനു ശരിയായ സമാധാനം പറയാമെന്നുള്ള കരാറോടുകൂടിയാണല്ലോ ഞാൻ ഇങ്ങോട്ടു പോന്നത്. സമയം വളരെ കഴിഞ്ഞുപോയോ? ഞാൻ ഈ മഞ്ചത്തിൽകിടന്നുറങ്ങിയതായി തോന്നുന്നില്ല; പക്ഷെ സമയം അധികമായതുകൊണ്ടായിരിക്കാം ഇദ്ദേഹം എന്നെ അന്വേഷിച്ചു പുറപ്പെട്ടത്. ഇദ്ദേഹത്തോടു ഞാൻ ഈവിധത്തിലെങ്കിലും അപരാധം പ്രവർത്തിച്ചുപോയല്ലോ. എന്നെ സംബന്ധിച്ച് എന്തുതോന്നുമോ?

ഇപ്രകാരമുള്ള വിചാരങ്ങളാൽ മണിമാലിക അല്പം പരവശയായി നിൽക്കയാണെന്നു തോന്നിയതുകൊണ്ടു് കുമാരൻതന്നെ തല്ക്കാലമുണ്ടായ മൗനത്തെ ഭഞ്ജിച്ചു.

രാജ:—തനിയെ അവിടെ ഇരിക്കുന്നതിനുണ്ടായ വൈമനസ്യം കൊണ്ടു് ഇങ്ങോട്ടു പോന്നതാണു്. അതിൽ പരിഭവം ഒന്നും ഇല്ലല്ലൊ.

എപ്പോഴും ഒന്നിച്ചിരിക്കുന്നതിൽ അത്യുൽകണ്ഠിതയായി തീൎന്നിട്ടുള്ള അവൾ ഇതിനെന്തൊരു മറുപടിയാണു പറയുക. തനിയെ ഇരിക്കുന്നതിനു പ്രയാസമെന്നല്ലേ ഇദ്ദേഹം പറയുന്നതു്. ആവൂ. ഞാൻ പരമഭാഗ്യവതിയായി. എന്നും ഒരുമിച്ചുതന്നെ ആയെങ്കിൽ എന്നു ധ്യാനിച്ചുകൊണ്ടു്

മണി:—കുമാരാ! എന്റെ താമസം ഭവാന്റെ ഉന്മേഷത്തെ നശിപ്പിക്കാൻ ഇടവന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. ഞാൻ അങ്ങോട്ടു വരുന്നതിനു വട്ടംകൂട്ടുകതന്നെ ആയിരുന്നു; അങ്ങയുടെ ചോദ്യത്തിനു് എന്താണു മറുപടി പറയേണ്ടതെന്നുള്ള ആലോചനകൊണ്ടു സമയം പോയതു് അറിഞ്ഞതെ ഇല്ല.

രാജകു:—ഭവതിയുടെ വാക്കുകൾ എന്നെ നന്നേ വിഷമിപ്പിക്കുന്നു. നാം തമ്മിൽ പിരിഞ്ഞിട്ടു് ഇപ്പോൾ പത്തു മിനിട്ടിൽ കൂടുതലായിട്ടില്ല. തനിയെ ഇരിക്കാൻ പ്രയാസമായിട്ടു് ഇങ്ങോട്ടു പോന്നതാണു്. കണ്ഠിതത്തിനാവശ്യമില്ല.

മണി:—രാജകുമാരാ! എനിക്കങ്ങയോടു പലതും പറയാനുണ്ടെങ്കിലും സത്യപരിപാലനത്തിനു പ്രേരിപ്പിക്കതന്നെയാണു ചെയ്യുന്നതു്. യാത്രയിൽ യാതൊരപകടങ്ങളും സംഭവിക്കാതെപോയി ആവശ്യങ്ങൾ നിവിഘ്നം സാധിച്ചു് ഇവിടെ എത്തി പ്രിയപ്പെട്ട മാതാപിതാക്കന്മാരേയും മററുള്ളവരേയും സന്തോഷിപ്പിച്ചു സുഖമായിരിക്കുമ്പോൾ ഈയുള്ളവളേയും ഓൎമ്മയെങ്കിൽ ഞാൻ കൃതാൎത്ഥയായി. ഭവാന്റെ സമാഗമവേളമുതൽ അംകുരിച്ചു പരിപൂൎണ്ണാവസ്ഥയിൽ എത്തിയിട്ടുള്ള എന്റെ മനോഭാവംതന്നെ എന്നെ രക്ഷിച്ചുകൊള്ളും. അതിനെ യഥാസ്ഥാനത്തു നിക്ഷേപിച്ചിരിക്കയാൽ യാതൊരു ഭാവവ്യത്യാസവും വരാതെ സുഖമായിരുന്നു് ആനന്ദമനുഭവിച്ചുകൊണ്ടേ ഇരിക്കും. പ്രിയ

പ്പെട്ട കുമാരാ! എന്റെ ജീവിതഭാരം മുഴുവൻ സമർപ്പിച്ചു സമാശ്വസിക്കാനായി കണ്ടെടുത്തവസ്ഥ ഒരു പക്ഷെ അലഭ്യമായിരുന്നാലും അതിൽതന്നെ സമർപ്പിക്കയും, ആശ്വസിക്കയും ചെയ്വാൻ എന്റെ മനസ്സു തയ്യാറായിരിക്കുന്നിടത്തോളം യാതൊരു കുണ്ഠിതത്തിനും അവകാശമില്ല. എന്റെ പ്രലപനത്തിന്റെ അർത്ഥമില്ലായ്മയെപ്പററി അധിക്ഷേപിക്കരുതെന്നും അതു് ഒരിക്കലും വെളിപ്പെടുത്തരുതെന്നും എനിക്കപേക്ഷയുണ്ടു്.

രാജകു:—എന്താണിങ്ങനെ പറയുന്നതു്. ഒരിക്കലും മായാത്ത ഒരു ചിത്രമെന്നോണം എന്റെ മനസ്സിൽ മാന്യസ്ഥാനത്തു സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള ഭവതിയുടെ സമ്മേളനസൌഭാഗ്യപദവിയ്ക്കു് അർഹനായിത്തീർന്നിട്ടുള്ള എന്നോടൊപ്പം പരമഭാഗ്യം ഈ ലോകത്തു് ആർക്കും ഇല്ലെന്നാണു് എന്റെ വിചാരം. യാദൃച്ഛികമായുണ്ടായ പരസ്പരസംയോഗത്തിൽ നിന്നുദിച്ചുയർന്ന നിഷ്കന്മഷപ്രേമത്തെ യഥാവിധി ഫലിപ്പിക്കാൻ ഏതൊരു ശക്തി കാരണമായിത്തീർന്നുവോ ആ ശക്തിതന്നെ നമ്മെ അനുഗ്രഹിക്കും. അപരിഹാര്യമായ അത്യാവശ്യങ്ങൾ വന്നു ഞെരുക്കുമ്പോഴെന്നിയെ ഒരു നിമിഷംപോലും പിരിഞ്ഞിരിക്കാനുള്ള ശക്തി എനിക്കില്ലെന്നു വിശ്വസിക്കണം. എന്റെ പ്രാണപ്രിയെ! അങ്ങനെ സംബോധനം ചെയ്വാനുള്ള അനുവാദം എനിക്കു ലഭിക്കുന്നതിനുമുമ്പു, ഞാൻ സ്വയമായി സ്വീകരിച്ചതു് ഭവതിക്കു് അസുഖമായി തോന്നുന്നു എങ്കിൽ ക്ഷമിക്കണം. "രണ്ടേകുലത്തിന്നു മമപ്രതിഷ്ഠകൾ ഒന്നാമതേഴാഴികൾചൂഴുമൂഴിയും രണ്ടാമതീനിങ്ങടെയിഷ്ടതോഴിയും" എന്നു ദുഷ്ഷന്തമഹാരാജാവു തോഴിമാരോടു പറഞ്ഞതുപോലെ—ഒന്നാമതേഴാഴികൾ ചൂഴുമൂഴിയും രണ്ടാമതീയെന്നുടെയോമലാളും" ആണു് കുലപ്രതിഷ്ഠകളായി ഞാൻ സ്വീകരിക്കപ്പെട്ടിട്ടുള്ളതു്. ആ ദൃഢനിശ്ചയം കൊണ്ടാണു് ഈ സംബോധന ഉപയോഗിക്കാൻ തുടങ്ങിയതു്.

മണിമാ:—എന്താണിത്ര പരിഭ്രമിക്കാൻ. താതമാതാക്കളുടേയും മററു ബന്ധുക്കളുടേയും അനുമതിയോ അഭിപ്രായമോ ലഭിക്കാതെ ഇങ്ങനെയുള്ള സംഗതികൾ തീർച്ചപ്പെടുത്തുന്നതു് അത്ര ശ്രേയസ്കരമാണെന്നു് എനിക്കു വിചാരമില്ല. ഉ

ർവിഘ്നകാര്യങ്ങളുടെ നിർവിഘ്നസാദ്ധ്യം പ്രഥമകർത്തവ്യമാക്കി ക്കൊണ്ടു് അതിനുവേണ്ടി പരിശ്രമിക്കുകയാണു വേണ്ട തു്. ഒരു വലിയ ഭാരം വഹിച്ചുകൊണ്ടു് അവശ്യകരണീ യമായ ഒരു സംഗതി സാധിക്കാൻ പുറപ്പെട്ടാൽ പക്ഷേ രണ്ടും അപജയമായി തീർന്നേക്കാനിടയുണ്ടു്. അതുകൊ ണ്ടു സത്യപരിപാലനം നടത്തിയതിനുമേൽ ഈ സംഗ തിയെ സംബന്ധിച്ചു തീർച്ചപ്പെടുത്താം.

രാജകു.—ഭവതിയുടെ വാക്കുകൾ ആദരണീയങ്ങളാണെങ്കിലും, എന്റെ മനസ്സിനെ വിഭ്രമിപ്പിക്കുന്ന ഒരു സംഗതിയുടെ സാദ്ധ്യാസാദ്ധ്യബോധം കൂടാതെ മറെറാന്നിനുവേണ്ടി പ്ര വർത്തിക്കുമ്പോൾ കൂടെക്കൂടി അപകടമായിത്തീരാൻ ന്യാ യമില്ലേ. നേരേമറിച്ചു മനസ്സ് നിർവ്വിഘ്നസംഗതിയിൽമാ ത്രം വ്യാപരിച്ചാൽ അതു ലഘുസാദ്ധ്യമായിത്തന്നേ തീരുക യും ചെയ്യും. അതുകൊണ്ടു് എന്റെ അഭിലാഷം സാദ്ധ്യ മോ, അസാദ്ധ്യമോ എന്നു് ഇപ്പോൾതന്നെ അറിയുന്നതു കാര്യപ്രാപ്തിക്കു വളരെ ഉപകരിക്കും. അനുജ്ഞ കിട്ടാത്ത താമസമേയുള്ളൂ. ഉടനേതന്നെ എന്റെ ഉദ്യമങ്ങൾ സ ഫലമായി എന്നു വിശ്വസിക്കാമെന്നു് ഇതാ പ്രതിജ്ഞ ചെയ്യുന്നു. ഏതു തരം വൈഷമ്യങ്ങൾ ഉണ്ടായാലും അവ യെ ജയിക്കുന്നതിനു തക്ക സാമർത്ഥ്യം എനിക്കുണ്ടെന്നാ ണ് എന്റെ സങ്കല്പം. എന്റെ സകല വിജയവും ഭവ തിയിൽതന്നെ സ്ഥിതിചെയ്യുന്നു.

മണി:—കുമാരാ! അങ്ങനെയാണെങ്കിൽ എന്റെ അനുജ്ഞ കി ട്ടാത്തപക്ഷം ഭവാൻ ഇവിടം വിടാൻ ന്യായമില്ലല്ലൊ. എ ന്നെസംബന്ധിച്ചുണ്ടായ ആശകളും അഭിപ്രായങ്ങളും ഉട നെ ഉപേക്ഷിച്ചുകളയുക. എനിക്കു യാതൊരു സ്വാത ന്ത്ര്യവുമില്ല. ആ സ്വാതന്ത്ര്യങ്ങൾക്കു സ്ഥിരാവകാശിക ളായി ചിലരെല്ലാമുണ്ടു്. അതിനാൽ അനുകൂലമായ ഒരു മറുപടികൊണ്ടു് അങ്ങയെ പ്രീണിപ്പിക്കാൻ എനിക്കു ക ഴിവില്ലെന്നു പറയുന്നതിൽ പരിഭവിക്കയില്ലെന്നു വിശ്വ സിക്കുന്നു.

യഥാർത്ഥമായ പ്രേമംതന്നെയോ രാജകുമാരനുള്ളതെന്നുപ രിശോധിക്കാനായി മണിമാലിക പ്രയോഗിച്ച ഒരു കൌശല മായിരുന്നു ഇതു്. കുമാരന്റെ സ്ഥിതി പരുങ്ങലിലായി. ത

ണ്ണോട്ടുപ്രദർശിപ്പിച്ച ഭാവവികാരങ്ങളും, മഞ്ചത്തിൽ കിടന്ന് തന്നെത്താൻചെയ്ത പ്രലപനങ്ങളും തന്നെ കബളിപ്പിക്കുന്നതിനുവേണ്ടി ഇവൾ പ്രയോഗിച്ച കൗശലങ്ങൾതന്നെയായിരിക്കുമോ എന്നുള്ള ശങ്കകൊണ്ട് ക്ഷുബ്ധമായിത്തീൎന്ന മനസ്സിനെ സമാശ്വസിപ്പിക്കയും, ഇവളും ബന്ധുജനങ്ങളും വിസമ്മതിക്കയാണെങ്കിലും യുദ്ധംചെയ്തു ഇവളെ കരസ്ഥമാക്കാതിരിക്കയില്ലെന്ന് മനസാ ശപഥംചെയ്കയും ചെയ്തു. "അനുകൂലേദ്വേഷം പ്രതികൂലേസ്നേഹം" എന്നുള്ളതാണ് സ്ത്രീസഹജമായ സ്വഭാവം. തന്റെ കാമുകൻ അനുകൂലനല്ലെങ്കിൽ ഹാവഭാവാദികൾ പ്രയോഗിച്ചു വശത്താക്കുകയും, അനുകൂലനാണെന്നു കണ്ടാൽ പ്രണയകലഹാദികൾകൊണ്ടു ദ്വേഷിക്കയും ചെയ്യുന്ന സ്ത്രീജനങ്ങളുടെ ആ ജന്മപ്രകൃതിയെ സംബന്ധിച്ച് അജ്ഞന്മാരായിട്ടുള്ളവർ മണിമാലികയുടെ പ്രവൃത്തിയെ പ്രതികൂലമെന്നുതന്നെ ശങ്കിക്കുന്നതാണ്. എന്നാൽ രാജകുമാരനു ആ വാക്കുകൾ പ്രണയമസൃണവും, നിഷ്കന്മഷവും ആയ ഒരു സ്ഥിരചിത്തത്തിൽനിന്നു നിർഗ്ഗളം പ്രവഹിച്ചതാണെന്നുതന്നെ തോന്നി. ഉചിതമായ വാക്കുകൾകൊണ്ടുതന്നെ മറുപടികൊടുക്കുന്നതിനു കുമാരനും നിശ്ചയിച്ചു.

രാജ:—നിങ്ങളുടെ വാക്കുകൾ കുലീനയും, സൽസ്വഭാവിയും ആയ ഒരു കന്യകയിൽനിന്നു പുറപ്പെട്ടപോലെ പ്രശംസനീയമായിരിക്കുന്നു. ഞാനും അസ്വാതന്ത്ര്യത്തിൻനടുവിൽ കിടന്നു വട്ടംചുററുകയാണ്. ആ സ്ഥിതിക്ക് മുമ്പു ഞാൻ പുറപ്പെടുവിച്ച അഭിപ്രായംപോലെ പ്രവൎത്തിക്കാൻ വളരെ വിഷമംതന്നെ. നമ്മുടെ സമാഗമം യാദൃച്ഛികവും ഓരോരുത്തൎക്കും ആനന്ദപ്രദവും ആണെങ്കിലും, ഭാവിഫലത്തെ നിരൂപിക്കാനും, തദനുസരണം തീരുമാനിക്കാനും നമുക്കു രണ്ടുപേൎക്കും സ്വാതന്ത്ര്യമില്ലാത്തതിനാൽ ഒട്ടും കുണ്ഠിതപ്പെടാതെ ഈ സംഭവത്തെ വിസ്മരിച്ചുകൊള്ളണം. പരസ്പരം ചേരുന്നതിനു തക്ക സൌഭാഗ്യം ഉണ്ടാകുന്നു എങ്കിൽ അതിനെ സ്വയം തടയേണ്ടുന്ന ആവശ്യമൊ അൎഹതയൊ നമുക്കില്ലതന്നെ അതുകൊണ്ട് പോയിവരുന്നതിനനുവാദംതരണം.

മണി:—രാജകുമാരാ! നല്ലതുവരട്ടെ! വഴിയിൽ യാതൊരുപദ്രവങ്ങളും കൂടാതെ തിരിച്ചെ എത്തുന്നതിന് എന്നിൽനിന്നുണ്ടാ

കുന്ന ചില സഹായങ്ങൾ സ്വീകാൎയ്യമായി തോന്നുന്നു എങ്കിൽ അങ്ങനെ ചെയ്യണം.

എന്നുപറഞ്ഞു് ഒരു മുറി തുറന്നു് അതിൽ സംഗ്രഹിച്ചിട്ടുണ്ടായിരുന്ന ചാപബാണങ്ങളും ഒരു ആഗ്നേയാസ്ത്രവും മിന്നൽപ്രഭയ്ക്കു സമാനമായ ഒരു വജ്രകഠാരിയും എടുത്തുകൊണ്ടുവന്നു് അവിടെ വെയ്ക്കുകയും അവയുടെ ഉപയോഗം വ്യക്തമാക്കുകയും ചെയ്തു.

ഈ ആയുധങ്ങൾ ഞങ്ങളുടെ ഒരു പിതാമഹൻ എന്നെ ഏല്പിച്ചിട്ടുള്ളതാണു്. ഇവയെ ഉപയോഗിക്കുന്നതിനു സൎവ്വഥാ അൎഹനായ ഒരാളിനു് അവസരോചിതം ദാനംചെയ്യണമെന്നുള്ള പ്രതിജ്ഞയിന്മേൽ ഇവിടെ സൂക്ഷിക്കപ്പെട്ടുവരുന്നു. ഭവാനെ കണ്ടപ്പോഴും, അങ്ങയുടെ ആവശ്യം അറിയാൻ ഇടയായപ്പോഴും, ഇവ ഭവാനുതന്നെ നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആ മഹാനുഭാവൻ എന്നെ ഏല്പിച്ചിരുന്നു എന്നു സംശയിക്കുന്നു. ഏതു ഭയങ്കരയുദ്ധങ്ങളിലും ജയംനേടുന്നതിനു് ഈ ആയുധങ്ങൾ മതിയാകുന്നതാണു്. ഈ അസ്ത്രങ്ങളിൽ ഒന്നുകൊണ്ടു് ആയിരംജനങ്ങളെ നശിപ്പിക്കാം. ഈ ആഗ്നേയാസ്ത്രം സൎവ്വവും ഭസ്മമാക്കിക്കളയും. ഈ കഠാരികൊണ്ടു് ഏതു കഠിനാദ്രിയേയും പിളൎക്കാവുന്നതാണു്. ഇവയെ വേണ്ടവിധം ഉപയോഗിച്ചു് വഴിയിലുള്ള ദുൎഘടങ്ങളെല്ലാം ദൂരെ നീക്കിക്കൊള്ളണം. ഇനിയും ചില വൈഷമ്യങ്ങളുണ്ടു്. ഇവിടെനിന്നു് ഒരഹോരാത്രം യാത്രചെയ്താൽ, പരാക്രമശാലികളും ദുഷ്ടന്മാരും ആയ രാക്ഷസന്മാർ അധിവസിക്കുന്ന രാജ്യത്താണെത്തുക. അവരുടെ വലയിൽ അകപ്പെട്ടാൽ മരണം നിശ്ചയം. ഈ ആയുധങ്ങളെ ഭദ്രമായി ഉപയോഗിച്ചുകൊണ്ടാൽ യാതൊരാപത്തുകളും ഉണ്ടാകയില്ല. അതിനപ്പുറം അതിവിസ്തൃതമായ മണൽകാടാണു്. അതുകഴിഞ്ഞു് സപ്തസമുദ്രങ്ങൾ തരണംചെയ്താൽ അമൃതവാഹിനിരാജ്യത്തു ചെന്നെത്താം. യാദൃച്ഛികമായിപ്പോലും അപകടങ്ങളിൽ ചെന്നുചാടാതിരിക്കത്തക്കവണ്ണം ഭദ്രമായി സൂക്ഷിച്ചുകൊള്ളണം. കുമാരാ! ഞാൻ അങ്ങേയ്ക്കു് ഒരു സമ്മാനം തരത്തക്കവണ്ണം യോഗ്യതയുള്ളവളല്ലെങ്കിലും, ഈ നിസ്സാരമായ സമ്മാനത്തെ സന്തോഷപുരസ്സരം സ്വീകരിക്കണം. ക്ഷീണമൊ, വിയൎപ്പൊ, വിശപ്പൊ ഉണ്ടാകുമ്പോൾ ഈ ലേസുകൊണ്ടു മുഖം തുടച്ചാൽ പൂൎവ്വസ്ഥിതിയെ പ്രാപിക്കുന്നതാണു്. ഇത്രമാത്രമേ എനിക്കു പറയാനുള്ളു. അങ്ങയുടെ അഭിലാഷപൂൎത്തിക്കായി ജ

ഗദീശ്വരനോടു പ്രാൎത്ഥിക്കാൻ എനിക്കു കഴിയും. അപ്രകാരം ചെയ്തുകൊള്ളാം.

ഈ വാക്കുകൾ കേട്ടു് അത്ഭുതപരതന്ത്രനായ കുമാരൻ അവളെ പിടിച്ചു് ഗാഢമായി ആലിംഗനം ചെയ്കയും, മുഖം ഉയൎത്തി ആ പ്രവാളകിസലയാധരത്തിൽ ചുംബിക്കയും ചെയ്തു. അല്പനേരത്തേക്കു് ആ യുവതീയുവാക്കന്മാൎക്കുണ്ടായ അവസ്ഥാന്തരത്തെ വൎണ്ണിക്കാൻ ആൎക്കാണു കഴിയുന്നതു്. അന്നുരാത്രി കുമാരൻ അവിടെത്തന്നെ കഴിച്ചു. രാവിലെ കുമാരൻ എഴുന്നേറ്റു് യാത്രയ്ക്കുവേണ്ട സംഭാരങ്ങളെല്ലാം ഒരുക്കി. വരദരാജകുമാരൻ തന്റെ വിരലിൽ കിടന്ന വജ്രഖചിതമായ അംഗുലീയകമൂരി മണിമാലികയുടെ വിരലിൽ ഇട്ടു. തന്റെ പ്രേമസൎവ്വസ്വത്തെ ചുംബിച്ചുകൊണ്ടു് തന്റെ കുതിരയിൽ കയറി ഓടിച്ചുപോയി. കണ്ണെത്തുന്നിടത്തോളം ദൂരം നോക്കിനിന്നിട്ടു് മണിമാലിക തന്റെ ഹംസതൂലിമെത്തയിൽ ചെന്നുവീണു്, തന്റെ കാമുകനു് യാതൊരാപത്തുകളും ഉണ്ടാകരുതെ എന്നു് ഹാൎദ്ദമായി പ്രാൎത്ഥിച്ചു.

---

# ആറാം അദ്ധ്യായം.

## ദിക്സഞ്ചാരം.

വരദരാജകുമാരൻ മണിമാലികയാൽ ദത്തംചെയ്യപ്പെട്ട വെള്ളിക്കുതിരയിൽ കയറി അതിഗമനം ചെയ്യുന്നു. ആ മഹാമനസ്വിനിയുടെ മഹാദൌൎഭാഗ്യത്തെയും, മഹാമനസ്കതയേയും സ്മരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ യാത്ര. ഒരു ദിവസം മുഴുവൻ യാത്രയെ തുടൎന്നപ്പോൾ മുന്നിലായി ഒരു വലിയ കോട്ടയും ഗോപുരവും ദൃശ്യമായി. മണിമാലിക പറഞ്ഞ രാക്ഷസനഗരം ഇതുതന്നെയെന്നും, വളരെ കരുതലോടുകൂടി പ്രവൃത്തിച്ചില്ലെങ്കിൽ വല്ല ആപത്തുകളും സംഭവിക്കാൻ ഇടയുണ്ടായേക്കുമെന്നും ഉള്ള വിചാരത്തോടുകൂടി അല്പം വിശ്രമിച്ചതിന്റെ ശേഷം യാത്ര എന്നു നിശ്ചയിച്ചു. അവിടെക്കണ്ട ഒരു ആൽത്തറയിൽ ഇറങ്ങി, അവിടെ കമ്പിളിവിരിച്ചു് അതിൽ ശയിച്ചു.

ആ മണിമാലിക അസാമാന്യബുദ്ധിവൈഭവവും, ലൌകികജ്ഞാനവും, ഉള്ള ഒരു അപൂൎവ്വസുന്ദരിയാകയാൽ, അവളുടെ ഉപദേശം അനുസരിച്ചു പ്രവൎത്തിക്കുന്നതു് സൎവ്വഥാ ശ്രേയസ്കരമാണെന്നുള്ള വിചാരവും തദനുസരണമായ പെരുമാററവും അദ്ദേഹത്തെ ഏതുവിധം സഹായിച്ചു എന്നു് താഴെ പറയുന്ന സംഗതികൾകൊണ്ടു വെളിപ്പെടുന്നതാണു്. തന്റെ ഇംഗിതത്തെ മറച്ചുവെച്ചു്, എന്റെ അസ്വാതന്ത്ര്യം നമ്മുടെ അഭിലാഷസാദ്ധ്യത്തിനു് വിഘാതമായിരിക്കുന്നു എന്നു വരദരാജകുമാരൻ പറഞ്ഞപ്പോഴും അവൾക്കു യാതൊരു ഭാവഭേദവും ഉണ്ടായില്ല. ഏതെല്ലാം വിഘ്നങ്ങൾ ഇടയ്ക്കു ഭവിച്ചാലും ഈശ്വരകാരുണ്യവും പരസ്പരം യഥാൎത്ഥപ്രണയവും ഉണ്ടെങ്കിൽ അവസാനം മംഗളമായിത്തന്നെ ഇരിക്കും എന്നു് പൂൎണ്ണവിശ്വാസം ഉണ്ടായിരുന്നതുകൊണ്ടു, അവൾക്കു ആ വാക്കു കേട്ടപ്പോൾ അശേഷം കുണ്ഠിതമുണ്ടായില്ല. തന്നാൽ കഴിയുന്ന സകല സഹായങ്ങളും ചെയ്തുകൊടുക്കുന്നതിൽ അവൾ ജാഗരൂകയുമായിരുന്നു; അവസരോചിതമായി പ്രവൎത്തിക്കുന്നതിനുള്ള ഒരു സാമൎത്ഥ്യം അവളിൽ പ്രത്യേകം വിളങ്ങുന്നുണ്ടു്. മാനിന്റെ നിലയും നിലവിളിയും, മററും കണ്ടു, അദ്ദേഹത്തെ മനുഷ്യനാക്കിത്തീൎത്തു. സ്വാൎത്ഥംകൊണ്ടു മതിമറന്നിട്ടു് അദ്ദേഹത്തിന്റെ സത്യപരിപാലനത്തിൽ തടസ്സമായി നില്ക്കാതെ വേണ്ടവണ്ണം ഉത്സാഹിപ്പിച്ചു. തന്റെ ഒരു പിതാമഹൻ ഏല്പിച്ചിരുന്ന ദിവ്യവസ്തുക്കൾ പലവിധത്തിലുള്ള വിപത്തുകൾ അനുഭവിക്കാൻ ഇടയായേക്കാവുന്ന ഒരു ദീൎഘസഞ്ചാരിക്കായി ദാനംചെയ്തു. ഈ സംഗതികളെല്ലാം അവളുടെ ഔചിത്യബുദ്ധിയെ പ്രത്യക്ഷപ്പെടുത്തുന്നു. എത്ര ശാന്തമായ പ്രകൃതിയാണവൾക്കുള്ളതു്. സൎവ്വസൌഭാഗ്യങ്ങളും യോഗ്യതകളും തികഞ്ഞിട്ടുണ്ടെങ്കിലും അഹങ്കാരം ഒട്ടും തന്നെ അവളെ തീണ്ടിയിട്ടില്ല. അതുതന്നെ അവളുടെ വിശേഷാലങ്കാരം. സ്ത്രീജനങ്ങൾ സാധാരണമായി രത്നങ്ങൾ പതിച്ചു ഭംഗിയാക്കിയിട്ടുള്ള സ്വൎണ്ണാഭരണങ്ങളെ സ്നേഹിക്കുന്നു. ഹിതാനുസാരം അവ ലഭിക്കുന്നില്ലെങ്കിൽ അവൎക്കുണ്ടാകുന്ന കുണ്ഠിതം എത്രയെന്നില്ല. വേറൊരുത്തിക്കു് ഇല്ലാത്ത രീതിയിലും, എന്നാൽ വിശേഷതരത്തിലും ഉള്ള ആഭരണങ്ങളായിരിക്കും അവൎക്കധികം ഇഷ്ടം; അവർ പാതിവ്രത്യം, പരോപകാരതല്പരത, പരോൽകൎഷത്തിൽ സന്തോഷം മുതലായ ഗുണങ്ങളെ ഇത്രമാത്രം സ്നേഹിക്കാറില്ല.

മേൽപ്പറയപ്പെട്ട ഗുണങ്ങളാണു് ആഭരണങ്ങളെന്നു് ഇവർ ധരിച്ചെങ്കിൽ എത്ര നന്നായിരുന്നേനേ.

ഇപ്രകാരം സൽഗുണപരിപൂർണ്ണയായ മണിമാലികയുമായി സംസർഗ്ഗം ചെയ്വാൻ സാധിച്ചതുതന്നെ വലിയ ഭാഗ്യമെന്നു രാജകുമാരൻ വിചാരിച്ചു. അല്ലെങ്കിൽ അവശ്യജ്ഞേയമായ പല സംഗതികളും അദ്ദേഹത്തിനു് അറിയാൻ സാധിക്കയില്ലായിരുന്നു. ആ ഗുണവതി ഇപ്പോൾ എവിടെ എങ്ങനെയിരിക്കുന്നു. കഷ്ടം, അവളുടെ ഇംഗിതങ്ങൾ അസാദ്ധ്യപ്രായങ്ങളും എന്നുതന്നെയായിരിക്കുമോ അവളുടെ വിചാരം. ആഹാ ഇപ്പോൾ അവൾ ദുഃഖിക്കയായിരിക്കുമോ? അവളുടെ മര്യാദയും, നന്മയും ലാവണ്യസമ്പത്തും ആരെയാണു വശീകരിക്കാത്തതു്. അവളോടു തോന്നിയിട്ടുള്ളതുപോലെ മമതാബന്ധം ഇതുപര്യന്തം ആരോടും തോന്നിയിട്ടും ഇല്ല. ആഹാ! എന്റെ അഭീഷ്ടങ്ങളെല്ലാം കാലവിളംബമെന്യേ സാധിക്കുന്നതിനു് ജഗദീശ്വരൻതന്നെ അനുഗ്രഹിക്കട്ടെ. ഇപ്രകാരം ചിന്താമഗ്നനായി ശയിക്കുമ്പോൾ "ഹാ ഭാഗ്യം നരമാംസം ഭക്ഷിക്കാനുള്ള ഭാഗ്യം" എന്നുള്ള ഉച്ചൈസ്തരപ്രലപനം അദ്ദേഹത്തിന്റെ വിശ്രമസുഖത്തെ ഭഞ്ജിച്ചു. കോട്ടയ്ക്കകത്തുനിന്നു് ആ വഴിവന്ന രാക്ഷസന്മാരുടെ നിലവിളിയായിരുന്നു കുമാരൻ കേട്ടതു്. രാജകുമാരനെ പിടിച്ചുകെട്ടികൊണ്ടുചെന്നു് അവരുടെ രാജാവിനു കാഴ്ചവെച്ചാൽ വലിയ സമ്മാനങ്ങൾ ലഭിക്കുമെന്നായിരുന്നു അവരുടെ ഉദ്ദേശം. രാക്ഷസന്മാർ ആ ഉദ്ദേശത്തോടുകൂടി കുമാരനോടടുത്തപ്പോൾ, അവിടെനിന്നെഴുന്നേററു്, അവരുടെ ഉദ്യമങ്ങൾ എന്താണെന്നു ഗ്രഹിച്ചു. നിങ്ങളെന്തിനാണെന്നെ ഉപദ്രവിക്കുന്നതു്, നിങ്ങളോടു യാതൊരു ദ്രോഹവും ചെയ്യാത്ത ഒരാളെ നിങ്ങൾ ഉപദ്രവിക്കണമെന്നു വിചാരിക്കുന്നതു് അനീതിയാണു്. അതുകൊണ്ടു് നിങ്ങളുടെ ഇപ്പോഴത്തെ സംരംഭത്തിൽനിന്നു് വിട്ടൊഴിയുന്നതാണുത്തമം. നിങ്ങൾ ന്യായരഹിതമായി പ്രവൎത്തിച്ചാൽ ആപത്തുണ്ടാകുമെന്നു വിചാരിച്ചുകൊള്ളണം. എന്നിങ്ങനെ അല്പം ഗൌരവമായി പറഞ്ഞിട്ടും അശേഷം കുലുക്കം കൂടാതെ അവർ കുമാരനോടൊട്ടടുത്തു. വെട്ടുന്നപോത്തിനോടു വേദമോതുന്നതു നിഷ്പ്രയോജനമായിത്തീരുന്നതുപോലെ ഇവിടേയും നയോപദേശങ്ങൾ വിഫലമാണെന്നും, മണിമാലിക ദത്തംചെയ്ത ദിവ്യായുധങ്ങൾ പ്രയോഗിക്കുന്നതിനു കിട്ടിയ ഈ സൌകര്യത്തെ നഷ്ടപ്പെടുത്തരുതെന്നും ഉള്ള വിചാരത്തോടു ഒരസ്ത്രമെടുത്തു് അവരു

ടെ നേരെ പ്രയോഗിച്ചു. അവിടെ ഉണ്ടായിരുന്ന രാക്ഷസന്മാരെല്ലാം ആ അസ്ത്രംകൊണ്ടു് അന്തകപുരത്തിലേക്ക യാത്രയായപ്പോൾ ആ മണിമാലികയിൽ അളവററ സ്നേഹബഹുമാനങ്ങൾ അംകുരിച്ചു. ഈ അസാധാരണസംഭവം അറിഞ്ഞ രാക്ഷസരാജാവു് ആശ്ചര്യസന്താപഭയവിഹ്വലനായി കുറേനേരം ആലോചനയോടുകൂടി ഇരുന്നശേഷം അനേകായിരം സൈന്യങ്ങളോടുകൂടിച്ചെന്നു് ആ രാജകുമാരനെ നിഗ്രഹിച്ചുവരുവാൻ തന്റെ സേനാനായകനെ നിയോഗിച്ചു. ഏകനായി ഇവിടെ വന്നു നിർഭയം അനേകം രാക്ഷസന്മാരെ വധിക്കാൻ പ്രാപ്തനായ ആൾ സാമാന്യനല്ലെന്നു മന്ത്രിമാരും മററും അഭിപ്രായപ്പെട്ടു. സീതാദേവിയെ അന്വേഷിച്ചു ലങ്കയിലെത്തി അക്ഷകുമാരാദികളായ അനേകം പരാക്രമശാലികളെ നിഷ്പ്രയാസം നിഗ്രഹിച്ച കപീശ്വരന്റെ രണ്ടാമത്തെ അവതാരമായിരിക്കുമോ ഇദ്ദേഹം എന്നും ചിലർ ശങ്കിക്കാതിരുന്നില്ല. ആ വാനരാധീശ്വരൻ ബന്ധനസ്ഥനായി ദശകണ്ഠന്റെ മുമ്പിൽ ആനയിക്കപ്പെട്ടപോലെ, രാജകുമാരനും ബന്ധിക്കപ്പെട്ടുമെന്നു് രാക്ഷസരാജാവു് ആശ്വസിച്ചു. ആകസ്മികമായി കല്പാന്തമാരിപോലെ ആവിർഭവിച്ച സൈന്യനിരകണ്ടു് രാജകുമാരൻ പരിഭ്രമിച്ചു എങ്കിലും തന്റെ പക്കൽ ഉചിതമായ ഔഷധം ഇരിപ്പുള്ളതിനാൽ അക്ഷകുമാരാദികളെക്കണ്ട കപീശ്വരനെപ്പോലെ യാതൊരു കുലുക്കവും കൂടാതെ നിലകൊണ്ടു. യാതൊരു സങ്കോചവുംകൂടാതെ ഇവിടെവന്നു് ധീരപ്രവൃത്തികൾ നടത്തിയവൻ അതിധൈര്യശാലിയും, അസാധാരണനും തന്നെ എങ്കിലും തന്റെ കരബലത്തോടെതിർക്കാൻ യാതൊരു ജീവിയും ലോകത്തിലില്ലാ എന്നുള്ള അഹങ്കാരത്തോടുകൂടി കുമാരനെ ഒരടിയോടുകൂടി കൊല്ലാമെന്നവണ്ണം സേനാനായകൻ മുന്നോട്ടടുത്തു. എന്നാൽ കുമാരന്റെ കുലുക്കമററ നിലകണ്ടു് ഭയകമ്പിതനായി തീരുകയാൽ ചില വീരവാദങ്ങളും ആത്മപ്രശംസകളുംകൊണ്ടു് കുമാരനെ പലായനം ചെയ്യിക്കാൻതന്നെ വട്ടംകൂട്ടി.

എടാ മനുഷ്യകീടമേ! നീ ഇവിടെവന്നു് വെറും വിചാരശൂന്യനെപ്പോലെ ചില അക്രമങ്ങൾ പ്രവർത്തിച്ചതിനാൽ അതിനുചിതമായ ശിക്ഷ നൽകാതെ ഇരിക്കാൻ തരമില്ല. നിനക്കു് തരുന്ന ശിക്ഷ നീ ഇതേവരെ അനുഭവിച്ചിട്ടില്ലാത്തതാണു്. അതിനാൽ ആ ശിക്ഷ അനുഭവിക്കാൻ ഉടനെ തയാറായിക്കൊൾക. ശിക്ഷ എന്താണെന്നറിയേണ്ടേ. നീ നമ്മുടെ അ

ജയ്യമായ കരപ്രഹാരമേററ് മരിക്കണം എന്നാണ് ന്യായാസന ത്തിൽനിന്ന് ആജ്ഞ പുറപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് യാതൊരു സങ്കടമൊ, സംഭ്രമമൊ കൂടാതെ അവിടെനിൽക്കുക: എന്നിങ്ങനെ ചില്തെല്ലാം പറഞ്ഞപ്പോഴും യാതൊരു ഭാവഭേദ വും പ്രദർശിപ്പിക്കുന്നില്ലെന്നു കണ്ടതിനാൽ "ഇനിയും ഈ ന യം മാററി നേരെ അടുക്കേണ്ടതാണ്. - എന്തൊരു ധൈര്യവും ഗാംഭീര്യവും രാജകുമാരന്റെ നിലയിൽ പ്രത്യക്ഷപ്പെടുന്നു. അ ടുത്താൽ ഉടൻ എനിക്കു മരണംതന്നെ അതുകൊണ്ട് ഇവ ിടെ എന്താണു പ്രവത്തിക്കേണ്ടതെന്നറിയാതെ ൻസൈന്യാധി പൻ അമ്പരന്നു.

നിങ്ങളുടെ ഭീരുത്വത്തിൽനിന്നും ഉളവായ ഈ വീരവാ ദങ്ങൾ മതിയാക്കണം. ഞാൻ യാതൊരു മര്യാദകേടും അനു വത്തിച്ചില്ല എന്നെ അനാവശ്യമായി ഉപദ്രവിക്കാൻ വന്ന വക്ക് ഉചിതമായ ശിക്ഷ നൽകിയത്ത് വാസ്തവംതന്നെ. നി ങ്ങളും അക്രമത്തിനുതന്നെ ഒരുങ്ങിയാൽ ഉടനെ ഫലം അനുഭ വിക്കും. എനിക്കും മരണത്തിനു ഭയമില്ല. അതുകൊണ്ട് ആ ലോചിച്ചു പ്രവത്തിക്കുന്നതാണു നല്ലതു. രാക്ഷസരാജനായ രാ വണന്റെ അനുഭവത്തെ നിങ്ങൾ അനുസ്മരിക്കുന്നതു് ഈ അവ സരത്തിൽ പ്രയോജനകരമായിരിക്കും. എന്നിങ്ങനെ രാജകു മാരൻ പറഞ്ഞതുകേട്ടു ഉജ്വലകോപത്തോടുകൂടി യുദ്ധത്തിനുത ന്നെ ആരംഭിച്ചു. സൈന്യങ്ങളെ അസ്ത്രങ്ങൾകൊണ്ടും സേനാ നായകനെ കഠാരികൊണ്ടും ഉടനേതന്നെ ഹനിക്കുന്നതിനു യാ തൊരു പ്രയാസവും നേരിട്ടില്ല. കുമാരന് അല്പനേരംപോലും വിശ്രമിക്കാൻ സൌകര്യം കിട്ടിയില്ല. തന്റെ സൈന്യാധി പനും സേനയും നശിച്ച വത്തമാനം അറിഞ്ഞു് താപാകുലനും, അഥവാ കുപിതനും ആയിത്തീന്ന രാക്ഷസേശ്വരൻ ആ മാത്ര യിൽതന്നേ പുറപ്പെട്ടുവന്ന് യുദ്ധം തുടങ്ങി. അമേയമായ സൈ ന്യത്തെ ജയിക്കുന്നതിന് ആ മണിമാലികയുടെ അത്ഭുതപൂർവ്വ വും അത്യന്തം ഉപയോഗപ്രദവും ആയ ആയുധങ്ങൾ പയ്യാപ്ത മായേക്കാം എന്നുള്ള ആശ്വാസംമാത്രമേ രാജകുമാരനുണ്ടാ യിരുന്നൊള്ളു. ആരെന്നും, എന്തെന്നും, എന്തിനെന്നുംമററുമു ള്ള ആലോചനകൂടാതെ വന്ന ഉടൻ യുദ്ധം തുടങ്ങിയതുകൊണ്ട് കുമാരൻ അല്പനേരത്തേക്കു് കുഴങ്ങിപ്പോയി. എന്നാൽ തന്റെ അസ്ത്രങ്ങൾകൊണ്ട് രാക്ഷസന്മാരിൽ അധികംപേരെയും കൊ ന്നൊടുക്കിയപ്പോൾ ഇനി നിന്നുപൊരുക്കാം എന്നുള്ള വിചാരം കുമാരനെ സന്തോഷിപ്പിച്ചു. തന്റെ കൈവശമുണ്ടായിരുന്ന

ആഗ്നേയാസ്ത്രം എടുത്തു പ്രയോഗിച്ചാൽ ഉടനെ വിജയലബ്ധി ഉണ്ടാകുമെങ്കിലും അതു യാതൊന്നും അറിയാതെ വസിക്കുന്ന പുരവാസികൾക്കുകൂടി നാശമുണ്ടാകുന്നതിനാൽ നിവൃത്തിയില്ലാത്തപക്ഷം അവസാനകൈയായി പ്രയോഗിക്കാമെന്നു വിചാരിച്ചുടങ്ങി. കുമാരൻ തന്റെ വാളു എടുത്തുകൊണ്ടു രാജാവിന്റെ നേരെ അടുത്തു. തന്റെ പ്രതിയോഗിയുടെ ധീരോദാത്തതയും, അപ്രതിമശക്തിയും, ധൈര്യവും കണ്ടപ്പോൾ രാക്ഷസരാജന്റെ ഗർവമെല്ലാം ശമിച്ചു. തന്റെ കൈവശമുണ്ടായിരുന്ന കഠാരി ആ ദുഷ്ടന്റെ മാറിലേക്കു തക്കം നോക്കി പ്രയോഗിച്ചപ്പോൾ ആ രാക്ഷസൻ ഒഴിഞ്ഞുകളഞ്ഞു. പിന്നീടല്പസമയത്തേക്കുള്ള യുദ്ധം അതിഭയങ്കരം തന്നെ ആയിരുന്നു. ഇരുകക്ഷികളും ഒഴിഞ്ഞും തിരിഞ്ഞും പഴുതുനോക്കിയും, അടുത്തും അകന്നും നിന്നു പ്രയോഗിച്ച അടവുകൾ ദർശനീയമെന്നേ പറയേണ്ടു. അഹോ! അതാ രാക്ഷസരാജൻ തന്റെ ഖഡ്ഗം കുമാരന്റെ കഴുത്തുനോക്കി ഓങ്ങുന്നു. കഷ്ടം! എല്ലാ സാഹസങ്ങളും അസ്തമിക്കാൻ ഇനി അധികസമയം വേണ്ട. വിദൂരമായ ഒരു സ്ഥലത്തു പുത്രദർശനാസക്തനായി കാത്തിരിക്കുന്ന രാജരാജേശ്വരിമാരുടെയോ, ചന്ദ്രലേഖയുടെ ഉററ തോഴിയായ വാസന്തികയുടെയോ പലവിധത്തിലുള്ള സഹായസഹകരണങ്ങൾ ചെയ്തുകൊടുത്ത മണിമാലികയുടെയോ അഭീഷ്ടത്തിനു വിഘാതം വരാൻ ഇനി അരനിമിഷം വേണ്ട, ആ ഖഡ്ഗം നൊടിയിടയിൽ അതിന്റെ ജോലിയെ നിറവേററിക്കഴിയും. കുമാരാ, ഇപ്രകാരം ഒരു അകാലമൃത്യുവെ വരിക്കുന്നതിനായിട്ടുതന്നെയോ, പലവിധത്തിലുള്ള ആപത്തുകളെ കടന്നിവിടെ എത്തിയതു്. ആ ചന്ദ്രലേഖയുടെ ചോദ്യത്തിനു ശരിയായ സമാധാനം കണ്ടുപിടിക്കുന്നതിനുവേണ്ടി നീ ചെയ്യുന്ന ശ്രമം ഇങ്ങനെയോ കലാശിക്കാൻപോകുന്നതു്. നീ ഇങ്ങനെ അകാലമൃത്യുഗതനാകണമെന്നു വിധിയുണ്ടായിരുന്നെങ്കിൽ ചന്ദ്രലേഖയെ കണ്ട ദിവസം തന്നെ സാധിക്കുമായിരുന്നല്ലോ. കൂടുതൽ കഷ്ടതകൾ അനുഭവിക്കണമെന്നായിരിക്കാം ദൈവമതം. അതാരറിയുന്നു. ദൈവാധീനംകൊണ്ടു് രാക്ഷസരാജന്റെ ഖഡ്ഗം അതാ പിടിച്ചിരുന്ന പിടിയിൽനിന്നു വഴുതുന്നു. അതു് രണ്ടു ദണ്ഡകലെ പോയി വീണു. ഇതിനിടയിൽ കുമാരന്റെ കഠാരി ആ ദുഷ്ടന്റെ മാറിൽ പിടിയോളം താഴ്ന്നുകഴിഞ്ഞു. വെള്ളക്കുഴലിൽനിന്നു പുറപ്പെടുംപോലെ രക്തം ശക്തിയോടുകൂടി കുതിച്ചൊഴുകുന്നു. അയാളുടെ അവയവങ്ങൾ അവശങ്ങളായി. അവിടെ നില്ല

ന്നതിനുപോലും കെല്പററ് ആ ഘാതകൻ നിലം പതിച്ചു. കുമാരനെ ആ അത്യാപൽഘട്ടത്തിൽനിന്നും വിമുക്തനാക്കിയതു് ഒരു യോഗദണ്ഡു ധരിച്ച വയോധികനായിരുന്നു. അദ്ദേഹം അകലെനിന്നു് ഇവരുടെ യുദ്ധമുറകൾ കണ്ടാനന്ദിച്ചുകൊണ്ടിരിക്കയായിരുന്നു. കുമാരന്റെ അകാലദേഹവിയോഗാവസരം സംപ്രാപ്തമെന്നു തോന്നുകയാൽ ഖഡ്ഗത്തെ ലാക്കാക്കി പ്രയോഗിച്ച ആ ദണ്ഡു് ലാക്കിനുതന്നെ ഏററതുകൊണ്ടു്. ഇപ്രകാരം സംഭവിച്ചതാണു്. അതിനുശേഷം ആ വയോധികനെ അവിടെ കാണ്മാനില്ലായിരുന്നു. കുമാരനോടു് ഇത്ര കാരുണ്യമായി പെരുമാറിയ ആ വൃദ്ധസന്യാസിയെ അവിടത്തേക്കു നയിച്ചതു് ആരാണാവോ? അന്യഥാ ചിന്തിതംകാര്യം ദൈവമന്യത്രചിന്തയേൽ എന്നുള്ള തത്വം എത്ര വാസ്തവമാണു്. ഇനി നൊടിയിടയിൽ കാലഗേഹമണയുമായിരുന്ന രാജകുമാരൻ എതിരാളിയെ തന്നെ ആ ധർമ്മപുരിയിലേക്കയയ്ക്കുമെന്നു് ആർക്കു് ഊഹിക്കാൻ കഴിയുമായിരുന്നു. പരബ്രഹ്മരൂപാ—സനാതനാ—സച്ചിദാനന്ദസ്വരൂപാ— അവിടത്തെ തിരുവുള്ളം എപ്രകാരമെന്നു നിസ്സാരന്മാരായ ഈ മനുഷ്യർ എങ്ങനെ അനുമിക്കും. ഈ രാജകുമാരനെക്കൊണ്ടു് ഇനിയും പല കർമ്മങ്ങൾ അനുഷ്ഠിപ്പിക്കേണ്ടതായുണ്ടായിരിക്കാം നടക്കട്ടെ.

കഠാരിയേററു നിലംപതിച്ച രാക്ഷസരാജാവു് ഇനിയൊരു രക്ഷയും ഇല്ലെന്നുള്ള വിശ്വാസത്തോടുകൂടി തന്റെ എതിരാളിയെങ്കിലും, അതിധൈര്യവാനായ കുമാരനെ സ്നേഹപുരസ്സരം കടാക്ഷിച്ചിട്ടു തന്റെ അടുക്കൽ വന്നിരിക്കണമെന്നു് ആഗ്രഹം കാണിച്ചു. സർവ്വശക്തികളും ക്ഷയിച്ചിരുന്നു എങ്കിലും വളരെ പ്രയാസപ്പെട്ടു തന്റെ വംശത്തെ സംകരണം പുലർത്തണമെന്നും തന്റെ ഓമനകളുടെ കാര്യത്തിൽ പ്രത്യേകം നിഷ്കർഷയുണ്ടായിരിക്കണമെന്നും കുമാരനോടപേക്ഷിച്ചു. തന്റെ കൈകൾ കുമാരന്റെ നേരേ നീട്ടി. അതിന്റെ അർത്ഥം മനസ്സിലാക്കിയ രാജകുമാരൻ അങ്ങനെ ചെയ്തുകൊള്ളാമെന്നു കൈയ്യടിച്ചു വാഗ്ദാനംചെയ്തു. സന്തുഷ്ടചിത്തനായ രാക്ഷസരാജന്റെ ശേഷിച്ചിരുന്ന ദേഹി ആ ലോഹകായത്തെ വെടിഞ്ഞു സ്വർഗ്ഗസോപാനത്തിലേക്കു പ്രവേശിക്കാൻ പിന്നീടധികം താമസിച്ചില്ല.

രാക്ഷസരാജന്റെ മരണത്തോടുകൂടി യുദ്ധവും അവസാനിച്ചു. ശത്രുക്കളിൽ മരണം സംഭവിക്കാത്തവർ അവരുടെ പ്രതിയോഗി അസാധാരണൻതന്നെ എന്നുള്ള അമ്പരപ്പോടുകൂടി എ

വിടെയോ പോയൊളിച്ചു. രാജകുമാരൻ അവിടെ ചെയ്യേണ്ടതെന്താണെന്നുള്ള വിചാരത്തോടുകൂടി കുറേനിന്നിട്ട്, പിതാവിൻെറ മരണംമൂലം സന്താപമഗ്നയായ രാക്ഷസകുമാരിയെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. ശത്രുവാണെങ്കിലും മരണശാസനംമൂലം തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതുപോലെ അനുവത്തിക്കാതിരിക്കുന്നതു പാപകരമാകയാൽ, അവിടെ കുറേനാൾ താമസിപ്പിച്ച് വേണ്ടുംവണ്ണം രാജ്യവാസികളെ ആശ്വസിപ്പിക്കാതെ യാത്ര തുടരുന്നതു് ഉചിതമല്ലെന്നു നിശ്ചയിച്ചു. പിതൃമരണംകൊണ്ടു ദുഃഖിതയെങ്കിലും രാജകുമാരൻെറ ആശ്വാസവാക്കുകൾ അനുസരിച്ചു പൈതൃകമായ കമ്മങ്ങളെല്ലാം ഉടനേതന്നെ നടത്തി. ശവസംസ്കാരംമുതൽ പുണ്യാഹംവരെയുള്ള ക്രിയകൾ ഭംഗിയായി നിർവ്വഹിപ്പിച്ചു. മൂന്നുനാലുദിവസത്തെ അശ്രാന്തപരിശ്രമംകൊണ്ടു പട്ടണവാസികളുടെ സന്താപത്തെ ഏറിയകുറും ഇല്ലാതാക്കി. അവരുടെ മഹാരാജാവ് നാടുനീങ്ങിപ്പോയി എന്നുള്ള വിചാരംപോലും അവരുടെ മനസ്സിൽനിന്നു മായത്തക്കവണ്ണം ഭംഗിയായി രാജ്യകാര്യങ്ങൾ നോക്കുകയും കുമാരിയെ അളവററു സ്നേഹിക്കയും ചെയ്കയാൽ ആ മഹാത്മാവിൻെറ ആവിർഭാവം രാജ്യക്ഷേമോദയമെന്നുതന്നെ അവർ വിചാരിച്ചു. കുമാരൻെറ ആകർഷണീയമായ വാക്കുകളും, ഭാവങ്ങളും, രാജ്യഭരണവിദഗ്ദ്ധന്മാരായ മന്ത്രിസത്തമന്മാരേയും അതിശയിപ്പിക്കത്തക്കഭരണനയവും, പ്രജാവാത്സല്യവും, അനർഘമായ വിദ്യാസമ്പത്തും സൌന്ദര്യധോരണിയും മനുഷ്യാതീതമായ ധൈര്യശൌര്യങ്ങളും ഓത്തു് അതികുതൂഹലവതിയായിത്തീന്ന രാജകുമാരി തൻെറ രാജ്യത്തെയും തന്നെയും കുമാരനിൽതന്നെ സമപ്പിച്ച് മനസ്സുഖത്തോടുകൂടി ജീവിക്കാൻ തീച്ചപ്പെടുത്തി.

കുമാരൻ തൻെറ യാത്രോദ്ദേശ്യത്തെക്കുറിച്ച് രാക്ഷസകുമാരിയേയും പ്രജകളേയും അറിയിച്ചപ്പോൾ അവക്ക് അളവററ സന്താപമുണ്ടായി. അവരുടെ രാജകുമാരിയെ വിവാഹംചെയ്തു ഈ രാജ്യത്തെ പ്രശസ്തമാംവണ്ണം ഭരിച്ച് അവരുടെ സങ്കടത്തെ തീക്കുമെന്നുള്ള വിശ്വാസമായിരുന്നു രാക്ഷസന്മാക്കുണ്ടായിരുന്നതു്. ആ വിചാരം പാടെ അസ്തമിക്കത്തക്കവണ്ണമുള്ള കുമാരൻെറ വാക്കുകൾ അവരെ വല്ലാതെ വിഷമിപ്പിച്ചു. രാജകുമാരിക്കും വളരെ സങ്കടംതോന്നി. അതിനാൽ, അവരെല്ലാവരുംകൂടി രാജകുമാരനെ മുഖംകാണിച്ച് അവരുടെ സങ്കടമുണത്തി. താമസിയാതെ തിരിച്ചുവന്നു് അവരുടെ അഭീഷ്ടം സാധിച്ചുകൊള്ളാമെന്നു് ഉറപ്പു പറഞ്ഞപ്പോൾ

പലവിധത്തിലും സന്താപം അനുഭവിച്ച് മ്ലാനമായിരുന്ന അവരുടെ മുഖകമലങ്ങൾ, വികസിച്ചു. ഇവിടെനിന്നു അമൃതവാഹിനി രാജ്യത്തെത്തുന്നതിനു സപ്തസമുദ്രങ്ങൾ തരണം ചെയ്യേണ്ടതാണ്. എങ്കിലും ആ കാണുന്ന വിമാനത്തിൽ കയറിയാൽ അധികം താമസിക്കാതെ അവിടെ എത്താം. ഞങ്ങളുടെ ഈ സഹായത്തെ സദയം സ്വീകരിച്ചു ഞങ്ങളെ അനുഗ്രഹിപ്പാറാകണം. അവിടെച്ചെന്ന് അവശ്യം സാധിക്കേണ്ട കാര്യങ്ങളെല്ലാം നിർവിഘ്നം നിർവ്വഹിച്ചു കഴിയുന്ന വേഗത്തിൽ ഇവിടെ എത്തുകയും രാജകുമാരിയെ വിവാഹംചെയ്ത് ഇവിടത്തെ മഹാരാജാവായിരുന്നു ഭംഗിയായി രാജ്യം ഭരിക്കയും ചെയ്തുകൊള്ളാമെന്നു അങ്ങ് വാഗ്ദാനം ചെയ്കയാൽ ഇന്നുമുതൽ അങ്ങ് ഞങ്ങളുടെ മഹാരാജാവുതന്നെ. ഇന്നു നേരം അതിക്രമിച്ചുപോയതുകൊണ്ടു യാത്ര നാളത്തേക്കു മാററണമെന്ന് അവർ അഭിപ്രായപ്പെട്ടകയാൽ കുമാരൻ അതിനനുവദിച്ചു. അന്നു രാത്രി രാജകുമാരിയുമായുള്ള രഹസ്സല്ലാപാദികളിൽ കഴിച്ച് അവളുടെ മനസ്സിനു പരിപൂർണ്ണമായ ആശ്വാസം ഉണ്ടാക്കിത്തീർത്തു.

നേരം പ്രഭാതമായി. കുമാരൻെറ യാത്രോത്സവത്തിൽ പങ്കുകൊള്ളുന്നതിന് രാജ്യവാസികളാകമാനം അവിടെ സന്നിഹിതരായിരുന്നു. രാജോചിതമായ ആഘോഷങ്ങളോടുകൂടി അവർ രാജകുമാരനെ അടുത്തുള്ള ശിവസന്നിധിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. "ഹരഹരമഹാദേവ, ജയജയമഹാദേവ" എന്നിങ്ങനെയുള്ള മംഗളധ്വനി ഇടവിടാതെ മുഴങ്ങിക്കൊണ്ടിരുന്നു. രാജപാതയുടെ ഇരുപുറങ്ങളിലുമുള്ള മാളികമുകളിൽ ഈ അപൂർവ്വോത്സവദർശനാർത്ഥം സ്ഥിതിചെയ്തിരുന്ന വനിതാമണികൾ മരന്ദപരിവാഹികളായ സുരഭിലസുമനിചയങ്ങൾ വാരിക്കോരിച്ചൊരിഞ്ഞുകൊണ്ടിരുന്നു. കുമാരൻെറ അപദാനങ്ങളെ സൂചിപ്പിക്കുന്ന മംഗളഗാനങ്ങൾ ആകാശത്തിലെങ്ങും പരന്നു. അവരുടെ രാജാവാകാൻ പോകുന്ന ദിവ്യമൂർത്തിയുടെ അകൃത്രിമസൗന്ദര്യസമ്പത്തിമോഹിതകളായ വധൂകദംബം പരിതസ്ഥിതികളെല്ലാം വിസ്മരിച്ചു കല്ലിൽകൊത്തിയ പാവകളെന്നോണം നിലകൊള്ളുന്നു. സ്തനിതരവത്തേയും അധഃകരിച്ചുള്ള കതനാവെടികൾ തുടരത്തുടരെ കേൾക്കുന്നു. ഈ ഘോഷയാത്ര കോവിലിൻെറ മുൻവശത്തെത്തിയപ്പോൾ, അതിനുള്ളിൽ നിന്ന് മഹേശ്വരബിംബം എഴുന്നെള്ളിച്ചുകൊണ്ട് പുറത്തേക്കുള്ള പുറപ്പാടു കണ്ടുതുടങ്ങുന്നു. ജയജയ മഹാദേവ എന്ന് ഭക്തിപുരസ്സരം

ആർത്തുവിളിച്ചുകൊണ്ട് അവരെല്ലാവരും ആ ദിവ്യമൂർത്തിയുടെ പാദാരവിന്ദങ്ങളിൽ നമസ്കരിക്കുന്നു. ശംഖനാദം, മണിനാദം, ഈശ്വരമന്ത്രോച്ചാരണനാദം, നാഗസ്വരാദി വാദ്യവിശേഷങ്ങളുടെ ഹൃദ്യനാദം, പെരുമ്പറ തുടങ്ങിയുള്ള ആസുരവാദ്യങ്ങളുടെ ഭയങ്കരനാദം എന്നിങ്ങനെയുള്ള സങ്കീർണ്ണധ്വനികളാൽ ദിങ്മണ്ഡലം മുഖരിതമായിരിക്കുമ്പോൾ അലംകൃതമായ പരമശിവബിംബവും ഘോഷയാത്രയോടടുത്തു. തന്റെ ദീർഘയാത്രയിൽ തന്നെ അനുഗ്രഹിപ്പാനായി ആഗതനായ പരമശിവൻ തന്നെ എന്ന് കുമാരനും, തന്നെയും രാജകുമാരനെയും പരസ്പരം വിവാഹബന്ധത്താൽ സംഘടിപ്പിക്കണമെന്നുള്ള അത്യുൽക്കണ്ഠയോടുകൂടി വംശപരദേവതതന്നെ ആവിർഭവിച്ചു എന്നു രാജകുമാരിയും അവരുടെ വംശത്തിന് സർവ്വഥാ അനുരൂപനായ ഒരാളെ രാജാവായി ലഭിച്ചതിലുള്ള ഔൽസുക്യത്തോടുകൂടി, അവരുടെ വംശപിതൃക്കൾ ഒരുമൂർത്തിയായി അവിടെ ആഗമിച്ചു എന്ന് കാണികളും തീരുമാനിക്കുന്നു. ജയജയമഹാദേവധ്വനി സർവ്വദാ കേൾക്കാനുണ്ട്. നാനാവിധധ്വനികളും ഏകോപിച്ചു പുറപ്പെട്ടപ്പോൾ എട്ടുദിക്കുകളിലും മാറ്റൊലിക്കൊണ്ടു. ക്ഷേത്രത്തിന്റെ ഉള്ളിലും പുറത്തും കർപ്പൂരം, സാമ്പ്രാണി മുതലായ സുഗന്ധവസ്തുക്കൾ ലോഭംകൂടാതെ ഇട്ട് കത്തിച്ചുകൊണ്ടിരിക്കയാൽ ആസ്വാദനീയസുഗന്ധം വഹിച്ചുകൊണ്ടു പുറപ്പെട്ട മാരുതഭഗവാൻ സർവ്വദിഗന്തങ്ങളിലും എത്തി രാജകുമാരന്റെ അശ്രാന്തകീർത്തിയെ പ്രസംഗിച്ചു.

രാജകുമാരനാകട്ടെ മണ്ഡപത്തിൽ എഴുന്നെള്ളി ആ പരമശിവപാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ച് യാത്രയിൽ ആപത്തുകളൊന്നും ഉണ്ടാകാതെ തിരിച്ചെത്തുന്നതിന് തന്നെ അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചു. ഈ ഘോഷങ്ങൾ കണ്ടാനന്ദിക്കുന്നതിനെന്നപോലെ സൂര്യഭഗവാനും ഉദയഗിരിയുടെ മൂർദ്ധാവിലെത്തി ശാന്തരശ്മികൾ വിതറി പ്രസന്നനായി കാണപ്പെട്ടു. എങ്കിലും മുഖത്ത് അല്പം രക്തിമ കലർന്നിരുന്നു. കുമാരന്റെ സൌന്ദര്യധോരണി തന്നെ ലജ്ജിപ്പിച്ചു കളഞ്ഞു എന്നുള്ള ഭാവമായിരിക്കുമോ അവിടെ പ്രത്യക്ഷമാക്കിയത്. മഹാത്മാക്കളായിരുന്നാലും, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അല്പം ഒരസൂയ ജനിക്കുമെന്നുള്ളതിന് ഇത് ഉത്തമദൃഷ്ടാന്തംതന്നെ. എന്നാൽ അവരുടെ മഹത്വം ഇതുകൊണ്ട് ദൂഷിതമാകുന്നില്ല. ഉടനെതന്നെ അതിനെ പരിത്യജിക്കുന്നതിനും തന്റെ പ്രതിപക്ഷിയെ അനുമോദിക്കുന്നതിനും വേണ്ട അനുഗ്രഹങ്ങളരുളുന്നതി

അം രാവർ ഉടനെ തയ്യാറാവുന്നുണ്ട്. ആ ജഗദംഷിയാകട്ടെ തൻെറ വംശത്തെ പരിപാവനമാക്കിത്തീൎത്ത ശ്രീരാമനെ ചന്ദ്രനെന്നപോലെ അതിവാത്സല്യത്തോടുകൂടി സ്വകരാംഗുലികളാൽ രാജകുമാരനെ സവിശേഷം തലോടി അനുഗ്രഹിക്കുന്നു. ഇതാണു് മഹാത്മാക്കൾക്കും സാമാന്യന്മാക്കും ഉള്ള വ്യത്യാസം. സാമാന്യന്മാർ, അവക്കു് അസൂയപാത്രങ്ങളായ എതിരാളികളെ താഴ്ത്തുന്നതിനു ശ്രമിക്കുമ്പോൾ മഹാന്മാർ തങ്ങളുടെ എതിരാളിയെ വിജയിയായിത്തീരത്തക്കവണ്ണം ഗുണദോഷിച്ചനുഗ്രഹിക്കുന്നു. സൂൎയ്യദേവൻ സ്വകരത്തെ കുമാരൻെറ മൂൎദ്ധാവിൽവെച്ചു സവ്വവിജയിയാക എന്നു് ആശംസിക്കുന്നു. സുമുഹൂൎത്തം സന്നിഹിതമാകയാൽ ഇനി താമസിക്കരുതെന്നു് അടുത്തുനിന്നിരുന്ന പുരോഹിതൻ ഉണൎത്തുകയാൽ മുൻകൂട്ടി തയാർചെയ്തിട്ടുണ്ടായിരുന്ന രഥത്തിൽ ആരോഹണംചെയ്യുന്നതിനു വട്ടംകൂട്ടിത്തുടങ്ങി. ദൃഷ്ടിപറിക്കാതെ നോക്കിക്കൊണ്ടുനില്ക്കുന്ന രാജകുമാരിമാരേയും പ്രജകളേയും ഉചിതമായ വാക്കുകൾകൊണ്ടു് ആശ്വസിപ്പിക്കയും, ജഗദീശപാദങ്ങളെ വീണ്ടും വണങ്ങുകയും ചെയ്തുകൊണ്ടു് രാജകുമാരൻ രഥത്തിൽ ആരോഹണംചെയ്തു. ആ വിമാനം മേല്പോട്ടുയന്നു; നിന്നിമേഷരായി നോക്കിനിന്ന സ്വജനങ്ങളെ കടാക്ഷവഷംകൊണ്ടു കുളൎപ്പിച്ചിട്ടു് രാജകുമാരൻതൻെറ യാത്രയെ തുടൎന്നു. പക്ഷിവേഗത്തിൽപായുന്ന രഥത്തിൽഇരുന്നുകൊണ്ടു പരിസരപ്രദേശങ്ങളിലേക്കു നേത്രങ്ങളെനയിച്ചപ്പോൾ കണ്ടകാഴ്ച അതിരമണീയമെന്നേ പറയേണ്ടു. കുന്നുകൾ, കുഴികൾ, തോടുകൾ, വയലുകൾ, വൃക്ഷലതാദികൾ എന്നുവേണ്ട മിന്നിത്തിളങ്ങുന്ന പ്രകൃതിയുടെ പ്രതിഭാസങ്ങളെല്ലാം കണ്ടുകണ്ടില്ല എന്ന മട്ടിൽ ദൃശ്യമാകയും, ഉടനെ മറയുകയും ചെയ്തുകൊണ്ടേ ഇരിക്കുന്നു. വൻപൎവ്വതങ്ങൾ ചെറിയ കുന്നുകളായും വൻകാടുകൾ കുററിക്കാടുകളായും, മനുഷ്യർ വെറും കളിപ്പാവകളായും കാണപ്പെടുന്നു. ഭൂപൃഷ്ഠത്തിൽ സ്വഛന്ദം വിഹരിക്കുന്ന വാഹിനികൾ ഭൂഗോളപന്തിനെ ചുററിവരിയാനായി പ്രകൃതി ഉണ്ടാക്കിയ രജതരേഖകളാണൊ എന്നു് ആരും സംശയിക്കാതിരിക്കയില്ല. ഈ വൈചിത്ര്യങ്ങൾ കണ്ടാനന്ദിച്ചുകൊണ്ടിരിക്കുമ്പോൾ സപ്തസാഗരങ്ങൾ ദൃശ്യമാകുന്നു. അഹോ! അന്തമില്ലാത്ത സമുദ്രമെ! ഈ സുവൎണ്ണരഥമില്ലായിരുന്നു എങ്കിൽ നിന്നെ തരണംചെയ്വാൻ എനിക്കു കഴിയുമായിരുന്നൊ? ഒരു മനുഷ്യൻ എത്രതന്നെ ശ്രമിച്ചാലും, അവൻ എത്ര സമൎത്ഥനായിരുന്നാലും നിന്നെ അതിലംഘിക്കുമൊ? നിൻെറ അതിവിസ്തൃതി, വൎണ്ണ

വൈചിത്ര്യം, അഗാധത മുതലായവ ആരെയാണ് ആശ്ചര്യഭരിതരാക്കിത്തീക്കാത്തതു്; അനന്തകോടി ജീവരാശികളെ നീ നിന്റെ ഉള്ളിൽതന്നെ വെച്ച് സൃഷ്ടിസ്ഥിതിസംഹാരം നടത്തുന്നതിനാൽ നീതന്നെ പരബ്രഹ്മം. ജാതിഭേദമൊ, മതഭേദമൊ നിന്നെ തീണ്ടിയിട്ടുപോലുമില്ല. അസമത്വം നിന്നിൽ കണികാണ്മാൻപോലും ഇല്ലാ. നിന്നെ ആശ്രയിക്കുന്നവർ ആരായിരുന്നാലും അവരുടെ അഭീഷ്ടങ്ങളെല്ലാം നീ ദാനംചെയ്യുന്നുണ്ടല്ലൊ. നീതന്നെ രാജാധിരാജൻ. തക്കമില്ല. എത്രയൊ അനർഘമായ വസ്തുനിചയമാണ് നിന്നിൽ സ്ഥിതിചെയ്യുന്നതു്. നിന്നെ രത്നാകരമെന്നു ജനങ്ങൾ സ്തുതിക്കുന്നുള്ള കാരണവും അതുതന്നെ. ഇങ്ങനെ ഒക്കെയാണെങ്കിലും, നിന്നെ ചിലർ അപവദിക്കുന്നതിൽ ഏറെക്കുറെ കാര്യങ്ങൾ ഇല്ലാതില്ല. പൎയ്യാലോചനയുള്ള ആരെങ്കിലും തന്റെ ശത്രുവിനെ വീട്ടിനുള്ളിൽതന്നെ പോററിവളത്തുമൊ? നിന്റെ ഉള്ളിൽ സ്ഥിതിചെയ്യുന്ന ബഡവാഗ്നി നിന്റെ അക്ഷയമായ ഭണ്ഡാരത്തെ അല്പാല്പം ശോഷിപ്പിച്ചുകൊണ്ടുതന്നെയല്ലെ ഇരിക്കുന്നതു്. നീ ഇതൊന്നും അറിയുന്നില്ലെന്നുണ്ടൊ? ആരെല്ലാം എന്തെല്ലാംചെയ്താലും നിനക്ക് ഒരുകാലത്തും ക്ഷയമുണ്ടാകയില്ലെന്നായിരിക്കുമോ നിന്റെ നിശ്ചയം. നീ ഒരു ധനലുബ്ധനല്ല. നിന്റെ സമ്പാദ്യത്തെ ജീവരാശികൾക്ക് ആവശ്യംപോലെ വിതരണംചെയ്വാൻ സദാ സന്നദ്ധനായിട്ടുതന്നെ കാണപ്പെടുന്നു. നിന്റെ മഹാമനസ്കത പ്രശംസ്യംതന്നെ. നിന്നെ അതിക്രമിക്കുന്നവരേയും, ശത്രുക്കളേയും സ്നേഹിച്ച് നിന്റെ പാട്ടിലാക്കുന്നതും, അവൎക്കുവേണ്ട ഗുണങ്ങളെല്ലാം ചെയ്തുകൊടുക്കുന്നതും ആണല്ലൊ നിന്റെ വൃത്തി. എന്നിപ്രകാരമുള്ള ചിന്താഗതികളായിരുന്നു രാജകുമാരനെ കുറെ നേരം യാത്രാഖേദത്തെ അനുസ്മരിപ്പിക്കാതിരുന്നതു്.

സർവവിധമായ സൌകൎയ്യങ്ങളും വിമാനത്തിൽ ഉണ്ടായിരുന്നതുകൊണ്ടു് യാത്ര പരമസുഖപ്രദമായിരുന്നു. വിശപ്പൊ ദാഹമോ ഉണ്ടായാൽ അതിനെ പരിഹരിക്കുന്നതിനുള്ള ഉപകരണങ്ങളും സംഭരിച്ചിരുന്നതുകൊണ്ടു ആ വിധത്തിലും ക്ലേശിക്കേണ്ട ആവശ്യം ഉണ്ടായില്ല. രാക്ഷസരാജകുമാരി, മണിമാലിക, വാസന്തിക, മുതലായി തന്നെ ആത്മാൎത്ഥം സ്നേഹിക്കുന്ന സ്ത്രീജനങ്ങളുടെ മനോഗുണങ്ങളേ തുലനംചെയ്യണമെന്നു് അദ്ദേഹത്തിനു തോന്നി. ആ വാസന്തിക ചന്ദ്രലേഖയുടെ ഒരു തോഴിയാണെങ്കിലും അവളും അതിസുന്ദരിതന്നെ. അവളുടെ മനോജ്ഞ

നം ചന്ദ്രലേഖയിൽപോലും ഇല്ല. അവളുടെ വാത്സല്യപുരസ്സരമുള്ള ശുശ്രൂഷകൾ എന്നെ എത്രമാത്രം ആനന്ദിപ്പിച്ചു. അവളുടെ പ്രേമം യഥാൎത്ഥമായിട്ടുള്ളതുതന്നെ. എന്തെന്നാൽ വളരെ സംശയിച്ചും ആലോചിച്ചും കുറെനാൾ കഴിച്ചിട്ടും അടക്കാൻനിവൃത്തിയില്ലാതെ അവളുടെ ആ പ്രേമത്തെ വെളിപ്പെടുത്തുകയല്ലെ ചെയ്തത്. അപാരമായ അനുരാഗശക്തി അവളെ മർദ്ദിക്കാതെ ഇരുന്നു എങ്കിൽ നിശ്ചയമായും അവൾ ആ സംഗിക്കൾ എന്നെ ധരിപ്പിക്കുമായിരുന്നില്ല.. എന്റെ യാത്രയിൽ വൃഥാശ്രമമൊ, സമയദുർവ്യയമൊ ഏൎപ്പെടാതെ ഇരിക്കത്തക്കവണ്ണം ... ഉപദേശങ്ങൾ നൽകിയല്ലെ അവൾ എന്നെ യാത്രയാക്കിയതു. മണിമാലികയെയാണ് അത്യധികം ബഹുമാനിക്കേണ്ടതു്. അവൾ ആകൃതിയിലു് പ്രകൃതിയിലും യാതൊരു കളങ്കവും ഇല്ലാത്ത ഒരു വനിതാരത്നമാണ് തന്നെ. എന്റെ ആകൃതിമാററത്തിൽ അവൾ പ്രദർശിപ്പിച്ച യുക്തിയും, എന്നോടു കാണിച്ച ഭക്തിവിശ്വാസങ്ങളും എനിക്കു ചെയ്തുതന്നിട്ടുള്ള മററുപകാരങ്ങളും എന്നും സ്തുത്യമാണ്. ആ രാക്ഷസരാജകുമാരി; ഒരു യഥാൎത്ഥവനിതയ്ക്കു് വേണ്ട വണക്കവും, മൎയ്യാദയും, രൂപലാവണ്യവും തികഞ്ഞവൾ തന്നെ. ഈ മൂന്നുപേരും എന്റെ മനസ്സിനെ ഒരുപോലെ കൈവശപ്പെടുത്തിയിരിക്കയാണ്. അവരെ പിരിയുന്നതിനെനിക്കും എന്നെ പിരിയുന്നതിനവൎക്കും ഉള്ള കണ്ഠിതം എത്രമാത്രം. വളരെ അകലെയുള്ള ഒരാളിനോടു കാരണംകൂടാതെ പ്രഥമദൃഷ്ടിയിൽതന്നെ അളവററസന്തോഷമുണ്ടാകുന്നു എങ്കിൽ അതിന്റെ അർത്ഥമെന്തായിരിക്കാം. അവരുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന ആത്മാവിന്റെ ഐക്യം ആയിരിക്കണം, അവരെ പരസ്പരം ആനന്ദതുന്ദിലരാക്കിചെയ്യുന്നതു്. അങ്ങനെയുള്ള ഐക്യം എവിടെ കാണുന്നുവൊ, ആരെയു കാണുന്നുവൊ ആ ആളുകളെ സഖികളായൊ സഖാക്കളായൊ സ്വീകരിച്ചാൽ അതു് അസ്ഥാനത്തിലാകയില്ല. ഇതു് അത്ര സുലഭമല്ല. നൂറിനൊന്നുവീതംപോലും കാണാൻ പ്രയാസം.

നേരവും അസ്തമിച്ചു. ശീതകിരണനും തന്റെ പ്രശാന്തരശ്മികളെ നാലുപാടും വിതറിക്കൊണ്ടു് ഇന്ദ്രദിക്കിനെ സല്ക്കരിക്കുന്നു. അന്നു് പൌൎണ്ണമാസി ആയിരുന്നതിനാൽ ആ നക്ഷത്രേശൻ തന്റെ പ്രതാപപ്രഭാവങ്ങൾ മുഴുവൻ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടായിരുന്നു ഉദയം ചെയ്തതു്. ആ അംബരസാമ്രാട്ടിന്റെ ആഗമനമഹോത്സവത്തിനായി കൊളുത്തിയ ചെറുദീപം കണ

ക്കെ താരകാന്തികായം പ്രകാശിച്ചു. ഉദയാചലശൃ
ത്തിൽ നിന്നു് അംബരദേവിയുടെ കരതലമാകുന്ന സ്വ
ർണ്ണത്തളിമത്തിലേക്കു് ഭൂലോകജാതം ചെയ്ത ആ അബ്
ജരശ്മി ഭാവികാലചരിത്രത്തെ, ആ നിലയിലും പ്ര
ദർശിപ്പിക്കുന്നുണ്ടായിരുന്നു. മുളയിലേതന്നെ മുള്ളുകരുത്തു
നിർണ്ണയിക്കാമെന്നുണ്ടല്ലോ. ഭാവികാലത്തു വളർന്നു് പ്രശോഭി
ക്കേണ്ട ഉത്കൃഷ്ടഗുണങ്ങളുടെ അങ്കുരങ്ങൾ കുട്ടിക്കാലത്തു് അവ
രിൽ അടങ്ങിയിരിക്കുന്നില്ല എന്നു് ആർക്കെങ്കിലും നിർണ്ണയി
ക്കാവുന്നതാണോ? ആ പ്രശാന്തരശ്മികൾ മിന്നി കാണിജന
ങ്ങളെ പരമാനന്ദത്തിൽ മുക്കിക്കഴിഞ്ഞു. യാമിനീസേവകരായ
വിഹംഗമങ്ങൾ സ്വസ്വാമിനിയുടെ കാന്താഗമനത്തിലുള്ള അ
ളവറ്റ ബഹുമാനത്തെ പുലർത്തുമാറ് അങ്ങിങ്ങായി ചുറ്റിത്തി
രിഞ്ഞു് ഉചിതങ്ങളായ ഉപകരണങ്ങളെ സംഭരിക്കുന്നു. അവ
ചിറകടികളാകുന്ന കൈകൊട്ടുകൊണ്ടു് സ്വകൃത്യനിർവ്വഹണവിമു
ഖന്മാരെ ഉണർത്തുകയും, അവരെ കൃത്യാസക്തരാക്കുകയും ചെയ്യു
ന്നു. ഇങ്ങനെയുള്ള ഉത്സാഹങ്ങൾ അവിടെ നടക്കുന്നെങ്കിലും.
അത്യാവശ്യപ്പെട്ടമ്പോഴെന്നിയേ അവ ശബ്ദിക്കുന്നില്ല. അതും
വെറും മൂളൽമാത്രം. കടലാകട്ടെ അലകളടങ്ങി നിശ്ശബ്ദമായി
കാണപ്പെടുന്നു. വെള്ളിപ്പാളി പടുത്തിട്ടുള്ള ഒരു വിസ്തൃതപ്ര
ദേശം വിദ്യുദ്ദീപമേററുപ്രശോഭിക്കുംപോലെ അവിടെക്കാണുന്ന
തെന്താണു്. എന്തൊരുവെണ്മയാണു് അവിടെ തിളങ്ങുന്നതു്.
അതുവരെക്കണ്ട പ്രകൃതിവൈചിത്ര്യങ്ങളിൽനിന്നു ഭിന്നമായ
ഒരു മട്ടാണു് ഇപ്പോൾ ദൃശ്യമായിത്തീരുന്നതു്. അതിൻെറ മ
ധ്യത്തിൽ ഒരു നീലിമ കാണുന്നുണ്ടു്. ആകർഷണീയവും ഭാ
സ്വത്തരവുമായ ആ കാന്തിപുഞ്ജത്തിൽ പതിഞ്ഞുപോയ
നേത്രങ്ങളെ പിൻവലിക്കുന്നതിനു് രാജകുമാരൻ അപ്രാപ്തനാ
യിത്തീർന്നതിനാൽ ആ വിദൂരമായിരുന്ന മനോഹരദർശനം സ
മീപിക്കുംവരെ അന്യകാര്യങ്ങളിൽ ശ്രദ്ധ പതിഞ്ഞതേ ഇല്ല.
എന്തു് എന്തു്? അവിടെ ഒരു വലിയ പാടലത്തിലെന്നപോലെ
അനവധിജനങ്ങൾ അധിവസിക്കുന്നുവോ? ഇതെന്തൊരുജാലം.
അവിടെ ഉള്ളവരെല്ലാം ഒരാളെന്നു തോന്നത്തക്കവണ്ണം അവരു
ടെ ആകൃതി എത്ര രമ്യമായിരിക്കുന്നു. എല്ലാവരും ഒരേ കിരീ
ടംതന്നെ അല്ലേ ധരിച്ചിരിക്കുന്നതു്. ഉടുപ്പും, കെട്ടും, ഭാവവും,
നിറവും, വേഷവും ഹാ! ഒന്നുതന്നെ. ശംഖചക്രഗദാസരസീ
രുഹങ്ങൾ ധരിച്ച ചതുർഭുജങ്ങളോടുകൂടി പീതാംബരമുടുത്തവര
ത്രെ അവിടെയുള്ളവർ. "ജയജയഹരിഹരി, നരകനിഷൂദന

പരമപരാപരപാഹിമുരാരേ!" എന്നുള്ള നാമസങ്കീൎത്തനം സാമവേദഗീതങ്ങളുംപോലെ അവിടെങ്ങും മാറെറാലിക്കൊള്ളുന്നു ഇതുതന്നെ വൈകുണ്ഠംഎന്നു രാജകുമാരൻ നിശ്ചയിക്കയും ആ പരാശക്തിയുടെ അപദാനങ്ങളും മഹൽപ്രഭാവവും ഓൎത്തു് ആശ്ചൎയ്യഭക്തിപരനായി തീരുകയും ചെയ്തു. അതിവിസ്തൃതിയും, ലോലകല്ലോലമാലാകദംബകേളീവിലാസവും, മറെറാന്നിനില്ലാത്ത അതിവെണ്മയും ഒത്തുചേൎന്ന ആ പാല്ക്കടൽ ചന്ദ്രകിരണമേററ് അത്യാഹ്ലാദം കൊണ്ടെന്നപോലെ ഇളകിമറിയുന്നതിന്റെ രാമണീയകത്വം അവൎണ്ണ്യമെന്നേ പറയേണ്ടു. അതിന്റെ മദ്ധ്യേ അനന്തനാകുന്ന പൎയ്യങ്കത്തിൽ സസുഖം ശ്രദ്ധനിദ്ര ചെയ്യുന്ന ആനന്ദമൂൎത്തിയേയും, രണ്ടുപുറങ്ങളിലായിരുന്നു് സാനന്ദം പരിചരിക്കപ്പെടുന്ന ഇന്ദിരോൎവ്വരാദേവിമാരേയും ദൎശിച്ചപ്പോൾ ആ പരമകാരുണികന്റെ കൃപാനുഗ്രഹങ്ങൾക്കായി ഭക്തിപുരസ്സരം കൈകൂപ്പിക്കൊണ്ടിരുന്ന രാജകുമാരൻ അതിൽനിന്നും വിമുക്തനായതു് അമൃതവാഹിനിരാജ്യപ്രാന്തത്തിൽ എത്തിച്ചേൎന്നപ്പോൾ മാത്രമായിരുന്നു.

ചിരപ്രതീക്ഷിതമായ അമൃതവാഹിനീരാജ്യദൎശനം ഇങ്ങനെ സാദ്ധ്യമാകയാൽ അതിപ്രയത്നസാദ്ധ്യങ്ങളായ മററ് ഇംഗിതങ്ങളും ക്ഷിപ്രസാദ്ധ്യമെന്നു് അദ്ദേഹം നിശ്ചയിക്കുന്നു. ആ പട്ടണത്തിൽ എങ്ങും ചുററിത്തിരിഞ്ഞു് അവിടവിടെയുള്ള വൈചിത്ര്യങ്ങളെല്ലാം ദൎശിച്ചുകൊണ്ടു് രണ്ടുമൂന്നുദിവസം ആൎക്കും അപരിചിതനായി അവിടെ കഴിച്ചുകൂട്ടി. ഒരുദിവസം ഏകദേശം മണി നാലടിച്ചു എന്നു തോന്നുന്നു. അപ്പോൾ പ്രഥമദൎശനത്തിൽതന്നെ മാന്യനെന്നു് ആരും ഊഹിക്കത്തക്ക ഒരു മനുഷ്യൻ കോട്ടയ്ക്കകത്തുനിന്നു വെളിയിലേക്കു വരുകയും, കുമാരനുമായി പരിചയപ്പെടുകയും അയാളുടെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോവുകയും ചെയ്തു. രണ്ടുമൂന്നുദിവസം കഴിഞ്ഞപ്പോഴേക്കു അവർ ചിരപരിചിതന്മാരുടെ അവസ്ഥയെ പ്രാപിച്ചു. ഏതു രഹസ്യങ്ങളും പരസ്പരം അറിയിക്കുന്നതിനും അവൎക്കു വൈമുഖ്യം ഇല്ലായിരുന്നു. എന്നാൽ തന്റെ യാത്രോദ്ദേശ്യത്തെ രാജകുമാരൻ ഗൂഹനംചെയ്തിരുന്നു. ഇങ്ങനെ വളരേക്കാലം ഇവിടെത്തന്നെ താമസിച്ചാൽമാത്രം പോരാ എന്നുള്ള ചിന്തയോടുകൂടി തന്റെ ഉദ്ദിഷ്ടസംഗതിയെസംബന്ധിച്ചു സ്നേഹിതനോടു ചോദിക്കണമെന്നു തീൎച്ചപ്പെടുത്തി. അന്നു നാലുമണിക്കുള്ള കാപ്പിയുംകഴിഞ്ഞു് അവർ രണ്ടുപേരും സവാരിയ്ക്കിറങ്ങി. പല

നേരമ്പോക്കുകളുംപറഞ്ഞു രസിച്ചുകൊണ്ടിരിക്കുന്ന അവസര ത്തിൽ "സ്നേഹിതാ" "അമൃതവാഹിനിരാജ്യത്ത വിമലാം ബാൾ എന്ന റാണി തന്റെ ഭർത്താവിനോടെന്തുചെയ്തു" എന്നു ചോദിച്ചു. കുറേനേരം ചിന്താധീനനായി കഴിച്ചിട്ട് "സ്നേഹി താ! നിങ്ങൾ ഒരു വിദേശിയാണ്. ഇവിടത്തെ സ്ഥിതികളൊ ന്നും പരിചയമില്ല. ഈ ചോദ്യം ആരെങ്കിലും ഒരാൾ ഈ രാ ജ്യവാസികളോടു ചോദിച്ചുപോയാൽതന്നെ അവൻ ഉടനെ മര ണശിക്ഷ അനുഭവിക്കാതെ തരമില്ല. ഇനി മേലാൽ ഈ ചോ ദ്യം ആരോടും ചോദിച്ചുപോകരുതെന്നു പ്രത്യേകം അപേക്ഷയു ണ്ടു" എന്നു വളരെ ഗൗരവത്തിലും എന്നാൽ വളരെ മന്ദമായും സംസാരിച്ചു "ഈ സംഗതിയെപ്പററി മിണ്ടിപ്പോയാൽ ഉട നെ മരണശിക്ഷ അനുഭവിപ്പിക്കുകയാണ് ഇവിടത്തെ നിയമം. ഈ ചോദ്യത്തിനു ന്യായമായ സമാധാനം പറയാഞ്ഞാൽ ചന്ദ്ര ലേഖയുടെ നിയമം ശിരച്ഛേദശിക്ഷ അനുഭവിപ്പിക്കും. ഇതി ന്റെ രഹസ്യമെന്താണ്? അറിയാനുള്ള വഴിയെന്ത്? കാത്തി രുന്നാൽ എന്നെങ്കിലും വെളിപ്പെടാതെവരുമോ? കഴിയുന്നതും ആപത്തു വരുത്തിവയ്ക്കാതെ ഇരിക്കണം. ധൃതിപിടിച്ചായി ചെയ്യു ന്ന കൃത്യങ്ങൾ സന്നിഗ്ദ്ധപക്ഷത്തിൽകൂടെ ആയിരിക്കും ഗമിക്കു ന്നതു്. അതുകൊണ്ടു കുറച്ചു ക്ഷമിക്കുന്നതുതന്നെ ഉത്തമം എ ന്നുതന്നെ അദ്ദേഹം നിശ്ചയിച്ചു. രണ്ടുപേരും സവാരികഴിഞ്ഞു വീട്ടിൽ എത്തി.

നിർണ്ണീതമായ ഒരു സമയത്തിനകം അനേകം കൃത്യങ്ങളാ ചരിക്കേണ്ട ഒരാളിന് അവയിൽ ഏതെങ്കിലും ഒന്നു സാധിക്കു ന്നതിനുവേണ്ടി അധികം സമയം വിനിയോഗിക്കാൻ ഇല്ലല്ലോ. പക്ഷെ അപ്രകാരം സംഭവിക്കുന്നുവെങ്കിൽ അയാൾക്കു അതു പരമസങ്കടമായിരിക്കയും ചെയ്യും. താമസിയാതെ അവിടെ എത്തി മുഖംകാണിക്കാമെന്നു മാതാപിതാക്കന്മാരോടു വാഗ്ദ ത്തം ചെയ്തുകൊണ്ടാണു രാജകുമാരൻ പുറപ്പെട്ടിട്ടുള്ളതു്. വാർ ദ്ധക്യാവസ്ഥയിൽ എത്തിയിരിക്കുന്നതുകൊണ്ടു രാജ്യകാര്യങ്ങ ളിൽ ക്ലേശിക്കുന്നതിനുള്ള ശേഷിയോ ശേമുഷിയോ ഇല്ലാത്തതി നാൽ ശേഷിച്ച തന്റെ ഓമനമകനെ രാജ്യഭാരം ഏ ല്പിക്കണമെന്നുള്ള ഒരുക്കം മിക്കവാറും മുറുകിയപ്പോഴാണു കുമാ രന്റെ അപേക്ഷയും അതിനു കൊടുത്ത അനുവാദവും. തന്റെ വരവിനെ എതിർപാർത്തിരിക്കുന്ന മൂന്നു സുന്ദരികളോടും താമസി യാതെ എത്തുമെന്നു വാക്കുകൊടുത്തിരിക്കയാണു്. ഇതൊക്കെ സഹിക്കത്തക്കതുതന്നെ. എന്നാൽ ആ ചന്ദ്രലേഖയുടെ ചോദി

ത്തിനു ശരിയായ ഉത്തരം കൊടുക്കാൻ അപ്രാപ്തന്മാരായ രാജകുമാരന്മാർ ദിവസേന അന്തകപുരി പ്രാപിക്കുന്നുണ്ടു്. അതിനു നിവൃത്തിയുണ്ടാക്കിക്കഴിഞ്ഞാൽ അത്തരത്തിലുള്ള സാഹസവൃത്തികൊണ്ടു രാജകുമാരന്മാരെ മൃതരാക്കാതെ സൂക്ഷിക്കാവുന്നതാണ്. അതിനുവേണ്ടി നാനാവിധസങ്കടങ്ങളും അനുഭവിച്ച് ഒരുവിധം ആ രാജ്യത്തുചെന്നു തൻെറ ഉദ്ദിഷ്ടലബ്ധിയുടെ അവസരത്തെത്തന്നെ വീക്ഷിച്ചുകൊണ്ടു് അക്ഷമനായി സ്ഥിതിചെയ്യുന്ന കുമാരൻെറ ഉള്ളിൽ തള്ളിക്കയറിവരുന്ന വിചാരപരമ്പരയെ അടക്കുന്നതിനു് അശക്തനായിത്തീരുകയാൽ വരുന്നതുവരട്ടെ എന്നുള്ള വിചാരത്തോടുകൂടി അദ്ദേഹം തൻെറ ആവശ്യം സ്നേഹിതനെ വീണ്ടും അറിയിച്ചു. ഇതുകേട്ടപ്പോൾ പ്രിയമിത്രമായ രാജസേവകൻെറ കൈകൾ ഇടതുവശത്തുതൂങ്ങുന്ന സുവർണ്ണസാരസനത്തിൽ വിശ്രമം അനുഭവിക്കുന്ന ഖഡ്ഗമുഷ്ടിയിലേക്കു് ആനീതമായി. അസഹനീയമായ കോപശോകങ്ങൾ ആ മുഖത്തു സ്ഫുരിക്കുന്നുമുണ്ടു്. താൻ ആത്മാർത്ഥമായിസ്നേഹിക്കുന്ന ഒരാളിൽനിന്നു്, ഒരിക്കൽതട്ടിക്കപ്പെട്ടിട്ടുള്ളതും, പിന്നീടുണ്ടാകാൻപാടില്ലാത്തതും നിയമംമൂലം അജ്ഞാതമായും ഇരിക്കുന്ന ഒരു സംഗതിയെക്കുറിച്ചുള്ള ചോദ്യം തൻെറ സ്നേഹിതനിൽനിന്നു പുറപ്പെട്ടപ്പോൾ, തൻെറ സഹായംമിക്കവാറും അസ്ഥാനത്തുതന്നെയോ എന്നുള്ള സംശയവും അതിനെ സംബന്ധിച്ചുള്ള നിരൂപണവുംകൊണ്ടു് അയാളുടെ മനസ്സ് അല്പനേരംകലുഷമാകാതെ ഇരുന്നു എങ്കിൽ രാജകുമാരൻെറ ജീവഹതി ഉടനെ സംഭവിക്കുമായിരുന്നു. തൻെറ ആലോചനയിൽനിന്നുണർന്നപ്പോൾ തൻെറ മുമ്പിൽ നിസ്തേജനായി നിൽക്കുന്ന രാജകുമാരനെ കണ്ടു് ഹേ! സ്നേഹിതാ! ഈ ചോദ്യം ചോദിച്ചു് ഇനിമേൽ എന്നെ വിഷമിപ്പിക്കരുതെന്നു് നിങ്ങളോടു പറഞ്ഞിരുന്നതിനെ അശേഷം ഗൗനിക്കാതെ പെരുമാറിയതു് അതിസാഹസം തന്നെ എന്നു് അയാൾ രാജകുമാരനോടു പ്രസ്താവിച്ചു. ആ രാജസേവകനു് ഇതിൽ കൂടുതലായി യാതൊന്നും പറയാനില്ലായിരുന്നു. താൻ ഹാർദ്ദമായി സ്നേഹിക്കുന്ന ഒരാളോടു് അല്പം കഠിനമായി പെരുമാറിപ്പോയല്ലോ എന്നുള്ള ചിന്ത അയാളെ കുണ്ഠിതപ്പെടുത്താതെ ഇരുന്നില്ല.

ആവു ജഗദീശാ! എൻെറ പ്രയാസങ്ങളും ശ്രമങ്ങളും വിഫലമായി തീരുമൊ എന്ന ഭയവും, താൻനിമിത്തം സ്നേഹിതനു് ഇപ്രകാരം ഒരു അസുഖം ഉണ്ടാക്കിത്തീർത്തല്ലോ എന്നു കുണ്ഠിതപ്പെട്ടും എന്തുചെയ്യേണ്ടു എന്നറിയാതെ പരിഭ്രമിച്ചുനി

ല്ക്കുന്ന രാജകുമാരനെ ആ രാജസേവകൻ ഇപ്രകാരം സമാധാനപ്പെടുത്തി. കുമാരാ! "ആ വിമലാംബാൾ ഇവിടത്തെ രാജാവിന്റെ പട്ടമഹിഷിയായിരുന്നു. അവൾ ഭർത്താവിനോടെന്തു പ്രവർത്തിച്ചു എന്നുള്ളതു് രാജസേവന്മാർക്കുപോലും അജ്ഞേയവും, അപ്രതിഹതമായ ആജ്ഞയാൽ സുരക്ഷിതവും ആകകൊണ്ടു് അതിന്റെ പരമാർത്ഥബോധമുള്ള ചുരുക്കം ചിലരിൽനിന്നുപോലും അറിയാൻ അസാദ്ധ്യമാണെന്നു് എന്റെ സ്നേഹിതൻ ഇനിയെങ്കിലും അറിയണം. എന്നോടുള്ള സ്നേഹബന്ധത്തെ നിലനിറുത്തണമെന്നു് അങ്ങേയ്ക്കു് വിചാരമുണ്ടെങ്കിൽ ഈ സംഗതിയെസംബന്ധിച്ചു് ഒരിക്കലും എന്നോടു ചോദിച്ചുപോകരുതു്. ഈ സംഗതി അറിഞ്ഞേ തീരൂ എന്നുണ്ടെങ്കിൽ മഹാരാജാവിൽനിന്നുതന്നെ ആയിക്കൊള്ളണം. അതിനു് കഴിയുന്ന സഹായസഹകരണങ്ങൾ ചെയ്യുതരാമെന്നു് ഈ സ്നേഹിതൻ ഇതാ വാഗ്ദാനം ചെയ്യുകൊള്ളുന്നു. നിങ്ങളല്ലാതെ മറെറാരാളാണു് ഇതിനേപ്പററി അറിയണമെന്നു് ആവശ്യപ്പെട്ടതെങ്കിൽ അവന്റെ ശിരസ്സ് കഴുത്തിൽതന്നെ സ്ഥിതിചെയ്യുകില്ലായിരുന്നു. നാംതമ്മിലുള്ളമൈത്രീബന്ധത്തിന്റെ അസാമാന്യശക്തി എന്നെ ആ പ്രവൃത്തിയിൽനിന്നു വിമുക്തനാക്കിച്ചെയ്യു എന്നു വിശ്വസിച്ചുകൊള്ളണം. മിത്രമേ! ആ സംഗതിയിൽ നിങ്ങൾക്കു് അതിയായ ഉൽകണ്ഠയുണ്ടെന്നു കാണുന്നതുകൊണ്ടു് അതിനുള്ള മാർഗ്ഗങ്ങളെല്ലാം ഞാൻ ഉപദേശിച്ചുതരാം. ആ മാർഗ്ഗത്തിൽക്കൂടി പോയാൽ നിഷ്പ്രയാസം കാര്യസാദ്ധ്യമുണ്ടാകും. തീർച്ചതന്നെ. മഹാരാജാവിൽനിന്നേ വിവരങ്ങൾ അറിയാൻ സാധിക്കൂ. അതിനു് സ്നേഹിതൻ അദ്ദേഹത്തിന്റെ ഒരു പരിചാരകനായി വർത്തിക്കേണ്ടിയിരിക്കുന്നു. മഹാരാജാവു് വാത്സല്യനിധിയാണു്. ഉചിതമായ പരിചരണങ്ങളും കർമ്മങ്ങളുംകൊണ്ടു് അദ്ദേഹത്തിന്റെ പ്രത്യേകപ്രതിപത്തിക്കു് പാത്രമായിത്തീർന്നാൽ ഉദ്ദിഷ്ടകാര്യം സഫലമാകും. സ്നേഹിതനെ മഹാരാജാവുമായി പരിചയപ്പെടുത്തേണ്ടതും, അവിടെ ഒരു പരിചാരസ്ഥാനം ലഭിക്കുന്നതിനു ശ്രമിക്കേണ്ടതുമായ ഭാരം എനിക്കുള്ളതാണു്. ശേഷമെല്ലാം സ്നേഹിതന്റെ സാമർത്ഥ്യത്തെ ആശ്രയിച്ചിരിക്കും." അവർ രണ്ടുപേരും താമസസ്ഥലത്തെത്തിച്ചേർന്നു് ഓരോരുത്തരും അവരുടെ സ്വന്തം ജോലികളിൽ ഏർപ്പെട്ടു.

രാജകുമാരൻ അടുത്തദിവസം രാവിലേതന്നെ മഹാരാജാവിനെ മുഖം കാണിച്ചു. പിന്നാലെ രാജസേവകനും അവിടെ

ചെന്നുചേൻ. അവർ രണ്ടുപേരും അത്യാദരവോടുകൂടി മഹാരാജാവിനെ വന്ദിച്ചു. മഹാരാജാവാകട്ടെ തൻെറ ഗൌരവത്തെ അശേഷം വിടാതെ ഇപ്പോൾ വരുവാനുണ്ടായ കാരണമെന്തെന്ന് ആംഗ്യംകൊണ്ടു ചോദിച്ചു. അവർ അവിടെ ചെന്നതിൻെറ ആവശ്യത്തെപ്പററി കുറഞ്ഞൊന്നു പ്രസ്താവിച്ചു. തൻെറ വിശ്വസ്തഭൃത്യൻെറ ഗുണകരമായ അഭിപ്രായവും, കുമാരൻെറ വിനയാദരങ്ങളും രാജാവിനെ തൃപ്തിപ്പെടുത്തുകയാൽ കൊട്ടാരത്തിൽ തന്നെ ഒരു സേവകനായി താമസിച്ചുകൊള്ളുന്നതിനുള്ള അനുവാദം കുമാരനു നിഷ്പ്രയാസമായി ലഭിച്ചു. തൻെറ ഉദ്ദിഷ്ടലാഭത്തിൻെറ മംഗളപര്യവസായിയായ ഘട്ടമാണ് ഇതെന്നുള്ള വിചാരത്തോടും തന്മൂലം ഉണ്ടായ സന്തോഷത്തോടുംകൂടി ആ ആജ്ഞയെ ശിരസാ വഹിച്ചുകൊണ്ട് കൊട്ടാരത്തിൽതന്നെ അന്നുമുതൽ സ്ഥിരവാസമാകുകയും ചെയ്തു. അല്പദിവസങ്ങൾക്കിടയിൽ കുമാരൻ തൻെറ പ്രവൃത്തികളിൽ കാണിച്ച, സാമർത്ഥ്യവും തന്മയത്വവും, ഔചിത്യവുംകൊണ്ട് രാജാവിൻെറ വിശ്വസ്തനും, വാത്സല്യപാത്രവും ആയ ഒരുത്തമഭൃത്യനായിത്തീൻ എന്നു മാത്രമല്ല, അരനിമിഷംപോലും കുമാരൻെറ വിയോഗം രാജാവിനസഹ്യമായി തോന്നുകയും ചെയ്തു. രാജാവിൻെറ ഏതു ഗൌരവതരമായ സംഗതികളിലും കുമാരൻെറ അഭിപ്രായം ആവശ്യമായിത്തീൻ. ഉണ്ണുന്നതും, വെടിപറയുന്നതും, രാജ്യകാര്യങ്ങളെപ്പററി ആലോചിക്കുന്നതും കുമാരനൊന്നിച്ചുതന്നെ ആയിരുന്നു. എന്നുവേണ്ട ആ മഹാരാജാവിനും, അവിടത്തെ ഉദ്യോഗസ്ഥന്മാക്കും സേവകവർഗ്ഗത്തിനും ആകപ്പാടെ ഒരു കണ്ണിലുണ്ണിയായിത്തന്നെ കുമാരൻ കഴിഞ്ഞുകൂടി. ഇങ്ങനെയൊക്കെ ആണെങ്കിലും തൻെറ രംഗത്തിലെ ഏതാനുംഭാഗങ്ങൾ കുമാരൻ മറച്ചുതന്നെ വെച്ചിരുന്നു. ഓരോരോ കാര്യങ്ങൾ സാധിക്കുന്നതിനായി പുറപ്പെടുന്ന മനുഷ്യൻ ചില സംഗതികൾ ചില സ്ഥലത്തു ഗോപനം ചെയ്യുന്നില്ലെങ്കിൽ അതു കാര്യസാദ്ധ്യത്തിനു വിഘാതമായിത്തീരുന്നതാണ്. ലൌകികബലനായ ഒരുവൻ തൻെറ ചരിത്രം മുഴുവനും വെളിപ്പെടുത്തിക്കൊണ്ടുതന്നെ ജീവിച്ചാൽ അവൻ പലപ്പോഴും കുണ്ഠിതപ്പെടേണ്ട ആവശ്യം ഉണ്ടാകുന്നു. അസത്യം കൊണ്ടു ജീവിക്കണമെന്നല്ല ഇതിൻെറ ഉദ്ദേശം. പറഞ്ഞുകൂടാത്ത സംഗതികൾ വെളിപ്പെടുത്താതെ ഗോപനം ചെയ്തിരിക്കണം. പല കഥകൾ വായിക്കാൻ ഇടവന്നിട്ടുള്ള വായനക്കാരോടു "വിടുവായ"ന്മാരുടെ അനുഭവങ്ങൾ പറഞ്ഞറിയിക്കേണ്ട ആവശ്യം ഇല്ലല്ലൊ. ഓരോരുത്തൻെറ വിടുവാക്കുകൊണ്ട് വെ

ദം നിസ്സാരന്മാരായിത്തീൻപോകുന്ന ജനങ്ങൾ ഇന്നും ചുരുക്കമല്ല. അതുകൊണ്ട് ഏതാനും സംഗതികൾ ഗ്രഹണം ചെയ്തിരുന്ന രാജകുമാരനെ കുററപ്പെടുത്തേണ്ട ആവശ്യം ഇല്ലല്ലൊ. ഇങ്ങനെയിരിക്കെ ഒരുദിവസം രാജകുമാരനിൽ അത്യന്തം പ്രീതനായ മഹാരാജാവ് "കുമാരാ! നിൻെറ അഭീഷ്ടമെന്ത്? പറഞ്ഞാൽ ഉടൻ സാധിച്ചുതരാം" എന്ന് അരുളിച്ചെയ്കയുണ്ടായി. ഈ വാക്കുകൾ കുമാരനെ അത്യാഹ്ളാദചിത്തനാക്കിയെങ്കിലും, തന്നോടുള്ള വാത്സല്യത്തിൻെറ അളവ് ഇത്രമാത്രമെന്ന രൂപമില്ലാത്തതിനാൽ, "ഇനി ഒരിക്കൽ ഇങ്ങനെയുള്ള ഒരു സന്ദർഭത്തിൽ അഭിലാഷം ഇന്നതെന്ന് ഉണർത്തിക്കൊള്ളാ"മെന്നു മഹാരാജാവിനെ ധരിപ്പിച്ചു. ഒന്നിനെ സംബന്ധിച്ച് പരിപൂർണ്ണജ്ഞാനവും വിശ്വാസവും ഇല്ലാതെ അതിലേക്കായി ചാടിപ്പുറപ്പെട്ടാൽ അപജയംതന്നെ സംഭവിക്കുക സഹജമാണ്. അതുകൊണ്ട് കാലതാമസം നേരിട്ടാലും സ്ഥിരനിശ്ചയം വന്നതിന്മേൽ മാത്രമേ ഏതു കാൎയ്യവും ആരംഭിക്കാവൂ. ഇതുതന്നെയാണ മഹാന്മാരുടെ ലക്ഷണം.

ഈ സംഭാഷണത്തിനുശേഷം ഏതാനുംദിവസം കഴിഞ്ഞപ്പോൾ ഒരു ആഘോഷം നടത്തുകയുണ്ടായി. പ്രഭുക്കന്മാരും പൗരന്മാരും ആയ രാജ്യവാസികളാകമാനം ആ ആഘോഷത്തിൽ പങ്കുകൊള്ളുന്നതിനു സന്നിഹിതരായി. അന്ന് ആ സദസ്സിൽവച്ച് കുമാരൻെറ സംഗീതപാടവം പ്രയോഗിക്കുന്നതിനുള്ള ഒരവസരമുണ്ടായിരുന്നു. അവിടെ സന്നിഹിതരായ സകല മാനജനങ്ങളും കുമാരൻെറ സംഗീതമാധുരിയിൽ ലയിച്ച് അന്യചിന്തകളിൽനിന്നു വിമുക്തരായിത്തീൻപോയി. അവരെ എത്രമാത്രം ആനന്ദിപ്പിക്കയും ആകർഷിക്കയും ചെയ്തു എന്ന് പറയാൻ പ്രയാസംതന്നെ. ആ ശ്രുതിമധുരമായ ഗാനവേള അവരുടെ ജീവിതയാത്രയിൽ വിസ്മരിക്കാൻ പാടില്ലാത്ത ഒരു ഘട്ടമായിരുന്നു എന്നുതന്നെ വിചാരിക്കാവുന്നതാണ്. കുമാരൻ ഒരു ഗന്ധൎവ്വൻ തന്നെ എന്നും, മഹാരാജാവിൻെറ പുണ്യപരിപാകത്താൽ ഇങ്ങനെ ഒരു ദാസനായി വൎത്തിക്കയാണെന്നും ജനങ്ങൾ മുക്തകണ്ഠം ഉൽഘോഷിച്ചു. തൻെറ രാജ്യം തന്നെ ദാനം ചെയ്താലും ഉചിതമായ ഒരു സമ്മാനമാകയില്ലെന്നു മഹാരാജാവ് നിശ്ചയിച്ചു. കുമാരാ! നിൻെറ അഭീഷ്ടമെന്ത്? നിൻെറ ഗാനമാധുൎയ്യം അനുഭവിച്ച് ആനന്ദമഗ്നരായി സ്ഥിതിചെയ്യുന്ന ഈ സഭയ്ക്കുവേണ്ടി ഞാൻ ചോദിക്കുന്നതാണ്. ഉചിതമായ ഒരു സമ്മാനം തരാൻ ഈ സഭയ്ക്കു ശക്തിയില്ല. എങ്കി

ലും വല്ലതുമൊന്നു സംഭാവനചെയ്യാതെ ഇരിക്കുന്നതു യുക്തവുമ ല്ല. അതുകൊണ്ട് മടിക്കാതെ പറയണം. ഇതുകേട്ട് വളരെ വണക്കത്തോടുകൂടി "മഹാരാജാവേ! അങ്ങയുടെ ഈ വാക്കു കൾ തന്നെയാണ് വലിയ സമ്മാനം. എന്റെ അഭീഷ്ടം ഇ ന്നതെന്നു പിന്നീടുണർത്തിക്കൊള്ളാം. അനുഗ്രഹിപ്പാറാകണം" എന്ന് മറുപടിപറഞ്ഞപ്പോൾ എന്നാൽ അങ്ങനെയാകട്ടെ എ ന്ന് മററുള്ളവരും മഹാരാജാവും അനുവദിച്ചു. അന്നത്തെ ആ ഘോഷവും അവസാനിച്ചു. സദസ്യരെല്ലാം തങ്ങളുടെ മഹാരാ ജാവിനെ ഭക്ത്യാദരപുരസ്സരം വണങ്ങി അനുമതിവാങ്ങിക്കൊ ണ്ടു യാത്രയായി. തന്റെ സചിവപുംഗവന്മാരോടും സേവക ന്മാരോടും ഒന്നിച്ച് രാജാവും കൊട്ടാരത്തിലേക്കു തിരിച്ചു. വഴിമ ധ്യെ ഓരോരുത്തരും അവരവരുടെ വാസസ്ഥലത്തേക്കു തന്നെ പോയി. ഒടുവിൽ കുമാരനും മഹാരാജാവും മാത്രം ശേഷിച്ചു. "കുമാരാ! നിന്റെ ഗാനം അതിവിശേഷമായി. അഭീഷ്ടം ഇ ന്നതെന്നു പറയാൻ ഇനി മടിക്കരുത്" എന്നുള്ള മഹാരാജാവി ന്റെ ആജ്ഞയനുസരിച്ച്, "വിമലാംബാൾ രാജ്ഞി തന്റെ ഭ ർത്താവിനോടെന്തുചെയ്തു" എന്നുള്ളതറിയണമെന്ന് താല്പര്യമു ണ്ടെന്നു കുമാരൻ സാദരം ഉണർത്തി. ഇതിന്ന് രാജാവ് യാതൊ രു ഭാവഭേദവും കാണിക്കാതെ അടുത്തദിവസം ആകട്ടെ എന്നു മാത്രം അരുളിച്ചെയ്തു. അന്നു രാത്രിയിൽ ആ രണ്ടുപേർക്കും യാ തൊരു സ്വാസ്ഥതയും ഉണ്ടായില്ല. തന്നെ സംബന്ധിച്ചുള്ള ര ഹസ്യം പുറത്തു പറയുന്നതും, തന്റെ മനസ്സിനെ മുഴുവൻ അ പഹരിച്ചസേവകന്റെ ഏതഭീഷ്ടവും സാധിച്ചു കൊടുക്കാമെ ന്നുള്ള തന്റെ പ്രതിജ്ഞയെ നിറവേററാതിരിക്കുന്നതും തന്റെ സ്ഥാനത്തിനുചിതമാണൊ എന്നുള്ള വിചാരം മഹാരാജാവി ന്റെ നിദ്രയെ ഭഞ്ജിച്ചു. തന്റെ ഇംഗിതസാദ്ധ്യത്തിന്ന് ഇനി താമസമുണ്ടാകയില്ലെന്നും, സാധിച്ചു കഴിഞ്ഞാൽ താൻ അനു വർത്തിക്കേണ്ടതെന്തെല്ലാമെന്നും, അതിന് ഏതുമാർഗ്ഗമാണു താൻ സ്വീകരിക്കേണ്ടതെന്നും മററും ചിന്തിച്ചു സമയം പോയ തറിയാതെ അടുത്ത പ്രഭാതത്തിന്റെ ആഗമനവേളയെ പ്രതീ ക്ഷിച്ചുകൊണ്ടു കുമാരനും കഴിഞ്ഞുകൂടി.

# ഏഴാം അദ്ധ്യായം.

## വിജയം.

ഒരു മനുഷ്യന്റെ ജീവിതയാത്രയിൽ ആപൽകരമൊ, സന്തോഷപ്രദമൊ ആയ പല ഘട്ടങ്ങളും കടന്നുപോകേണ്ടതാണ്. അവയിൽ ഒരു ഘട്ടത്തിന്റെ പടികളെല്ലാം കടന്നുപോകുന്നതിനുണ്ടാകുന്ന പ്രയാസം കണ്ടുകൊണ്ട് അവിടെത്തന്നെ അങ്ങനെ നിന്നുപോയാൽ അതിൽ പിന്നീടുള്ള ജീവിതഗതി നിരുന്മേഷമായിത്തീരുന്നു. ഉണ്ടാകാവുന്ന വൈഷമ്യങ്ങളെയെല്ലാം ധൈര്യത്തോടെതൃത്ത് വിജയം നേടുന്ന മനുഷ്യനെയാണ് യഥാർത്ഥമനുഷ്യൻ എന്നു പറയേണ്ടത്. അവർക്കേ വാസ്തവമായ ജീവിതസുഖവും ഉണ്ടാകുന്നുള്ളു. എന്നാൽ ഏറിയക്രമം ജനങ്ങൾ മദ്ധ്യേമാർഗ്ഗം യാത്രയെ അവസാനിപ്പിച്ച്, നിരാശയെ വരിച്ചുകൊണ്ട് എങ്ങിനെ എങ്കിലും ജീവിതഭാരം ഒഴിച്ചുവയ്ക്കുന്നതിനുള്ള വഴി തേടുന്നതായി കാണാം. ഇടയ്ക്കുവെച്ച് യാത്രമുടക്കിയവർ പിന്നീട് പരാശ്രയത്തിൽ തന്നെയാണു കഴിയുക. ഇവരുടെ ഭാവിജീവിതം തനിക്കും അന്യന്മാർക്കും ഒന്നുപോലെ ഉപദ്രവകരമായിരിക്കയും ചെയ്യും. ഇപ്രകാരം ഉപദ്രവം ഉണ്ടാകാതിരിക്കണമെങ്കിൽ ബാല്യംമുതൽ പ്രയാസങ്ങളെ ജയിക്കാനുള്ള പരിചയം സമ്പാദിക്കയും അതിനെ നിത്യപരിചയത്തിൽവെച്ചു കൊള്ളുകയും വേണം. ഇതൊന്നുകൊണ്ടുമാത്രമെ ഉദ്ദിഷ്ടസ്ഥലത്തു തന്റെ ജീവിതയാത്രയെ അവസാനിപ്പിക്കാൻ അവനു കഴിയു. കൂടാതെ ഇടയിൽ വന്നുചേരുന്ന മറ്റുസംഗതികളെ യഥോചിതം നിവർത്തിക്കാനും അവനു സാമർത്ഥ്യമുണ്ടാകും. രാജകുമാരൻ തന്റെ അഭിലാഷനിർവഹണത്തിനായിട്ടാണ് പുറപ്പെട്ടിരിക്കുന്നത്. പലതരത്തിലുള്ള ആപൽഘട്ടങ്ങളേയും കടന്നിട്ടാണ് അമൃതവാഹിനിരാജ്യത്തു ചെന്നുചേർന്നത്. തനിക്ക് ഒരിക്കലെങ്കിലും പരിചയമില്ലാത്ത ദാസ്യഭാവത്തെയും സസന്തോഷം കൈക്കൊണ്ട് അതിനനുരൂപമായി പ്രവർത്തിച്ച് തന്റെ അഭിലാഷത്തെ കരസ്ഥമാക്കാൻ പോകുന്നു. ഇനിയും ആ ഉദ്ദിഷ്ടം നിറവേറുമോ എന്തൊ? അദ്ദേഹം ആദ്യം തന്നെ സംഭവിച്ച ആപത്തുകൊണ്ടു ഭയന്ന് അവിടെവെച്ചു യാത്രമുടക്കിയിരുന്നു എങ്കിൽ തന്റെ അഭിമതം സാധിക്കുമൊ?

ഇപ്പോൾ അദ്ദേഹത്തിൻെറ മനസ്സിനുണ്ടായിട്ടുള്ള പരമാനന്ദം ഉണ്ടാകുമായിരുന്നോ? ഉന്മേഷമായി ഭാവിജീവിതം നയിക്കാനും, തനിക്കും അന്യന്മാർക്കും ഒരുപോലെ ഗുണകരമായ വൃത്തികൾ ചെയ്തു് സന്തോഷിക്കാനും അദ്ദേഹത്തിനു സാധിക്കുമായിരുന്നോ? ഇതെല്ലാം അദ്ദേഹത്തിൻെറ സഹനശക്തിയേയും, ധൈര്യത്തേയും, കൃത്യബോധത്തേയുംആശ്രയിച്ചല്ലെ നിലകൊള്ളുന്നതു്. അതുകൊണ്ടു അവധാനപൂർവ്വമായും, പര്യാലോചനയോടുകൂടിയും പ്രവൃത്തിച്ചെങ്കിൽമാത്രമേ ജീവിതം ഫലപ്രദമാകയുള്ളൂ. നിസ്സാരകാര്യങ്ങളായാലും ആലോചനാപൂർവ്വം പ്രവൃത്തിച്ചില്ലെങ്കിൽ ഒടുവിൽ സങ്കടം അനുഭവിക്കാൻ ഇടവരും. അവനവൻെറ കൃത്യങ്ങളെ ഉത്സാഹത്തോടും ധൈര്യമായും, പ്രവർത്തിച്ചു സഫലമാക്കിച്ചെയ്തുകൊണ്ടാൽ ജീവിതം ആനന്ദപ്രദമായിരിക്കും.

മഹാരാജാവു് രാവിലെ എഴുനേററ് ദിനകൃത്യങ്ങളെല്ലാം നടത്തിയതിൻെറ ശേഷം തൻെറ പ്രതിജ്ഞയെ പരിപാലിക്കുന്നതിനു തന്നെ ഒരുങ്ങി, തൻെറ പരിചാരകന്മാരോടു് എന്തൊ മന്ത്രിച്ചു. ഉടനെ ആഭരണങ്ങൾഇട്ടു അലങ്കരിച്ചിട്ടുള്ള ഒരു ശ്വാവും, കൈകാലുകളിൽ വിലങ്ങിട്ടുപൂട്ടിയിട്ടുള്ള ഒരു സുന്ദരിയും അവിടെ ആനയിക്കപ്പെട്ടു. ഒരു പാത്രത്തിൽ വൈക്കപ്പെട്ടിരുന്ന ഒരു ഇരുണ്ടതലയും അവർ കൊണ്ടുവന്നിരുന്നു. കുറേ നല്ല ഭക്ഷണസാധനങ്ങൾ വരുത്തി ശ്വാവിനു കൊടുത്തശേഷം ഉഛിഷ്ടം ആ സുന്ദരിയ്ക്കുംകൊടുത്തു. ഒരു വടിയെടുത്തു് ആ പാത്രത്തിൽ ഇരുന്ന തലയിൽ മൂന്നുനാലടി കൊടുത്തശേഷം ആ സുന്ദരിയേയും മഹാരാജാവു് പ്രഹരിച്ചു. ഇതുകണ്ടപ്പോൾ, രഹസ്യം എന്താണെന്നറിയാതെ അനുചിതമായ ഈ കൃത്യത്തിൽനിന്നു് മഹാരാജാവിനെ പിൻവലിപ്പിക്കാനായി കുമാരൻ ശ്രമിച്ചു. എന്നാൽ മഹാരാജാവു് കുമാരൻെറ ശ്രമത്തെ നിരോധിക്കയാണുണ്ടായതു്.

ഈ ശ്വാവിനെ വളരെ വാത്സല്യത്തോടുകൂടി ഭദ്രമായി സൂക്ഷിക്കയും ഈ സ്ത്രീയെ ഇപ്രകാരം കാരാഗൃഹത്തിൽ പാർപ്പിച്ചു നിർദ്ദയം ഉപദ്രവിക്കയും ചെയ്യുന്നതിൻെറ ആവശ്യം എന്തായിരിക്കാം. ഈ കരിന്തല എന്തൊരപരാധമാണനുവർത്തിച്ചതു്. അതു് ആരുടെ തലയാണു്. എന്തിനാണു് ഇങ്ങനെ സൂക്ഷിക്കുന്നതു്. എന്നുള്ള വിചാരത്തോടുകൂടിനിൽക്കുമ്പോൾ ഇതാണു് വിമലാംബാൾ അവളുടെ ഭർത്താവിനോടു പ്രവർത്തിച്ചതു്

എന്നു രാജകുമാരനോടു പറഞ്ഞു. കുമാരനു് യാതൊന്നും മനസ്സിലായില്ലെന്ന ഭാവംകൊണ്ടു ഗ്രഹിച്ചതിനാൽ മഹാരാജാവു് കുമാരനെ ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. വാതിലുകളെല്ലാം ദൃഢമായി ബന്ധിക്കയും അവിടെ കിടന്നിരുന്ന ആസനങ്ങളിൽ അവർ രണ്ടുപേരും ഉപവിഷ്ടരാവുകയും ചെയ്തു. കുറെ നേരത്തേക്കു് രണ്ടുപേരും യാതൊന്നും ശബ്ദിച്ചില്ല. പിന്നീടിങ്ങനെ ആരംഭിച്ചു.

കുമാരാ! ഞാൻ പറയുന്നതെല്ലാം സശ്രദ്ധം കേട്ടുകൊള്ളണം. ഇതിലെ ഒരക്ഷരംപോലും വെളിയിൽ വിടരുതു്. നിന്നെ സംബന്ധിച്ചുള്ള വിവരങ്ങൾ യാതൊന്നുംതന്നെ എന്നോടു പറഞ്ഞിട്ടില്ലെങ്കിലും നീ ഒരു അസാധാരണമനുഷ്യൻതന്നെ എന്നും, ഈ സംഗതി അറിയുന്നതിനുവേണ്ടിത്തന്നെയാണു് നീ ഇങ്ങനെ പുറപ്പെട്ടിട്ടുള്ളതെന്നും, മററും ഞാൻ മിക്കവാറും മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ ഇതുകൊണ്ടു നീ സാധിക്കണമെന്നു വിചാരിക്കുന്ന കാര്യം എന്താണെന്നു് എനിക്കും രൂപമില്ല. എൻെറ വിശ്വസ്തന്മാരായ ചിലർ മാത്രമേ ഈ സംഗതി ധരിച്ചിട്ടുള്ളു. നിന്നെയും ആ കൂട്ടത്തിൽതന്നെയാണു ഞാൻ കണക്കുകൂട്ടിയിട്ടുള്ളതു്.

ഞാൻ ഒരിക്കൽ വേട്ടയാടാൻ പോയി. അന്നുണ്ടായ അസഹ്യമായ ദാഹശാന്തിക്കുവേണ്ടി അടുത്തെങ്ങാനും വല്ല കൂപമൊ, തടാകമൊ ഉണ്ടോ എന്നു് ആരാഞ്ഞുനടക്കുമ്പോൾ മുൾച്ചെടികൾ തിങ്ങിവിങ്ങി വളർന്നുനിൽക്കുന്ന ഒരു പൊട്ടക്കിണറു കാണപ്പെട്ടു. അതിൽ വെള്ളമുണ്ടോ എന്നു പരിശോധിക്കുന്നതിനായി ഒരു പാത്രം കെട്ടിയിറക്കി. അതു് മേൽപോട്ടു വലിച്ചപ്പോൾ വലിയ ഘനം തോന്നി. എന്താണെന്നറിയണമെന്നുള്ള ആശയോടുകൂടി വലിച്ചുകയററിയപ്പോൾ ആ കയറിൽ തൂങ്ങിക്കിടന്നതു രണ്ടു വൃദ്ധസ്ത്രീകളായിരുന്നു. അവർ അതിപ്രസിദ്ധനായ ചന്ദ്രസേനമഹാരാജാവിൻെറ പരിചാരികകളാണെന്നും കുരുടികളായ അവരുടെ കണ്ണു തെളിയുന്നതിനുതക്ക ഒരു വലിയ സഹായം ചെയ്തുകൊടുക്കണമെന്നും, അതിനുപകരം ചന്ദ്രസേനമഹാരാജാവിൻെറ മകൾ വിമലാംബാളിനെ സ്വാധീനംചെയ്തു തരാമെന്നും അവർ എന്നോടു പറഞ്ഞു. ഓരോ ജനങ്ങൾ പറഞ്ഞുകേട്ടു് അവളിൽ അതിമോഹിതനായി ഭവിച്ചിരുന്ന എന്നെ ഈ വാക്കുകൾ എത്രമാത്രം സന്തോഷിപ്പിച്ചു എന്നു പറയേണ്ടല്ലോ. അവരുടെ ഉപദേശമനുസരിച്ചു പ്രവർത്തിച്ചു് അവരെ കാ

ഴ്ചയുള്ളവരാക്കിത്തീൎത്തു. അവർ പറഞ്ഞതുപോലെ ഒരുദിവസം രാജകുമാരിയുടെ കൊട്ടാരത്തിൽ കൂട്ടിക്കൊണ്ടുപോയി. വെറും സാധാരണമനുഷ്യന്റെ വേഷമായിരുന്നു ഞാൻ ധരിച്ചിരുന്നതു്. രാജകുമാരി ഉറക്കമായിരുന്നു. അവളുടെ സൌന്ദൎയ്യസാഗരത്തിൽ ഞാൻ ആകൃഷ്ടനായിത്തീൎന്നു. അവളുടെ സുകുമാരകോമളമായ കളേബരത്തിൽ ഒന്നു തൊടുകതന്നെ എന്നു ഞാൻ ഉറച്ചു.

കുമാരാ!

ചെന്തൊണ്ടിതൻപഴംമണ്ടിയൊളിക്കുന്ന
ദന്തവാസസ്സിന്റെകാന്തിപ്രവാഹവും
ദൎപ്പണംപോലെവിളങ്ങുന്നഗണ്ഡങ്ങ-
ളുംപ്രമോദംപാരമാൎക്കുമുണ്ടാക്കിടും
നീണ്ടങ്ങിരുണ്ടുചുരുണ്ടവാർകുന്തലിൻ
കൊണ്ടൽപ്രഭയതുകണ്ടാൽമനോഹരം
ശോഭയേറീടുന്നകോമളത്താമര-
പ്പൂവൊത്തലോചനത്തിനുള്ള ഭംഗിയും.
പഞ്ചമിച്ചന്ദ്രന്റെലാവണ്യസമ്പത്തു
മഞ്ചുന്നനല്ലനിടിലപ്രഭയതും
സന്തതംബൎഹിതൻബൎഹംകൊതിപ്പോ
ബന്ധുരമാംചില്ലിവില്ലിൻവിലാസവും
വെൺമുത്തുപോലെതെളിഞ്ഞുവിളങ്ങുന്ന
വെണ്മയേറുംനല്ലദന്തപ്രകാശവും
പൈങ്കിളിക്കൊക്കുംകൊതിക്കുന്നനാസയും
തിങ്കളാതങ്കമാൎന്നീടുവോരാസ്യവും
തുംഗസ്തനങ്ങളുംവിദ്യുല്ലതയ്ക്കൊത്ത
മംഗലഗാത്രവുംരമ്യജഘനവും
ഊരുയുഗങ്ങളുംജംഘാദ്വയങ്ങളും
ചാരുവായുള്ളപുറവടിശോഭയും
ചിത്തംമയക്കുമമൎത്ത്യരെന്നാകിലും
സത്യംമനുജന്റെവാൎത്തപിന്നോതണോ?

എന്നു വൎണ്ണിച്ചിട്ടുള്ളവിധം സൎവ്വഥാ രമണീയമായ ആ സുന്ദരിയോടു ചേൎന്നുള്ള ആനന്ദജീവിതം ആജീവനാന്തം സ്വായത്തമാകണമെന്നു ജഗദീശ്വരനോടു ഞാൻ പ്രാൎത്ഥിക്കാതിരുന്നില്ല. അവൾ ആ നിദ്രയിൽനിന്നെഴുന്നേററു് എന്നെക്കണ്ടു്, ഈ അരമനയിൽ അസമയത്തു കടന്നുവന്ന ഈ ആൾ ആരു എന്നു വി

ചാരിച്ചു സഗൗരവം നോക്കുകയും, എന്തിനിവിടെവന്നു എന്ന് രോഷത്തോടുകൂടി ചോദിക്കയുംചെയ്തു. ഞാനും അല്പമൊന്നു പരുങ്ങാതിരുന്നില്ല. ഇവളുടെ ചോദ്യത്തിനു സമാധാനമായി എന്താണു പറയേണ്ടതെന്നു കുറേനേരം ആലോചിച്ചു. ഹേ! സുന്ദരി! കോപിക്കേണ്ട. ഞാൻ ഭവതിയെകാണ്മാനായിത്തന്നെയാണുവന്നത്. അമൃതവാഹിനിരാജ്യത്തെ രാജാവായ ഞാൻ ഇപ്പോൾ നിൻെറ അരമനയിൽ അകപ്പെട്ടിരിക്കയാൽ എന്തു ചെയ്താലും അതു് അനുഭവിക്കാനേ നിവൃത്തിയുള്ളു. എന്നെ സന്തോഷത്തോടുകൂടി സ്വീകരിക്കയാണെങ്കിൽ അതിൽപരം ഭാഗ്യം മററൊന്നില്ല. നിൻെറ അധീനത്തിലാണ് എൻെറ അഭിമാനം സ്ഥിതിചെയ്യുന്നതു്. അതിനെ ദൂഷിപ്പിക്കയോ അല്ല സംരക്ഷിക്കയോ ചെയ്യാൻ നിനക്കു കഴിയും. അതിനാൽ നിൻെറ ഇഷ്ടംപോലെ ചെയ്യുക എന്നു സൌമ്യമായി പറഞ്ഞപ്പോൾ അവളുടെ കോപം ഒട്ടടങ്ങി. ഏകദേശം രണ്ടുമണിക്കൂർ നേരത്തോളം ഞങ്ങൾ സംസാരിച്ചുകൊണ്ടുനിന്നു എന്നു തോന്നുന്നു. എന്തിന്, അവൾ എനിക്കധീനയായിത്തീൻ. കുമാരാ! ആ നിമിഷംമുതൽ ആ സുന്ദരിയുടെ ശുശ്രൂഷകൾ ഞാൻ യഥേഷ്ടം അനുഭവിച്ചുതുടങ്ങി. ഇനി നാംതമ്മിൽ രഹസ്യമായിരിക്കണമെന്നുപറഞ്ഞു് അവൾ എന്നെ ഒരു മുറിയിൽഇട്ടു ബന്ധിച്ചു. പിന്നെ കുറേനാളത്തേക്കു കൊട്ടാരത്തിൽതന്നെ ആയിരുന്നു എൻെറ താമസം. അന്നുണ്ടായിട്ടുള്ള ആനന്ദത്തിനും അതിരില്ല.

കുറേനാൾ ചെന്നപ്പോൾ ഞങ്ങളുടെ രഹസ്യം കുറേശ്ശ പരസ്യമായിത്തുടങ്ങി. എത്ര ഗോപ്യമായി വച്ചിട്ടുള്ളതും കാലാന്തക്രമഗതിയിൽ വെളിപ്പെടാതെ വഴികയില്ലല്ലോ. ചന്ദ്രസേന മഹാരാജാവും ഈ വിവരം അറിഞ്ഞു. ഒരുദിവസം ഞങ്ങൾ രണ്ടുപേരും രഹസ്യസല്ലാപത്തിൽ ലയിച്ചിരിക്കയായിരുന്നു. പെട്ടെന്നു് അവിടെ രണ്ടു ഭടന്മാർ ആഗതരായി. മഹാരാജാവു നിങ്ങളെ കാണണമെന്നു് ആവശ്യപ്പെട്ടിരിക്കയാൽ ഞങ്ങളോടൊന്നിച്ചു് അവിടംവരെ വരണമെന്നു് അവർ വളരെ ആദരവോടുകൂടി എന്നോടു ആവശ്യപ്പെട്ടു. ഞാൻ ഒട്ടുംഅധൈര്യം കാണിക്കാതെ നയോക്തികളാൽ അവളെആശ്വസിപ്പിച്ചിട്ടു അവരോടൊന്നിച്ചുതന്നെ പുറപ്പെട്ടു. മഹാരാജാവു് എന്നെക്കണ്ടപ്പോൾ ക്രോധതാമ്രാക്ഷനായി എന്നെ ശകാരിക്കയും പലതും ചോദിക്കയുംചെയ്തു. മര്യാദയെ അതിക്രമിച്ചുള്ള ഒരു പ്രവൃത്തിയാണല്ലോ ഞാൻ ചെയ്തതു് എന്നുള്ള വിചാരം എൻെറ മനസ്സിനെ

ച്ചേദിപ്പിച്ചതുകൊണ്ടും ന്യായമായ സമാധാനം പറയാനില്ലാതിരുന്നതുകൊണ്ടും ഞാൻ ഒന്നും മിണ്ടിയില്ല. അതുകൊണ്ടു ജീവനോടെ അഗ്നിപ്രവേശം ചെയ്യാൻ കല്പനയുണ്ടായി. ഞാനവിടെ എന്തുചെയ്യും. എന്റെ ജീവിതം ഇവിടെ ഇങ്ങനെ അവസാനിക്കയാണോ എന്നു ഞാൻ സങ്കടപ്പെട്ടു. പക്ഷെ അന്ന് അവസാനിച്ചിരുന്നു എങ്കിൽ വളരെ നന്നായിരുന്നു എന്ന് എനിക്കിപ്പോൾ തോന്നുന്നുണ്ട്. കഷ്ടം! വിധിയെ നിക്കിനിറുത്താൻ ആർക്കെങ്കിലും കഴിയുമോ? എന്റെ സഹായത്താൽ ജീവിച്ചു ദർശനശക്തി ലഭിച്ച ആ സ്ത്രീകൾ—എന്നെ രാജകുമാരിയുടെ കൊട്ടാരത്തിൽ കൊണ്ടുവന്നുവിട്ട ആ സ്ത്രീകൾ—പ്രത്യുപകാരവും കൃതജ്ഞതയുംതന്നെ ഈ ലോകത്തിൽ വലുതു എന്നു ദൃഢവിശ്വാസവും തദനുസരണമായ വൃത്തിയുമുള്ള ആ സ്ത്രീകൾ എന്റെ മുമ്പിൽവന്ന് ഒരുകുപ്പി തൈലം കാണിച്ച് ഇതു ദേഹമാസകലം തേച്ചുകൊണ്ടു അഗ്നിയിൽ പ്രവേശിച്ചാൽ നിശ്ചയമായും മരണം ഉണ്ടാവുകയില്ലെന്നുമാത്രമല്ല അഗ്നിജ്വാലകൂടി ഏല്ക്കേണ്ടതായി വരുകയില്ല എന്നു എന്നോടു പറഞ്ഞു. ആ കുഴമ്പു തേച്ചുകൊണ്ടാണു ഞാൻ അഗ്നിയിൽ പ്രവേശിച്ചതു്. കുമാരാ! എന്തൊരാശ്ചര്യം; തൈലത്തിന്റെ ശക്തി. അഗ്നി എന്നെ ദഹിപ്പിച്ചില്ല. അശേഷം ചൂടു തട്ടിയതുമില്ല. ഇതു കണ്ടപ്പോൾ ഞാൻ ഒരമാനുഷനാണെന്നു രാജാവും പരിചാരകന്മാരും നിശ്ചയിച്ചു. ഇത്രമാത്രം മഹാത്മാവായ ഒരാളോടു അതിസാഹസമാണു അനുവർത്തിച്ചുപോയതെന്നു അവർ വ്യാകുലപ്പെട്ടു; എന്നെ പല്ലക്കിലെടുപ്പിച്ചുകൊണ്ടു കൊട്ടാരത്തിൽ കൊണ്ടുപോയി വേണ്ട ആചാരോപചാരങ്ങൾ അനുവർത്തിച്ചു. എന്തിനധികം വിസ്തരിക്കുന്നു. ഉടനേതന്നെ എന്റെ അനുമതി വാങ്ങിക്കൊണ്ടു വിമലാംബാളിനെ എനിക്കായിത്തന്നു. അന്നത്തെ ആഘോഷം എങ്ങിനെ ആയിരുന്നു എന്നു ആക്കും വർണ്ണിക്കാൻ കഴികയില്ല. ഇതെല്ലാം നടന്നതിനുശേഷമാണു ഞാൻ ഈ രാജ്യത്തെ രാജാവാണെന്നവർ അറിഞ്ഞതു്. എന്നെ വളരെ സന്തോഷിച്ച്, വളരെ ധനം സ്ത്രീധനമായി നൾകി. ഞങ്ങൾ അവിടെനിന്നു ചതുരംഗവാഹിനികളോടും സ്ത്രീധനമായി കിട്ടിയ അനവധി ധനത്തോടുംകൂടി ഇവിടെ വന്നുചേൻ.

കുമാരാ! മനുഷ്യക്കുള്ള സകല സുഖാനുഭോഗങ്ങളും അനുഭവിച്ചു സമാധാനപൂർവ്വം ഈ രാജ്യത്തെയും ഭരിച്ചു സസന്തോഷം വാഴുന്നകാലത്തു് ഒരുദിവസം രാത്രി ഞാൻ അന്തഃപുരത്തിലേക്കു

കടന്നപ്പോൾ വിമലാംബാൾ ആരോടോ സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. ഞാൻ ചെന്നയുടനെ എന്നെ വേണ്ടവിധം ഉപചരിച്ചു സംസാരിച്ചുകൊണ്ടിരുന്ന മറേറയാളിനെ അവിടെ കണ്ടതേയില്ല. വളരെനേരം ഞങ്ങൾ ഉത്സാഹമായി കഴിഞ്ഞുകൂടി. നേരം കുറേ ഇരുട്ടിയപ്പോൾ അവിടെ ഒരു തയാർചെയ്തിരുന്ന പള്ളിമഞ്ചത്തിൽ ഞങ്ങൾ ശയിച്ചു. ഉടനേതന്നെ ഞാൻ സുഷുപ്ത്യാവസ്ഥയിൽ ലയിക്കയുംചെയ്തു. എത്രനേരം ഉറങ്ങി എന്നു നിശ്ചയമില്ല. ഉണർന്നപ്പോൾ പ്രിയതമയെ കാണ്മാനില്ലായിരുന്നു. അവൾ അധികം താമസിയാതെ അവിടെ എത്തി. അവളുടെ ശരീരം മുഴുവൻ തണുത്തിരിക്കുന്നതായി തോന്നി. ശീതജ്വരം ബാധിച്ചതായിരിക്കുമോ എന്നു ഞാൻ സംശയിച്ചു. വല്ല ദുർദ്ദേവതകളുടേയും ബാധയുണ്ടായാലത്തെപ്പോലെ അവൾ വിറയ്ക്കുന്നുമുണ്ടായിരുന്നു. എനിക്കുണ്ടായ സന്താപം ഇത്രമാത്രമെന്നു പറയാനില്ല. നാരായണാ! എൻെറ പ്രിയതമയ്ക്കു ഇപ്രകാരം ഒരു സുഖക്കേടു സംഭവിച്ചുവോ? അവളെ രക്ഷിക്കേണമെന്നു ഞാൻ ഹൃദയപൂർവ്വമായി പ്രാർത്ഥിച്ചു. പ്രിയെ നിനക്കെന്താണുസുഖക്കേട്? കൈകാലുകൾ വളരെ തണുത്തിരിക്കുന്നല്ലൊ? അയ്യൊ! ഇതെന്തൊരാപത്തു് എന്നിങ്ങനെ ഞാൻ പ്രലപിച്ചു. പ്രിയഭർത്താവെ! ഞാൻ വെളിയിൽ പോയി വരുന്ന സമയം ഏതൊ ഒരു വസ്തു എൻെറ ദേഹത്തു തട്ടിഎന്നും അതു നിമിത്തം ഉണ്ടായ ഭയംകൊണ്ടായിരിക്കാം ശരീരം ഇങ്ങനെ അസ്വാസ്ഥമായി ചമഞ്ഞതെന്നും അവൾ എന്നെ ധരിപ്പിച്ചു. അതിനു വേണ്ട പ്രതിവിധികളെല്ലാം ഉടനേതന്നെ നടത്തി.

എനിക്കു അല്പം ശങ്കയുദിച്ചു. ഞാൻ ചെന്നപ്പോൾ ആരോ ഒരാളോടു സംസാരിച്ചുകൊണ്ടിരുന്നു. അയാളെ കണ്ടതുമില്ല. രാത്രി അവൾ എന്നെ അറിയിക്കാതെ വെളിയിൽ പോയി. ഇതിൻെറ രഹസ്യമെന്തായിരിക്കും. ഒന്നു പരിശോധിക്കുകതന്നെ എന്നു തീർച്ചപ്പെടുത്തി. അടുത്തദിവസം നേരത്തേ ഉറങ്ങാൻ കിടന്നു. നല്ല ഉറക്കത്തിൻെറ ഭാവം നടിച്ചു. അവൾ ഉടനെ എഴുനേററു ഞാൻ ഉറങ്ങുകതന്നെയൊ എന്നു പരിശോധിച്ചു. പുതിയ വസ്ത്രങ്ങളും, ആഭരണങ്ങളും സുഗന്ധദ്രവ്യങ്ങളും അണിഞ്ഞുതുടങ്ങി. ഇവൾ ഇപ്രകാരം അലങ്കരിക്കുന്നതിൻെറ ആവശ്യം എന്താണെന്നു് ഞാൻ ആശ്ചര്യപ്പെട്ടു. അവൾ മെല്ലെ കതകുതുറന്നു് അന്ധകാരമയമായ ആ രാത്രിയിൽ ഉദ്ദേശം അർദ്ധരാത്രിയോടടുക്കാറായ ആ സമയം സഹായത്തി

ന്നാരും കൂടാതെ നിർഭയം റോഡിലിറങ്ങി നടന്നുതുടങ്ങി. ഞാനും എന്റെ ശ്വാവുസഹിതം അവളെ അനുഗമിക്കുന്ന്ണ്ടെന്നുള്ള വസ്തുത അവൾ അറിഞ്ഞതേ ഇല്ല. അവൾ യാതൊരു സങ്കോചവും കൂടാതെ നടന്ന് എന്റെ കുതിരക്കാരന്റെ കുടിലിൽ എത്തി. ചെന്ന ഉടൻ തന്നെ അവിടെ തയാറാക്കി നിറുത്തിയിരുന്ന ഒരു കുതിരയിൽ കയറി അവൾ തിരിച്ചു. രണ്ടു മൈലോളം അകലമുള്ള ഒരു മൈതാനത്തു കെട്ടപ്പെട്ടിരുന്ന ഒരു കുടിലിനെ ലാക്കാക്കിയായിരുന്നു അവളുടെ യാത്ര. ഞാനും എന്റെ കുതിരയിൽ കയറി അവളെ അനുഗമിച്ചു. അവൾ കുടിലിനോടൊട്ടു സമീപിക്കാറായപ്പോൾ അതിൽ നിന്നു വെളിയിലിറങ്ങി അക്ഷമന്മാരായി നിന്ന രണ്ടു ഭൂതങ്ങൾ അവളെ കുതിരയിൽ നിന്നും പിടിച്ചിറക്കി. അവർ ഒന്നിച്ചു കുടിലിലേക്കു കയറി. നീ ഇത്ര താമസിച്ചതെന്തുകൊണ്ടാണ്? നിനക്കുവേണ്ടി എത്രസമയം കാത്തിരുന്നു എന്നു പറഞ്ഞു ദേഷ്യത്തോടുകൂടി നാലഞ്ചടികൊടുത്തു. ഈ താഡനങ്ങൾ ഏററിട്ടും അവൾക്കു യാതൊരു സങ്കടവും ഉണ്ടായില്ല. പിന്നീട് അവർ പല നേരമ്പോക്കുകളും പറഞ്ഞു രസിച്ചുകൊണ്ടിരുന്നു. ഇതെല്ലാം കണ്ടു കോപാന്ധവശത്താൽ മതിമറന്നു ഞാനും അകത്തേക്കു കടന്നു. എന്റെ കയ്യിൽ അരവാൾ ജ്വലിച്ചുകൊണ്ടിരുന്നു- ഇതുകണ്ടു ഭയന്നു ഒരു ഭൂതം അവിടെ നിന്നു ഓടിയൊളിച്ചു. വിമലാംബാളിന്റെ നില എങ്ങിനെയായിരുന്നു എന്നുനോക്കിയറിയുന്നതിനു മുമ്പിൽ മററെ ഭൂതം എന്റെ നേരെ അടുത്തു. അരനാഴികയോളം ഞങ്ങൾ തമ്മിൽ പൊരുതു അവനെ സർവശക്തികളും ഉപയോഗിച്ചു നിലത്തു തള്ളിയിട്ടു അവന്റെ മാറിൽ കയറിയിരുന്നു അവന്റെ ദുഷ്ടദേഹിയെ ആ മാംസക്കൂടത്തിൽ നിന്നു വേർപെടുത്തുന്നതിനായി കഠാരിയോടുകൂടിയ എന്റെ കൈ മേൽപോട്ടുയർത്തിയപ്പോൾ—കഷ്ടം! കുമാരാ! ഞാനെങ്ങിനെ പറയുന്നു. ആ മഹാപാപി,—ആ നിമിഷം വരെ എന്റെ പ്രിയതമയെന്നുവിചാരിച്ചിരുന്നവിമലാംബാൾ—അതെഅവൾ തന്നെ ആ രാക്ഷസി ഒരു കുത്തോടുകൂടിഎന്നെനിലംപതിപ്പിച്ചു. ഉടനെ ആ ഭൂതം എന്റെ നെഞ്ചത്തു കയറിഎന്റെ കൈയ്യിൽ തന്നെ ഇരുന്ന അരവാൾ പിടിച്ചുവാങ്ങി നെഞ്ചിനുനേരെഓങ്ങിയപ്പോൾ എന്റെ ശ്വാനം ആതായത് കുമാരാ ഞാൻ ഭദ്രമായി സൂക്ഷിച്ചുപോരുന്ന ആ സ്വാമിഭക്തനായ ശ്വാവ് കുമാരാ! നീ കണ്ടുപാട്ടിതന്നെ അവിടെ നടന്ന സംഭവങ്ങളെല്ലാം സശ്രദ്ധം പ്രതിക്ഷിച്ചുകൊണ്ടിരുന്ന അവൻ ദുഷ്ടനായ ഭൂതത്താ

ൻെറ കഴുത്തിൽ പിടികൂടി. എന്തൊരു ധൈര്യമാണ് ആ പട്ടി കാണിച്ചത്. ആ ഭൃത്യം അതിനെ മർദ്ദിച്ചിട്ടും അവൻ പിടിവിട്ടില്ല. ഒടുവിൽ അയ്യോ! അയ്യോ! എന്നുള്ള വിളിയോടുകൂടി അവൻ ബോധംകെട്ടു താഴെ വീണു. ഉടനെ ഞാനെഴുന്നേററു അവൻെറ തല അറുത്തു. അതുതന്നെയാണ് മുമ്പു നീ കണ്ട തല. എൻെറ ശ്വാനം ആ അവസരത്തിൽ അവൻെറ നന്ദി പ്രദർശിപ്പിക്കാതെയിരുന്നു എങ്കിൽ എൻെറ കഥ അന്നേ അവസാനിക്കുമായിരുന്നു. ദുഷ്ടയായ അവളെ വിടാതെ ഇവിടത്തെ കാരാഗൃഹത്തിൽതന്നെ താമസിപ്പിച്ചിരിക്കയാണ്. ഈ തരത്തിലുള്ള കൃത്യംകൊണ്ട് അടുത്തജന്മത്തിൽ അന്യന്മാരെ സങ്കടപ്പെടുത്താതെ ഇരിക്കണമെങ്കിൽ അവൾ ആജീവനാന്തം കഷ്ടത അനുഭവിക്കണം. അവളെ നിഗ്രഹിച്ചതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാവാനില്ല. അവളാണ് ആ ശ്വാനൻെറ ഉച്ഛിഷ്ടം ഭുജിച്ചുകൊണ്ട് അവിടെ കണ്ട സ്ത്രീ. ആ ദുഷ്ടയ്ക്കുവേണ്ടിയാണ് അഗ്നിയിൽ ചാടാനും ഞാൻ മടിക്കാതിരുന്നത്. അവളെയാണ് എൻെറ ജീവിതസർവ്വസ്വമായി ഞാൻ കരുതിയിരുന്നത്. നീ നിൻെറ ജീവിതത്തിൽ വളരെ ഉപകരിക്കുന്ന ഒരു പാഠമാണ് ഇന്നു പഠിച്ചത്. സ്ത്രീകളുടെ മനോഗതി എപ്രകാരമെന്ന് വർണ്ണിക്കുന്നത് വളരെ വിഷമംതന്നെ. എൻെറ പ്രേമപാത്രമായി വിചാരിച്ച് സർവ്വവിധങ്ങളായ അഭിലാഷങ്ങളെയും സാധിച്ചുകൊടുത്ത് സസുഖം രക്ഷിച്ചുപോന്ന ആ വിമലാംബാളിൽനിന്ന് ഇപ്രകാരം ഒരു സങ്കടകരമായ അനുഭവം ഈ ജന്മം ഉണ്ടാകുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ഇപ്പോഴുംതന്നെയും ഇങ്ങനെ ഒരു സംഭവം ഉണ്ടായോ എന്നുതന്നേ ഞാൻ സംശയിക്കുന്നു. എന്തൊരു ശക്തിവിശേഷത്താലാണോ ഇത്തരം അനുഭവങ്ങൾ ലോകത്തിലെങ്ങും കാണാൻ ഇടയാകുന്നത്. ഇതിൻെറ രഹസ്യം എന്താണാവോ? അവൾ കാണിച്ച കടുംകൈയ്ക്കു പകവീട്ടിയതു് എൻെറ ശ്വാനമാണ്. അതുകൊണ്ടാണ് അവനെ ഭദ്രമായി രക്ഷിച്ചുപോരുന്നത്. നിനക്കിതൊക്കെ അതിശയമായി തോന്നുന്നുണ്ടായിരിക്കാം. ഒളിച്ചോടിപ്പോയ ആ ഭൃത്യം അമൃതഗിരിരാജ്യത്തുണ്ടെന്നു കേൾക്കുന്നു. അവൻെറ ജീവഹതികൂടി ഉണ്ടായെങ്കിൽ മനസ്സിനു സ്വാസ്ഥ്യത ലഭിക്കുമായിരുന്നു. ആ ഉദ്ദിഷ്ടം നിറവേററുന്ന ആളിന് എൻെറ രാജ്യം മുഴുവൻ ദാനം ചെയ്യാനും എനിക്കു മടിയില്ല. എന്നു പറഞ്ഞുകൊണ്ട് രാജാവ് ചിന്താമഗ്നനായിരിക്കുമ്പോൾ—മഹാരാജാവേ! അങ്ങയുടെ അഭിലാഷം

നിർവ്വിഘ്നം സാധിക്കുന്നതിന് ഈ ഞാൻ മതിയാകുന്നതാണ്. അവൻ എവിടെയായിരുന്നാലും തേടിപ്പിടിച്ചു നിഗ്രഹിക്കുന്നുണ്ട്. പ്രഭോ! വിഷമിക്കാതെ സ്വസ്ഥമായിരിക്കണം എന്ന് കുമാരൻ ഉണർത്തിച്ചു. അങ്ങനെ സത്യവും ചെയ്തുകൊടുത്തു. രാജാവു കുമാരനെ മാറോടണച്ചു പുൽകുകയും ദീർഘായുഷ്മാനായി സസുഖം വസിക്കുന്നതിന് ആശീർവദിക്കുകയും ചെയ്തു.

മാനസിംഹരാജാവിനോടു വിമലാംബാൾ പ്രവർത്തിച്ചതു ഇന്നതാണെന്നു ആ രാജാവിൽനിന്നുതന്നെ അറിയുന്നതിനു ഭാഗ്യമുണ്ടായപ്പോൾ കുമാരൻെറ ഹൃദയം ആനന്ദപുളകിതമായി. ഇനിയും തൻെറ ഉദ്ദിഷ്ടങ്ങളെല്ലാം സാധിച്ചിട്ട് മാതാപിതാക്കന്മാരെ സന്ദർശിക്കേണ്ടതാണെന്നുള്ള അത്യാകാംക്ഷയോടുകൂടി മഹാരാജാവിനോടു യാത്രചോദിച്ചു. പിരിഞ്ഞിരിക്കുന്നതിനു പ്രയാസമാണെങ്കിലും കുമാരൻെറ ആശയത്തിനു വിപരീതമായി പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാൻ അദ്ദേഹത്തിനു ശക്തിയില്ലായിരുന്നു. തൻെറ ഭൃത്യനായി താമസിച്ച രാജകുമാരൻെറ ചരിത്രങ്ങളെല്ലാം അയാൾതന്നെ പറഞ്ഞറിഞ്ഞതിനാൽ അനുവാദം കൊടുക്കാതിരിക്കുന്നതു ഉചിതമല്ല എന്ന വിചാരവും രാജാവിനുണ്ടായി. അതുകൊണ്ടു പോയിവരുന്നതിനു അനുവാദം കൊടുത്തു. അനേകം വിലപിടിച്ച വസ്തുക്കൾ കുമാരനു സംഭാവനയായി നൽകുകയും ചെയ്തു. തന്നെ മഹാരാജാവുമായി പരിചയപ്പെടുത്തിയ രാജസേവകനോടും തൻെറ രഹസ്യങ്ങളെല്ലാം പറയുകയും അനുവാദം വാങ്ങിക്കുകയും ചെയ്തു. ഉടനേതന്നെ രാജകുമാരൻ വിമാനത്തിൽ കയറി രാക്ഷസരാജ്യത്തുചെന്ന് രാക്ഷസ കുമാരിയേയും കൂട്ടിക്കൊണ്ട് മണിമാലികയുടെ സൌധത്തിൽ എത്തി. അവളുടെ ഉപചാരങ്ങൾ സ്വീകരിച്ചുകൊണ്ടു നവസുന്ദരിയെക്കണ്ടു. അവളെ കഠിനമായി ശിക്ഷിക്കണമെന്നു രാജകുമാരനു വിചാരമുണ്ടായിരുന്നെങ്കിലും തൻെറ പ്രേമഭാജനങ്ങളുടെ അപേക്ഷ അനുസരിച്ച് ദയവായി വിട്ടു. അവളുടെ കൃത്രിമത്താൽ മാനിൻെറ രൂപമെടുത്ത് അവിടെ കഷ്ടപ്പെടുന്ന രാജകുമാരന്മാരെയെല്ലാം രക്ഷപ്പെടുത്തി അവരവരുടെ രാജ്യങ്ങളിലേക്കു പൊയ്ക്കൊള്ളുവാൻ അനുവദിച്ചു. കുമാരനോടുകൂടി ഗിരിമന്ദിരംവരെ വന്ന് ചന്ദ്രലേഖയെ ജയിക്കുന്നതു കണ്ടുകൊണ്ടു പോകാനാണ് അവരുടെ ആഗ്രഹം എന്നറിഞ്ഞതിനാൽ അവരേയും തൻെറ വിമാനത്തിൽകയററി. പിറേറദിവസം അതിരാവിലെ ചന്ദ്രലേഖയുടെ കൊട്ടാരത്തിനുസമീപം ചെന്നെത്തി. തൻെറ കൂടെയുള്ള ആളുകളെയെല്ലാം അവിടെ ഒരു വലിയ കെ

ട്ടിടം വാടകയ്ക്കെടുത്തു് താമസിപ്പിച്ചതിൻെറ ശേഷം മഹാരാജാവിനെ മുഖം കാണിക്കുന്നതിനായൊരുങ്ങി. നവസുന്ദരിയുടെ ബന്ധനത്തിൽ ഉൾപ്പെട്ടിരുന്ന രണ്ടായിരത്തിൽപരം രാജകുമാരന്മാരോടൊന്നിച്ചായിരുന്നു ഇദ്ദേഹത്തിൻെറ യാത്ര. ജരാസന്ധനെ യുദ്ധത്തിൽ കൊന്നു് അവിടെ ബന്ധിച്ചിരുന്ന രാജാക്കന്മാരെ എല്ലാം മുക്തന്മാരാക്കി രാജസൂയത്തിനു ചെല്ലുന്ന ശ്രീകൃഷ്ണഭഗവാനേപ്പോലെതന്നെ ജനങ്ങൾ ഇദ്ദേഹത്തെ ബഹുമാനിച്ചു. അത്ഭുതപൂർവ്വമായുണ്ടായ ഈ യാത്രയുടെ ഉദ്ദേശം എന്തെന്നറിയാതെ പുരവാസികളാകമാനം അവിടെ കൂടിയിട്ടുണ്ടായിരുന്നു. പ്രേക്ഷകജനങ്ങളിൽ ഒരാളിനുമാത്രമെ അത്യാമോദം ഉണ്ടായുള്ളൂ. അവളുടെ ഉപദേശപ്രകാരമാണു് രാജകുമാരൻ അമൃതവാഹിനിരാജ്യത്തേക്കു പുറപ്പെട്ടതു്. കാൎയ്യസാദ്ധ്യത്തോടുകൂടി തിരിച്ചുവന്നു് അവളെ തൃപ്തിപ്പെടുത്താമെന്നായിരുന്നു കുമാരൻ അവളോടു വാഗ്ദാനം ചെയ്തിരുന്നതും. അതുകൊണ്ടു വാസന്തിക അത്യാനന്ദാമൃതത്തിൽ മുങ്ങി വശായി. ആവൂ. അവളുടെ ഹൃദയാന്തർഭാഗത്തു് ഉറങ്ങിക്കിടന്നിരുന്ന വിചാരങ്ങൾ ഇതാ വീണ്ടും ആവിർഭവിച്ചു് അവളെ നൃത്താടിക്കുന്നു. അവളുടെ കൂടെയുണ്ടായിരുന്ന മററു ദാസീജനങ്ങൾ വാസന്തികയുടെ ഭാവവ്യത്യാസം കണ്ടു് അപഹസിച്ചുതുടങ്ങിയെങ്കിലും അവൾ അശേഷം വകവയ്ക്കാതിരുന്നതുകൊണ്ടു് കാരണം എന്തായിരിക്കാമെന്നു് അവർ ഉററുനോക്കിത്തുടങ്ങി. ആ യാത്രയിൽ ഉൾപ്പെട്ടിരുന്ന ആളുകളിൽ നായകനായിക്കണ്ട നമ്മുടെ രാജകുമാരനിൽ അവരുടെ ദൃഷ്ടിപതിച്ചു. അയ്യോ അതാരാണു് നമ്മുടെ ഭ്രാന്തനല്ലെ. നമ്മുടെ സ്വാമിനിയുടേയും ഹൃദയത്തെ പെട്ടെന്നു് ആകൎഷിച്ചുകളഞ്ഞ ആ സുന്ദരമൂൎത്തിയല്ലേ അതു്. വെറുതേയല്ല വാസന്തിക ഉത്സാഹംകൊണ്ടു് മതിമറന്നുപോയതു്. എന്തൊരു ലാവണ്യം. ഇദ്ദേഹം അന്നു ഇവിടെ വന്നപ്പോൾ നാം ഇത്രയൊന്നും വിചാരിച്ചിരുന്നില്ല. എത്ര യോഗ്യപുരുഷന്മാരുടെ അകമ്പടിയോടുകൂടിയാണു് യാത്ര തിരിച്ചിരിക്കുന്നതു്. നിശ്ചയമായും നമ്മുടെ സ്വാമിനിയുടെ വ്രതത്തെ അവസാനിപ്പിക്കാൻ കാലമായി എന്നുതന്നെ വിചാരിക്കാവുന്നതാണു്; ബലം പ്രയോഗിച്ചെങ്കിലും സ്വാമിനിയെ തോല്പിക്കാതിരിക്കയില്ല എന്നു് അവർ പരസ്പരം ആലോചിച്ചു തീൎച്ചചെയ്തു.

സ്ത്രീജനങ്ങളുടെ ഇടയിൽകടന്ന കുമാരൻെറ നേത്രങ്ങൾ നമ്മുടെ വാസന്തികയുടെ നേൎക്കുതന്നെ തിരിഞ്ഞു. അവളെക്കണ്ടപ്പോൾ കുമാരൻ അല്പം നിന്നു. താന്നെ വളരെനാൾ ഉപ

ചുരിക്കയും തന്റെ മനസ്സിനെ അപഹരിക്കയുംചെയ്ത ഈ വാസന്തികയെ വിസ്മരിക്കത്തക്ക ഹൃദയമല്ലായിരുന്നു കുമാരനുണ്ടായിരുന്നതു്. എന്നാൽ ഈ അവസരത്തിൽ പരസ്യമായി അവളെ സൽക്കരിക്കുമ്പോൾ അവളുമായുള്ള പരിചയംനിമിത്തം ആ ചന്ദ്രലേഖയുടെ ചോദ്യത്തിനുള്ള ഉത്തരം സമ്പാദിച്ചതായിരിക്കാം എന്നു് മററുള്ളവർ വിചാരിച്ചെങ്കിലോ എന്നുള്ള സംശയത്താൽ മനസ്സുകൊണ്ടു് സ്വാഗതംപറയുകയും, തന്റെ ഹൃദയഗതി മുഴുവനും വെളിപ്പെടുത്തത്തക്കവണ്ണം ഒന്നു കടാക്ഷിക്കയുംചെയ്തു. അവൾ ആ കടാക്ഷബാണമേൽക്കുന്നതിനു ശക്തിയില്ലാഞ്ഞിട്ടു് ഒഴിയുന്നതിന്നെന്നവണ്ണം ദാസിമാരുടെ പിന്നിലൊളിച്ചു. അവൾ പിന്നീടനുഭവിച്ച അസ്വാസ്ഥ്യം ഇത്രയെന്നു പറയാനില്ല ഓരോരുത്തരും അവരവരുടെ വസതികളിലേക്കു യാത്രയായി. കുമാരൻ മഹാരാജാവിനെ മുഖം കാണിക്കയും, തന്റെ ഉദ്ദിഷ്ടം ഇന്നതാണെന്നറിയിക്കയും ചെയ്തു. തന്റെ കൂടെയുള്ള ആളുകൾക്കു സൌകര്യമായി താമസിക്കത്തക്ക ഏർപ്പാടുകൾ ചെയ്തുകൊടുക്കണമെന്നുള്ള കുമാരന്റെ അപേക്ഷയനുസരിച്ചു് പ്രധാനമന്ത്രിയെ വരുത്തിവേണ്ടവിധം ചട്ടംകെട്ടി. അവരെല്ലാവരും അന്നേദിവസം അവിടെ താമസിച്ചു. അടുത്തദിവസം രാവിലെ പ്രശ്നപരീക്ഷയ്ക്കു് അനുവാദം വാങ്ങിച്ചുകൊണ്ടു് കുമാരനും തന്റെ പ്രിയഭാക്കുകൾ അധിവസിക്കുന്ന കെട്ടിടത്തിലേക്കു പോന്നു. അന്നുതന്നെ മഹാരാജാവു് "നാളെ നമ്മുടെ മൈതാനത്തുവെച്ചു് നമ്മുടെ പ്രിയപുത്രി ചന്ദ്രലേഖയുടെ പ്രശ്നപരീക്ഷ നടത്തുന്നതാകയാൽ" സകലമാനജനങ്ങളേയും ഇതിനാൽ അറിയിച്ചിരിക്കുന്നു എന്നു വിളംബരം പ്രസിദ്ധപ്പെടുത്തി. അനേകം എഴുത്തുകൾ എഴുതി, സമർത്ഥന്മാരായ കുതിരസ്സവാരികൾവശം കൊടുത്തയച്ചു് തന്റെ അടുത്തുള്ള നാടുവാഴികളെ ഈ വിവരം അറിയിച്ചു. ആ കൂട്ടത്തിൽ നമ്മുടെ രാജകുമാരന്റെ പിതാവിനും തിരുവെഴുത്തുണ്ടായിരുന്നു.

എഴുത്തുകിട്ടിയ ഉടൻതന്നെ ഓരോരുത്തരും പുറപ്പെട്ടുതുടങ്ങി. അടുത്തദിവസം പ്രഭാതമാകുന്നതിനുമുമ്പിൽ അമൃതവാഹിനിരാജ്യത്തെ മഹാരാജാവിന്റെ രാജധാനിയിലെത്തണമെന്നുള്ള അത്യാശ ഒന്നുമാത്രമേ എല്ലാവൎക്കും ഉണ്ടായിരുന്നുള്ളു. ചന്ദ്രലേഖയുടെ കൎക്കശനിയമത്തിനധീനരായി മരണംപ്രാപിച്ച രാജകുമാരന്മാരുടെ ബന്ധുവൎഗ്ഗത്തിൽ ഉൾപ്പെട്ടിട്ടുള്ള രാജകുടുംബങ്ങളേ എങ്ങും ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് ആ

ദുഷ്ടയെ തോല്പിച്ചു ശിക്ഷിക്കുന്നതുകണ്ടാനന്ദിക്കുന്നതിൽ അവർ തല്പരന്മാരും ആയിരുന്നു. അന്നുരാത്രി കുമാരനെ നിദ്രാവിഹീനനാക്കിച്ചെയ്ത ചിന്താശക്തി എന്തായിരുന്നു എന്നു് വായനക്കാർ ഊഹിക്കുന്നുണ്ടായിരിക്കുമല്ലൊ നാളെ പ്രഭാതമാകുമ്പോഴേക്കു് അവിടെ വന്നുചേരുന്ന ആളുകളുടെ സംഖ്യ അമേയമായിത്തന്നെ ഇരിക്കും. ചന്ദ്രലേഖയെ തോല്പിക്കുന്നതു കാണണമെന്നുള്ള അത്യൗൽകണ്ഠ അവരെ പ്രേരിപ്പിക്കുന്നതുകൊണ്ടാണു് അവർ ആഗമിക്കുന്നതു്. എല്ലാവരേയും അറിയിക്കണമെന്നുള്ള അപേക്ഷയെ ചന്ദ്രസേനമഹാരാജാവു് അക്ഷരംപ്രതി അനുഷ്ഠിച്ചിരിക്കയാണെന്നാണ കേൾവി. എത്ര ഭൃത്യജനങ്ങളാണു് രാജശാസനവുംപേറി നാനാദിക്കുകളിലേക്കു പോയിട്ടുള്ളതു്. അവളുടെ ചോദ്യത്തിനു ന്യായമായ ഉത്തരം പറയുന്നതിനുള്ള പരിപൂൎണ്ണവിവരങ്ങൾ ഞാൻ സമ്പാദിച്ചിരിക്കുന്നതിനാൽ ഭയപ്പെടേണ്ട ആവശ്യമൊന്നുമില്ലെങ്കിലും തന്റെ മനസ്സ് തല്ക്കാലം സഞ്ചലിതമായിരിക്കുന്നു. പക്ഷെ ഞാൻ തോറ്റുപോവുകയാണെങ്കിൽ അതില്പരം അപമാനം ആൎക്കും സംഭവിക്കയില്ല. എന്റെ അതിസാഹസങ്ങളും ശ്രമങ്ങളും നിഷ്ഫലങ്ങളായിത്തീരുകയും ചെയ്യും. അതു മാത്രമോ ആറുപുത്രന്മാരുടെ അകാലവിയോഗംനിമിത്തം അത്യന്തസന്താപം അനുഭവിക്കുന്ന പ്രിയപിതാവിന്റെ സ്ഥിതി എത്ര പരിതാപകരമായിത്തീരും. ഓൎക്കുകകൂടിവയ്യ. പ്രിയപിതാവിന്റെ ദയനീയാവസ്ഥയെ വിചാരിച്ചെങ്കിലും പരമകാരുണികനായ ദൈവം ഈ അഗതിയെ അനുഗ്രഹിക്കാതിരിക്കുമോ? നിശ്ചയമായും അനുഗ്രഹിക്കതന്നെ ചെയ്യും. പരിശുദ്ധവിചാരത്താൽ ആകൃഷ്ടനായിട്ടുമാത്രമാണല്ലോ ഇതിനായി ഉദ്യമിക്കുകയും, അവിചാരിതവും അസഹ്യവും ആയ സങ്കടങ്ങളിൽ അകപ്പെടുകയും ചെയ്തിട്ടുള്ളതു്. നിഷ്കന്മഷവിചാരത്തോടുകൂടി ചെയ്യുന്ന നിഷ്കാമകൎമ്മങ്ങളുടെ പൎയ്യവസാനം അമംഗളമായിട്ടിരിക്കയില്ലെന്നത്രേ വേദവചനം. അതിനാൽ ഞാൻ ഒട്ടുംതന്നെ ചഞ്ചലപ്പെടേണ്ട ആവശ്യം ഇല്ല. അവളെ കഠിനമായി ശിക്ഷിക്കേണമെന്നാണു് പൊതുമതം. അവൾ നീതിരഹിതമായ കൃത്യമല്ല ആചരിച്ചിട്ടുള്ളതു്. ചോദ്യത്തിനു ശരിയായ ഉത്തരംപറയാൻകഴിയാത്ത ആളുകളിൽ ആരേയും അവൾ ക്ഷണിച്ചിട്ടില്ല. ആരും അവിടെ എത്താതെ ഇരുന്നു എങ്കിൽ അകാലമരണം അനുഭവിക്കേണ്ടതായും വരികയില്ലായിരുന്നു. പ്രത്യുത ചന്ദ്രലേഖയെന്നു കേട്ടാൽ ഉടനെ, അവളുടെ ചോദ്യത്തിനു കൊടുക്കേണ്ട ശ

രിയമ്യുള്ളത്തരം ഇന്നതെന്നറിയാതെ എരിതീകണ്ട ഈയ്യാമ്പാററകണക്കെ അവിടെച്ചെന്നു് മൃത്യുവിന്നിരയായിത്തീൎന്ന രാജകുമാരന്മാരുടെ ആലോചനാപൂൎവ്വമല്ലാത്ത പ്രവൃത്തിയെ അപവദിക്കുകതന്നെയാണു ചെയ്യേണ്ടതു്. അതിനാൽ ആ സുന്ദരിയെ ശിക്ഷിക്കേണ്ട ആവശ്യം ഇല്ലതന്നെ. ഇപ്രകാരമുള്ള ചിന്താഗതികളായിരുന്നു കുമാരനെ നിദ്രാഹീനനാക്കാതിരുന്നതു്.

രാജകുമാരന്റെ സംശയങ്ങളും അതിന്റെ പരിഹാരങ്ങളും അദ്ദേഹത്തെ സ്വകൃത്യനിൎവ്വഹണത്തിൽ സ്ഥിരനാക്കുകയാൽ, അടുത്ത പ്രഭാതവേളയെ നോൽകണ്ടും പ്രതീക്ഷിക്കുന്നതിനുള്ള ശക്തി അദ്ദേഹത്തിനുണ്ടായി. ലോകത്തിൽ പലമാതിരി സംഭവങ്ങൾ നടക്കുന്നുണ്ടു്. ഏതു സംഗതിയായിരുന്നാലും, ആരായിരുന്നാലും, അതിന്റെ ആദിമദ്ധ്യാന്തവേളകളിലെ ഓരോ നിമിഷത്തിലും, "സംശയം" എന്നൊന്നു കടന്നുകൂടാറുണ്ടു്. അങ്ങനെ ഒരു അദൃശ്യശക്തി തക്കംനോക്കിവെളിപ്പെടാതെ ഇരുന്നു എങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ലോകത്തു നടക്കുമായിരുന്നു. സൽപ്രവൃത്തികളായാലും ദുഷ്പ്രവൃത്തികളായാലും രണ്ടിനേയും ഈ ശക്തി ബാധിക്കുന്നുണ്ടു്. സൽപ്രവൃത്തികളെ സംബന്ധിച്ചിടത്തോളം ഇതിന്റെ ശക്തിക്കു പ്രാബല്യം ഇല്ല. അതായതു് അതിന്റെ ന്യായാന്യായവിവേചനത്തിങ്കൽ സൽപ്രവൃത്തികൾ ആദരണീയങ്ങളും, യഥാവശ്യം അനുഷ്ഠേയങ്ങളും എന്നു വെളിപ്പെടുന്നതിനാൽ അവ ആചരിക്കപ്പെട്ടു പോരുകയാണല്ലോ പതിവു്. എന്നാൽ ദുഷ്കൃത്യങ്ങളെ തടയുന്നതിൽ ഈ ശക്തി വളരെ സഹായിക്കുന്നുണ്ടു്. ഇടയിൽ കടന്നുകൂടുന്ന സംശയങ്ങൾ, ദുഷ്കൃത്യങ്ങളുടെഗുണദോഷഭാഗങ്ങളെ നിൎദ്ദാക്ഷിണ്യം ചൂണ്ടിക്കാണിക്കയും, മനുഷ്യരെ അത്തരം കൎമ്മങ്ങളിൽ നിന്നു വിമുക്തരാക്കുകയും ചെയ്തുകളയുന്നു. എത്രയോ ദുഷ്പ്രവൃത്തികൾ ഇതുമൂലം അതിന്റെ ഗൎഭത്തിൽ തന്നെ അവസാനിച്ചുപോകുന്നു. ഈ മഹത്തായ സംശയപ്രവേശം ഇല്ലാതെ ഇരുന്നു എങ്കിൽ ലോകത്തു നടക്കുമായിരുന്ന ദുഷ്കൎമ്മങ്ങൾക്കു കൈയ്യും കണക്കും കാണുമായിരുന്നില്ല. ഇതിന്റെ നിരന്തരമായ പ്രചരണം ഇല്ലാതെ ഇരുന്നാൽ ഇന്നു കാണാൻ കഴിയുന്ന ലോകത്തിന്റെ സ്വരൂപം പാടേ മാറിമറിയുമായിരുന്നു. ഈ സംശയശക്തി നിരങ്കുശം സഞ്ചരിച്ചു കേളിയാട്ടുന്നുണ്ടെങ്കിലും അതിനെ ജയിക്കുന്നതിനു എവിടെയും ആശയെന്നൊരു വസ്തു നിലകൊള്ളുന്നു. ഏതുതരത്തിലുള്ള കൃത്യങ്ങളായാലും ന്യായാന്യായവി

വേചനം സുസാധമായിരുന്നാലും ആശയുടെ മാത്രം കൂട്ടത്തിലാകുമ്പോൾ നിവൎത്തിതങ്ങളായിപ്പോകുന്നു. ഏതായാലും ആശ അതീതമാണെങ്കിൽ ലോകം സാശയാധീനമാകുന്നില്ലതന്നെ. അതിധീരന്മാരായ പുരുഷകേസരികൾക്കുമാത്രമേ ആശയെ ജയിക്കാൻ കഴിയൂ. നമ്മുടെ രാജകുമാരൻ ആശയ്ക്കധീനനായിരുന്നെങ്കിൽ എത്രയോ നാളിനു മുമ്പുതന്നെ അപകടത്തിൽ അകപ്പെട്ടുമായിരുന്നു. അദ്ദേഹത്തിന്റെ സൎവ്വവിജയങ്ങൾക്കും അടിസ്ഥാനമായി കാണുന്നത് ഈ ഉത്തമഗുണം ഒന്നുമാത്രമാകുന്നു.

നേരം പ്രഭാതമായി. കൊട്ടാരത്തിനടുത്തുള്ള വിസ്തൃതമായ ഒരു മൈതാനപ്രദേശമായിരുന്നു പ്രശ്നപരീക്ഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടത്. അവിടെ പ്രത്യേകം തയ്യാർ ചെയ്യപ്പെട്ടിരുന്ന മനോഹരമായ പന്തലിൽ രാജാവിന്റെ ക്ഷണം അനുസരിച്ചും അല്ലാതെയും വന്നുചേൎന്നിട്ടുള്ള ജനസമൂഹം കൂട്ടംകൂടിത്തുടങ്ങി. അവരെയെല്ലാം യഥായോഗ്യം ഉപചരിക്കുന്നതിനും മററുമായി മന്ത്രി ആളുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. രാജകുമാരനും താൻ ബന്ധനമോചനം നൽകിയ രണ്ടായിരത്തിൽപരം രാജകുമാരന്മാരും അവിടെ ആഗതരായി അവൎക്കു നിശ്ചയിച്ചിരുന്ന സ്ഥാനങ്ങളിൽ ഇരുന്നു. ശ്രീമന്ദിരത്തിലെ മഹാരാജാവും ചന്ദ്രലേഖയും മററു മാന്യന്മാരും രാജകുമാരനെതിരായും ഇരുന്നു. ചന്ദ്രസേനമഹാരാജാവു എഴുനേററു സന്ദേശമയച്ചു അവരെയെല്ലാം ആനയിച്ചു തന്റെ ആവശ്യം എന്തെന്നു് പ്രസ്താവിച്ചു.

എന്റെ മകൾ ചന്ദ്രലേഖയുടെ പ്രശ്നത്തിനു ഉചിതമായ ഉത്തരം പറയുന്നതിനു തക്ക സാമൎത്ഥ്യമുള്ള ഒരു പുരുഷകേസരി ഇവിടെ എത്തിയിട്ടുണ്ടു്. അദ്ദേഹം ദേവനഗരിരാജ്യത്തെ രാജാവായ സുന്ദരലാൽ മഹാരാജാവിന്റെ കനിഷ്ഠപുത്രനാണു്. അദ്ദേഹത്തിന്റെ ആവശ്യവും അപേക്ഷയും അനുസരിച്ചാണു് നിങ്ങളെല്ലാം ക്ഷണിക്കപ്പെട്ടതു്. ഇതിനുമുമ്പു് ഇവിടെ വന്നുചേൎന്നിട്ടുള്ള രാജകുമാരന്മാരെല്ലാം അന്തകാലയം പ്രാപിക്കയാണു പതിവു്. ഈ അവസരത്തിങ്കലെങ്കിലും കുലത്തിനു മാലിന്യം ഉണ്ടാകാത്തക്ക ആ കഠിനകൃത്യത്തിന്റെ അഭാവത്തിനുവേണ്ടി പ്രാൎത്ഥിക്കുന്നു. ഇനി താമസിക്കേണ്ട ആവശ്യമില്ല കാൎയ്യഭാഗങ്ങളിലേക്കു പ്രവേശിക്കാം. എന്റെ ക്ഷണം സ്വീകരിച്ചു് ഇവിടെ വന്നുചേൎന്നിരിക്കുന്ന മാന്യന്മാൎക്കെല്ലാം ഹാൎദ്ദമായി സ്വാഗതം അറിയിച്ചുകൊള്ളുന്നു.

തന്റെ എതിരാളി അസാമാന്യനും, തന്നെ ജയിക്കുന്നതിനു . . . മുള്ള ആളുമാണെന്നു പ്രഥമദൃഷ്ടിയിൽതന്നെ മനസ്സിലാക്കിയ രാജകുമാരി എഴുന്നേററ് പ്രിയപ്പെട്ട ജനങ്ങളെ! ഞാൻ ഒരു അപരാധിനിയാണെന്നു നിങ്ങൾ കരുതുന്നുണ്ടായിരിക്കാം. എന്റെ പ്രശ്നത്തിനു ന്യായമായ സമാധാനം പറയാൻ കഴിയുന്നവരെ മാത്രമേ ഞാൻ . ആവശ്യപ്പെട്ടിരുന്നുള്ളു. അല്ലാത്തവർ ഇവിടെ വന്നു് അകാലമരണം സമ്പാദിച്ചതു എന്റെ കററമല്ല. അതു് അവരുടെ മൂഢത്വമാണ്. ഞാൻ ഒരു വഞ്ചനയും ഇതിൽ പ്രയോഗിച്ചിട്ടില്ല. വെറും ചിന്താശൂന്യരായ ആളുകളുടെ ഭാര്യാപദത്തിനു എനിക്കാഗ്രഹമില്ലാത്തതുകൊണ്ടാണ് ഈ പ്രശ്നത്തെ മുറുകെപ്പിടിച്ചതു്. അതിന്റെ പര്യവസാനം ഇന്നുതന്നെ ആകുമെങ്കിൽ ഭാഗ്യം എന്നു് നമുക്കെല്ലാവർക്കും വിചാരിക്കാം. എന്റെ ചോദ്യം ഇന്നതെന്ന് ഞാൻ ആവർത്തിക്കേണ്ടതല്ലോ. സമാധാനം പറയാനായി ഇവിടെ വന്നുചേർന്നിരിക്കുന്ന മാന്യൻ അതിനെ നിറവേററണമെന്നു് ആവശ്യപ്പെട്ടുകൊള്ളുന്നു. ന്യായമായ സമാധാനമല്ലെങ്കിൽ മരണശിക്ഷയ്ക്കിടയാകുമെന്നു് അദ്ദേഹവും അറിഞ്ഞിരിക്കട്ടെ എന്നു നിർവ്വിശങ്കം പ്രസ്താവിച്ചു.

രാജ:—വിമലാംബാൾ ചെയ്തതിന്റെ ഫലം അവൾ അനുഭവിക്കുന്നുവല്ലോ. നീയും അതുപോലെ അനുഭവിക്കേണ്ടവളാണ്.

ചന്ദ്ര:—എന്തു്? എന്തു്? വിശദമായി പറയണം.

രാജ:—(സ്വഗതം) ഇവൾ ഉപായംകൊണ്ടടങ്ങുന്നവളല്ല. സൂത്രക്കാരിയാണ്. അല്പമൊന്നു മിരട്ടിനോക്കണം. (പ്രകാശം) വിമലാംബാളിന്റെ കഥ കേൾക്കണമെന്നു നിർബന്ധം തന്നെയോ?

ചന്ദ്ര:—വൃഥാ സമയംകളയാതെ കാര്യം പറയേണ്ടതാണ്.

രാജ:—നീ എന്റെ സോദരന്മാരിൽ അനേകംപേരെ വൃഥാ കൊന്നൊടുക്കിച്ചതിനു തക്ക പ്രതികാരംചെയ്യാതെ ഞാനടങ്ങുകയില്ല.

ചന്ദ്ര:—ഞാൻ പ്രവർത്തിച്ചതു് അപരാധമാണൊ അല്ലയോ എന്നു് വെളിപ്പെട്ടുകഴിഞ്ഞതല്ലോ. നിങ്ങളും ഇവിടെ

മുൻപുവന്ന രാജകുമാരന്മാരെപ്പോലെ അല്ലെങ്കിൽ മരണം നിശ്ചയംതന്നെ.

രാജ:—മാന്യജനങ്ങളെ! ഞാൻ ഇവളെ ജയിച്ചാൽ ഉടൻ എന്റെ ഭാൎയ്യയായിരിക്കേണ്ടതാണല്ലോ. പിന്നീട് എന്തും പ്രവൎത്തിക്കുന്നതിനുള്ള അധികാരം എനിക്കുതന്നെയാണ്. ഇവൾക്ക് ഈ ചോദ്യം എവിടെനിന്നു കിട്ടി എന്നാണ് നമുക്കാദ്യമായറിയേണ്ടതു്. ആരാണ് ഇവളെ ഇതിൽ പ്രേരിപ്പിച്ചിട്ടുള്ളതു്. ആ ദ്രോഹിയെ—അനേകം രാജകുമാരന്മാരെ നിൎദ്ദയംഹനിപ്പിച്ച ദുഷ്ടനെ—ഈ പ്രശ്നപരീക്ഷ മുറുകെപ്പിടിച്ചുകൊള്ളാൻ ഉപദേശിച്ച മഹാപാപിയെ ഇവൾതന്നെ ഇവിടെ ഹാജരാക്കേണ്ടതാണ്. അല്ലമെങ്കിലും മടിച്ചാൽ പ്രതികാരംചെയ്വാനും ഞാൻ ശക്തനാണെന്നറിയണം. എന്നു രാജകുമാരൻ സഗൌരവം പ്രതിപാദിച്ചു.

ചന്ദ്ര:—ആരോ ഒരു പരദേശി എനിക്കുതന്ന ഉപദേശമാണ്.

രാജ:—അദ്ദേഹത്തിന്റെ പേരെന്തു്? ഏതു പരദേശി?

ചന്ദ്ര:—അദ്ദേഹം ചിലപ്പോൾ ഇവിടെവരും. അദ്ദേഹത്തിന്റെ നാമം ഇന്നതാണെന്ന് എനിക്കറിഞ്ഞുകൂടാ. അനാവശ്യചോദ്യങ്ങൾകൊണ്ട് വൃഥാ സമയംകളയാനാണു വിചാരമെങ്കിൽ സ്വയം ആപത്തിനു തലകാട്ടുകതന്നെയാണ്.

രാജ:—അങ്ങനെ പറയാതെ. ആരിൽനിന്നാണ് വിവരം ഗ്രഹിച്ചതെന്നറിഞ്ഞാൽ മാത്രമേ സമാധാനം പറയാൻ നിവൃത്തിയുള്ളൂ. നീ പറയുന്നപക്ഷം നിന്റെ ആ പരിചയക്കാരനെ ഞാൻ പ്രത്യക്ഷമാക്കുകയും നിന്റെ രഹസ്യത്തെ വെളിപ്പെടുത്തുകയും ചെയ്യാം.

ചന്ദ്ര:—എനിക്കു രഹസ്യക്കാർ ഇതേവരെ ഉണ്ടായിട്ടില്ല. സത്യംതന്നെ. ചിലതെല്ലാം ശ്രദ്ധമായിസ്വീകരിക്കയും, അതിനെ അങ്ങനെതന്നെ പരിപാലിക്കയും ചെയ്യുന്നുണ്ട്. ആൎക്കും ഇത്തരം രഹസ്യങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്. ഒരാളെമാത്രം ബാധിക്കത്തക്ക ഒരു പരമാൎത്ഥമല്ല അതു്.

രാജ:—ഇനി നിന്റെ ഉപദേശക്കാരനെ പ്രത്യക്ഷമാക്കാനാണു ഭാവം. എന്നുപറഞ്ഞുകൊണ്ട് രാജകുമാരിയുടെ സിംഹാ

ന്നത്തിൻകീഴിൽ അഭയംപ്രാപിച്ച ഭൃത്യനെ രണ്ടു സേവകന്മാരെക്കൊണ്ടു വലിച്ചിഴപ്പിച്ച് സഭയിൽ കൊണ്ടുവന്നു.

ജനങ്ങളെല്ലാം ഈ അപൂർവ്വസംഭവംകണ്ട് ആശ്ചര്യപ്പെടുകയും ഇതിൻെറ അർത്ഥമെന്തായിരിക്കുമെന്നു് പരസ്പരം ചോദിക്കയും ചെയ്തു. ചന്ദ്രലേഖയും അവളുടെ മാതാപിതാക്കന്മാരും ലജ്ജകൊണ്ടു് നമ്രമുഖരായി. ഇപ്രകാരം ഒരു സങ്കടാവസ്ഥ നേരിടുമെന്നു് ചന്ദ്രലേഖപോലും ഊഹിച്ചിരുന്നില്ല. ജനങ്ങൾ അവരവരുടെ മനോധർമ്മംപോലെ ഓരോന്നു പറഞ്ഞുതുടങ്ങി. കുമാരൻെറ ബുദ്ധിസാമർത്ഥ്യത്തേയും ഗൗരവത്തേയുംകുറിച്ച് ആ സദസ്യർ സ്തുതിച്ചുതുടങ്ങി. സ്ത്രീകൾക്ക് എത്ര സാമർത്ഥ്യമുണ്ടായിരുന്നാലും അവരെ ജയിക്കത്തക്ക സാമർത്ഥ്യം പുരുഷന്മാർക്കില്ലാതെ പോകുമോ. ഇദ്ദേഹം അവതാരപുരുഷന്മാരിൽ ഒരാളുതന്നെയാണു്, എന്നുള്ള മർമ്മരശബ്ദം ആ സംഘത്തിൽ മുഴങ്ങിത്തുടങ്ങി.

രാജ:—പ്രിയപ്പെട്ട ജനങ്ങളേ! ഈ ദുഷ്ടഭൃത്യമാണ് വിമലാംബാളിനെ നീചനടപടികൾ അഭ്യസിപ്പിച്ചതു്. ഇവൻെറ കൂട്ടുകാരനായി മറെറാരു ഭൃത്യവും ഉണ്ടായിരുന്നു. അവൻെറ കരിന്തല മാത്രമേ എനിക്കു കാണാൻ കഴിഞ്ഞുള്ളൂ. ഇവൻെറ ഈ മൺതലയും അതിനോടൊന്നിച്ചിരിക്കേണ്ടതാണു്. ഞാൻ മാനസിംഹരാജാവിനോടങ്ങിനെ ശപഥവും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു ഇവൻെറ തല ഉടനെ അറുത്തു് അദ്ദേഹത്തെ ഏല്പിക്കാതെ തരമില്ല. എന്നുപറഞ്ഞു് രാജകിങ്കരന്മാരെക്കൊണ്ടു് അവൻെറ ശിരച്ഛേദം ചെയ്യിക്കയും, ഏതാനും ആളുകളുടെ അകമ്പടിയോടുകൂടി അമൃതവാഹിനിരാജ്യത്തേക്കു് അയയ്ക്കുകയും ചെയ്തു. ആ വിമലാംബാൾ തൻെറ ഭർത്താവിനെ വഞ്ചിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ. അവൾ അതിനുതക്ക ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കയാണു്. ഇവൾ യാതൊരു കാപട്യവുംകൂടാതെ ആ ഭൃത്യത്തിൻെറ വാക്കനുസരിച്ചു പ്രവർത്തിച്ചു എന്നേ ഉള്ളൂ. രാജവംശത്തെ മുഴുവനും ഈ ഉപായംകൊണ്ടു ഹനിക്കയും അതിനുശേഷം വിമലാംബാളുമൊത്തു സുഖിക്കയും ചെയ്യണമെന്നുള്ള വിചാരം ആ ഭൃത്യത്തെ ഇവിടത്തേക്കു ആനയിപ്പിച്ചു. അവൻെറ കഥയും കഴിഞ്ഞല്ലോ. ഇവൾ എൻെറ പ്രിയത

മയായിരിക്കുന്നു. ഇനി താമസിയാതെ ഞാൻെറ പിതാവിനെ മുഖംകാണിക്കേണ്ടതാണ്. അതിനാൽ ഇനി അധികം താമസിക്കാൻ നിവൃത്തിയില്ല. നമുക്കെല്ലാവക്കും പിരിയാം. എന്നു കുമാരൻ പറഞ്ഞപ്പോൾ ചന്ദ്രസേനരാജാവിനേയും രാജകുമാരനേയും വന്ദിച്ചുകൊണ്ടു യോഗം പിരിഞ്ഞു.

രാജകുമാരൻ ഒട്ടും താമസിക്കാതെ യാത്രപുറപ്പെട്ടു. ചന്ദ്രലേഖയേയും അവളുടെ ഉററതോഴി വാസന്തികയേയും കൂട്ടികൊണ്ടാണ് മണിമാലിക മുതലായവർ ഇരിക്കുന്ന കെട്ടിടത്തിലെത്തിയതു്. കുമാരൻെറ ആഗമനം ഉണ്ടായപ്പോൾ അവർ അത്യധികം സന്തോഷിച്ചു. രാക്ഷസരാജകുമാരിയും മണിമാലികയുംകൂടി ചന്ദ്രലേഖയേയും തോഴിയേയും ഏറാവും വാത്സല്യത്തോടുകൂടി സ്വീകരിച്ചു. ചന്ദ്രസേനമഹാരാജാവും മന്ത്രിമാരും എന്നുവേണ്ട അനവധി യോഗ്യപുരുഷന്മാരും അവിടെ എത്തിയിരുന്നു. രാജകുമാരന്നു സമ്മാനമായി അനവധി വിലപിടിച്ച വസ്തുക്കൾ അവർ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവയെ സന്തോഷപൂർവ്വം സ്വീകരിക്കയും തൻെറ സഹായത്താൽ രക്ഷപ്രാപിച്ച രാജകുമാരന്മാക്കു് അവയെ വീതിച്ചുകൊടുക്കുകയും ചെയ്തു. എല്ലവരോടും വീണ്ടും യാത്രപറഞ്ഞിട്ടു തൻെറ പിതാവിനെ മുഖം കാണിക്കാനുള്ള അത്യുൽകണ്ഠയോടുകൂടി വിമാനത്തിൽ കയറി ഉടനേതന്നെ പുറപ്പെട്ടു.

അധികം താമസിയാതെ സ്വന്തം കൊട്ടാരത്തിൽ എത്തി. തൻെറ പ്രിയപത്നികളോടും സ്നേഹിതന്മാരോടും കൂടിച്ചെന്നു പിതാവിൻെറ പാദാരവിന്ദങ്ങളിൽ നമസ്കരിക്കയും അദ്ദേഹത്തിൻെറ ആശിസ്സിനർഹനായിത്തീരുകയും ചെയ്തു. താമസിയാതെ മുഹൂർത്തം നിശ്ചയിക്കുകയും രാജകുമാരൻെറ പട്ടാഭിഷേകവും വിവാഹവും വളരെ ഭംഗിയായി ആഘോഷിക്കയും ചെയ്തു.

21 NOV